
നേതൃസ്മൃതി



കെ.കെ. അബുസാഹിബ്

ടി.പി.എം. ബഷീർ

കെ.കെ.അബുസാഹിബ്

ടി.പി.എം.ബഷീർ



പ്രസാധനം:
ഗ്രെയ്സ് എജ്യുക്കേഷണൽ അസോസിയേഷൻ

Malayalam
Nethrusmrithi - 5
MOULANA ABUSSABAH AHMAD ALI
(Biography)
by
P.Mohammed Kuttassery

General Editor
P.A.Rasheed

All rights reserved
First Edition : March 2012

Published by
Grace Educational Association
PB No. 3, Malappuram Dist. 676 317

DTP : appletalk Printing Service

Cover: www.enteradvt.com
Printed at : Printersport, calicut

Distributers
Grace Books
Camp Sayyid, PB No. 3
Malappuram Dist. 676317
9895114673

₹ 60

പ്രസാധകക്കുറിപ്പ്

സ്വാതന്ത്ര്യത്തിനുമുമ്പ് മലബാറിലും പിന്നീട് കേരള രാഷ്ട്രീയത്തിലും തലയെടുപ്പോടെ നിന്ന നേതാവായിരുന്നു കെ.കെ.അബുസാഹിബ്(1914-1999). സർവേന്ത്യാ മുസ്ലിംലീഗിന്റെ നേതാവും മുസ്ലിം ലേബർ യൂണിയന്റെ സ്ഥാപകനുമായ അബുസാഹിബ് പിന്നീട് സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ അമരത്ത് വന്നു. 1981 ൽ മുസ്ലിം ലീഗിൽ തിരിച്ചെത്തി. രണ്ടുതവണ നിയമസഭാംഗമായ അദ്ദേഹം തൊഴിലാളി പ്രസ്ഥാന നായകനായി ശോഭിച്ചു. ഉജ്ജ്വല വാഗ്മിയും സംഘാടകനുമായിരുന്ന അബുസാഹിബിന്റെ ലഘു ജീവചരിത്ര കൃതിയാണിത്.

വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് ഒരു ദശാബ്ദമായി പ്രവർത്തിക്കുന്ന ഗ്രെയ്സ് എജുക്കേഷണൽ അസോസിയേഷൻ പാരമ്പര്യപഠനത്തിന്റെ ഭാഗമായി ഏറ്റെടുത്ത പ്രധാന പ്രൊജക്റ്റുകളിലൊന്നാണ് നേതൃസ്മൃതി. ഈ പരമ്പരയിലെ ആറാമത്തെ പുസ്തകമായ 'കെ.കെ.അബുസാഹിബ്' പ്രസിദ്ധീകരിക്കുന്നതിനു സഹായിച്ച റിയാദിലെ അശ്റഫ് വേങ്ങാടിനു (ശിഫാ അൽ ജസീറ പോളി ക്ലിനിക്ക്) പ്രത്യേകമായ നന്ദി രേഖപ്പെടുത്തുന്നു. 'നേതൃസ്മൃതി' എന്ന സംരംഭവുമായി മലയാളി വായനക്കാർ പ്രോത്സാഹജനകമായി പ്രതികരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഗ്രെയ്സ് എജുക്കേഷണൽ അസോസിയേഷൻ



ടി.പി.എം.ബഷീർ

മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം നീരോൽപ്പലത്ത്
1965 ഡിസംബർ 6ന് ജനനം.
പിതാവ് : ടി.പി.എം.അബ്ദുല്ല മൗലവി
മാതാവ് : നഫീസ ചാലാക്കൽ
ബാഫഖി തങ്ങൾ മെമ്മോറിയൽ ഗവ: കോളേജ് കൊയിലാണ്ടി, ജാമിഅ സഹ്റ ആർട്സ് & അറബിക്കോളേജ് പാനൂർ, റൗളത്തുൽ ഉലും (ഫാറൂഖ് കോളേജ്) എന്നിവിടങ്ങളിൽ പഠനം
പൊളിറ്റിക്കൽ സയൻസിൽ ബിരുദം. 'തൂലിക' സബ്എഡിറ്റർ, മുസ്ലിം യൂത്ത് ലീഗ് സംസ്ഥാന സെക്രട്ടറി, ജില്ലാ ട്രഷറർ, മുസ്ലിം ലീഗ് പഞ്ചായത്ത് ജന: സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. ഇപ്പോൾ വള്ളിക്കുന്ന് നിയോജകമണ്ഡലം മുസ്ലിംലീഗ് ട്രഷറർ.
1995-ൽ പുറത്തിറങ്ങിയ ഏറ്റവും നല്ല വാർഷികപ്പതിപ്പായി 'സാഹിത്യവാരഫല'ത്തിൽ ശ്രീ. എം.കൃഷ്ണൻനായർ വിശേഷിപ്പിച്ച 'തൂലിക' വാർഷികപ്പതിപ്പിന്റെ എഡിറ്റർ- ഇൻ-ചാർജ് ആയിരുന്നു.
പ്രഭാഷകൻ, എഴുത്തുകാരൻ എന്നീ നിലയിലും ശ്രദ്ധേയൻ.
തേഞ്ഞിപ്പലം സർവീസ് സഹകരണ ബാങ്കിൽ അസിസ്റ്റന്റ് സെക്രട്ടറിയാണ്.
ഭാര്യ : സി.താഹിറ
മക്കൾ : അബ്ദുല്ല ഉമർ നസീഫ്, അംജദ് അലി അഫീഫ്

വിലാസം:
'ഇൻസാഫ്'
പി.ഒ.തേഞ്ഞിപ്പലം
മലപ്പുറം ജില്ല- 673636
ഫോൺ : 0494 2401917, 9895842285
basheer.tpm@gmail.com

ആമുഖം

അബു സാഹിബ് ആരായിരുന്നു? സോഷ്യലിസ്റ്റുകാരൻ? അല്ലെങ്കിൽ മുസ്‌ലിംലീഗുകാരൻ?

രണ്ടര പതിറ്റാണ്ടിലേറെക്കാലം അദ്ദേഹം മുസ്‌ലിംലീഗുകാരനായിരുന്നു. സർവേന്ത്യാ മുസ്‌ലിംലീഗിന്റേയും ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന്റേയും ചരിത്രനിർമ്മിതിയിൽ പങ്കാളിയായി. മൂന്നു പതിറ്റാണ്ടിലേറെ അദ്ദേഹം സോഷ്യലിസ്റ്റുകാരനായിരുന്നു. ദേശീയ രാഷ്ട്രീയത്തിൽ അരങ്ങേറിയ ബദൽ രാഷ്ട്രീയനാടകങ്ങളിലും അദ്ദേഹം കണ്ണിയായി.

സ്വാതന്ത്ര്യത്തിന് മുമ്പും ശേഷവുമുള്ള രണ്ടു ചരിത്രസന്ധികൾക്ക് അദ്ദേഹം സാക്ഷിയായി. രണ്ടാം ലോകമഹായുദ്ധത്തിന്റെ കെടുതികൾ അദ്ദേഹത്തിനു നേർക്കാഴ്ചയായി. യുദ്ധഭൂമിയിൽ നിന്ന് ജൻമദേശത്തേക്കുള്ള പ്രയാണം ത്യാഗപൂർണമായ പലായനം തന്നെയായിരുന്നു. അതും വേറിട്ട അനുഭവമായി. അത്തരം അനുഭവങ്ങളുടെയും ഓർമ്മകളുടേയും സമാഹാരമാണ് ഈ പുസ്തകം.

അബുസാഹിന്റെ കുടുംബം, സഹപ്രവർത്തകരായിരുന്ന പി.സി.അഹമ്മദ്ഹാജി (സുൽത്താൻ ബത്തേരി), പി.വാസു (ചെറുവണ്ണൂർ), കെ.മുഹമ്മദുണ്ണി ഹാജി എം.എൽ.എ തുടങ്ങിയവർ അവരുടെ ഓർമ്മകൾ പങ്കുവെച്ചു. എം.സി. വടകര, പി.എ.റഷീദ്, കെ.പി.കുഞ്ഞിമ്മൂസ്സ, അബ്ദുറഹ്മാൻ മങ്ങാട് എന്നിവർ വഴികാട്ടികളായി.

ബഹുമാനപ്പെട്ട സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ ചെയർമാനും സയ്യിദ് അശ്റഫ് തങ്ങൾ ജനറൽ സെക്രട്ടറിയുമായ ഗ്രെയ്സ് എജുക്കേഷണൽ അസോസിയേഷൻ 'നേത്യസ്മൃതി' പരമ്പരയിൽ ഉൾപ്പെടുത്തിയാണ് ഇത് പ്രസിദ്ധീകരിക്കുന്നത്. 'ഗ്രെയ്സി'നും ഈ പുസ്തകപ്രസാധനത്തെ സഹായിച്ച അശ്റഫ് വേങ്ങാട് (റിയാദ്), ഇത് പ്രകാശിതമാവാൻ യത്നിച്ച ഗ്രെയ്സ് സെക്രട്ടറി മുജീബ് റഹ്മാൻ ടി. എന്നിവർക്കും എന്റെ നന്ദി.

അബുസാഹിബിനെ രണ്ടുഘട്ടങ്ങളിലായി അടുത്തറിഞ്ഞ ജസ്റ്റിസ് പി. കെ.ശംസുദ്ദീൻ അവർകളുടെ അവതാരികയും മുസ്‌ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി ജ:ഇ.ടി.മുഹമ്മദ് ബഷീർ സാഹിബ് എം.പിയുടെ ഓർമ്മക്കുറിപ്പും ഈ പുസ്തകത്തിന്റെ ധന്യതയായി. എല്ലാവർക്കും നന്ദി.

തേഞ്ഞിപ്പലം
01.03.2012

ടി.പി.എം.ബഷീർ

അവതാരിക

അബുസാഹിബിന്റെ ജീവിതം പുസ്തകമാവുന്നു എന്നതിൽ സന്തോഷം. മുസ്‌ലിംലീഗിലും സോഷ്യലിസ്റ്റ് പാർട്ടിയിലും ജ്വലിച്ചു നിന്ന നേതാവാണ് അദ്ദേഹം. എം.എസ്.എഫ്. പ്രവർത്തകൻ എന്ന നിലയിലാണ് ഞാൻ അബു സാഹിബുമായി ബന്ധപ്പെടുന്നത്. ബാഫഖി തങ്ങൾ, സീതി സാഹിബ്, പോക്കർ സാഹിബ് തുടങ്ങിയ നേതാക്കളുമായി എനിക്ക് ബന്ധമുണ്ടായി രുന്നു എങ്കിലും അബുസാഹിബിനോട് ഏറെ അടുപ്പം പുലർത്തിയിരുന്നു.

ചാവക്കാട് ബോർഡ് മാപ്പിള ഹയർ എലിമെന്ററി സ്കൂളിൽ പഠിക്കുമ്പോ ഴാണ് ഞാൻ എം.എസ്.എഫ് പ്രവർത്തകനാവുന്നത്. ചാവക്കാട്ട് നടന്ന എം. എസ്.എഫ്.സമ്മേളനത്തിന്റെ മുഖ്യ സംഘാടകനായിരുന്നു ഞാൻ. 1944 മെയ് 26, 27 തീയതികളിൽ പൊന്നാനിയിൽ സംഘടിപ്പിച്ച മലബാർ ജില്ലാ എം. എസ്.എഫ്. രണ്ടാം വാർഷിക സമ്മേളനം സംഘടനയുടെ ചരിത്രത്തിൽ വൻ മുന്നേറ്റം സൃഷ്ടിക്കുകയുണ്ടായി. മുസ്‌ലിംലീഗ് ദേശീയ പ്രസിഡന്റും, ലോക്സഭാംഗവുമായ ഇബ്രാഹിം സുലൈമാൻ സേട്ടു സാഹിബ് അരങ്ങേറ്റം കുറിച്ച സമ്മേളനമായിരുന്നു അത്. പൊന്നാനി താലൂക്ക് എം.എസ്.എഫ് സെക്രട്ടറി എന്ന നിലയിൽ പ്രസ്തുത സമ്മേളനത്തിൽ സ്വാഗതപ്രസംഗം നടത്താൻ എനിക്ക് അവസരമുണ്ടായി.

ഒരു നേതാവ് എന്ന നിലയിൽ അബുസാഹിബിനെ പിന്തുടരാൻ എന്നെ പ്രേരിപ്പിച്ച ഒരു ഘടകം അദ്ദേഹത്തിന്റെ പുരോഗമനവീക്ഷണങ്ങളായിരു ന്നു. വിദ്യാർത്ഥിയായിരിക്കവെ തന്നെ പുരോഗമനചിന്തകളോട് എനിക്ക് ആഭി മുഖ്യം ഉണ്ടായിരുന്നു. അബുസാഹിബുമായി നേരിട്ടും കത്തുകളിലൂടെയും ആശയ വിനിമയം നടത്തുമ്പോഴൊക്കെ ചിന്താപരമായ ഈ ഐക്യം ഞങ്ങ ളുടെ ബന്ധത്തിന് ഊഷ്മളതയേകി.

വശ്യമനോഹരമായ ശൈലിയിലുള്ള പ്രസംഗമാണ് അബുസാഹിബി ലേക്കു എന്നെ അടുപ്പിച്ച മറ്റൊരു ഘടകം. തന്റെ പ്രസംഗം ശ്രവിക്കുന്ന ഓരോ ശ്രോതാവിനേയും തൃപ്തിപ്പെടുത്തുന്ന എല്ലാ ചേരുവകളും ചേർന്ന അതിഗംഭീരമായ പ്രസംഗങ്ങളായിരുന്നു അദ്ദേഹത്തിന്റേത്. ഏറെ ഗഹന മായിരുന്ന എന്റെ പ്രസംഗത്തെപ്പറ്റി അബുസാഹിബ് ഇങ്ങനെ പ്രതികരി ക്കും. 'എടോ, തനിക്ക് മലയാളത്തിൽ പ്രസംഗിച്ചുകൂടേ? തന്റെ സംസ്കൃത

ത്തിലുള്ള പ്രസംഗം നാട്ടുകാർക്ക് മനസ്സിലാകുമോ?' ലളിതസുന്ദരവും എന്നാൽ അർത്ഥസമ്പുഷ്ടവുമായിരുന്നു അബുസാഹിബിന്റെ ഓരോ പ്രസംഗവും.

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ മുസ്ലിംലീഗ് നിലനിർത്തേണ്ടതുണ്ടോ എന്ന ചിന്ത വ്യാപകമായ സന്ദർഭത്തിൽ അബുസാഹിബ് സോഷ്യലിസത്തിൽ ആകൃഷ്ടനായി, മുസ്ലിംകൾ രാഷ്ട്രീയമായി സ്വന്തം നിലയിൽ സംഘടിക്കേണ്ടതില്ലെന്നും, പൊതു രാഷ്ട്രീയകക്ഷികളിൽ ചേർന്നു പ്രവർത്തിക്കുകയാണ് വേണ്ടതെന്നും, മുസ്ലിം ലീഗ് ആ പേരിൽ നിലനിൽക്കുകയാണെങ്കിൽ സാംസ്കാരിക സംഘടന എന്ന നിലയിൽ തുടരുകയാണ് നല്ലതെന്നും ആയിരുന്നു ഞങ്ങളുടെ അഭിപ്രായം. ഇത്തരമൊരു അഭിപ്രായം ഞങ്ങളിൽ രൂപപ്പെടുത്തുന്നതിൽ അബുസാഹിബിന്റെ ശക്തമായ ഇടപെടലുണ്ടായിരുന്നു. സ്വാഭാവികമായും ഈ ചിന്താഗതിയുള്ള ലീഗുകാരെ സംഘടിപ്പിച്ച് തിരുന്നാവായയിൽ നടത്തിയ കൺവൻഷനിൽ അബുസാഹിബിനോടൊപ്പം ഞാനും സജീവ പങ്കാളിയായി.

അബു സാഹിബ് പത്രാധിപരായ 'കേരളപ്രഭ,' കുഞ്ഞബ്ദുല്ല പത്രാധിപരായ 'പൗരകാഹളം' തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ ഈ ചിന്താധാരയുടെ പ്രചാരണത്തിനു വേണ്ടി ആരംഭിച്ചതായിരുന്നു. അബുസാഹിബിനോടൊപ്പം ഈ പ്രസിദ്ധീകരണങ്ങളുടെ ചുമതലയിലും എനിക്ക് പങ്കാളിത്തമുണ്ടായിരുന്നു. പ്രസംഗം പോലെത്തന്നെ എഴുത്തിലും അബുസാഹിബ് തന്റെ പ്രാഗൽഭ്യം തെളിയിച്ചു. തന്റെ വാദഗതികൾ സമർത്ഥിക്കാൻ തക്കവണ്ണം ശക്തമായിരുന്നു അദ്ദേഹത്തിന്റെ തൂലിക.

ഇന്റർമീഡിയറ്റ് പാസ്സായതിനു ശേഷം എന്റെ ബിരുദപഠനം മദ്രാസിലായിരുന്നു. നിയമപഠനവും അവിടെത്തന്നെ. പ്രമുഖ സോഷ്യലിസ്റ്റ് നേതാവായിരുന്ന ഡോ.കെ.ബി.മേനോനും അന്ന് മദ്രാസിലുണ്ടായിരുന്നു. ഞങ്ങളുടെ അയൽവാസിയായിരുന്ന ശ്രീ.മേനോന്റെ വസതിയിൽ ഡോ: രാംമനോഹർ ലോഹ്യ, ജോർജ് ഫെർണാണ്ടസ്, ആചാര്യ കൃപലാനി തുടങ്ങിയ നേതാക്കൾ എത്താറുണ്ടായിരുന്നു. പലപ്പോഴും അബുസാഹിബും ഇവരോടൊപ്പം ഉണ്ടാവും. ഈ സഹവാസം എന്നെ സോഷ്യലിസ്റ്റു പാർട്ടിയുമായി കൂടുതൽ അടുപ്പിച്ചു. അബുസാഹിബുമായുള്ള ബന്ധം കൂടുതൽ ദൃഢമാവുകയും ചെയ്തു. മദ്രാസിൽ വരാത്ത സന്ദർഭങ്ങളിൽ ഞങ്ങൾ കത്തുകളിലൂടെ ആശയവിനിമയം തുടർന്നു.

നിയമപഠനം പൂർത്തിയായതോടെ ഞാൻ മുസ്ലിംലീഗ് നേതാവ് ബി. പോക്കർ സാഹിബിന്റെ കൂടെ ഒരു വർഷത്തെ അപ്രന്റീസ്ഷിപ്പിന് ചേർന്നു. പോക്കർ സാഹിബ് അന്ന് മദ്രാസ് ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുകയായിരുന്നു. ഒരു വർഷത്തെ പരിശീലനം കഴിഞ്ഞ് ബാർ കൗൺസിൽ നടത്തുന്ന പരീക്ഷ പാസ്സായ ശേഷമേ അഡ്വക്കറ്റ് ആയി 'എൻറോൾമെന്റ്' സാധ്യമായിരുന്നുള്ളു. സോഷ്യലിസ്റ്റു പാർട്ടിയിൽ രൂപപ്പെട്ട ആഭ്യന്തര

സംഘർഷങ്ങളും, ഇടയ്ക്കിടെ സംഭവിച്ച രൂപമാറ്റങ്ങളും മൂലം സജീവ രാഷ്ട്രീയത്തിൽ നിന്ന് ഞാൻ വിട വാങ്ങുകയും നിയമമേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ഒപ്പം വിദ്യാഭ്യാസ സാംസ്കാരിക പ്രവർത്തനങ്ങളിൽ സജീവമാവുകയും ചെയ്തു അപ്പോഴും അബുസാഹിബുമായുള്ള ബന്ധം തുടർന്നു.

സി.എച്ച്.മുഹമ്മദ്കോയാ സാഹിബ് എന്നോട് മുസ്ലിം ലീഗിലേക്ക് തിരിച്ചുവരാൻ നിരന്തരമായി പ്രേരിപ്പിച്ചിരുന്നു. നിയമമേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും വിദ്യാഭ്യാസ പ്രവർത്തനവുമായി മുന്നോട്ടു പോകാനുമുള്ള എന്റെ തീരുമാനം ആവർത്തിച്ചു കൊണ്ട് സി.എച്ചിന്റെ അഭ്യർത്ഥന സ്നേഹ പൂർവം ഞാൻ നിരസിക്കുകയായിരുന്നു. എന്നാൽ സി.എച്ചിന്റെ പ്രേരണയ്ക്ക് വഴങ്ങി അബുസാഹിബ് മുസ്ലിം ലീഗിൽ ചേർന്നു. എങ്കിലും അബുസാഹിബുമായുള്ള എന്റെ വ്യക്തിബന്ധത്തിന് യാതൊരു മങ്ങലും ഏറ്റില്ല.

ഇസ്ലാമിക ബൗദ്ധികമണ്ഡലത്തിൽ പണ്ഡിതോചിതമായ സംവാദങ്ങൾക്ക് തുടക്കമിട്ട 'കേരള ഇസ്ലാമിക് സെമിനാറി' ന്റെ സംഘാടകരായിരുന്നു ഞാനും മർഹൂം ടി.പി.കുട്ടിയമ്മു സാഹിബും. കൊച്ചിയിൽ നടന്ന സെമിനാറിലേക്ക് അബുസാഹിബിനെ ക്ഷണിക്കുകയും അദ്ദേഹം ശ്രദ്ധേയമാംവിധം പ്രസംഗിക്കുകയും ചെയ്തു.

1986-ൽ കേരള ഹൈക്കോടതി ജഡ്ജിയായി ഞാൻ നിയമിക്കപ്പെട്ടു. എന്റെ നിയമനത്തിനെതിരായ നീക്കങ്ങൾ ചില കോണുകളിൽ നിന്ന് ഉണ്ടായപ്പോൾ, ഏറെ ആശങ്കയോടെ എന്നെ വിളിക്കുകയും, പ്രതിബന്ധങ്ങൾ നീക്കാൻ വേണ്ടത് ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്ത അബുസാഹിബിന്റെ ആത്മാർത്ഥതയെ എനിക്ക് ഒരിക്കലും വിസ്മരിക്കാനാവില്ല. അബുസാഹിബ് അസുഖമായി കിടക്കുമ്പോൾ സന്ദർശിക്കാനും മരണം വരെ വ്യക്തിബന്ധം കാത്തുസൂക്ഷിക്കാനും ഞാൻ ശ്രദ്ധിച്ചിരുന്നു.

പത്രപ്രവർത്തകൻ, പ്രഭാഷകൻ, സംഘാടകൻ, നേതാവ് എന്നീ നിലകളിൽ ശോഭിച്ച അബുസാഹിബിന്റെ ജീവിതം രേഖപ്പെടുത്താൻ സന്നദ്ധനായ ജ: ടി.പി.എം. ബഷീറിനെ അനുമോദിക്കുന്നു. ആകർഷകമായ ശൈലിയിൽ അബുസാഹിബിനേയും, അദ്ദേഹത്തിന്റെ കാലത്തേയും അവതരിപ്പിക്കുന്ന ഈ പുസ്തകം, പഴയകാലനേതാക്കളേയും അവരുടെ ത്യാഗപൂർണമായ ജീവിതത്തേയും പുതിയ തലമുറക്ക് പരിചയപ്പെടുത്താനുള്ള ദൗത്യത്തിന്റെ ഭാഗമായി തയ്യാറാക്കിയതാണ് എന്ന് മനസ്സിലാക്കുന്നു. തീർച്ചയായും ഇത് ശ്ലാഘനീയമാണ്. ഭൂതകാലത്തെ വർത്തമാനത്തോട് കണ്ണിചേർത്ത് ഭാവിയുടെ പാഥേയമാക്കിത്തീർക്കുന്ന ഇത്തരം കൃതികൾ ജീവചരിത്രശാഖക്ക് ഈടുവയ്പായിത്തീരുമെന്ന് എനിക്ക് ഉറപ്പുണ്ട്.

ജസ്റ്റിസ് പി.കെ.ഷംസുദ്ദീൻ

'ജാസ്മിൻ'
ശിവരാമമേനോൻ റോഡ്, കൊച്ചി-18

ഉള്ളടക്കം


1	സ്വാതന്ത്ര്യസമരജ്വാലകൾ	11
2	പ്രവാസത്തിന്റെ നാളുകൾ	14
3	മടക്കയാത്ര	18
4	അതിർത്തിയിലെ അനുഭവങ്ങൾ	24
5	മുസ്‌ലിം ലേബർ യൂണിയൻ	29
6	ഐ.സി.ജെയും കോളറ കാലവും	34
7	ജയിൽവാസവും സോഷ്യലിസവും	40
8	കൺകെട്ട് വിദ്യയും ചെപ്പടി വിദ്യയും	47
9	സോഷ്യലിസ്റ്റ് പാർട്ടി	52
10	നിയമസഭയിൽ	58
11	വീണ്ടും ഹരിതാഭ!	68
12	മാതൃകയായ വ്യക്തിത്വങ്ങൾ	76
13	കുടുംബം	83
14	വിട!	86

പഠനം

അബുസാഹിബ് എന്ന ശുജാഇ — 92
ഇ.ടി.മുഹമ്മദ് ബഷീർ എം.പി.

അനുബന്ധം

മുസ്‌ലിം ന്യൂനപക്ഷ പ്രശ്നങ്ങളും
പരിഹാര മാർഗങ്ങളും — 94



1
സ്വാതന്ത്ര്യസമരജ്വാലകൾ

മാരാർ മാഷ് തന്റെ ശിഷ്യരുടെ കണ്ണുകളിലേക്ക് സൂക്ഷിച്ചു നോക്കി. ആരുടെയെങ്കിലും കണ്ണുകളിൽ ബ്രിട്ടീഷ് വിരോധം ജ്വലിക്കുന്നുണ്ടോ എന്നായിരുന്നു ആ നോട്ടത്തിന്റെ പൊരുൾ.

രാജ്യവ്യാപകമായി ബ്രിട്ടീഷ് വിരോധം ശക്തിപ്പെട്ടുവരികയാണ്. സ്വാതന്ത്ര്യസമരാവേശം കലാലയങ്ങളിലേക്ക് പടരുകയും വിദ്യാർത്ഥികളെ സ്വാധീനിക്കുകയും ചെയ്യുന്നുണ്ട്. തന്റെ വിദ്യാർത്ഥികളിൽ ആർക്കെങ്കിലും ഈ 'ബാധ'യേറ്റിട്ടുണ്ടോ എന്ന ആശങ്കയിലാണ് ബ്രിട്ടീഷ് അനുഭാവിയായ മാരാർ മാഷ്.

കഴിഞ്ഞ ദിവസം അബു എന്ന കുട്ടി ഖദർ വസ്ത്രം ധരിച്ച് സ്കൂളിൽ വന്നപ്പോഴേ ശ്രദ്ധിച്ചതാണ്. അവനെ കാര്യമായി ഗുണദോഷിച്ചിട്ടുണ്ട്. പക്ഷെ തന്റെ ഉപദേശം അവൻ വേണ്ടത്ര ഗൗനിച്ചിട്ടില്ല എന്ന സംശയവുമുണ്ട്. അവനെ അങ്ങനെ വിട്ടാൽ പറ്റില്ല. അവനെ മറ്റു കുട്ടികൾ അനുകരിക്കാൻ സാധ്യതയുണ്ട്. അത് കുഴപ്പമാണ്. ഇക്കാര്യത്തിൽ സദാ ജാഗ്രത പുലർത്തേണ്ടത് തന്റെ കടമയാണെന്നാണ് മാഷിന്റെ വിചാരം.

അതാ അവൻ ക്ലാസിലുണ്ട്. വെളുത്തു മെലിഞ്ഞ് സുമുഖനായ അബു. അബുവിന്റേയും മാഷിന്റേയും കണ്ണുകൾ തമ്മിലിടഞ്ഞു. അബു ഇന്നും ഖദർ വസ്ത്രം ധരിച്ചാണ് വന്നിരിക്കുന്നത്. അവൻ തന്നെ വെല്ലുവിളിക്കുകയാണെന്ന് മാഷിനു തോന്നി. മാഷിന്റെ മുഖത്ത് ദേഷ്യം ഇരച്ചു കയറി. പക്ഷെ, ഖദർ ധരിച്ചതിന്റെ പേരിൽ കുട്ടിയെ ശിക്ഷിച്ചാൽ ആകെ പുലിവാലാകും. മാഷ് സ്വയം നിയന്ത്രിച്ചു. ശിക്ഷ ശാസനയിലൊതുക്കി. അബു ഈ ശാസന നന്നായി ആസ്വദിക്കുകയായിരുന്നു.

മാരാർ മാഷിന്റെ ശാസന വകവെക്കാതെ അബു ഖദർ വസ്ത്രം പതിവാക്കി. മാഷെ പ്രകോപിപ്പിക്കുകയായിരുന്നു അബു. അങ്ങനെ അബു മാരാർ മാഷിന്റെ നോട്ടപ്പുള്ളിയായി. മാഷും ശിഷ്യനും തമ്മിലുള്ള ശീതസമരം തുടരവേ, ഒരു ദിവസം ആവേശം മൂത്ത് നൂൽനൂൽക്കാനുപയോഗിക്കുന്ന 'തക്കിളി' അരയിൽ തിരുകിയാണ് അബു സ്കൂളിൽ പോയത്. അന്ന് അബുവിനെ മാഷ് 'തൊണ്ടി' സഹിതം പിടികൂടി. തന്റെ ശാസനകൾക്ക് വഴങ്ങാത്ത

'ധിക്കാരി' യായ ശിഷ്യനെ പാഠം പഠിപ്പിക്കാൻ പറ്റിയ സന്ദർഭം. 'തക്കിളി' എന്ന ആയുധം കണ്ടെടുത്തതോടെ ശിക്ഷ ഉറപ്പായി. അബുവിനെ ശിക്ഷിക്കാൻ മതിയായ കാരണം കിട്ടിയതോടെ മാഷും തൃപ്തനായി. അങ്ങനെ ചൊക്ലി ഹയർ എലിമെന്ററി സ്കൂളിൽ നിന്ന് അബു പുറത്തായി. 'രോഗി ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും' ഒന്നായതിനാൽ അബുവിന് നിരാശയുണ്ടായില്ല. അബു പുതിയ ലോകം തുറന്നു കിട്ടിയ സന്തോഷത്തിലായിരുന്നു.

ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ അഗ്നിജ്വാലകൾ ആളിപ്പടരുന്ന കാലമാണത്. സഹനസമരത്തിന്റെ വിവിധ മുറകൾ ബ്രിട്ടീഷ് ഭരണകൂടത്തിനെതിരെ ആയുധമായി പ്രയോഗിച്ചു കൊണ്ടിരിക്കുന്ന സന്ദർഭം. 1931 മാർച്ച് ഒന്നിന് ആരംഭിച്ച ദണ്ഡിയാത്ര അതിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു. ഗാന്ധിജി അന്നത്തെ വൈസ്രോയിക്കയച്ച 11 ഇന ആവശ്യങ്ങൾ അടങ്ങിയ കത്തിന് തൃപ്തികരമായ മറുപടി ലഭിച്ചില്ല. ഈ സാഹചര്യത്തിലാണ് ഗാന്ധിജി സത്യഗ്രഹസമരത്തിന് മുതിരുന്നത്.

ശ്രീ.ഏ.കെ.പിള്ള 'കോൺഗ്രസും കേരളവും' എന്ന പുസ്തകത്തിൽ ഇങ്ങനെ എഴുതി. "താൻ വൈസ്രോയിക്കയച്ച കത്തിൽ ആവശ്യപ്പെട്ടിരുന്ന" സംഗതികളിലൊന്ന് സാധുക്കളുടെ കഞ്ഞിക്കു പോലും ഗവൺമെന്റ് ചുമത്തിയിരിക്കുന്ന ഉപ്പുനികുതി ഏർപ്പാട് എടുത്തു കളയണമെന്നതായിരുന്നു" ദണ്ഡിയാത്രയ്ക്കു മുമ്പായി ഗാന്ധിജി ചെയ്ത പ്രസ്താവനയിൽ പറഞ്ഞത് "ഒന്നുകിൽ ഞാൻ ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ സാധിച്ചു ആശ്രമത്തിലെത്തും. അല്ലെങ്കിൽ എന്റെ മൃതദേഹം അറബിക്കടലിൽ ഒഴുകി നടക്കുന്നത് കാണാം." എന്നായിരുന്നു. ഈ പ്രസ്താവം ഹിമാലയം മുതൽ കന്യാകുമാരി വരെ ഇന്ത്യയെ പ്രക്ഷുബ്ധമാക്കി. ദേശീയ സ്വാതന്ത്ര്യത്തിനു വേണ്ടി ധീരമായ ഒരു അവസാന സമരത്തിന് ജനങ്ങൾ തയ്യാറായിക്കൊള്ളുവിൻ എന്നുള്ള ഒരു ഉദ്ബോധനമായി ജനങ്ങൾ മേൽപ്പറഞ്ഞ പ്രസ്താവനയെ പരിഗണിച്ചു."(പേജ് 342)

ഗാന്ധിജിയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉപ്പുസത്യഗ്രഹം നടന്നു. കേരളത്തിൽ ശ്രീ.കെ.കേളപ്പന്റെ നേതൃത്വത്തിൽ 1931 ഏപ്രിൽ 13ന് കോഴിക്കോട്ടു നിന്ന് പയ്യന്നൂരിലേക്ക് സത്യഗ്രഹസമരജാഥ പുറപ്പെട്ടു. ഏപ്രിൽ 24ന് പയ്യന്നൂരിൽ ചരിത്രപ്രസിദ്ധമായ ഉപ്പുസത്യഗ്രഹം സംഘടിപ്പിച്ച പ്രസ്തുത സമരജാഥയ്ക്ക് വഴിനീളെ ഉജ്വല സ്വീകരണം ലഭിച്ചു.

തലശ്ശേരിക്കടുത്ത ചൊക്ലിയിൽ സത്യഗ്രഹജാഥയ്ക്ക് ഗംഭീരമായ സ്വീകരണമാണ് നൽകിയത്. സ്വീകരണത്തിന് പ്രത്യേക കമ്മിറ്റി രൂപീകരിക്കുകയും വളണ്ടിയർ വിഭാഗം സജീവമായി രംഗത്തിറങ്ങുകയും ചെയ്തു. പ്രസ്തുത വളണ്ടിയർ വിഭാഗത്തിൽ പതിനേഴ് വയസ്സുള്ള ഒരു കുട്ടിയുടെ സജീവസാന്നിധ്യമുണ്ടായിരുന്നു. പിൽക്കാലത്ത് ദേശീയ രാഷ്ട്രീയത്തിൽ

mappilaheritagelibrary.com

തന്റേതായ ഇടം നേടിയ കണ്ടമ്പത്ത് കരിന്തോളിൽ അബൂബക്കർ എന്ന കെ.കെ.അബുവായിരുന്നു ആ കുട്ടി.

പയ്യന്നൂർ ഉപ്പുസത്യഗ്രഹ സമരഭടൻമാർക്ക് സ്വീകരണം നൽകിയതിലൂടെ ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിൽ നേരിട്ടു പങ്കാളിയായി എന്ന ആത്മ നിർവൃതിയിലായിരുന്നു അബു. കാരണം, സ്വാതന്ത്ര്യസമരത്തോടുള്ള അഭി നിവേശം മൂലം സ്കൂളിൽ നിന്നു പുറത്താക്കപ്പെട്ട സന്ദർഭത്തിലാണ് പയ്യ ന്നൂർ സത്യഗ്രഹവും, സത്യഗ്രഹ സമരജാഥയ്ക്കുള്ള സ്വീകരണവും.

ശ്രീ.കെ.കേളപ്പന്റെ സത്യഗ്രഹജാഥയ്ക്കു പിന്നാലെ, ശ്രീ.മൊയ്തു മൗല വിയുടെ നേതൃത്വത്തിൽ പൊന്നാനിയിൽ നിന്ന് പുറപ്പെട്ട സത്യഗ്രഹജാ ഥയ്ക്കും ചൊക്ലിയിൽ ഗംഭീര സ്വീകരണം നൽകി. ഈ സ്വീകരണത്തിലും അബു സജീവ പങ്കാളിയായി. അങ്ങനെ അബു മുഴുസമയ സ്വാതന്ത്ര്യസ മര പ്രക്ഷോഭകാരിയായി. സ്വാഭാവികമായും ബ്രിട്ടീഷ് പോലീസ് അബു വിനെ നോട്ടമിട്ടു. അബുവിനെ പിടിക്കാൻ പോലീസ് പല തവണ വീട്ടിൽ വന്നു. പോലീസിന്റെ നിരന്തരമായ അന്വേഷണം വീട്ടുകാരെ ആശങ്കാകുല രാക്കി. ഈ അവസ്ഥ തുടർന്നാൽ അബുവിന്റെ സമരവീര്യവും പോലീസിന്റെ ശല്യവും വർധിക്കാനിടയുണ്ടെന്ന് വീട്ടുകാർക്ക് ബോധ്യമായി.

അബുവിന്റെ ഉപ്പ നേരത്തെ മരണപ്പെട്ടിരുന്നു. ഉമ്മയും വല്ല്യുമ്മയും കൂടി അബുവിനെ 'നാടു കടത്താൻ' തീരുമാനിച്ചു. അബുവിന്റെ അമ്മാവൻമാ രായ കുഞ്ഞബ്ദുല്ല, മൂസ്സ എന്നിവർ അന്ന് ബർമ്മയിൽ ബിസിനസ്സുകാരാ യിരുന്നു. അബു അമ്മാവൻമാരോടൊപ്പം ബർമ്മയിൽ കഴിയട്ടെ എന്നായി രുന്നു തീരുമാനം. അബുവിനു പോകാൻ മനസ്സുണ്ടായിരുന്നില്ല. പക്ഷെ പോകാതിരിക്കാനുമാവില്ല. അങ്ങനെ അബു പ്രവാസിയായി ബർമ്മയിലേക്ക് പുറപ്പെട്ടു.

മലയാളിയുടെ ആദ്യകാല പ്രവാസ ജീവിതത്തിൽ അബുവും കണ്ണിയാ യി. പുതിയൊരു ചരിത്രം രചിക്കാനും ആ ചരിത്രത്തിലും നായകനായി ത്തീരാനുമുള്ള നിയോഗം ഉൾച്ചേർന്ന യാത്രയായിരുന്നു അത്.

mappilaheritagelibrary.com

2
പ്രവാസത്തിന്റെ നാളുകൾ

മലയാളിയുടെ പ്രവാസചരിത്രത്തിന്റെ ആരംഭദശയിൽ മലേഷ്യ, സിംഗപ്പൂർ, ബർമ്മ തുടങ്ങിയ രാജ്യങ്ങളുണ്ട്. ഗൾഫ് രാജ്യങ്ങളുടെ കവാടം തുറക്കപ്പെടുന്നതിനു മുമ്പ് ധാരാളം മലയാളികൾ വ്യാപാര-വ്യവസായ ആവശ്യങ്ങൾക്കു വേണ്ടി ഈ രാജ്യങ്ങളിൽ ചെന്നെത്തിയിരുന്നു. ഈ രാജ്യങ്ങളിൽ വ്യാപാരം നടത്തി സമ്പന്നരായിത്തീർന്ന ധാരാളം പേരെ കേരളത്തിലെ പഴയ തലമുറക്ക് പരിചിതമാണ്. പുതിയ തലമുറ ഇന്ന് ഗൾഫിനെ ആശ്രയിക്കുന്ന വിധത്തിലാണ് പഴയ തലമുറ എട്ടു പതിറ്റാണ്ടു മുമ്പ് ഈ രാജ്യങ്ങളെ ആശ്രയിച്ചിരുന്നത്. ഗൾഫിൽ വൻസാധ്യതകൾ തുറന്നതും, കഴിഞ്ഞ നൂറ്റാണ്ടിലുണ്ടായ രാഷ്ട്രീയമാറ്റങ്ങളുമാണ് ഈ രാജ്യങ്ങളിലേക്കുള്ള മലയാളിയുടെ കുടിയേറ്റം പരിമിതപ്പെടുത്തിയത്.

അബുസാഹിബിന്റെ പ്രവാസം ആരംഭിക്കുന്നത് ബർമ്മയിലാണ്. ബർമ്മയെ ഇതിവൃത്തമാക്കി പ്രശസ്ത സാഹിത്യകാരൻ എം.മുകുന്ദൻ, ഒരു നോവൽ രചിച്ചിട്ടുണ്ട്; 'പ്രവാസം.' മലയാളിയുടെ പ്രവാസജീവിതത്തിന്റെ സങ്കീർണതകളേയും സംഘർഷങ്ങളേയും പ്രവാസികൾ അനുഭവിക്കുന്ന ഗൃഹാതുരത്വത്തേയും ഊഷ്മളമായി അവതരിപ്പിക്കുന്ന പ്രസ്തുത നോവൽ ആരംഭിക്കുന്നത് ഇങ്ങനെയാണ്.

"ഈശ്വരാ!

1930-ലാണ് കൊറ്റ്യത്ത് കുമാരൻ ബർമ്മയിലേക്കു പോയത്. "ഞാന് പോകാ, ശങ്കരൻകുട്ടി, ഈ ഇത്തിരിവട്ടത്ത്ന്ന് വട്ടംല്ലാത്ത ലോകത്തിലേക്ക്."

കുമാരൻ എന്റെ കൈകവർന്നുകൊണ്ട് പറഞ്ഞു. അയാളുടെ ഉള്ളം കൈയിൽ വിയർപ്പിന്റെ ഈർപ്പമുണ്ടായിരുന്നു. കർക്കടകത്തിലും കുമാരനു വിയർത്തിരുന്നു. ഉള്ളിലെ മുറുക്കം കൊണ്ടായിരിക്കുമത്.

അന്ന് ഞാൻ സാമൂതിരി കോളേജ് ഹൈസ്കൂളിൽ നിന്നും പത്താം ക്ലാസ് പാസായി ഇന്റർമീഡിയറ്റിനു ചേർന്നിരുന്നു. എനിക്ക് കുമാരനേക്കാളും പ്രായം കുറവാണ്. ആയിരത്തിത്തൊള്ളായിരത്തി പതിമൂന്നിലാണ് എന്റെ ജനനം. യൗവനം നിറഞ്ഞു തുളുമ്പുന്ന പ്രായം.

കുമാരൻ വലിയ തറവാട്ടുകാരനും പണക്കാരനുമാണ്. ഞാൻ ഒരു പാവം സ്കൂൾമാസ്റ്ററുടെ മകനും. പില്ക്കാലം പ്രശസ്തനായപ്പോൾ അല്പം കാശ്

mappilaheritagelibrary.com

ഞാനും സമ്പാദിച്ചിരുന്നു. സമ്പാദ്യമെന്നു വെച്ചാൽ തകഴിയെപ്പോലെയോ ബഷീറിനെപ്പോലെയോ ഒന്നും എന്റെ കൈയിൽ കാശ് വന്നിരുന്നില്ല. വലിയ കടങ്ങളൊന്നും വീട്ടാനുണ്ടായിരുന്നില്ല എന്നു മാത്രം. ഒരു ലക്ഷം രൂപയുടെ ജ്ഞാനപീഠ പുരസ്കാരം കിട്ടിയതോടെയാണ് കടങ്ങൾ ഒഴിഞ്ഞ് ഞാൻ രക്ഷപ്പെട്ടത്.

കുമാരൻ ബർമ്മയിലേക്ക് പോകുന്നു...

നാട്ടുകാർക്ക് വിശ്വാസം വന്നില്ല. അവരാദ്യമായാണ് ബർമ്മയെന്ന ഒരു നാടിനെക്കുറിച്ച് കേൾക്കുന്നത്. അവർ ജീവിതത്തിൽ ഒരിക്കലും ഒരു ഭൂപടം പോലും കണ്ടിട്ടില്ലാത്തവരായിരുന്നു. ഭൂമി മൈതാനം പോലെ പരന്നിട്ടാണെന്ന് കരുതുന്നവർ പോലും കൂട്ടത്തിലുണ്ടായിരുന്നു. അവരെങ്ങനെയറിയും ബർമ്മയെന്നൊരു നാടുണ്ടെന്ന്? അവിടെ ഐരാവതിയെന്നൊരു പുഴയൊഴുകുന്നുണ്ടെന്ന്? ആ നാടിന്റെ തലസ്ഥാനം റങ്കൂണാണെന്ന്? റങ്കൂൺ തുറമുഖത്ത് എപ്പോഴും മഴ പെയ്തുകൊണ്ടിരിക്കുമെന്ന്? ബർമ്മക്കാരികളുടെ കൈകളിലെപ്പോഴും നിറമുള്ള വിശറികളുണ്ടാകുമെന്ന്?

പക്ഷേ, എനിക്കറിയാം ബർമ്മ എവിടെയെന്ന്. അവിടത്തെ ഭരണാധിപൻ ആരെന്ന്. അവിടത്തെ ആളുകളുടെ വേഷം എന്തെന്ന്. അവരുടെ ഭാഷ എന്തെന്ന്. അവരുടെ ഭക്ഷണം എന്തെന്ന്. അവരുടെ ഉത്സവങ്ങൾ എന്തെന്ന്. എല്ലാം എനിക്കറിയാം."

ബർമ്മ എന്ന രാജ്യം 1989 മുതൽ മ്യാൻമർ എന്നാണ് അറിയപ്പെടുന്നത്. പട്ടാള ഭരണത്തിന്റെ ഉരുക്കുമുഷ്ടിക്കുള്ളിൽ കഴിയുന്ന തെക്കു കിഴക്കൻ ഏഷ്യൻ രാജ്യമാണ് ഇന്ന് മ്യാൻമർ. വലിപ്പം കൊണ്ട് തെക്കു കിഴക്കൻ ഏഷ്യയിലെ ഏറ്റവും വലിയ രാജ്യമായ മ്യാൻമർ ഒരിക്കൽ ഇന്ത്യയുടെ ഭാഗമായിരുന്നു. മ്യാൻമറിലെ ജനാധിപത്യാഭിലാഷങ്ങളുടെ പ്രതീകമാണ് സമാധാനത്തിനുള്ള നോബൽ സമ്മാനം നേടിയ രാഷ്ട്രീയ പ്രവർത്തക ആങ്സാൻ സൂചി. മ്യാൻമറിലെ സ്വാതന്ത്ര്യശില്പിയായ ആങ് സാനിന്റെ പുതിയാണ് സൂചി.

ചൈന, ലാവോസ്, തായ്ലാന്റ്, ബംഗ്ലാദേശ്, ഇന്ത്യ എന്നീ രാജ്യങ്ങൾക്കിടയിലാണ് മ്യാൻമറിന്റെ കിടപ്പ്. ആൻഡമാൻ കടലും, ബംഗാൾ ഉൾക്കടലുമാണ് മറ്റ് അതിർത്തികൾ.

ബർമ്മയുടെ തലസ്ഥാനമായിരുന്ന റംഗൂണിലേക്ക് (ഇപ്പോൾ 'പിൻമന' യാണ് തലസ്ഥാനം) മദിരാശിയിൽ നിന്ന് കപ്പൽ മാർഗമാണ് അബുസാഹിബ് പുറപ്പെട്ടത്. ജീവിതത്തിലെ ആദ്യത്തെ കപ്പൽ യാത്ര. ആൻഡമാൻ ദ്വീപിന്റെ ഓരത്തു കൂടിയുള്ള മൂന്നു ദിവസത്തെ യാത്രയ്ക്കു ശേഷം കപ്പൽ റംഗൂൺ തുറമുഖത്ത് നങ്കൂരമിട്ടു. റംഗൂണിൽ നിന്നും മൂന്നു ദിവസത്തെ യാത്രയ്ക്ക് ശേഷം 800 മൈൽ അകലെ ചൈനാ അതിർത്തിയിലുള്ള നോർത്തേൺ ഷാൺ സ്റ്റേറ്റിലെ ബോഡ്വിൻ എന്ന സ്ഥലത്ത് എത്തിച്ചേർന്നു.

നോർത്തേൺ ഷാൺ സ്റ്റേറ്റിലെ ബോഡ്വിനിലായിരുന്നു അമ്മാ

mappilaheritagelibrary.com

വൻമാരുടെ ബിസിനസ്സ്. എത്തിയ ഉടനെ അവരുടെ ബിസിനസ്സിന്റെ ഭാഗമായി. അമ്മാവൻമാരുടെയാണെങ്കിലും കൂലി അടിസ്ഥാനത്തിലായിരുന്നു ജോലി. ഒട്ടും താൽപ്പര്യമില്ലാതെ, വീട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങിയാണ് ബർമ്മയിലേക്ക് വന്നത്. ബർമ്മയിലെത്തിയിട്ടും മനോഭാവത്തിനു മാറ്റമുണ്ടായില്ല. ഒരു കച്ചവടസ്ഥാപനത്തിൽ പകലന്തിയോളം തടവിലാക്കപ്പെട്ട പ്രതീതി അബു സാഹിബിന് അസഹനീയമായിരുന്നു. പക്ഷെ രക്ഷപ്പെടാൻ മാർഗമൊന്നും ഉണ്ടായിരുന്നില്ല.

കച്ചവടത്തോടൊപ്പം പൊതുരംഗത്ത് കൂടി പ്രവർത്തിക്കാൻ അബു സാഹിബിന് ആഗ്രഹമുണ്ടായി. പ്രവാസികൾ എന്ന നിലയിൽ മലയാളികൾ ഒട്ടേറെ പ്രതിസന്ധികൾ നേരിടുന്നുണ്ടായിരുന്നു; പ്രത്യേകിച്ച് മുസ്‌ലിംകൾ. ബർമ്മയിലെ മുസ്‌ലിംകൾക്കു വേണ്ടി രൂപീകരിച്ച സംഘടനയാണ് നാംടൂ കേരള മുസ്‌ലിം സമാജം. ബോഡ്‌വിനിൽ നിന്ന് 60 മൈൽ അകലെയാണ് നാംടൂ. ബോഡ്‌വിനിലെന്ന പോലെ ധാരാളം ഇന്ത്യക്കാർ നാംടുവിലും ഉണ്ടായിരുന്നു. മലയാളികളുടെ പൊതുപ്രവർത്തനങ്ങളുടെ സിരാകേന്ദ്രമായിരുന്നു നാംടൂ. അതുകൊണ്ടാണ് നാംടൂ കേരള മുസ്‌ലിം സമാജം രൂപീകരിച്ചത്. അബു സാഹിബായിരുന്നു സംഘടനയുടെ ജനറൽ സെക്രട്ടറി. ബർമ്മയിലെ പ്രമുഖ വ്യവസായിയും പൗരപ്രമുഖനുമായ പി.കെ.മൊയ്തു സാഹിബ് ആയിരുന്നു പ്രസിഡന്റ്. ബർമ്മൻ അധികാരികളുമായി അടുത്ത ബന്ധമുണ്ടായിരുന്ന മൊയ്തു സാഹിബ് ബർമ്മയിലെ മുസ്‌ലിംകളുടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. ബർമ്മയിലെ മുസ്‌ലിംകളുടെ ആശാകേന്ദ്രമായിരുന്നു അദ്ദേഹം.

മുസ്‌ലിംസമാജം ഒട്ടേറെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഗൾഫ് ഒരു സ്വപ്നം പോലും ആയിട്ടില്ലാത്ത അക്കാലത്ത് നാട്ടിൽ നടന്ന ഒട്ടേറെ പുരോഗമന-ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മുസ്‌ലിം സമാജം നേതൃത്വം നൽകി. അക്കാലത്തെ പല മതസ്ഥാപനങ്ങളുടേയും പിറവിയിലും വളർച്ചയിലും മുസ്‌ലിംസമാജം പങ്കുവഹിച്ചു. ബർമ്മയിലെ മുഖ്യധാരയിൽ അബുസാഹിബ് ശ്രദ്ധേയനായതോടെ, തങ്ങളുടെ ബിസിനസ്സിന്റെ പൂർണ ഉത്തരവാദിത്തം അബുസാഹിബിനെ ഏൽപ്പിച്ച് അമ്മാവൻമാർ നാട്ടിലേക്ക് മടങ്ങി. അതോടെ അബുസാഹിബിന്റെ ഉത്തരവാദിത്തം വർധിച്ചു. ബിസിനസ്സിന്റെ ചുമതലയും സാമൂഹ്യപ്രവർത്തനവും ചേർന്നപ്പോൾ അദ്ദേഹത്തിന്റെ ജീവിതം പുതിയഘട്ടത്തിലേക്ക് കടന്നു.

ഇടയ്ക്ക് വിദ്യാഭ്യാസം നിലച്ചു പോയതും, അടങ്ങാത്ത സമരവീര്യവും മൂലം വീട്ടുകാർ ബർമയിലേക്ക് 'നാടുകടത്തിയ' അബു സാഹിബ്, ബർമ്മയിലും മുസ്‌ലിം സമാജത്തിലൂടെ നേതാവായി മാറുകയായിരുന്നു. ബർമ്മയിലെ മുസ്‌ലിംകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സംഘടിത രൂപം വേണമെന്നുള്ള ചിന്തയാണ്, പ്രശ്ന പരിഹാരങ്ങൾക്ക് വ്യക്തിപരമായി ഏറ്റവും അധികം സംഭാവന നൽകിയിട്ടുള്ള പി.കെ.മൊയ്തു സാഹി

mappilaheritagelibrary.com

ബിനെ മുന്നിൽ നിർത്തി കേരള മുസ്‌ലിം സമാജത്തിന്റെ രൂപീകരണത്തിന് പ്രേരകമായത്. നന്നേ ചെറുപ്പത്തിൽ പ്രമുഖ വ്യക്തികളോടൊപ്പം അതിന്റെ സാരഥ്യം ഏറ്റെടുക്കാൻ അബുസാഹിബിനെ പ്രാപ്തനാക്കിയത് പൊതു പ്രവർത്തനത്തോടുള്ള ആത്മാർത്ഥമായ സന്നദ്ധതയും നേതൃഗുണവുമാ ണ്.

ബർമ്മയിലെ ജീവിതം സംഭവബഹുലമായിരുന്നു. 1939-ൽ രണ്ടാംലോക മഹായുദ്ധം നടക്കുമ്പോൾ അബുസാഹിബ് ബർമ്മയിലായിരുന്നു. ബ്രിട്ടീഷ് കോളനിയായ ബർമ്മയിൽ ജപ്പാൻ ഇരച്ചു കയറി. റംഗൂൺ തുറമുഖം ജപ്പാൻ കീഴടക്കി. നിലയ്ക്കാത്ത ബോംബ് വർഷങ്ങൾക്കിടയിൽ ബർമ്മ ജപ്പാന്റെ അധീനതയിലായി. യുദ്ധസാഹചര്യത്തിൽ ജനജീവിതം ദുസ്സഹമായി. പതി റ്റാണ്ടുകളുടെ കഠിനാധ്വാനത്തിലൂടെ വളർത്തിയെടുത്ത വ്യാപാര-വ്യവസായ സ്ഥാപനങ്ങളുടെ സുരക്ഷിതത്വം നഷ്ടമായി.

സ്വത്തിനു മാത്രമല്ല, ജീവനും രക്ഷയില്ലാത്ത അവസ്ഥ. തുരുതുരാ വന്നു വീഴുന്ന ബോംബുകളുടെ സ്ഫോടനത്തിൽ ഏത് നിമിഷവും ചിതറിത്തെ റിക്കാവുന്ന പരുവത്തിലായി ജീവിതം.

യുദ്ധം ശക്തിയാർജ്ജിച്ചതോടെ 'സമാജ'ത്തിന് ഉത്തരവാദിത്തങ്ങൾ വർധിച്ചു. ബോംബ് വർഷത്തിന്റെ മുന്നറിയിപ്പായി സൈറൺ മുഴങ്ങും. ഉടനെ ഷെൽട്ടറിനുള്ളിൽ അഭയം തേടുകയാണ് പതിവ്. പലപ്പോഴും ഷെൽട്ടറിനു ള്ളിൽ ദിവസങ്ങളോളം കഴിയേണ്ട അവസ്ഥയുണ്ടായി. അത്തരം സാഹ ചര്യങ്ങളിൽ ആവശ്യത്തിന് ഭക്ഷണം ശേഖരിക്കുക എന്നത് ഏറ്റവും ശ്രമ കരമായിരുന്നു. 'സമാജം' പ്രവർത്തകർ ആ ചുമതല ഭംഗിയായി നിർവഹി ച്ചു. പക്ഷെ ഈ ഉദ്യമം അധികനാൾ മുന്നോട്ടു പോയില്ല. കാരണം, യുദ്ധം നീണ്ടു പോയതോടെ ഭക്ഷ്യക്ഷാമം രൂക്ഷമായി. ഇതോടെ ബർമ്മക്കാർ ഭക്ഷ ണത്തിനു വേണ്ടി ഇന്ത്യക്കാരെ ആക്രമിക്കാനും കൊള്ളയടിക്കാനും തുട ങ്ങി. ഇത് പിടിച്ചുനിൽക്കാനുള്ള അവസാനത്തെ ശ്രമവും വിഫലമാക്കി. ആകാശത്തു നിന്ന് ബോംബുവർഷം, ഭൂമിയിൽ അക്രമികളുടെ വിളയാട്ടം. മരണത്തെ മുഖാമുഖം കണ്ട നിമിഷങ്ങൾ!

സുരക്ഷാകേന്ദ്രത്തിലും രക്ഷ ഇല്ലാതായതോടെ മടക്കയാത്രയെക്കുറി ച്ചായി ചിന്ത. പക്ഷെ മടക്കയാത്രയ്ക്ക് ആർക്കും താൽപ്പര്യമുണ്ടായിരുന്നി ല്ല. കാരണം ആകെയുള്ള സമ്പാദ്യമെല്ലാം ഉപേക്ഷിച്ചു വേണം നാട്ടിലേക്കു മടങ്ങാൻ. ബർമ്മയിൽ തുടർന്നാൽ സ്വത്തിനു മാത്രമല്ല, ജീവനും രക്ഷയി ല്ലെന്നുറപ്പ്. നാട്ടിലേക്കു മടങ്ങിയാൽ സ്വത്തു മുഴുവൻ നഷ്ടമാകും. പക്ഷെ ജീവനെങ്കിലും ബാക്കിയായേക്കും. എന്തു ചെയ്യണമെന്നറിയാത്ത സങ്കീർണ മായ അവസ്ഥ. ഏറെ നീണ്ട പര്യാലോചനകൾക്കു ശേഷം മടക്കയാത്രയ്ക്ക് തീരുമാനമെടുത്തു. അബുസാഹിബിനോടൊപ്പം ഒരു സംഘവും നാട്ടിലേക്കു മടങ്ങാൻ സന്നദ്ധമായി.

mappilaheritagelibrary.com

3
മടക്കയാത്ര

യുദ്ധഭീതിയിൽ മുങ്ങിപ്പോയ ബർമ്മയിൽ നിന്ന് പ്രാണരക്ഷാർത്ഥം പലായനം ചെയ്യാൻ തീരുമാനിച്ചപ്പോഴാണ് യാത്ര എത്ര ദുഷ്കരമാണ് എന്നും, എത്ര കടുത്ത പ്രതിസന്ധിയേയാണ് തങ്ങൾ നേരിടാൻ പോകുന്നത് എന്നും ബോധ്യമാവുന്നത്. കടൽമാർഗം യാത്ര ചെയ്യാനാവില്ല. കാരണം തുറമുഖവും കടൽമാർഗവും ജപ്പാന്റെ അധീനതയിലാണ്. കരമാർഗം യാത്ര ചെയ്യുകയെന്നാൽ മരണത്തിലേക്ക് സ്വയം നടന്നടുക്കുക എന്നാണർത്ഥം. ഘോര വനങ്ങളും കൊടുമുടികളും താണ്ടി വേണം യാത്ര ചെയ്യാൻ. യാത്ര പുറപ്പെട്ടാൽത്തന്നെ ലക്ഷ്യത്തിലെത്താൻ കഴിയുമെന്ന പ്രതീക്ഷയില്ല. ഈ സാഹചര്യത്തിൽ അഭ്യുദയകാംക്ഷികളും സഹപ്രവർത്തകരും അബുസാഹിബിന്റെ യാത്രോദ്യമത്തെ ശക്തമായി തടയാൻ ശ്രമിച്ചു. പക്ഷെ ഏത് പ്രതിസന്ധിയേയും നേരിടാൻ ദൃഢനിശ്ചയം ചെയ്ത അബുസാഹിബിന്റെ മനസ്സ് മാറ്റാനായില്ല.

അബുസാഹിബിന്റെ യാത്രാസംഘത്തിൽ 32 പേരുണ്ടായിരുന്നു. അബുസാഹിബ് തന്നെയാണ് നായകൻ. ബംഗാളിയായ ഡോ:ബറുവ സംഘത്തിന്റെ വൈദ്യശുശ്രൂഷകനായി, 'റാംസിംഗ്' എന്ന സിക്കുകാരൻ 'സെക്യൂരിറ്റി ഓഫീസറും' ബർമ്മയുടെ അതിർത്തിയായ കലീവയിൽ നിന്നാണ് യാത്ര തുടങ്ങേണ്ടത്. സംഘം യാത്ര പുറപ്പെടാനിരിക്കെ ആന്ധ്രപ്രദേശുകാരായ മൂന്നു പട്ടാള എഞ്ചിനീയർമാർ അബുസാഹിബിനെ സമീപിച്ചു. തങ്ങളുടെ ഭാര്യമാരെ കൂടി യാത്രാസംഘത്തിൽ ചേർക്കണമെന്നായിരുന്നു അവരുടെ ആവശ്യം. സ്വന്തം ജീവനു തന്നെ രക്ഷയില്ലാത്ത, ദുർഘടമായ ഒരു യാത്രയിൽ അപരിചിതരായ മൂന്നു പേരെ, അതും സ്ത്രീകളെ സംഘത്തിലുൾപ്പെടുത്താൻ അബു സാഹിബ് വിസമ്മതിച്ചു. എന്നാൽ അവർ തങ്ങളുടെ നിസ്സഹായതയും അഭ്യർത്ഥനയും ആവർത്തിച്ചു. ഒടുവിൽ ഒഴിഞ്ഞുമാറാനുള്ള അവസാനശ്രമം എന്ന നിലയിൽ അബുസാഹിബ് ഒരു തന്ത്രം പ്രയോഗിച്ചു. "ഞങ്ങളുടെ കൂട്ടത്തിൽ ധാരാളം മാപ്പിളമാർ ഉണ്ടെന്നും അവരുടെ കൂട്ടത്തിൽ സ്ത്രീകളെ അയക്കുന്നത് അപകടകരമാവുമെന്നും" അബുസാഹിബ് പറഞ്ഞു. പക്ഷെ ആ തന്ത്രം പാളി. അവർ മൂന്നു പേരും ഏകകണ്ഠമായി പറഞ്ഞു. "മാപ്പിളമാരുടെ കൂടെ ഭാര്യമാരെ അയക്കാൻ

mappilaheritagelibrary.com

ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. കാരണം അവർ ധീരരും വിശ്വസ്തരുമാണ്. അവർ യാതൊരു പോറലും ഏൽപ്പിക്കാതെ ഞങ്ങളുടെ ഭാര്യമാരെ യഥാസ്ഥാനത്ത് എത്തിക്കുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്." അബുസാഹിബിന് മറുപടിയുണ്ടായില്ല. അർധമനസ്സോടെയാണെങ്കിലും അവരേയും സംഘത്തിൽ ചേർത്തു. അങ്ങനെ 32 പുരുഷൻമാരും മൂന്നു സ്ത്രീകളും ഉൾപ്പെട്ട 35 അംഗയാത്രാസംഘം യുദ്ധക്കെടുതികളിൽ നിന്ന് ആത്മരക്ഷാർത്ഥം ജൻമനാട്ടിലേക്കു മടക്കയാത്ര തുടങ്ങി.

യാത്രയ്ക്ക് ചിട്ടകളുണ്ടായിരുന്നു. ശാസ്ത്രീയമായ രീതികളാണ് യാത്രയിലുടനീളം അവലംബിച്ചത്. പുലർച്ചെ നാലുമണിക്ക് യാത്ര തുടങ്ങും. പതിനൊന്നു മണിയോടെ വിശ്രമം. വീണ്ടും വൈകീട്ട് നാലു മണി മുതൽ രാത്രി പത്തുമണി വരെ യാത്ര. ശേഷം ഉറക്കം. വെള്ളം കിട്ടാനിടയുള്ള സ്ഥലം കണ്ടെത്തിയാൽ അവിടെ തമ്പടിക്കും. ഈ രീതിയിൽ യാത്ര തുടർന്നതിനാൽ അധികം ക്ഷീണം അനുഭവപ്പെടുകയുണ്ടായില്ല. യാത്രയിൽ ഭാരമായേക്കുമെന്ന് ഭയപ്പെട്ട സ്ത്രീകളാണ് ഭക്ഷണം തയ്യാറാക്കിയിരുന്നത്. അത് ഏറെ സൗകര്യപ്രദമായി.

യാത്ര പുറപ്പെട്ടിട്ട് ദിവസങ്ങൾ പിന്നിട്ടതോടെ വീണ്ടും പുതിയ പ്രതിസന്ധി വന്നെത്തി. യാത്രാസംഘം കരുതിയ ഭക്ഷണസാധനങ്ങൾ തീർന്നു. ലക്ഷ്യസ്ഥാനത്ത് എത്താനാവാതെ സംഘാംഗങ്ങൾക്കിടയിൽ നിരാശ പടർന്നു. കൊടുമുടികളും മലമ്പാതകളും താണ്ടി ഇനിയെത്ര നാൾ എന്ന ആശങ്കയിലായി എല്ലാവരും. യാതൊരു ആസൂത്രണവുമില്ലാതെ യാത്ര പുറപ്പെട്ട ചിലർ വെള്ളം പോലും കിട്ടാതെ വഴിയിൽ മരിച്ചുവീണ കഥകൾ പലരും അയവിറക്കി. അതോടെ സംഘാംഗങ്ങൾ ചകിതരായി. ആശങ്കപ്പെട്ടിട്ട് കാര്യമില്ലെന്നും ഏതു വിധേനയും നാട്ടിലെത്തിയേ പറ്റൂ എന്നും അബു സാഹിബ് സഹയാത്രികർക്ക് ധൈര്യം പകർന്നു. കിട്ടാവുന്ന കായ്കനികൾ ഭക്ഷിച്ചും വെള്ളം കുടിച്ചും പലപ്പോഴും പട്ടിണി കിടന്നും അവർ യാത്ര തുടർന്നു. അബുസാഹിബിന്റെ പിന്നാലെ ചെറുതും വലുതുമായ ഒട്ടേറെ സംഘങ്ങൾ ബർമ്മയിൽ നിന്ന് ഇന്ത്യയിലേക്ക് പലായനം ചെയ്യുന്നുണ്ടായിരുന്നു. യുദ്ധഭീതിയിൽ ജീവൻ രക്ഷിക്കാനുള്ള മനുഷ്യരുടെ അടങ്ങാത്ത പ്രവാഹമായിരുന്നു അത്.

ബർമ്മയിൽ നിന്നുള്ള അഭയാർത്ഥി പ്രവാഹത്തെപ്പറ്റി പി.കെ.ഉമ്മർഖൻ എഴുതുന്നു: "നിത്യേന ബർമ്മയിൽ നിന്നു ഇന്ത്യയിലേക്ക് ധാരാളം അഭയാർത്ഥികൾ വന്നുകൊണ്ടിരിക്കുമ്പോഴാണ് ഈ ലേഖനം ഞാൻ എഴുതുന്നത്. ബർമ്മാ അഭയാർത്ഥി പ്രശ്നങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നതിനു മുമ്പായി ബർമ്മയും ഇന്ത്യയും തമ്മിലുള്ള ബന്ധത്തെയും ഈ അഭയാർത്ഥി പ്രശ്നത്തിന്റെ ആരംഭത്തെയും കുറിച്ചു അല്പം പറയേണ്ടിയിരിക്കുന്നു. പ്രശ്നങ്ങളെക്കുറിച്ചു ഉത്തരവാദപ്പെട്ടവർക്ക് ഗ്രഹിക്കുവാൻ അത് എളുപ്പമായിരിക്കും.

mappilaheritagelibrary.com

1947 ന് മുമ്പ് ബർമ്മ ഇന്ത്യയുടെ ഒരു ഭാഗമായിരുന്നു. ഒരു ഗവർമ്മെ ണ്ടിന്റെ കീഴിലുള്ള രാജ്യങ്ങൾ തന്നെയായിരുന്നു ഇന്ത്യയും ബർമ്മയും. ഇന്ത്യയിൽ നിന്നും ബർമ്മക്ക് പോകുന്നവർക്ക് ഒരു വിദേശരാജ്യത്ത് പോകുന്ന തോന്നലോ അനുഭവമോ ഉണ്ടായിരുന്നില്ല. കേരളത്തിൽ നിന്ന് ബോംബെ, കല്ക്കത്ത മുതലായ രാജ്യങ്ങളിലേക്ക് പോകുന്നത് പോലെ മാത്രമെ കരുതിയിരുന്നുള്ളു. 1947 ന് മുമ്പ് ബർമ്മക്കു പോകുന്ന ഒരു ഇന്ത്യ ക്കാരന് എവിടേയും തടസ്സം കൂടാതെ പോകുന്നതിനും ഇഷ്ടാനുസരണം വ്യാപാരങ്ങളിലും ജോലികളിലും ഏർപ്പെടുന്നതിനും പരിപൂർണ്ണസ്വാതന്ത്ര്യം ഉണ്ടായിരുന്നു. അര നൂറ്റാണ്ടിനു മുമ്പ് പോയിരുന്ന മിക്ക ഇന്ത്യക്കാരനും ബർമ്മയിൽ ഉയർന്ന നിലയിലുള്ള വ്യാപാര-വ്യവസായങ്ങളിൽ ഏർപ്പെട്ട വരും ധാരാളം ഭൂസ്വത്തുക്കളും കൃഷിഭൂമികളും ഉള്ളവരുമായിരുന്നു. ജീവി തകാലം മുഴുവനും അവർ സമ്പാദിച്ച സർവ്വസ്വവും ബർമ്മയിൽ തന്നെയായി രുന്നു. ഇന്നത്തെ അവസ്ഥയെക്കുറിച്ച് അവർക്ക് ചിന്തിക്കാൻ പോലും അന്ന് കഴിഞ്ഞിരുന്നില്ല. പാക്കിസ്ഥാൻ ഒഴിച്ചു നിർത്തിക്കൊണ്ട് ഒരു കാനേഷുമാരി എടുക്കുകയാണെങ്കിൽ 1941 ന് മുമ്പ് ഏകദേശം 13 ലക്ഷത്തോളം ഇന്ത്യ ക്കാർ ബർമ്മയിലുണ്ടായിരുന്നു. അവിടെ തന്നെ വിവാഹം കഴിച്ചവരും കുടും ബത്തോടു കൂടി ബർമ്മയിൽ പോയവരും അവരിൽ ഉൾപ്പെടുന്നു. ബർമ്മ യിലെ സ്ത്രീകൾക്ക് വിവാഹത്തിലേർപ്പെടുന്നതിനു രാജ്യമോ, ദേശമോ, ഭാഷയോ, മതമോ, നിറമോ ഒരു പ്രശ്നമല്ല. ആരുമായും ഇണങ്ങിച്ചേർന്നു മുന്നോട്ടു പോകുവാൻ അവർക്കു കഴിയും. അത് കാരണം ഒരു വിഭാഗം ഇന്ത്യക്കാർ അവിടെ വിവാഹം കഴിച്ചു കുടുംബത്തോടെ കഴിയുന്നവരായും ഉണ്ട്. ഇന്ത്യയിൽ വിവാഹം കഴിച്ചു മധുവിധു കഴിഞ്ഞതിനു ശേഷം ഇവിടെ നിന്നും ബർമ്മയിലേക്കു പോയി 15 ഉം 20 ഉം കൊല്ലം നാട്ടിലേക്കു തിരിച്ചു വരാതെ അവിടെ ഭാര്യാമക്കളോടൊപ്പം ജീവിച്ചുവരുന്ന പലരേയും ഈ ലേഖ കൻ നേരിട്ടുകണ്ടിട്ടുണ്ട്. കേരളത്തിൽനിന്നുപോയ "കാക്കാമാരും" (മാപ്പിള മാർ) ഇക്കൂട്ടത്തിൽപ്പെടുന്നു.

ബ്രിട്ടീഷ് ഗവർമ്മെണ്ടിന്റെ ഭരണത്തിൽ അനുസരണമുള്ളവരായി കഴി ഞ്ഞുകൂടുന്നവരായിരുന്നു ബർമ്മയിലെ ഇന്ത്യക്കാരും ബർമ്മക്കാരും. ബർമ്മ യിലെ കയറ്റിറക്കുമതി വ്യാപാരക്കുത്തക ബ്രിട്ടീഷുകാരുടെ കയ്യിലും മൊത്ത ക്കച്ചവടം മുതൽ ചില്ലറക്കച്ചവടം വരെ ഇന്ത്യക്കാരുടെ കയ്യിലും ആയിരു ന്നു. ഒരു കാർഷികരാജ്യമായ ബർമ്മയിലെ ഭൂമി അധിക ഭാഗവും ഇന്ത്യ ക്കാരുടെ കയ്യിലായിരുന്നു. കൃഷി നടത്തുന്നതിൽ ഒരു നല്ല വിഭാഗം ദക്ഷി ണേന്ത്യക്കാരിൽ ബോംബെ, ഗുജറാത്ത്, സൂറത്ത് മുതലായ പ്രദേശങ്ങളിലെ ആൾക്കാരിൽ അധികപേരും വ്യാപാരങ്ങളിലേർപ്പെട്ട് ജീവിച്ചവരായിരുന്നു. അവരിൽ ബങ്കാളികളും കുറവല്ല. 1941 നു മുമ്പ് ബർമ്മയിൽ 80,00ൽ പരം മലയാളികൾ ഉണ്ടായിരുന്നുവെന്നു കണക്കാക്കപ്പെട്ടിരുന്നു. അവരിൽ 3 ശത മാനം മാത്രമെ കുടുംബത്തോടുകൂടി അവിടെയുണ്ടായിരുന്നുള്ളൂ. ബാക്കി

mappilaheritagelibrary.com

യുള്ളവരുടെ കുടുംബങ്ങൾ കേരളത്തിൽ തന്നെയായിരുന്നു. 3 ശതമാനത്തെ മാറ്റിനിർത്തി ബാക്കിയുള്ളവരുടെ കുടുംബത്തെ പുലർത്തി പോരേണ്ടുന്ന വമ്പിച്ച ഉത്തരവാദിത്വം ബർമ്മയിലുള്ളവർക്കുണ്ടായിരുന്നു. ബർമ്മയിൽ നിന്നു മാസം തോറും അയയ്ക്കുന്ന തുകകൾ കൊണ്ട് കഴിഞ്ഞു കൂടുന്നവ രാണ് കേരളത്തിലുള്ള അവരുടെ കുടുംബങ്ങൾ. മാസംതോറും അയയ്ക്കുന്ന തുകയിൽ വല്ല കുറച്ചിലും വന്നാൽ അത്കൊണ്ട് വിഷമിക്കേണ്ടി വരുന്നത് ഇവിടെയുള്ള അവരുടെ കുടുംബങ്ങളാണ്.

രണ്ടാംലോക മഹായുദ്ധത്തിന്റെ വിഷമതകൾ ബർമ്മയേയും പിടികൂടി. ജപ്പാനും ചൈനയുമായി നടന്നുകൊണ്ടിരുന്ന യുദ്ധത്തിൽ ചൈനയെ സഹാ യിക്കാൻ ബർമ്മയിൽക്കൂടി "ലാഷൂ" വഴിയായി ധാരാളം യുദ്ധസാമഗ്രികൾ ബ്രിട്ടീഷ് അമേരിക്കൻ കോയ്മകൾ പുതിയ റോഡുകൾ വെട്ടി ഹോങ്കോ ങ്ങിലേക്കു എത്തിക്കുവാൻ തുടങ്ങി. ഇത് ജപ്പാനെ ക്രുദ്ധമാക്കി. ചൈനയെ സഹായിക്കുന്നത് അടിയന്തരമായും നിർത്തണമെന്നും അങ്ങിനെ നിർത്താ ത്തപക്ഷം ബർമ്മയുടെ നേരെ ആക്രമണം നടത്തേണ്ടിവരുമെന്നും താക്കീ തുകൾ നല്കിക്കൊണ്ടുള്ള ജപ്പാൻ ഗവർമ്മെണ്ടിന്റെ നോട്ടീസുകളും, വാൾപോസ്റ്റുകളും ബർമ്മയുടെ പല ഭാഗങ്ങളിലും പ്രത്യക്ഷപ്പെട്ടു തുടങ്ങി. അതിനെ ആരും അത്ര കണക്കിലെടുത്തില്ല. ബർമ്മ വഴി ചൈനക്കുള്ള സഹായം ജപ്പാനെ ശ്വാസം മുട്ടിച്ചു. അത് തടയണമെന്നുള്ളത് അവരുടെ അനിവാര്യമായ ഒരാവശ്യമായിരുന്നു. ജപ്പാനെ സംബന്ധിച്ചേടത്തോളം. അങ്ങിനെ 1941 ഡിസംബർ 23-ാം തിയ്യതി ബർമ്മയുടെ വിശാലമായ റംഗുൺ പട്ടണത്തിന്റെ മാർവ്വിടത്തിൽ ജപ്പാൻകാർ തുരുതുരെ ബോംബിട്ടു. അതോടു കൂടി ബർമ്മാരാജ്യം ഒരു യുദ്ധക്കളമായി മാറി. സർവ്വസ്വവും വിട്ടു ജന ങ്ങൾ പ്രാണരക്ഷാർത്ഥം ഓടിത്തുടങ്ങി. വ്യാപാര- വ്യവസായങ്ങൾ താറു മാറായി. റോഡുകളിലും, വയലുകളിലും അങ്ങിനെ ഏതുഭാഗത്തു നോക്കി യാലും മനുഷ്യമാംസങ്ങൾ ചിന്നിച്ചിതറിക്കിടക്കുന്ന കാഴ്ച! രണം നീർച്ചാ ലുകളായി ഒഴുകിത്തുടങ്ങി. ഭയാനകമായ അന്തരീക്ഷം! പലരും കാടകളിലും മലകളിലും രക്ഷനേടി. എന്നാൽ അവിടെയും അവർക്കു രക്ഷ യുണ്ടായില്ല. ഇന്ത്യക്കാരിൽ നല്ലൊരു വിഭാഗം സ്വന്തം മാതൃഭൂമിയിലേക്ക് 1942 ജനുവരിയോടുകൂടി ഒഴുകിത്തുടങ്ങി. അഭയാർത്ഥികളുടെ ആരംഭത്തെ ക്കുറിക്കുന്ന ഒന്നാമത്തെ ഘടകമായിരുന്നു അത്."

(മാപ്പിളനാട് വാർഷികപ്പതിപ്പ് 1966)

ബർമ്മാ അതിർത്തിയിലെ മണിപ്പൂർ പർവ്വതം കയറിയിറങ്ങി, ഓഹിമ, ഇംഫാൽ, ഡീമാപ്പൂർ വഴി നാല്പതു നാൾ നീണ്ട യാത്രയ്ക്കൊടുവിൽ അബു സാഹിബിന്റെ നേതൃത്തത്തിലുള്ള സംഘം ഇന്ത്യയിലെത്തി. ആസ്സാം-നാ ഗാലാന്റ് അതിർത്തിയിലെ 'പലേൽ' എന്ന ഗ്രാമത്തിലാണ് എത്തിയത്. യാത്രയിലുടനീളം അനുഭവിച്ച ദുരിതങ്ങൾ, മാതൃരാജ്യത്തിന്റെ മണ്ണിൽ കാലു കുത്തിയപ്പോൾ അവർക്ക് നിസ്സാരമായിത്തോന്നി. അത്രയ്ക്ക് ആഹ്ലാദത്തി

mappilaheritagelibrary.com

ലായിരുന്നു എല്ലാവരും ജീവനോടെ നാട്ടിലെത്തിയതിന്റെ ആഹ്ലാദം പര സ്പരം പങ്കു വെച്ചു. അതിർത്തി പ്രദേശമായ ഇംഫാലിൽ നിന്ന് തീവണ്ടി മാർഗം യാത്ര തുടർന്നു. നാല്പത് നാൾ ഒന്നിച്ചു കഴിഞ്ഞ പലരും അവന വന്റെ നാട്ടിലെത്തുമ്പോൾ കണ്ണീരൊഴുക്കിയാണ് യാത്ര പറഞ്ഞത്. ആന്ധ്ര യിലെത്തിയപ്പോൾ മൂന്നു സഹോദരിമാരുടെ രക്ഷിതാക്കൾ സ്റ്റേഷനിൽ കാത്തു നിന്നിരുന്നു. മൂന്നു പേരും യാത്ര പറഞ്ഞ രംഗം അബുസാഹിബിന്റെ മനസ്സിനെ പിടിച്ചുലച്ചു. തങ്ങളുടെ ഗ്രാമത്തിൽ വന്ന് ഏറെ നാൾ താമ സിച്ച ശേഷം നാട്ടിലേക്ക് പോയാൽ മതിയെന്ന് അവർ കരഞ്ഞു പറഞ്ഞു. വരില്ലെന്ന് ബോധ്യമായപ്പോൾ പൊട്ടിക്കരഞ്ഞു കൊണ്ടാണ്, എല്ലാവരേയും കരയിച്ചു കൊണ്ടാണ് അവർ യാത്രയായത്. അങ്ങനെ മറക്കാനാവാത്ത എത്രയെത്ര അനുഭവങ്ങൾ!

ത്യാഗപൂർണവും ദുരിതമയവുമായ യാത്രയ്ക്കൊടുവിൽ നാട്ടിലെത്തിയ അബു സാഹിബിനെ ഒരു ദുരന്തവാർത്തയാണ് വരവേറ്റത്. ബർമ്മയിൽ അബു സാഹിബിനോടൊപ്പം ഉണ്ടായിരുന്ന അനുജൻ കുഞ്ഞിപ്പക്കിയുടെ മരണവാർത്തയായിരുന്നു അത്. അനുജനെ മടക്കയാത്രയിൽ കൂടെക്കൂട്ടാൻ അബുസാഹിബ് ആവത് ശ്രമിച്ചതാണ്. പക്ഷെ, പി.കെ.മൊയ്തുസാഹിബ് അനുജനെ വിട്ടു തന്നില്ല. അബുസാഹിബിനെ യാത്രോദ്യമത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ വളരെയധികം ശ്രമിച്ച അദ്ദേഹം, 'നീ പോയി മരിക്ക്, ഒരു മോനെങ്കിലും നിന്റെ ഉമ്മാക്കിരിക്കട്ടെ' എന്നു പറഞ്ഞാണ് അനുജനെ തട ഞ്ഞുവെച്ചത്. മൊയ്തു സാഹിബിന്റെ നിർബന്ധം മൂലമാണ് അനുജനെ ബർമ്മയിൽ നിറുത്തി അബു സാഹിബ് സാഹസികമായ മടക്കയാത്രക്ക് തുനിഞ്ഞത്. ബർമ്മയിൽ പിടിച്ചു നിൽക്കാനുള്ള അവസാനശ്രമവും വിഫ ലമായതോടെ അബു സാഹിബിന്റെ പിന്നാലെ, മൊയ്തു സാഹിബും കുഞ്ഞി പ്പക്കിയും മടക്കയാത്രയ്ക്ക് ഒരുങ്ങിയതായും, വഴിയിൽ വെള്ളം പോലും കിട്ടാതെ ഇരുവരും മരിച്ചുവീണു എന്നുമാണ് അബുസാഹിബ് അറിഞ്ഞത്. അബുസാഹിബിന്റെ മരണം വരെ ഈ ദുഃഖം തീരാവേദനയായി നിന്നു.

കുഞ്ഞിപ്പക്കിയുടെ ദുരനുഭവം അബുസാഹിബിന്റെ ഉമ്മയെ തീരാത്ത കണ്ണീരിലാഴ്ത്തി. ബിസിനസ്സ് രംഗത്തേക്ക് കടന്നു വരുന്നതിനു പകരം പ്രക്ഷോഭത്തിന്റെ വഴി തെരഞ്ഞെടുത്തതിലും പഠനം ഇടയ്ക്കു വെച്ച് മുട ങ്ങിയതിലും ഉമ്മക്ക് അബുസാഹിബിനോട് കടുത്ത നീരസമുണ്ടായിരുന്നു. അനുജന്റെ മരണത്തോടെ അത് വിരോധമായി മാറി. അനുജന്റെ മരണ ത്തിന് അബുസാഹിബാണ് ഉത്തരവാദി എന്നായിരുന്നു ഉമ്മയുടെ നിലപാ ട്. അനുജനെ കൂടെകൂട്ടാത്തതിന് ഉമ്മ അബു സാഹിബിനെ ഏറെ ശകാ രിച്ചു സത്യത്തിൽ നാട്ടിലെത്തുമെന്ന പ്രതീക്ഷയില്ലാതെ, ഏത് നിമിഷവും മരണത്തെ പുൽകാനുള്ള സന്നദ്ധതയുമായി ഇറങ്ങിത്തിരിച്ചപ്പോൾ, മൊയ്തു സാഹിബിന്റെ നിർബന്ധപ്രകാരം അനുജനെ അദ്ദേഹത്തിന്റെ കൂടെ നിറു ത്തുന്നതാണ് സുരക്ഷിതമെന്ന് അബു സാഹിബിന് തോന്നിപ്പോയതാണ്.

mappilaheritagelibrary.com

തന്റെ കൂടെക്കൂട്ടിയിരുന്നുവെങ്കിൽ, തങ്ങളോടൊപ്പം യാത്രയ്ക്ക് ഒരുങ്ങിയിരുന്നുവെങ്കിൽ ഇരുവരും രക്ഷപ്പെടുമായിരുന്നില്ലേ എന്ന ചിന്ത അബുസാഹിബിനെ നിരന്തരം വേട്ടയാടി. വിധി വിപര്യയം എന്നല്ലാതെ എന്തു പറയാൻ?

mappilaheritagelibrary.com

4
അതിർത്തിയിലെ അനുഭവങ്ങൾ

ബർമ്മയിൽ നിന്നുള്ള മടക്കയാത്രയിൽ, നാല്പതു ദിനരാത്രങ്ങൾ നീണ്ട ദുരിതപർവങ്ങൾക്കു ശേഷം അബു സാഹിബും സംഘവും എത്തിച്ചേർന്നത് ഇന്ത്യയുടെ അതിർത്തിഗ്രാമമായ ഇംഫാലിനടുത്ത് 'പലേൽ' ഗ്രമാത്തിലായിരുന്നു. യാത്രയിലുടനീളം ഏതാണ്ട് അരപ്പട്ടിണിയും മുഴുപ്പട്ടിണിയുമായിക്കഴിഞ്ഞ യാത്രാസംഘം, വിശപ്പ് മാറും വരെ ഭക്ഷണം കഴിക്കണമെന്ന ആശയോടെ ഒരു ഹോട്ടലിലേക്ക് കയറി. യാത്ര പുറപ്പെടുമ്പോൾ മടിയിൽ തിരുകി വെച്ച കാശ് ഭദ്രമായിരുന്നു. വിശന്നു പൊരിയുന്ന വയറുമായി ഭക്ഷണത്തോടുള്ള ആർത്തിയോടെ ഹോട്ടലിലേക്ക് കയറിച്ചെന്നവരെ ഹോട്ടലുടമ തടഞ്ഞു നിറുത്തി. അയാൾ ചോദിച്ചു. 'നിങ്ങൾ ഹിന്ദുക്കളോ, മുസ്‌ലിംകളോ?' ചോദ്യം കേട്ട അബു സാഹിബ് അന്ധാളിച്ചു ഇതെന്തു കഥ? ഹോട്ടലിൽ ഭക്ഷണത്തിന് കയറിയാൽ ജാതി ചോദിക്കുകയോ? രണ്ടു കൂട്ടരും ഉണ്ടെന്ന് അബുസാഹിബ് പ്രതികരിച്ചു 'മുസ്‌ലിംകൾ പുറത്തു പോകണമെന്ന്' ഹോട്ടലുടമ ശഠിച്ചു. വേണമെങ്കിൽ പുറത്തു നിന്ന് ഭക്ഷണം കഴിച്ചോളാൻ ഒരു കല്പനയും.

നാല്പതുനാൾ ഒന്നിച്ചു കഴിഞ്ഞവർ, ജന്മനാട്ടിലെത്തിയപ്പോൾ വേർതിരിക്കപ്പെട്ടിരിക്കുന്നു. വിവേചനത്തിന്റെ ക്രൂരത പ്രകടമായിരിക്കുന്നു. ഹിന്ദുക്കൾ അകത്ത്; മുസ്‌ലിംകൾ പുറത്തും. ഈ അവഗണന സഹിക്കാനായില്ല. ഭക്ഷണം കഴിക്കാതെ ഇറങ്ങിപ്പോരാനാണ് ആദ്യം തോന്നിയത്. പക്ഷെ, കത്തിയാളുന്ന വയറും, അതിർത്തിയിലുടനീളം ഇതു തന്നെയാവും അവസ്ഥ എന്ന ചിന്തയും മൂലം ആ സാഹസത്തിനു മുതിർന്നില്ല. ആലില പോലുള്ള ഒരുതരം ഇലയിൽ വിളമ്പിയ പൂരിയും കറിയും ഹോട്ടലിന് പുറത്തിരുന്ന് നിറകണ്ണുകളോടെ കഴിച്ചു. ജീവിതത്തിലെ ആദ്യത്തെ ഈ അനുഭവം, ജീവിതാവസാനം വരെ അബുസാഹിബിന്റെ മനസ്സിൽ ഉണങ്ങാത്ത മുറിപ്പാടായി അവശേഷിച്ചു.

ഭക്ഷണം കഴിഞ്ഞപ്പോൾ ഒന്നു കുളിക്കണമെന്നും വിശ്രമിക്കണമെന്നും തോന്നി. തൊട്ടടുത്ത ഒരു മഠത്തിൽ ചെന്നു. ഹൈന്ദവ സന്യാസിമാരായിരുന്നു മഠാധിപതികൾ. അവിടെയും ഹോട്ടലിലെ അതേ അനുഭവം. മുസ്‌ലിംകൾ പുറത്തു പോകണമെന്ന കല്പന. ഭാണ്ഡവും പേറി വീണ്ടും പുറ

mappilaheritagelibrary.com

ത്തേക്ക്. മുസ്‌ലിംകൾ ഗ്രാമപ്രദേശങ്ങളിൽ കർഷകരായി കഴിയുന്നുണ്ട്. പക്ഷെ, അവർക്ക് നഗരങ്ങളിൽ ഹോട്ടലുകളോ കച്ചവടമോ ഉണ്ടായിരുന്നില്ല.

മഠത്തിൽ നിന്ന് പുറത്താക്കപ്പെട്ട അബുസാഹിബും സംഘവും വഴിയിൽ വിഷണ്ണരായി നിൽക്കെ ഒരു മുസ്‌ലിംപള്ളി ദൃഷ്ടിയിൽ പെട്ടു. പള്ളിയിൽ ചെന്ന് ഞങ്ങൾ അഭയാർത്ഥികളാണെന്നു പറഞ്ഞു. അവർ അവരെ സ്നേഹപൂർവ്വം സ്വീകരിക്കുകയും തൊട്ടടുത്ത ഗ്രാമത്തിലേക്ക് ആനയിക്കുകയും ചെയ്തു. മുസ്‌ലിംകൾ മാത്രമുള്ളതായിരുന്നു ആ ഗ്രാമം. ഗ്രാമീണർ അവരെ അതിഥികളായി സ്വീകരിക്കുകയും ഇഷ്ടം പോലെ ഭക്ഷണം നൽകുകയും വിശ്രമിക്കാനും മറ്റും സൗകര്യം ചെയ്തു കൊടുക്കുകയും ചെയ്തു. കുറച്ചു ദിവസം കൂടി തങ്ങളുടെ അതിഥികളായി കഴിയണമെന്ന് ഗ്രാമീണർ നിർബന്ധിച്ചു. ആ സ്നേഹോഷ്മളതയ്ക്കു മുമ്പിൽ വീണ്ടും അബു സാഹിബിന്റെ കണ്ണുകൾ നിറഞ്ഞു. ഹോട്ടലിലും മഠത്തിലും ഈ ഗ്രാമത്തിലും നേരിട്ട അനുഭവങ്ങൾ ഓരോന്നായി അബു സാഹിബിന്റെ മനസ്സിൽ മിന്നിമറഞ്ഞു. മനസ്സ് പിന്നെയും വേദനിച്ചു.

മതത്തിന്റെ അടിസ്ഥാനത്തിലുള്ള അവഗണനയും ജാതിയുടെ അടിസ്ഥാനത്തിലുള്ള വിവേചനവും അബുസാഹിബിന് ഒട്ടും ഉൾക്കൊള്ളാനായില്ല. ജീവിക്കാൻ പോലും അർഹത ഇല്ലാത്തവരാണോ മുസ്‌ലിംകൾ? ചെല്ലുന്നിടത്തു നിന്നെല്ലാം ആട്ടിപ്പുറത്താക്കാൻ മാത്രം മ്ലേച്ഛൻമാരാണോ അവർ? ഇവ്വിധം നിന്ദ്യമായ വിവേചനം കാണിക്കുന്ന ഒരു രാജ്യമായിരുന്നുവോ തന്റെ സ്വപ്നം? പഠനം പോലും ഉപേക്ഷിച്ച്, സ്വന്തക്കാരുടെ എതിർപ്പുകൾ നേരിട്ട്, പോരാടിയത് ഇത്തരമൊരു ദുരവസ്ഥ നേരിടാനായിരുന്നുവോ? മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ ഫണ്ടിലേക്ക്, ബർമ്മയിൽ നിന്ന് മാസംതോറും പണമയച്ചു കൊടുത്തത് ഇതിനു വേണ്ടിയായിരുന്നോ? അബുസാഹിബിന്റെ മനസ്സിൽ അങ്ങനെ ഒട്ടേറെ ചോദ്യങ്ങളുയർന്നു.

അതിർത്തി ഗ്രാമത്തിൽ വെച്ച് പരിചയപ്പെട്ട പഞ്ചാബ് റെജിമെന്റ് ക്യാപ്റ്റൻ അൽതാഫ് ഹുസൈൻ അബു സാഹിബിനെ പട്ടാള ക്യാമ്പിൽ കൊണ്ടുപോയി ആടിനെ അറുത്ത് സൽക്കരിച്ചു. പഞ്ചാബി ഭടൻമാരുടെ സ്നേഹപൂർണമായ പെരുമാറ്റം അബുസാഹിബിനെ ഹഠാദാകർഷിച്ചു. വേദനകൾക്കിടയിലും ആശ്വാസത്തിന്റെ തുരുത്തായി മാറി ഈ അനുഭവം.

സ്വപ്നവും യാഥാർത്ഥ്യവും തമ്മിൽ അജഗജാന്തരമുണ്ടെന്നും അതിർത്തിയിലെ അനുഭവങ്ങൾ അബുസാഹിബിനെ ബോധ്യപ്പെടുത്തി. സ്വാതന്ത്ര്യസമരഭടനാവുക എന്ന മോഹം സഫലമാകുമ്പോഴും നാടിന്റെ മോചനത്തിൽ പങ്കാളിയാവുന്നു എന്നതായിരുന്നു ചാരിതാർത്ഥ്യം. നാട് സ്വാതന്ത്ര്യം നേടുക എന്നതിനർത്ഥം എല്ലാ ഇന്ത്യക്കാർക്കും ഒരുപോലെ സന്തോഷകരമായ ജീവിതം നയിക്കാനാവുക എന്നും. പക്ഷെ മലബാറിന്റെ മനസ്സായിരുന്നില്ല മണിപ്പൂരിനുണ്ടായിരുന്നത്. ആ യാഥാർത്ഥ്യം ഒരു ചാട്ടു

mappilaheritagelibrary.com

ളിയായി അബുസാഹിബിന്റെ നെഞ്ചിൽ തറച്ചു.

ഇന്ത്യയുടെ സ്വാതന്ത്ര്യപ്പോരാട്ടങ്ങൾ തുടരുക തന്നെയായിരുന്നു. ഗാന്ധിജി നയിച്ച ദണ്ഡിയാത്രയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് മലബാറിൽ നടന്ന ഉപ്പുസത്യാഗ്രഹ സമരജാഥക്ക് സ്വീകരണം നൽകി, ഒടുവിൽ പ്രവാസിയായി രണ്ടാംലോക മഹായുദ്ധക്കെടുതികളിൽ നിന്ന് ദുരിതപർവ്വങ്ങൾ താണ്ടി ജന്മനാടിന്റെ മണ്ണിൽ തിരിച്ചെത്തിയപ്പോൾ നേരിട്ട അനുഭവങ്ങളിലൂടെ അബുസാഹിബിൽ ഒരു രാസപരിണാമം സംഭവിക്കുകയായിരുന്നു. മുസ്‌ലിംകൾ ഒരു സമുദായം എന്ന നിലക്ക് നേരിടുന്ന പ്രശ്നങ്ങൾ, കോൺഗ്രസ് എന്ന സംഘടനയ്ക്കകത്ത് നടക്കുന്ന ഹൈന്ദവവൽകരണശ്രമങ്ങൾ, മുസ്‌ലിംലീഗ് സമരസംഘടനയായി ജ്വലിച്ചു നിൽക്കുന്ന ഘട്ടം. നാട്ടിൽ തിരിച്ചെത്തിയ അബുസാഹിബ് ഇതെല്ലാം നിരീക്ഷിക്കുകയായിരുന്നു.

അങ്ങനെയിരിക്കെ 1940 മാർച്ച് 23ന് മുസ്‌ലിംലീഗിന്റെ ചരിത്രപ്രസിദ്ധമായ 'ലാഹോർ പ്രമേയം' അംഗീകരിക്കപ്പെട്ടു. മുസ്‌ലിംലീഗിന്റെ ലാഹോർ സമ്മേളനത്തിൽ വെച്ച് അവതരിപ്പിക്കുകയും, അംഗീകരിക്കുകയും ചെയ്തതിനാലാണ് 'ലാഹോർ പ്രമേയം' എന്ന് അറിയപ്പെട്ടത്. വിഭജനം മുസ്‌ലിം ലീഗിന്റെ ആശയമായിരുന്നില്ല. ലാലാലജ്പത് റായ് മുതൽ സി.രാജഗോപാലാചാരി വരെയുള്ള കോൺഗ്രസ് നേതാക്കളും, പി.സി.ജോഷിയും അദ്ദേഹം നയിച്ചിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയും വിഭജനത്തെ അനുകൂലിക്കുകയുണ്ടായി. ഭരണഘടനാ ശില്പിയായ ഡോ.ബി.ആർ.അംബേദ്കർ എഴുതിയ 'Thoughts on Pakistan' എന്ന ഗ്രന്ഥത്തിലും അദ്ദേഹത്തിന്റെ അനേകം പ്രസംഗങ്ങളിലും വിഭജനത്തിന് അനുകൂലമായ ന്യായങ്ങളുണ്ടായിരുന്നു. കോൺഗ്രസും ബ്രിട്ടീഷുകാരും ഹിന്ദുക്കളും മുസ്‌ലിംകളും വിഭജനം അനിവാര്യമായേക്കുമെന്ന് കരുതിയിരുന്നു. സ്വാതന്ത്ര്യം നേടാനുള്ള യുക്തിസഹമായ എല്ലാ മാർഗങ്ങളും അടഞ്ഞുവെന്ന് ബോധ്യമായ ഘട്ടത്തിലാണ് ലാഹോർ പ്രമേയം അവതരിപ്പിക്കപ്പെടുന്നത്.

അബുസാഹിബ് കോൺഗ്രസുകാരനായിരുന്നു. ഒരു യഥാർത്ഥ ദേശീയ മുസ്‌ലിം. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ അനുയായി. മുസ്‌ലിം ലീഗിന്റെ സാമുദായിക വാദത്തോട് വിപ്രതിപത്തിയുള്ള ആൾ. എന്നിട്ടും മുസ്‌ലിംലീഗിന്റെ ലാഹോർ പ്രമേയത്തെ അംഗീകരിക്കാൻ അബു സാഹിബ് സധീരം മുന്നോട്ടുവന്നു. സ്വാനുഭവങ്ങളുടെ വെളിച്ചത്തിൽ നേരത്തെ രൂപപ്പെട്ട രാഷ്ട്രീയ നിലപാടുകൾക്ക് കരുത്ത് പകരുന്നതായിരുന്നു ലാഹോർ പ്രമേയം. അബു സാഹിബ് ലാഹോർ പ്രമേയത്തിന്റെ പ്രചാരകനായി. സർവേന്ത്യാ മുസ്‌ലിംലീഗിന്റെ സന്നദ്ധഭടനായി.

വിഭജനപ്രമേയം വിശദീകരിക്കാൻ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ മുസ്‌ലിംലീഗ് ജനറൽ സെക്രട്ടറി ജ: ലിയാഖത്ത് അലി ഖാൻ പര്യടനം നടത്തി. "1945 ജനുവരിയിൽ ലിയാഖത്ത് അലിഖാന്റെ നേതൃത്വത്തിൽ ഒരു മുസ്‌ലിംലീഗ് നേതൃസംഘം മലബാറിലൂടെ കടന്നു പോയി. മലബാറിലെ

mappilaheritagelibrary.com

മുസ്‌ലിം രാഷ്ട്രീയരംഗം ഇളകി മറിയാൻ ഇവരുടെ സന്ദർശനം കാരണമായിത്തീർന്നു. മുസ്‌ലിംലീഗിന്റെ കർമ്മസമിതി അംഗങ്ങളെ എതിരേൽക്കാൻ മലബാറിലെ ജനങ്ങൾ വിപുലമായ സന്നാഹങ്ങൾ സജ്ജമാക്കി. 1945 ജനുവരി 18-നാണ് ലിയാഖത്തലി ഖാൻ കോഴിക്കോട്ടെത്തിയത്.” (സി.എച്ച് മുഹമ്മദ്കോയ-രാഷ്ട്രീയ ജീവചരിത്രം-എം.സി പേജ് 107)

1946 ജൂലായ് 27-ന് ബോംബെയിൽ ചേർന്ന സർവേന്ത്യാ മുസ്‌ലിംലീഗ് കൗൺസിൽ, സ്വാതന്ത്ര്യത്തിനു വേണ്ടി പ്രത്യക്ഷ സമരപരിപാടികൾ ആരംഭിക്കാൻ തീരുമാനിച്ചു. അതുപ്രകാരം 1946 ആഗസ്റ്റ് 16ന് പ്രത്യക്ഷ സമര ദിനം ആചരിക്കാൻ മുസ്‌ലിംലീഗ് ആഹ്വാനം ചെയ്തു.

മുസ്‌ലിംലീഗ് ദേശീയതലത്തിൽ ആചരിച്ച ‘പ്രത്യക്ഷസമരദിനത്തെപ്പറ്റി ജ:കെ.എം.സീതിസാഹിബ് ഇപ്രകാരം എഴുതി.

“1946-ൽ ലീഗിന്റെ നിർദ്ദേശമനുസരിച്ച് ഇന്ത്യയൊട്ടുക്കു മുസ്‌ലിംങ്ങൾ ഒരു ‘പ്രത്യക്ഷസമരദിനം’ (Direct Action Day) ആചരിക്കുകയുണ്ടായി. ലീഗിന്റെ ലാഹോർ പ്രമേയം ആസൂത്രണം ചെയ്ത പദ്ധതിയനുസരിച്ചുള്ള ഒരു ഭരണമാറ്റം കൈവരുത്തുന്നതിന് സർവത്യാഗങ്ങളും ചെയ്വാനുള്ള സന്നദ്ധത പ്രഖ്യാപിക്കുവാൻ വേണ്ടിയായിരുന്നു പ്രസ്തുത ദിനം ആചരിക്കപ്പെട്ടത്. മലബാറിന്റെ എല്ലാ ഭാഗങ്ങളിലും പ്രസ്തുത ദിനം ആചരിക്കപ്പെടുകയും ഗംഭീര മഹായോഗങ്ങൾ നടക്കുകയും ചെയ്തു. എന്നാൽ ഒരു സ്ഥലത്തു പോലും സാമുദായികമായ യാതൊരു അനിഷ്ടസംഭവവും ഉണ്ടാവാത്ത വിധം എത്രയും സമാധാനപരമായിട്ടാണ് പ്രസ്തുതദിനാചാരണം നടന്നത്. അതു മാത്രമല്ല, 1940 മുതൽ 1947 വരെ നടന്ന ലീഗിന്റെ പ്രക്ഷോഭണ കാലത്ത് ഒരിക്കലും മലബാറിൽ, വിശിഷ്യാ മുമ്പു ചിലപ്പോഴെല്ലാം ചില അനിഷ്ടസംഭവങ്ങൾ ഉണ്ടായിട്ടുള്ള ഏറനാട്-വള്ളുവനാട് താലൂക്കുകളിൽ പോലും യാതൊരു സാമുദായിക സംഘർഷവും ഉണ്ടായില്ലെന്നുള്ള വസ്തുത, ലീഗ് സാമുദായിക വിദ്വേഷം പരത്തുകയാണെന്നുള്ള അപവാദത്തിന്റെ അടിസ്ഥാനമില്ലായ്മയെ നല്ലപോലെ തെളിയിക്കുന്നുണ്ട്.” (മുസ്‌ലിംലീഗ് കേരളത്തിൽ, കണ്ണൂർ ജില്ലാ മുസ്‌ലിംലീഗ് സുവനീർ, 1958)

“മലബാറിൽ സമരദിനം വമ്പിച്ച ജനശ്രദ്ധയാകർഷിച്ചു. സമര സമിതി കൺവീനർ കെ.കെ.അബുവായിരുന്നു. വിപ്ലവകാരിയായ അബുവിന്റെ കൈയിൽ അതൊരു അന്തിമസമരത്തിന്റെ രൂപഭാവങ്ങൾ കൈക്കൊണ്ടു. വേണ്ടി വന്നാൽ ബ്രിട്ടീഷ് ഗവൺമെന്റുമായി ആയുധമേന്തിയ കലാപത്തിനു പോലും അണികൾ സന്നദ്ധരായിരുന്നു. (സി. എച്ച്. മുഹമ്മദ് കോയ രാഷ്ട്രീയ ജീവചരിത്രം -എം.സി.പേജ് 144)

സമരസമിതി കൺവീനർ എന്ന നിലയിൽ അബുസാഹിബ് മലബാറിലുടനീളം പര്യടനം നടത്തി. ചെന്നിടത്തെല്ലാം ബ്രിട്ടീഷുകാർക്കെതിരെ സമരസജ്ജരാവണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഹ്വാനം.

ക്രിപ്സ് ദൗത്യവുമായി സ്റ്റാഫോർഡ് ക്രിപ്സ് ഇന്ത്യയിലെത്തുകയും

mappilaheritagelibrary.com

മുസ്ലീംലീഗ് ഉന്നയിച്ച ആവശ്യങ്ങൾ അനുവദിച്ചു കൊണ്ട് ഇന്ത്യയിലെ ജനങ്ങൾക്ക് അധികാരം കൈമാറാമെന്നും രൂക്ഷമായ സമരമാർഗങ്ങളിലേക്ക് കടക്കരുതെന്നും ബ്രിട്ടീഷ് പ്രധാനമന്ത്രി മുസ്ലിംലീഗ് പ്രസിഡന്റിന് ഉറപ്പു നൽകിയതോടെ പ്രത്യക്ഷ സമര പരിപാടികൾ മുസ്ലിംലീഗ് അവസാനിപ്പിച്ചു. ഒരു വർഷത്തിനകം ഇന്ത്യ സ്വതന്ത്രമാവുകയും ചെയ്തു. അബു സാഹിബ് ഇതിനകം മുസ്ലിം ലീഗിന്റെ അവിഭാജ്യഘടകമായി മാറിക്കഴിഞ്ഞിരുന്നു.

mappilaheritagelibrary.com

5
മുസ്‌ലിം ലേബർ യൂണിയൻ

ഒരു ആശയം മനസ്സിൽ രൂപം കൊള്ളുന്നതും അത് കേവലസ്വപ്നമായി അവശേഷിക്കാതെ യാഥാർത്ഥ്യമായിത്തീരുന്നതും ജീവിതത്തിന്റെ സാർത്ഥകമായ സാഫല്യമാണ്. അബു സാഹിബിന്റെ മനസ്സിൽ രൂപം കൊള്ളുകയും അദ്ദേഹത്തിന്റെ കാർമ്മികത്വത്തിൽ യാഥാർത്ഥ്യമാവുകയും ചെയ്ത ആശയത്തിന്റെ പ്രസ്ഥാനികനാമമാണ് മുസ്‌ലിം ലേബർ യൂണിയൻ.

മലബാർ ജില്ലാ മുസ്‌ലിംലീഗ് ആസ്ഥാനം തലശ്ശേരി പിലാക്കൂൽ എന്ന സ്ഥലത്തായിരുന്നു. മഗ്‌രിബ് നിസ്കാരാനന്തരം സത്താർ സേട്ടു സാഹിബ്, കെ.എം.സീതിസാഹിബ്, സി.കെ.പി. ചെറിയ മമ്മുക്കേയി സാഹിബ്, എം.പി.കെ.മമ്മു സാഹിബ് തുടങ്ങിയ നേതാക്കളും പ്രധാന പ്രവർത്തകരും പതിവായി പാർട്ടി ഓഫീസിൽ ഒത്തു ചേരും. ജന്മദേശമായ ചൊക്ലിക്കടുത്തായതിനാൽ ഈ ഓഫീസിലെ കൂട്ടായ്മയിൽ കണ്ണിയാവാൻ അബു സാഹിബിനും അവസരമുണ്ടായി. രാഷ്ട്രീയസ്ഥിതിഗതികളും സംഘടനാപ്രവർത്തനങ്ങളും പതിവായി ചർച്ച ചെയ്യുന്ന വേദിയായിരുന്നു അത്. പി.വി.മുഹമ്മദ് മൗലവി (പുളിക്കൽ) ആയിരുന്നു അന്നത്തെ ഓഫീസ് സെക്രട്ടറി. ഓഫീസിലെ നിരന്തരമായ കൂടിക്കാഴ്ചയും ചർച്ചയും സംഘടനാപ്രവർത്തനം സജീവമാക്കി നിർത്താനും പുതിയ കർമ്മപരിപാടികൾ ആവിഷ്കരിക്കാനും സഹായകരമായി. അത്തരമൊരു സന്ദർഭത്തിലാണ് മുസ്‌ലിം ലീഗിനു സ്വന്തമായി ഒരു തൊഴിലാളി പ്രസ്ഥാനം രൂപീകരിക്കണമെന്ന ആശയം അബുസാഹിബിന്റെ മനസ്സിൽ രൂപപ്പെടുന്നത്.

തൊഴിൽ മേഖലയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി സ്വാധീനമുറപ്പിക്കുകയും, എ.ഐ.ടി.യു.സി എന്ന തൊഴിലാളി സംഘടനയിലൂടെ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ബഹുജനാടിത്തറ ശക്തിപ്പെട്ടുവരികയും ചെയ്യുന്ന കാലമായിരുന്നു അത്. സർവേന്ത്യാ മുസ്‌ലിംലീഗ് ഒരു രാഷ്ട്രീയപ്പാർട്ടി എന്ന നിലയിൽ ശക്തമായ സാന്നിധ്യം അറിയിച്ചപ്പോഴും സ്വന്തമായി ഒരു തൊഴിലാളി പ്രസ്ഥാനത്തെപ്പറ്റി ചിന്തിച്ചിരുന്നില്ല. 'മുസ്‌ലിംകൾ വികാരജീവികളും കൂറുള്ളവരും നേതൃത്വത്തെ അനുസരിക്കുന്നവരുമാണെന്ന' കമ്മ്യൂണിസ്റ്റ് നേതാവ് മുഹമ്മദ് ഇസ്ഹാഖ് പാർട്ടിക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

mappilaheritagelibrary.com

എ.ഐ.ടി.യു.സി, മുസ്‌ലിം കേന്ദ്രങ്ങളെ ലക്ഷ്യമാക്കി പ്രവർത്തിക്കുകയും, ധാരാളം മുസ്‌ലിംസ്ത്രീകൾ ഉൾപ്പെടെ ചെങ്കൊടിയേന്തി എ.ഐ.ടി.യുസിയുടെ പിന്നിൽ അണിചേരുകയും ചെയ്തപ്പോൾ, എന്തുകൊണ്ട് മുസ്‌ലിം തൊഴിലാളികളെയെങ്കിലും സ്വന്തമായി സംഘടിപ്പിച്ച് മുസ്‌ലിംലീഗിന്റെ പിന്നിൽ അണിനിരത്തിക്കൂടാ എന്ന ചിന്ത ശക്തിപ്പെട്ടു.

ഈ ചിന്ത ശക്തി പ്രാപിക്കാൻ മറ്റൊരു കാരണവും ഉണ്ടായി. എ.ഐ.ടി.യു.സി, അവരുടെ ബോംബെ സമ്മേളനത്തിൽ വെച്ച് ശ്രദ്ധേയമായ ഒരു പ്രമേയം പാസ്സാക്കുകയുണ്ടായി. രണ്ടാം ലോകമഹായുദ്ധത്തിൽ സോവിയറ്റ് യൂണിയൻ പങ്കാളിയായതോടെ, ഇന്ത്യയും യുദ്ധത്തിനിറങ്ങണമെന്നായിരുന്നു പ്രമേയത്തിന്റെ സാരാംശം.

ബ്രിട്ടനിലെ കമ്മ്യൂണിസ്റ്റ് നേതാവായിരുന്ന ഹാരി പൊളിറ്റും ഇന്ത്യക്കാരനായിരുന്ന ബ്രിട്ടീഷ് ട്രേഡ് യൂണിയനിസ്റ്റ് രജനി പാമിദത്തും ഇന്ത്യയിലെത്തി ഇത്തരമൊരു തീരുമാനമെടുക്കാൻ എ.ഐ.ടി.യു.സിയെ പ്രേരിപ്പിക്കുകയായിരുന്നു. കമ്മ്യൂണിസ്റ്റു പാർട്ടി പോലും ഈ ആവശ്യമുന്നയിക്കുന്നതിനു മുമ്പാണ് അവരുടെ തൊഴിലാളി പ്രസ്ഥാനം സുചിന്തിതമായ രാഷ്ട്രീയനിലപാട് പ്രകടിപ്പിച്ചത്. ഒരു തൊഴിലാളി പ്രസ്ഥാനത്തിന് ഇത്ര കരുത്തും ആർജ്ജവവും രാഷ്ട്രീയ ദിശാബോധവും പ്രകടിപ്പിക്കാൻ കഴിയുമെങ്കിൽ മുസ്‌ലിംലീഗിന് സ്വന്തമായി ഒരു തൊഴിലാളി പ്രസ്ഥാനം ഉണ്ടായിരുന്നുവെങ്കിൽ അത് സംഘടനയ്ക്ക് കരുത്താകുമെന്ന ചിന്ത ശക്തമായി.

സർവേന്ത്യാ മുസ്‌ലിംലീഗിന്റെ പല നേതാക്കളോടും ഈ ആശയം അബു സാഹിബ് പങ്കു വെച്ചു. പക്ഷെ പ്രതീക്ഷിച്ച പിന്തുണ ലഭിച്ചില്ല. തന്റെ ആശയത്തിന് ആധികാരികമായി സ്വീകാര്യത ലഭിക്കില്ലെന്ന് വ്യക്തമായ സാഹചര്യത്തിൽ സ്വന്തം നിലയിൽ തന്നെ മുസ്‌ലിം ലേബർ യൂണിയൻ രൂപീകരിക്കാൻ അബു സാഹിബ് നിശ്ചയിച്ചു. പി.കെ.മൊയ്തീൻ കുട്ടി സാഹിബ്, ടി.പി.ഹസ്സൻ, ഇ.എസ്.എം.ഹനീഫ ഹാജി, എസ്.കെ.എസ്.ജലീൽ, പി.എ.ബി.കുഞ്ഞിമോൻ, കെ.പി.കുഞ്ഞിപ്പ, ടി.പി.അബ്ദുറഹീം വളപട്ടണം, ടി.പി.മുഹമ്മദ്, ഇ.പി.അബൂബക്കർ മൗലവി മാറഞ്ചേരി, സി.എച്ച്.അബ്ദുല്ല ചാലാട്, മങ്ങാട്ട് മുഹമ്മദ് കുഞ്ഞി എന്നിവരുടെ സജീവ പങ്കാളിത്തത്തോടെ 1944 ജനുവരി 21ന് തലശ്ശേരിയിൽ ചേർന്ന യോഗത്തിൽ വെച്ച് മുസ്‌ലിംലേബർ യൂണിയൻ നിലവിൽ വന്നു. പി.കെ.മൊയ്തീൻ കുട്ടി സാഹിബ് (പിൽക്കാലത്ത് കെ.പി.സി.സി പ്രസിഡന്റായിരുന്നു അദ്ദേഹം) പ്രസിഡന്റും, കെ.കെ.അബു സാഹിബ് ജനറൽ സെക്രട്ടറിയുമായി തെരഞ്ഞെടുക്കപ്പെട്ടു.

മുസ്‌ലിം ലേബർ യൂണിയൻ പ്രഥമ സംസ്ഥാന സമ്മേളനം നടന്നത് ആലത്തൂരിലാണ്. ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബായിരുന്നു ഉദ്ഘാടകൻ. ലേബർ യൂണിയൻ ശക്തി പ്രാപിച്ചതോടെ കമ്മ്യൂണിസ്റ്റുകാർ

mappilaheritagelibrary.com

ക്ഷുഭിതരായി. 'മുസ്‌ലിം ലേബർ യൂണിയൻ എന്ത്? എന്തിന്?' എന്ന ലേഖനത്തിലൂടെ ശക്തമായ വിമർശനവുമായി സഖാവ് ഇ.എം.എസ്. രംഗത്തു വന്നു. 'കുബേരൻമാരും വ്യവസായികളുമായ ഉണ്ണിക്കമ്മു സാഹിബിനും ഏ.കെ.കുഞ്ഞിമായിൻ ഹാജിക്കും കൊയപ്പത്തൊടിക്കും വേണ്ടിയാണ് ലേബർ യൂണിയൻ നിലകൊള്ളുന്നത്' എന്നായിരുന്നു പ്രധാന ആക്ഷേപം. തൊഴിൽ പ്രസ്ഥാനത്തിന്റെ മറവിൽ മുസ്‌ലിം മേഖലയിൽ ആധിപത്യം സ്ഥാപിക്കാനുള്ള കമ്മ്യൂണിസ്റ്റ് നീക്കം ലേബർ യൂണിയന്റെ വരവോടെ തകർന്നതിന്റെ രോഷമാണ് ഇ.എം.എസ്.പ്രകടിപ്പിച്ചത്.

മുസ്‌ലിം ലേബർ യൂണിയൻ ചരിത്രത്തിൽ ഖ്യാതി നേടിയ ഒട്ടേറെ പ്രക്ഷോഭങ്ങൾക്കു നേതൃത്വം നൽകി. ആലത്തൂർ, പൊന്നാനി, തലശ്ശേരി സമരങ്ങൾ സംഘടനയുടേയും, തൊഴിലാളി വർഗത്തിന്റേയും ചരിത്രത്തിൽ പുതിയ അധ്യായങ്ങൾ രചിച്ചു. ആയിരം ബീഡിക്ക് എട്ട് അണക്കു പകരം ഒരു ഉറുപ്പിക കിട്ടണം എന്ന ആവശ്യമുന്നയിച്ചു കൊണ്ടാണ് പൊന്നാനിയിൽ ആനമാർക്ക് ബീഡിക്കമ്പനിക്കെതിരെ ലേബർ യൂണിയൻ സമരംഗത്തിറങ്ങിയത്. മുസ്‌ലിം നാഷണൽ ഗാർഡ് വളണ്ടിയർമാരും സമരത്തിൽ പങ്കാളികളായി. 313 വളണ്ടിയർമാർ അറസ്റ്റു വരിച്ചു. കെ.കെ.അബു, ഇ.പി. അബൂബക്കർ മൗലവി തുടങ്ങി നിരവധി നേതാക്കളെ അറസ്റ്റു ചെയ്ത് കണ്ണൂർ സെൻട്രൽ ജയിലിൽ അടച്ചു.

കമ്മ്യൂണിസ്റ്റുകാരെ ജയിലിനകത്തും അവർ നേരിട്ടു. ജയിലിനകത്ത് തടവിലുണ്ടായിരുന്ന കമ്മ്യൂണിസ്റ്റുകാരിൽ ചിലർ ലേബർ യൂണിയൻ തൊഴിലാളികളെ കമ്മ്യൂണിസ്റ്റാക്കാൻ ശ്രമിച്ചു. ഇത്തരം ശ്രമങ്ങളെ ചെറുക്കാൻ ഇ.പി.അബൂബക്കർ മൗലവിയുടെ നേതൃത്വത്തിൽ ഉദ്ബോധന പ്രസംഗങ്ങൾ സംഘടിപ്പിക്കുകയുണ്ടായി.

ലേബർ യൂണിയന്റെ സമരം പൊളിക്കാൻ, എ.ഐ.ടി.യു.സി രഹസ്യമായി ഒരു ബ്രാഞ്ച് തുടങ്ങി മുതലാളിക്ക് ബീഡി തെറുത്തു കൊടുത്തു. കമ്മ്യൂണിസ്റ്റുകാരുടെ വർഗവഞ്ചനയും കരിങ്കാലിപ്പണിയും തിരിച്ചറിഞ്ഞ തൊഴിലാളികൾ, എടപ്പാളിലേക്ക് ബീഡിയിലയും പുകയിലയും കയറ്റി വന്ന ലോറി തടഞ്ഞു നിർത്തി തീ വെച്ചു. എ.ഐ.ടി.യു.സിക്കാർ ലേബർ യൂണിയൻ പ്രവർത്തകർക്കെതിരെ ഒറ്റപ്പാലം കോടതിയിൽ കേസു കൊടുത്തു. കമ്മ്യൂണിസ്റ്റുകാരുടെ വർഗവഞ്ചനയ്ക്കെതിരെ അബുസാഹിബ് നിരന്തരമായി പ്രസംഗിച്ചു. ഒരു ദിവസം ചാവക്കാട് ടിബിയിൽ വെച്ച് അബുസാഹിബും ഇ.കെ.ഇമ്പിച്ചി ബാവയും കണ്ടുമുട്ടി. തങ്ങളുടെ കരിങ്കാലിപ്പണിയിൽ ഇമ്പിച്ചിബാവ അബു സാഹിബിനോട് ഖേദം പ്രകടിപ്പിച്ചു. ഹൈക്കോടതി ജഡ്ജിയായിരുന്ന ജസ്റ്റിസ് പി.കെ.ശംസുദ്ധീൻ ഈ രംഗത്തിന് സാക്ഷിയായിരുന്നു. അദ്ദേഹം അന്ന് എം.എസ്.എഫ് പ്രവർത്തകനായിരുന്നു.

പാലക്കാട്ടെ ആലത്തൂരിൽ മൂന്നു മാസത്തിലേറെ നീണ്ടു നിന്ന പുകയില തൊഴിലാളി സമരം, തലശ്ശേരിയിൽ മൊത്ത വ്യാപാരികൾക്കെതിരെ

mappilaheritagelibrary.com

നടന്ന ചുമട്ടു തൊഴിലാളി സമരം, കോഴിക്കോട്ടെ കൈവണ്ടിത്തൊഴിലാളി സമരം തുടങ്ങിയവയൊക്കെ ലേബർ യൂണിയൻ ചരിത്രത്തിലെ ജ്വലിക്കുന്ന അധ്യായങ്ങളാണ്. തലശ്ശേരി മൊത്ത വ്യാപാരികൾക്കെതിരെ നടന്ന സമരം ബാഫഖി തങ്ങൾക്കെതിരെയാണെന്ന് വ്യാഖ്യാനിക്കപ്പെട്ടു. കാരണം മൊത്ത വ്യാപാരികളുടെ നേതാവു കൂടിയായിരുന്നു ബാഫഖി തങ്ങൾ. പൊന്നാനിയിൽ ആനമാർക്കു ബീഡിക്കമ്പനിയുടെ ഉടമ മുസ്‌ലിംലീഗ് ഖജാഞ്ചിയായിരുന്ന അബ്ദുൽ ഖാദർ ഹാജിയായിരുന്നു. 'മുസ്‌ലിം മുതലാളിമാരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന തൊഴിലാളിക്കൂട്ടം' എന്നും, 'മുസ്‌ലിം മുതലാളിമാർക്കു വേണ്ടി കെ.കെ.അബൂബക്കർ നടത്തുന്ന കൂലിപ്പണി' എന്നും അധിക്ഷേപിച്ച ഇ.എം.എസിനു പോലും ഈ സമരത്തോടെ നിലപാടു മാറ്റേണ്ടിവന്നു.

ലേബർ യൂണിയന് ഇത്തരം അജയ്യമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞുവെങ്കിലും മുസ്‌ലിംലീഗ് നേതൃത്വം ലേബർ യൂണിയനെ പൂർണവിശ്വാസത്തിലെടുത്തിരുന്നില്ല. 1945-ൽ സർവേന്ത്യാ മുസ്‌ലിംലീഗ് ജനറൽ സെക്രട്ടറി നവാബ് സാദാലിയാഖത്തലി ഖാൻ തലശ്ശേരി സന്ദർശിച്ചപ്പോൾ അദ്ദേഹത്തിനു നൽകിയ നിവേദനത്തിൽ ലേബർ യൂണിയനെപ്പറ്റി ദോഷകരമായ ചില പരാമർശങ്ങളുണ്ടായിരുന്നു. ലിയാഖത്തലിഖാൻ അബുസാഹിബിനോട് തന്നെ വന്നു കാണാൻ ആവശ്യപ്പെട്ടു. സത്താർ സേട്ടു സാഹിബിന്റെ വസതിയിലായിരുന്നു അദ്ദേഹത്തിന്റെ താമസം. ഒരു ദിവസം മൂന്നു മണിക്കാണ് കൂടിക്കാഴ്ചയ്ക്കു സമയം നിശ്ചയിച്ചത്. നിശ്ചിത സമയത്തിനു മുമ്പ് അബു സാഹിബ് സത്താർ സേട്ട് സാഹിബിന്റെ വസതിയിലെത്തി. കൃത്യം മൂന്നു മണിക്ക് ലിയാഖത്തലി ഖാൻ വാതിൽ തുറന്നു. ഈ സമയനിഷ്ഠ അബു സാഹിബിനെ അൽഭുതപരതന്ത്രനാക്കി.

ലേബർ യൂണിയനെപ്പറ്റി ലഭിച്ച പരാതിയുടെ കാര്യം ഖാൻ സാഹിബ് സൂചിപ്പിച്ചു. ലേബർ യൂണിയന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും, പ്രവർത്തനരീതികളും വിശദമായി അന്വേഷിച്ചു. അബു സാഹിബ് ഇങ്ങനെ വിശദീകരിച്ചു. "ലേബർ യൂണിയൻ ഒരു നിലക്കും മുസ്‌ലിംലീഗിനു ഭീഷണിയാവില്ല. എന്നു മാത്രമല്ല, തൊഴിലാളി വർഗത്തെ പാർട്ടിയിലേക്ക് ആകർഷിക്കുന്നതിന് അനിവാര്യവുമാണത്. ലീഗിന്റെ നിയന്ത്രണത്തിൽ ഒരു ട്രേഡ് യൂണിയൻ ഇല്ലെങ്കിൽ മുസ്‌ലിം തൊഴിലാളികൾ എ.ഐ.ടി.യു.സി വഴി കമ്മ്യൂണിസ്റ്റു പാർട്ടിയിലേക്ക് ചേക്കേറാനിടയുണ്ട്. ഇത് ലീഗിനു ദോഷം ചെയ്യും. മാറിയ സാഹചര്യത്തിൽ സുശക്തമായ ഒരു തൊഴിലാളി പ്രസ്ഥാനമില്ലാതെ ഒരു രാഷ്ട്രീയപ്പാർട്ടിക്കും മുന്നോട്ടു പോകാനാവില്ല."

ഈ വിശദീകരണം കേട്ടപ്പോൾ ഖാൻ സാഹിബ് ഇങ്ങനെ പ്രതികരിച്ചു. "ഇദർ മുഛ്കോ, ഏക് നയീ രോഷ്നി മില" (എനിക്ക് ഇവിടെ വെച്ച് പുതിയൊരു വെളിച്ചം കിട്ടിയിരിക്കുന്നു) ഈ പ്രതികരണം അബു സാഹിബിനെ വല്ലാതെ സ്വാധീനിച്ചു. തന്റെ സദുദ്ദേശ്യപരമായ പ്രവർത്തനങ്ങൾക്ക് ലഭിച്ച

mappilaheritagelibrary.com

അംഗീകാരമായിരുന്നു ഈ വാക്കുകൾ.

മുസ്‌ലിം ലേബർ യൂണിയന്റെ ഭരണഘടന ഇംഗ്ലീഷിൽ തയ്യാറാക്കി ഉടൻ അയച്ചു തരണമെന്നും മറ്റു സംസ്ഥാനങ്ങളിലും ലേബർ യൂണിയൻ മാതൃകയിൽ മുസ്‌ലിംകളുടേതായ തൊഴിലാളി യൂണിയനുകൾ രൂപീകരിക്കേണ്ടതുണ്ടെന്നും ഖാൻ സാഹിബ് അഭിപ്രായപ്പെടുകയുണ്ടായി. ആദ്യപടിയായി റെയിൽവെ തൊഴിലാളികളെ സംഘടിപ്പിക്കുമെന്നും അദ്ദേഹം ഉറപ്പു നൽകി. ലേബർ യൂണിയൻ സംഘടിപ്പിക്കുന്നതിനു വേണ്ടി അനുഭവിച്ച ത്യാഗങ്ങളത്രയും ഫലവത്തായി എന്ന് അബു സാഹിബ് ചാരിതാർഥ്യമടഞ്ഞ നിമിഷങ്ങളായിരുന്നു അത്.

mappilaheritagelibrary.com

6
ഐ.സി.ജെയും കോളറ കാലവും

മുസ്‌ലിംലീഗിന്റേയും ലേബർ യൂണിയന്റേയും പ്രവർത്തനങ്ങളിൽ സജീവമായിരിക്കെത്തന്നെ സാമൂഹ്യസേവനമേഖലയിലും അബുസാഹിബ് ശ്രദ്ധ പതിപ്പിക്കുകയുണ്ടായി. സാമൂഹ്യ സേവനമേഖലയിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ചൊക്ലി ആസ്ഥാനമായി 'ഇസ്ലാമിക് ചെയ്ഞ്ച് ജമാഅത്ത് (ഐ.സി.ജെ)' എന്ന സംഘടനക്ക് അദ്ദേഹം രൂപം നൽകി.

അതിർത്തി ഗാന്ധിയെന്ന് ചരിത്രം വിളിച്ച ഖാൻ അബ്ദുൽ ഗഫാർഖാൻ, സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങൾക്കു വേണ്ടി രൂപീകരിച്ച 'ഖുദായ് ഖിദ്മത്ഗാർ' (ദൈവത്തിന്റെ സേവകർ) എന്ന സന്നദ്ധ സംഘടനയേയാണ് ഐ.സി.ജെ.യുടെ രൂപീകരണത്തിന് അബു സാഹിബ് മാതൃകയാക്കിയത്. പ്രത്യേക യൂണിഫോം ഉണ്ടായിരുന്ന പട്ടാളച്ചിട്ടയുള്ള അബ്ദുൽ ഗഫാർ ഖാന്റെ സന്നദ്ധസംഘടനയിൽ ഒരു ലക്ഷത്തോളം അംഗങ്ങളുണ്ടായിരുന്നു. ഈ പ്രസ്ഥാനത്തിലൂടെ നിരവധി പത്താൻ യുവാക്കൾ സാമൂഹ്യസേവന പ്രവർത്തനങ്ങൾക്ക് ചിട്ടയായി നേതൃത്വം നൽകുന്നത് നേരിട്ടു കണ്ടപ്പോഴുണ്ടായ ആവേശമാണ് ഐ.സി.ജെയുടെ രൂപീകരണത്തിന് പ്രചോദനമായത്. ഐ.സി.ജെയ്ക്ക് സ്വന്തമായ യൂണിഫോറവും പട്ടാളച്ചിട്ടയിലുള്ള പരിശീലനവും ഏർപ്പെടുത്തിയിരുന്നു.

സമുദായത്തിലെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പ്രവർത്തിക്കുന്ന പുരോഗമനസംഘടനയായി ഐ.സി.ജെ. വളർന്നു. മർഹും ഇ.കെ.മൗലവി ആശയപരമായ പിൻബലം നൽകി. എൻ.വി.ഇബ്രാഹിം മാസ്റ്റർ (അരീക്കോട്), പി.കെ.ഉമ്മർഖാൻ, ഒ.കെ.മൊയ്തു, സി.കെ മമ്മൂട്ടി, ടി.സി.ഉമ്മർകുട്ടി, കെ.അബ്ദുൽ ഖാദർ തുടങ്ങിയ ഒട്ടേറെ പ്രമുഖർ ഐ.സി.ജെ.യുടെ മുൻനിര പ്രവർത്തകരായിരുന്നു.

കേരളത്തിലെ സമൂഹത്തിൽ ആദ്യമായി സ്ത്രീധന വിരുദ്ധ കാമ്പയിൻ സംഘടിപ്പിച്ചത് ഐ.സി.ജെയാണ്. ഇസ്ലാം മഹ്റിന് പ്രാധാന്യം നൽകിയപ്പോൾ, ചിലർ സ്ത്രീധനം വിവാഹത്തിന്റെ അടിസ്ഥാനശിലയാക്കി മാറ്റിയ സാഹചര്യത്തിലാണ് ഐ.സി.ജെ.സ്ത്രീധനരഹിത വിവാഹങ്ങൾ പ്രോത്സാ

mappilaheritagelibrary.com

ഹിപ്പിക്കാൻ രംഗത്തു വന്നത്. മുന്നൂറോളം സ്ത്രീധനരഹിത വിവാഹങ്ങൾ ഐ.സി.ജെയുടെ നേതൃത്വത്തിൽ നടക്കുകയുണ്ടായി. മർഹും എൻ.വി.ഇ ബ്രാഹിം മാസ്റ്റർ (അരീക്കോട്) ഈ കാമ്പയിന്റെ ഭാഗമായി വിവാഹിതനായ വ്യക്തിയാണ്.

മുസ്‌ലിം സമൂഹത്തിൽ നവീകരണ പ്രവർത്തനങ്ങൾ സംഘടിതമായി ആരംഭിക്കുന്നതിനു മുമ്പ് അത്തരമൊരു സംവിധാനമൊരുക്കാനും സ്ത്രീധ നരഹിതവിവാഹം പോലുള്ള വിപ്ലവാശയങ്ങൾ പ്രയോഗവൽക്കരിക്കാനും കഴിഞ്ഞുവെന്നത് അബുസാഹിബിന്റെ ദീർഘദർശിത്വത്തെ അടയാളപ്പെടു ത്തുന്നു. ഏതൊരു പരിഷ്കരണ പ്രവർത്തനങ്ങളേയും എന്ന പോലെ ഐ. സി.ജെയുടെ പ്രവർത്തനങ്ങളും നിശിതമായി വിമർശിക്കപ്പെട്ടു. സ്തുത്യർഹ മായ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിയെങ്കിലും ഐ.സി.ജെയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ തിരിച്ചറിയാനോ, അംഗീകരിക്കാനോ പലർക്കും കഴിഞ്ഞില്ല. ചിലർ ഐ.സി.ജെയിൽ നുഴഞ്ഞുകയറി 'വെടക്കാക്കി തനിക്കാക്കുക' എന്ന തന്ത്രം പ്രയോഗിക്കുകയും ചെയ്തു. അത്തരം കുതന്ത്രങ്ങളുടെ മുൻനിര യിൽ ജമാഅത്തെ ഇസ്ലാമി ഉണ്ടായിരുന്നു. ഐ.സി.ജെയുടെ പ്രവർത്തകരെ വശീകരിച്ച് ജമാഅത്തെ ഇസ്ലാമിയുടെ അനുയായികളാക്കി മാറ്റുകയായി രുന്നു അവരുടെ തന്ത്രം.

'നടന്നു തീരാത്ത വഴികളിൽ' എന്ന ജീവചരിത്രസംബന്ധിയായ ലേഖന പരമ്പരയിൽ ജമാഅത്തെ ഇസ്ലാമി നേതാവ് ജ:ടി.കെ.അബ്ദുല്ലസാഹിബിന്റെ അനുസ്മരണം ശ്രദ്ധിക്കുക. "ഓർമയിൽ തെളിയുന്ന ചില സംഭവങ്ങൾ സൂചിപ്പിക്കാം. തലശ്ശേരിക്കടുത്ത ചൊക്ലിയിൽ ഒരു നിസ്കാരപ്പള്ളിയിൽ സ്റ്റഡിക്ലാസ് നടക്കുന്നു. (വി.പി.മുഹമ്മദലി) ഹാജിസാഹിബിനൊപ്പം ഞാനു മുണ്ടായിരുന്നു. അൽപസ്വൽപം വർത്തമാനമൊക്കെ ഞാനും പറയുകയു ണ്ടായി. ക്ലാസിനു ശേഷം ചോദ്യോത്തരം വളരെ സജീവമായി മുന്നോട്ടു പോവുകയാണ്. സദസ്സിൽ കെ.കെ.അബു സാഹിബ് ഉണ്ട്.

ചൊക്ലിയെന്ന കൊച്ചുസാമ്രാജ്യത്തിലെ ഒരു 'മഹാപ്രസ്ഥാനത്തിന്റെ' ഉപ ജ്ഞാതാവും നേതാവുമായിരുന്നു കെ.കെ.അബുസാഹിബ്. ഐ.സി.ജെ എന്നായിരുന്നു സംഘത്തിന്റെ പേര്. സമൂഹത്തിൽ, വലിയ അളവിൽ ആ പേരിന്റെ ഗൂഡാർത്ഥത്തിലെ ഉദ്ദോഗം നിലനിർത്തുന്നതിൽ അബുസാഹിബും സംഘവും വിജയിച്ചു എന്നതാണ് ശരി. എനിക്ക് വിശദീകരിച്ചു തന്ന പ്രകാരം ഐ.സി.ജെയുടെ നിർദ്ദോഷമായ അർത്ഥം 'ഞാൻ ചൊക്ലിയിൽ ജനിച്ചു' എന്നാണ്! ഇതൊരു മറയോ തന്ത്രമോ ആണെങ്കിൽ നമുക്ക് അവരെ അഭി നന്ദിക്കാം. 'ഇസ്ലാമിക് ചെയ്ഞ്ച് ജമാ അത്ത്' എന്നാണത്രെ ശരിയായ പേര്.

ദീനീ സ്വഭാവത്തോടെ യുവാക്കളെ സംഘടിപ്പിക്കുക എന്നതാണ് അതിന്റെ പൊരുൾ. ഐ.സി.ജെയിൽ അബു സാഹിബിന്റെ വലംകൈയായി ഒ.കെ.മൊയ്തു എന്ന ധീരയുവാവും ഉണ്ടായിരുന്നു. അദ്ദേഹം ജമാഅത്ത് അനുഭാവിയായി മാറിയിരുന്നു. അബുസാഹിബിന്റെ ഭാഷയിൽ അതൊരു

mappilaheritagelibrary.com

'സുഖക്കേട്' ആയിരുന്നു.

ജമാഅത്തിന്, മൊയ്തു സാഹിബിനെ പിടിച്ചു നിർത്തുകയും, കൂടുതൽ പേരെ പിടിച്ചെടുക്കുകയും ചെയ്യേണ്ടതുണ്ട്. അബുസാഹിബിനാകട്ടെ ഐ.സി.ജെ പ്രവർത്തകരെ മോചിപ്പിച്ചെടുക്കേണ്ടതുണ്ട്. ഇത്തരമൊരു പിരിമുറുക്കത്തിന്റെ സാഹചര്യത്തിലാണ് ഹാജി സാഹിബിന്റെ പരിപാടി നടക്കുന്നത്. ഇക്കാര്യങ്ങളൊന്നും വേണ്ടവിധം മുൻധാരണയില്ലാതെയാണ് ഹാജി സാഹിബ് ചോദ്യങ്ങളെ നേരിടുന്നതും. അബുസാഹിബ് അന്ന് സോഷ്യലിസ്റ്റാണ്. സോഷ്യലിസ്റ്റ് എന്നു പറഞ്ഞാൽ മാർക്സിസത്തിന്റെ ഒരു ഭാഗം, കുറച്ചു വെള്ളം ചേർത്തിരിക്കുന്നു എന്നു മാത്രം. അല്ലെങ്കിൽ മാർക്സിസത്തിന്റെ ആദ്യപടി എന്നും അർത്ഥമാവാം. സോഷ്യലിസം വളരെ വലിയ ഒരു പ്രസ്ഥാനമാണ് അന്ന്. അബുസാഹിബ് സോഷ്യലിസത്തോട് താൽപ്പര്യമുള്ള ആളായിരുന്നു അക്കാലത്ത്. അൽപം പരിഹാസം കലർത്തി അദ്ദേഹത്തിന്റെ ഒരു ചോദ്യം ഇതായിരുന്നു. "ഇസ്ലാം സമ്പൂർണമാണ്, സമഗ്രമാണ്, എല്ലാ പ്രശ്നങ്ങൾക്കും അതിൽ പരിഹാരമുണ്ട് എന്നൊക്കെ ഹാജി സാഹിബ് വാചാലനായല്ലോ. എങ്കിൽ ഒരു റോഡിന് ഇസ്ലാമിൽ എത്രയാണ് വീതി? ഹാജി സാഹിബിന്റെ മറുപടി ഉടൻ വന്നു. "കാൾമാർക്സ് പറഞ്ഞിട്ടുള്ളതിനേക്കാൾ രണ്ടടി കൂടുതലാണ്." ഇത് വായിക്കുന്ന ഒരാൾക്ക് ഇപ്പോൾ ചിരി വരുന്നുണ്ടെങ്കിൽ അന്ന് യഥാർത്ഥ കഥാപാത്രങ്ങൾ തമ്മിൽ ഈ ചോദ്യോത്തരം നടക്കുമ്പോഴുള്ള സദസ്സിന്റെ അവസ്ഥ ആലോചിച്ചു നോക്കൂ. അതോടെ ഹാജി സാഹിബ് സദസ്സിനെ കൈയിലെടുക്കുകയായിരുന്നു. അബുസാഹിബിന് കൂടുതലൊന്നും ചോദിക്കണമെന്ന് തോന്നിയതുമില്ല." (പ്രബോധനം 2011 സെപ്തംബർ 17)

ജമാഅത്തെ ഇസ്ലാമി എന്ന പ്രസ്ഥാനം കെ.കെ.അബു സാഹിബ് എന്ന വ്യക്തിയോട് നടത്തിയ അങ്കത്തിന്റെ കഥയാണിത്. നാടിന് ഗുണകരമായ വിധത്തിൽ സംഘടിപ്പിക്കപ്പെടുകയും, ജനോപകാരപ്രവർത്തനങ്ങളിൽ വ്യാപൃതരാവുകയും ചെയ്ത ഒരു സന്നദ്ധസംഘടനയെ തകർത്ത് സ്വന്തം സംഘടന വളർത്താനുള്ള ജമാഅത്തെ ഇസ്ലാമിയുടെ ബോധപൂർവമായ ഇടപെടലിന്റെ സാക്ഷ്യപ്പെടുത്തലാണ് മുകളിൽ ഉദ്ധരിച്ചത്. ഐ.സി.ജെ. എത്രമാത്രം ശ്രദ്ധേയമായിരുന്നു എന്നും ഇതിലൂടെ തെളിയിക്കപ്പെടുന്നുണ്ട്.

എതിർപ്പുകൾക്കിടയിലും ധാരാളം യുവാക്കൾ ഐ.സി.ജെയുടെ കർമ്മ രംഗത്ത് സജീവമായി. അവർക്ക് ചിട്ടയായ പരിശീലനം നൽകുന്നതിലായിരുന്നു ക്യാപ്റ്റൻ കൂടിയായ അബുസാഹിബിന്റെ ശ്രദ്ധ. പട്ടാളച്ചിട്ടയിൽ പരിശീലിക്കപ്പെട്ട യുവാക്കളുടെ ഈ സംഘടനയെ പോലീസ് അധികാരികൾ നിരീക്ഷിക്കുന്നുണ്ടായിരുന്നു. അബുസാഹിബ് ഒരിക്കൽ കൂടി പോലീസിന്റെ കണ്ണിലെ കരടായി. എന്നാൽ ഇത്തരം പ്രതിസന്ധികളെ മറികടന്ന് മുന്നോട്ടുപോയ സംഘടന, ഒരു സമൂഹത്തിന്റെയാകെ രക്ഷകരായി മാറിയ സാഹ

mappilaheritagelibrary.com

ചര്യമുണ്ടായി. നാടു നീളെ പടർന്നു പിടിച്ച കോളറ എന്ന മഹാമാരി ദുരിതം വിതറിയ നാളുകളായിരുന്നു അത്.

ഒരു ഭീകരതാണ്ഡവമായാണ് കോളറ വന്നത്. കൂട്ടമരണം വിതച്ചു കൊണ്ടാണത് അരങ്ങു തകർത്തത്. പ്രതിരോധസംവിധാനങ്ങൾ അപൂർവ മായ ഒരു കാലത്ത്, കോളറ ബാധിച്ചാൽ മരണം ഉറപ്പായിരുന്നു. കോളറ പകർച്ചവ്യാധിയായതിനാൽ, കോളറ ബാധിച്ച രോഗിയെ സമൂഹം പൂർണമായി കയ്യൊഴിഞ്ഞു. ഉറ്റ ബന്ധുക്കൾ പോലും തിരിഞ്ഞു നോക്കിയി ല്ല. കോളറ ബാധിച്ച രോഗിക്ക് പരിചരണമോ ചികിത്സയോ കിട്ടിയില്ല. മര ണപ്പെട്ടാൽ മയ്യിത്ത് പരിപാലനവും നടന്നില്ല. ഖബറടക്കം നടത്താതെ മയ്യി ത്തുകൾ അഴുകി. ഒരു വീട്ടിൽ ഒരാൾ മരിച്ചാലും, ഒരു കുടുംബം കൂട്ടത്തോടെ മരിച്ചാലും മറ്റുള്ളവർ അതറിഞ്ഞില്ല. അറിയാൻ ആർക്കും താൽപ്പര്യമുണ്ടാ യിരുന്നുമില്ല. ഒരു നാടു മുഴുവൻ, ഒരു തലമുറ മുഴുവൻ നശിച്ചൊടുങ്ങുന്ന ദുരന്തമായിരുന്നു ഈ മഹാമാരിയുടെ സംഭാവന.

ഐ.സി.ജെ.വളണ്ടിയറും കോളറ കാലത്തെ സന്നദ്ധ പ്രവർത്തകനുമാ യിരുന്ന ജ:പി.കെ.ഉമ്മർഖാൻ പ്രസ്തുത സാഹചര്യം ഇങ്ങനെ വിശദീകരി ക്കുന്നു. "1943- കോളറ സംഹാരതാണ്ഡവം നടത്തുന്ന കാലഘട്ടം. മരണം മുഖാമുഖമായി നിൽക്കുകയും, എങ്ങും വിഭ്രാന്തി പടരുകയും ചെയ്തു. സംഭീതിജനകമായ നാളുകൾ. എങ്ങും ദീനരോദനങ്ങൾ. ഉടപ്പിറപ്പുകളുടെ മരണം നോക്കി നിൽക്കേണ്ടി വരുന്ന ഹതഭാഗ്യരുടെ ആർത്തനാദങ്ങൾ. ആയിരങ്ങളുടെ ജീവൻ കശക്കി എറിയപ്പെട്ടു. അനാഥരായ പിഞ്ചുകുഞ്ഞു ങ്ങൾ ഏങ്ങലടിച്ചു കൊണ്ട് തങ്ങളുടെ രക്ഷിതാക്കളുടെ മൃതദേഹങ്ങൾക്കു മുമ്പിൽ സഹായത്തിന്റെ തിരിനാളവും കാത്തു നിന്നു. ഇവിടെ സാമൂഹ്യ പ്രവർത്തകരുടെ ബാധ്യത വലുതും വ്യാപകവുമായിരുന്നു." (എം.കെ.ഹാജി സ്മരണിക-1984)

അബു സാഹിബിലെ സന്നദ്ധപ്രവർത്തകൻ കർമ്മനിരതനായി. സമൂഹ ത്തിന് തന്നെപ്പോലുള്ളവരുടെ സഹായം അനിവാര്യമായ സാഹചര്യമാണി തെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ഐ.സി.ജെയുടെ വളണ്ടിയർമാരെ അദ്ദേഹം രംഗത്തിറക്കി. ഓരോ വീട്ടിലും കയറിച്ചെന്ന് മയ്യിത്തുകൾ ഒരുമിച്ചു കൂട്ടി. ദിവസങ്ങളുടെ പഴക്കമുള്ള മൃതദേഹങ്ങളും കൂട്ടത്തിലുണ്ടായിരുന്നു. 14 പേരുള്ള ഒരു കുടുംബത്തിൽ 13 മയ്യിത്തുകൾ ഒന്നിച്ചു കണ്ടെടുത്ത അവസ്ഥ അതിഭീകരമായിരുന്നു. ഒരു സ്ത്രീ മാത്രമാണ് ആ വീട്ടിൽ ബാക്കിയായത്.

മയ്യിത്തുകൾ കുന്നുകൂടിക്കിടക്കുകയും, സംസ്കരിക്കാൻ ആരും മുന്നോട്ടു വരാതിരിക്കുകയും ചെയ്യുന്ന ഭീതിതാവസ്ഥ ആലോചിച്ചു നോക്കൂ. അത്തരം മയ്യിത്തുകൾ ഏറ്റെടുത്ത് മയ്യിത്ത് പരിപാലനത്തിന്റെ മുറകൾ പാലിച്ച് സംസ്കരിക്കുകയെന്ന വമ്പിച്ച ഉത്തരവാദിത്തമാണ് ഐ.സി.ജെ. ഏറ്റെടുത്തത്. പ്രത്യേകം പരിശീലനം നേടിയ വളണ്ടിയർമാർ രോഗബാധി തരെ ശുശ്രൂഷിക്കാൻ രംഗത്തു വന്നു.

mappilaheritagelibrary.com

ഈ ദുരന്തത്തിനിടയിലും ചിരിയുണർത്തുന്ന മറക്കാനാവാത്ത സംഭവങ്ങൾക്ക് അബുസാഹിബ് സാക്ഷിയായി. കോളറ ബാധിച്ചു മരിച്ച ഒരു മയ്യിത്തുമായി അബുസാഹിബും സഹപ്രവർത്തകരും പെരിങ്ങത്തൂർ ജുമാമസ്ജിദിലെത്തി. മയ്യിത്ത് മറവു ചെയ്യുന്നതിനു മുമ്പ് മുസ്ല്യാർ ചോദിച്ചു. 'മയ്യിത്ത് എവിടെ മറവു ചെയ്യണം?' 'പക്കായിക്കാനെ വെച്ച സ്ഥലത്തു തന്നെ' എന്ന് അബുസാഹിബ്. 'എങ്കിൽ നൂറ്റൊന്ന് രൂപ വേണ'മെന്നായി മുസ്ല്യാർ, ഖബർസ്ഥാനിൽ പള്ളിയോടടുത്ത സ്ഥലത്ത് മറവു ചെയ്യാൻ കൂടുതൽ പണം വാങ്ങുന്ന, ഓരോ പ്ളോട്ടിനും പ്രത്യേകം വില നിശ്ചയിക്കുന്ന രീതി പല പള്ളികളിലും ഉണ്ടായിരുന്നു. 'കാശ് കിട്ടാതെ മയ്യിത്ത് നിസ്കരിക്കുന്ന പ്രശ്നമില്ലെ'ന്നായി മുസ്ല്യാർ. അബു സാഹിബ് ഒരു തന്ത്രം പ്രയോഗിച്ചു. തന്റെ വാച്ച് ഊരി മുസ്ല്യാരുടെ കൈയിൽ കൊടുത്തു. വാച്ചിന്റെ ജാമ്യത്തിൽ മയ്യിത്ത് നിസ്കാരം നടന്നു. നിസ്കാരം കഴിഞ്ഞയുടനെ അബു സാഹിബ് വാച്ചെടുത്ത് തന്റെ കൈയിൽ കെട്ടി. ഇത് കണ്ട് മുസ്ല്യാർ ക്ഷുഭിതനായി. 'കാശ് കിട്ടാതെ മയ്യിത്ത് മറവു ചെയ്യുന്ന പ്രശ്നമില്ലെന്ന്' മുസ്ല്യാർ തീർത്തു പറഞ്ഞു. അബു സാഹിബ് സൗമ്യനായി പറഞ്ഞു "ഇത് കോളറ മയ്യത്താ, ആള് പുതിയ ഇസ്ലാമാണ്, ഉറ്റവരോ, ഉടയവരോ ഇല്ല. അതുകൊണ്ട് മാമൂൽ നടപ്പാക്കാനൊന്നും കഴിയില്ല." പക്ഷെ മുസ്ല്യാർ ഉറച്ചു നിന്നു.

മയ്യിത്ത് മറവു ചെയ്യണമെന്ന് തങ്ങൾക്ക് യാതൊരു നിർബന്ധവുമില്ലെന്ന് പറഞ്ഞ് അബുസാഹിബും പി.കെ.ഉമ്മർഖാൻ ഉൾപ്പെടെയുള്ള സഹപ്രവർത്തകരും പള്ളിയിൽ നിന്ന് ഇറങ്ങി. കുറച്ചു ദൂരം പിന്നിട്ടപ്പോഴേക്കും പെരിങ്ങത്തൂരിലെ പ്രമാണിമാർ ഒരു വാഹനത്തിൽ പിന്നാലെ എത്തി. കുഞ്ഞിസൂപ്പി ഹാജി എന്ന പ്രമുഖൻ അവരുടെ കൂടെയുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു. 'മുസ്ല്യാർ വിവരക്കേട് പറഞ്ഞതാ, നിങ്ങൾ തിരിച്ചു വന്ന് മയ്യിത്ത് ഖബറടക്കണം. പൈസയും മാമൂലും ഒന്നും വേണ്ട.' അബുസാഹിബും സംഘവും തിരികെച്ചെന്ന് മയ്യിത്ത് ഖബറടക്കി.

'കോളറ കാലത്തെ പ്രണയം' ഗബ്രിയേൽ ഗാർസ മാർകിസിന്റെ ഒരു നോവലാണ്. എന്നാൽ ഒരു പ്രണയകഥയും കോളറ കാലത്തിന്റെ ബാക്കിപത്രമായി അബുസാഹിബിന്റെ മനസ്സിലുണ്ടായിരുന്നു. പിൽക്കാലത്ത് പ്രമുഖ ട്രേഡ് യൂണിയൻ നേതാവായിരുന്ന പി.കെ.ഉമ്മർഖാൻ ആണ് കഥയിലെ നായകൻ. അദ്ദേഹം ഐ.സി.ജെയുടെ മുന്നണിപ്പോരാളിയും പരിശീലനം നേടിയ വളണ്ടിയറുമായിരുന്നു. രോഗബാധിതരെ ശുശ്രൂഷിക്കാനും മയ്യിത്ത് പരിപാലനത്തിനും മുൻപന്തിയിലുണ്ടായിരുന്നു അദ്ദേഹം. തലശ്ശേരി സെയ്താർപള്ളിക്കടുത്ത ഒരു വീട്ടിൽ കോളറ ബാധിച്ച ഒരു കുടുംബത്തെ പരിപാലിക്കാൻ ഉമ്മർഖാൻ ചെന്നു. പ്രസ്തുത വീട്ടിലെ പെൺകുട്ടിയെയാണ് ഉമ്മർഖാൻ വിവാഹം ചെയ്തത്. അങ്ങനെ ഒരു പ്രണയസാഫല്യവും കോളറക്കാലത്തിന്റെ ബാക്കിപത്രമായി.

മയ്യിത്ത് പരിപാലനവും രോഗികളുടെ പരിചരണവും ഏറ്റെടുത്ത് സമൂ

mappilaheritagelibrary.com

ഹത്തിന് മാതൃകയായ ഐ.സി.ജെ, മറ്റൊരു ചുമതല കൂടി ഏറ്റെടുക്കേണ്ടി വന്നു. അതാകട്ടെ ഏറെ ശ്രമകരമായിരുന്നു. കുടുംബാംഗങ്ങൾ മുഴുവൻ മരിച്ചുവീണ വീടുകളിൽ നിന്ന് ധാരാളം സ്വർണാഭരണങ്ങളും പണവും ഐ.സി.ജെ വളണ്ടിയർമാർ കണ്ടെടുത്തിരുന്നു. ഈ സ്വത്തുക്കളിൽ പല തിനും അവകാശികളുണ്ടായിരുന്നില്ല. ഉള്ള അവകാശികളെ കണ്ടെത്തുക എന്നത് ക്ഷിപ്രസാധ്യമായിരുന്നുമില്ല. എന്നാൽ ഈ സ്വത്തുക്കൾ സംരക്ഷി ക്കപ്പെടുകയെന്ന ഉത്തരവാദിത്തം നിർവഹിക്കാതെയും തരമുണ്ടായിരുന്നി ല്ല. ഐ.സി.ജെ നേരിട്ട വല്ലാത്ത പ്രതിസന്ധിയായിരുന്നു അത്.

ശേഖരിച്ച സ്വത്തുക്കളെല്ലാം വിശ്വസ്തനായ ഒരു വ്യക്തിയെ കണ്ടെത്തി അനാമത്തായി ഏൽപ്പിച്ചു കൊടുക്കാനായിരുന്നു തീരുമാനം. മാഹിയിലെ പൗരപ്രമുഖനായ ജ:ടി.സി.മൊയ്തുസാഹിബിനെയാണ് അതിനായി കണ്ടെ ത്തിയത്. ദുരന്തം നാടുനീങ്ങിയ ശേഷം അവകാശികളെ കണ്ടെത്തി യഥാ വിധി തിരിച്ചേൽപ്പിക്കുകയുണ്ടായി. കോളറയെന്ന മഹാമാരി വിതച്ച ഭീകര തയ്ക്കിടയിലും കാരുണ്യത്തിന്റെ മഴമേഘമായി പെയ്തിറങ്ങാൻ ഐ.സി. ജെയ്ക്ക് കഴിഞ്ഞു. തള്ളിപ്പറഞ്ഞവർ വാരിപ്പുണരാൻ വന്നു. ആത്മനിർവൃ തിയിൽ അബു സാഹിബ് തന്റെ ത്യാഗോജ്വലമായ കർമ്മസരണിയിൽ മുന്നോട്ടു പോയി.

mappilaheritagelibrary.com

7
ജയിൽവാസവും സോഷ്യലിസവും

മുസ്‌ലിം ലേബർ യൂണിയന്റേയും ഐ.സി.ജെയുടേയും പ്രവർത്തനങ്ങൾ വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. ഏത് വെല്ലുവിളിയും ഏറ്റെടുക്കാനുള്ള സന്നദ്ധതയും, പ്രതിസന്ധികളെ കരളുറപ്പോടെ നേരിടുകയെന്ന രീതിയും അബുസാഹിബിന്റെ ജീവിതത്തെ കൂടുതൽ സംഘർഷഭരിതമാക്കി.

അബുസാഹിബ് പ്രശ്നങ്ങളോട് രൂക്ഷമായാണ് പ്രതികരിക്കാറുള്ളത്. വിമർശനങ്ങളിൽ മിതത്വം പാലിക്കാറുണ്ടായിരുന്നില്ല. നിലപാടുകളിൽ ഉറച്ചു നിൽക്കുന്നതിനാൽ പ്രസംഗങ്ങളിൽ വിട്ടുവീഴ്ച ഉണ്ടായിരുന്നില്ല. അബുസാഹിബിന്റെ പ്രസംഗങ്ങൾ 'അമിട്ടു പൊട്ടുന്ന' പോലെയായിരുന്നുവെന്ന് പഴമക്കാർ ഓർക്കുന്നു. ഈ പ്രസംഗശൈലി മൂലം ഇഷ്ടക്കാർ അദ്ദേഹത്തെ 'ഗുണ്ടു അബു' എന്ന് വിളിച്ചിരുന്നു.

അബുസാഹിബിന്റെ പ്രസംഗചാതുരി വ്യക്തമാക്കുന്ന ഒരു സംഭവം ജ: എം.സി. ഇങ്ങനെ വിവരിക്കുന്നു. "ബ്രിട്ടീഷ് ഗവൺമെന്റിനെതിരെ വ്യവസ്ഥാപിതമാർഗങ്ങളിലൂടെ നടത്തിയ പോരാട്ടം ഒരു സമൂർത്തഘട്ടത്തിലെത്തിയപ്പോൾ പ്രതിഷേധസൂചകമെന്ന നിലയ്ക്ക് വിദേശ സാമ്രാജ്യത്വം നൽകിയ ബഹുമതി ബിരുദങ്ങൾ വലിച്ചെറിയാൻ അത് കൈവശമുള്ളവരോട് മുസ്‌ലിം ലീഗ് ആഹ്വാനം ചെയ്തു. സർ സ്ഥാനങ്ങളും, ഖാൻ സാഹിബ്, ഖാൻ ബഹദൂർ മുതലായ സ്ഥാനങ്ങളും ഈ ആഹ്വാനം ചെവിക്കൊണ്ട് ദൂരെക്കളയാൻ നിരവധിയാളുകൾ സന്നദ്ധരായി.

പക്ഷെ, ഖാൻ ബഹദൂർ ആറ്റക്കോയ തങ്ങളും അപൂർവം മറ്റുചില പ്രമാണിമാരും ഖാൻ ബഹദൂർ സ്ഥാനം ഉപേക്ഷിച്ചില്ല. ബ്രിട്ടീഷ് മഹാരാജാവിന്റെ സ്വർണ്ണക്കൂട്ടിലെ കുഞ്ഞാറ്റക്കിളികളായി കഴിയാനായിരുന്നു അവരുടെ ആഗ്രഹം. ഗവൺമെന്റിനെ പിണക്കിയാലുണ്ടാകാവുന്ന ഭവിഷ്യത്തുകളെപ്പറ്റി അവർ ബോധവാൻമാരുമായിരുന്നു. പാർട്ടി അച്ചടക്കം പാലിക്കാൻ ആറ്റക്കോയ തങ്ങളോട് ആവശ്യപ്പെട്ടു. ആറ്റക്കോയ തങ്ങൾ അനങ്ങിയില്ല. ആറ്റക്കോയ തങ്ങളെ മുസ്‌ലിംലീഗിൽ നിന്ന് പുറന്തള്ളാൻ പിന്നെ താമസമുണ്ടായില്ല.

mappilaheritagelibrary.com

'മലബാറിലെ ഖാൻ ബഹദൂർമാരേ, ഖാഇദെ അഅ്സം ആവശ്യപ്പെട്ടിട്ടും നിങ്ങളീ പൊങ്ങച്ചമുദ്രകൾ വലിച്ചെറിയാതെ സൂക്ഷിച്ചു വെച്ചിരിക്കുന്നത് നിങ്ങളുടെ ഖബറുകളിലേക്ക് കൊണ്ടുപോകാൻ വേണ്ടിയാണോ?' മലബാറിന്റെ മൈതാനങ്ങളിൽ കെ.കെ.അബുവിന്റെ സിംഹഗർജ്ജനം! അവശിഷ്ട ഖാൻ ബഹദൂർമാർക്കെതിരെ ജനരോഷം ആളിപ്പടർന്നു. ആറ്റക്കോയ തങ്ങളോടൊപ്പം 14 ഖാൻ ബഹദൂർമാരെ മുസ്ലിം ലീഗിൽ നിന്നു പുറത്താക്കി. (സി.എച്ച്.മുഹമ്മദ് കോയ- രാഷ്ട്രീയ ജീവചരിത്രം, പേജ് 97)

താൻ ശരം തൊടുത്തു വിടുന്നത് അതിസമ്പന്നരും പ്രമാണിമാരും ജൻമിമാരും ചോദ്യം ചെയ്യപ്പെടാത്തവരുമായ മഹാൻമാർക്കെതിരെയാണെന്ന് അറിയാമായിരുന്നിട്ടും അബുസാഹിബ് അശേഷം പതറിയില്ല. പ്രതിസന്ധികളെ നേരിടേണ്ടി വരുമെന്ന് കരുതി പ്രശ്നങ്ങളിൽ ഇടപെടാതിരിക്കുക എന്ന ശീലം അദ്ദേഹത്തിനുണ്ടായിരുന്നില്ല. അത്തരമൊരു ഇടപെടൽ വീണ്ടും അദ്ദേഹത്തെ ജയിലിൽ എത്തിച്ചു. തൊഴിൽ സമരങ്ങളുടെ ഭാഗമായി ജയിൽവാസം അനുഭവിച്ചിട്ടുണ്ടെങ്കിലും ഈ ജയിൽവാസം അബുസാഹിബിന്റെ ജീവിതത്തിൽ വഴിത്തിരിവായി മാറി.

1947-ൽ മലപ്പുറത്തെ പൗരപ്രമുഖനും പ്രശസ്ത കുടുംബാംഗവും ധനികനുമായ ഉണ്ണീൻ, രാമസിംഹൻ എന്ന പേര് സ്വീകരിച്ച് ഹിന്ദുവായി. അദ്ദേഹത്തെ നമ്പൂതിരിയാക്കി, പൂണൂൽ ധരിപ്പിച്ച് ആര്യസമാജക്കാരും മറ്റും മതം മാറ്റം ആഘോഷിക്കുകയും ചെയ്തു. ഭീഷണികളും പ്രലോഭനങ്ങളും വഴി രാമസിംഹൻ തന്റെ ആശ്രിതരെ ഇസ്ലാംമതം ഉപേക്ഷിക്കാൻ പ്രേരിപ്പിച്ചതു മൂലം വ്യാപകമായ പ്രതിഷേധമുയർന്നു. ഈ സംഘർഷത്തിനൊടുവിൽ രാമസിംഹൻ വധിക്കപ്പെട്ടു. പോലീസും, അധികാരികളും ഈ കൊലപാതകത്തിന്റെ പേരിൽ മലബാറിലുടനീളം ഭീകരാന്തരീക്ഷം സൃഷ്ടിച്ചു. അനേകം നിരപരാധികൾ അറസ്റ്റു ചെയ്യപ്പെടുകയും ഭീകരമായ ലോക്കപ്പു മർദ്ദനങ്ങൾക്കിരയാവുകയും ചെയ്തു. ഈ സംഭവം മലബാറിന്റെ സാമൂഹിക മേഖലയിൽ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു. ജനങ്ങൾക്കിടയിൽ അരക്ഷിതാവസ്ഥ പ്രകടമായി.

ഈ സാഹചര്യത്തിൽ ജനങ്ങൾക്ക് ആത്മധൈര്യം പകരേണ്ടതും കാലുഷ്യം വ്യാപകമാകാതിരിക്കാൻ എന്തെങ്കിലും ചെയ്യേണ്ടതും തന്റെ കടമയാണെന്ന് അബു സാഹിബിനു തോന്നി. അദ്ദേഹം ഏറനാട്ടിലേക്ക് പുറപ്പെട്ടു. സ്ഫോടനാത്മകമായ ഒരു പ്രശ്നത്തിൽ മുസ്ലിംലീഗിന്റേയോ മുസ്ലിം ലേബർ യൂണിയന്റേയോ പേരിൽ ഇടപെടുന്നത് പ്രശ്നത്തെ കൂടുതൽ സങ്കീർണമാക്കിയേക്കുമെന്ന് പറഞ്ഞ് നേതാക്കൾ അബു സാഹിബിനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. പക്ഷെ അബു സാഹിബ് വഴങ്ങിയില്ല. ജനങ്ങൾക്കിടയിൽ അരക്ഷിതത്വം നിലനിൽക്കുമ്പോൾ മാറി നിൽക്കുന്നത് ശരിയല്ല എന്നായിരുന്നു അദ്ദേഹത്തിന്റെ ന്യായം. പൊതുയോഗങ്ങൾ സംഘടിപ്പിച്ച് ജനങ്ങളെ ബോധവൽകരിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

mappilaheritagelibrary.com

പ്രഥമയോഗം പുളിക്കൽ അങ്ങാടിയിൽ സംഘടിപ്പിച്ചു. സ്പെഷ്യൽ ബ്രാഞ്ച് പോലീസ് വിലക്കുമായി വന്നു. അതവഗണിച്ച് അബു സാഹിബ് പൊതുയോഗത്തിൽ പ്രസംഗിച്ചു. രാമസിംഹന്റെ വധത്തിൽ മുസ്ലിംകൾക്ക് പങ്കില്ലെന്നും മുസ്ലിംകളെ അകാരണമായി പീഡിപ്പിക്കുന്നത് അവസാനിപ്പിക്കണമെന്നുമായിരുന്നു പ്രസംഗത്തിന്റെ കാതൽ. രണ്ടാമത്തെ പൊതുയോഗം കൊണ്ടോട്ടിയിലായിരുന്നു. വൻജനാവലി പൊതുയോഗത്തിനെത്തി. മൂന്നാമത്തെ പൊതുയോഗം, മലബാർ കലാപത്തിന്റെ സ്മരണകളുറങ്ങുന്ന പൂക്കോട്ടൂരിലാണ് സംഘടിപ്പിച്ചത്. പൂക്കോട്ടൂരിൽ യോഗം തുടങ്ങാനിരിക്കെ ബാഫഖി തങ്ങളും സീതി സാഹിബും വേദിയിലേക്ക് കയറി വന്നു. അവർ അബു സാഹിബിനെ അണച്ചു പിടിച്ചു. നേതാക്കൾ സദസ്സിനെ അഭിസംബോധന ചെയ്യുമെന്ന് പറഞ്ഞ് അബു സാഹിബ് പിൻമാറി. ഈ പൊതുയോഗങ്ങൾ ജനങ്ങൾക്ക് ആത്മവിശ്വാസം നൽകുന്നതിലും പോലീസ് അധികാരികളുടെ തേർവാഴ്ച നിയന്ത്രിക്കുന്നതിലും സുപ്രധാന പങ്കു വഹിച്ചു. ഈ മൂന്നു പൊതുയോഗങ്ങളും സംഘടിപ്പിച്ചത് ലേബർ യൂണിയൻ നേതാക്കളായിരുന്നു. അടുത്ത യോഗം മലപ്പുറത്ത് എംഎസ്എഫ് ബാനറിൽ സംഘടിപ്പിക്കാമെന്ന ധാരണയിലാണ് പൂക്കോട്ടൂരിൽ നിന്ന് അബുസാഹിബും നേതാക്കളും വിട പറഞ്ഞത്.

രാമസിംഹൻ പ്രശ്നത്തിൽ സ: ഇ.എം.എസ്. സ്വീകരിച്ച നിലപാട് വിവാദപരമായിരുന്നു. അദ്ദേഹത്തിന്റെ നിലപാട് സംബന്ധിച്ച് ജ:എം.സി.വടകര എഴുതുന്നു. "1947 സെപ്തംബർ 24-ാം തീയതി സ:ഇ.എം.എസ്.നമ്പൂതിരിപ്പാട് ദേശാഭിമാനി പത്രത്തിൽ രാമസിംഹൻ സംഭവത്തെക്കുറിച്ച് വിവാദപരമായ ഒരു ലേഖനമെഴുതുകയുണ്ടായി. മലബാറിലെ മുസ്ലിം പ്രമാണിമാർക്കെല്ലാം രാമസിംഹൻ കൊലക്കേസുമായി ബന്ധമുണ്ടെന്നും അവരെയെല്ലാം അറസ്റ്റു ചെയ്യണമെന്നുമായിരുന്നു നമ്പൂതിരിപ്പാടിന്റെ ആവശ്യം. രാമസിംഹന്റെ ഭാര്യാപിതാവ് ഉണ്ണിക്കമ്മു സാഹിബാണ്. ഉണ്ണിക്കമ്മു സാഹിബ് ജൻമിയാണ്. ഉണ്ണിക്കമ്മു സാഹിബും കൊയപ്പത്തൊടിയും ബന്ധുക്കളാണ്. ആകയാൽ ഇവർക്കെല്ലാം രാമസിംഹൻ കൊലക്കേസിൽ പങ്കുണ്ടായിരിക്കണം. അങ്ങനെ പോയി നമ്പൂതിരിപ്പാടിന്റെ വാദമുഖങ്ങൾ.

നമ്പൂതിരിപ്പാടിന്റെ ദുസ്സൂചനകൾക്ക് ഉരുളക്കുപ്പേരി പോലുള്ള മറുപടിയുമായി 1947 ഒക്ടോബർ 5-ാം തീയതി ചന്ദ്രികയിൽ സി.എച്ച് മുഹമ്മദ് കോയ പ്രൗഢമായ ഒരു ലേഖനമെഴുതി. 'ഇ.എം.എസിന്റെ ഊഹങ്ങൾ' എന്ന ശീർഷകത്തിൽ പ്രത്യക്ഷപ്പെട്ട ആ ലേഖനം ഇങ്ങിനെയാണ് ആരംഭിക്കുന്നത്. 'സപ്തംബർ 24-ാം തീയതിയത്തെ ദേശാഭിമാനിയിൽ ഇ.എം.എസ്.നമ്പൂതിരിപ്പാട് എഴുതിയതും പോലീസ് അന്വേഷണം നടത്തി വരുന്ന രാമസിംഹൻ കൊലക്കേസിനെ സംബന്ധിക്കുന്നതുമായ ലേഖനം ഞാൻ വായിച്ചു. 'താഴെ പറയുന്ന പരമാർത്ഥങ്ങൾ' എന്നു പറഞ്ഞ് ഇ.എം.എസ്. ഒമ്പത് ഊഹങ്ങൾ എഴുതി വിട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭാവനയിൽ നിന്ന്

mappilaheritagelibrary.com

ജൻമമെടുത്തതാണ് ഈ 'പരമാർത്ഥങ്ങൾ.' അന്വേഷണത്തിലിരിക്കുന്ന ഒരു കൊലപാതകത്തെ സംബന്ധിച്ച് കേരളത്തിലെ ഒരു പാർട്ടി നേതാവ് പറയുകയാണ്. 'ഈ സ്ഥിതിക്ക് ഈ പ്രമാണിമാരെല്ലാം (വി.കെ.ഉണ്ണിക്കമ്മു സാഹിബ്, കൊയപ്പത്തൊടി അഹമ്മദ്കുട്ടി ഹാജി എം.എൽ.എ, ജ:ഏ.കെ. കുഞ്ഞിമായിൻ ഹാജി മുതലായ മുസ്ലിം പ്രമാണിമാർ) ഈ കൊലക്ക് പിന്നിലുണ്ടെന്നാരെങ്കിലും സംശയിക്കുകയാണെങ്കിൽ– ആ സംശയം പലേടത്തും സ്വകാര്യമായി പ്രകടിപ്പിക്കപ്പെട്ടു വരുന്നുണ്ട്– അത് സ്വാഭാവികമല്ലേ?' എത്ര അർത്ഥശൂന്യമായ ഒരു പ്രസ്താവനയാണിത്? ഇങ്ങിനെ സംശയിക്കുകയാണെങ്കിൽ ഒരു മനുഷ്യന് എന്തെല്ലാം സംശയിക്കാം? രാമസിംഹന്റെ അനുജൻ ഒരു നമ്പൂതിരി സ്ത്രീയെ കല്യാണം കഴിച്ചു. ഇത് നമ്പൂതിരിമാരുടെ ഇടയിൽ വലിയ ക്ഷോഭമുണ്ടാക്കിയിട്ടുണ്ടെന്നു 'യോഗക്ഷേമം' എന്ന അവരുടെ പത്രം എഴുതിയ മുഖപ്രസംഗത്തിൽ നിന്നു തന്നെ മനസ്സിലാക്കാം. ഒരു കള്ളനാണയമായിട്ടാണ് രാമസിംഹൻ നമ്പൂതിരിയെ അവർ കണക്കാക്കിയത്. ആ സ്ഥിതിക്ക് ഈ കൊലയിൽ നമ്പൂതിരി പ്രമാണികൾക്ക് പങ്കുണ്ടെന്ന് വല്ലവരും സംശയിക്കുകയാണെങ്കിൽ അത് അസ്വാഭാവികമാണോ? സ: ശങ്കരൻ നമ്പൂതിരിപ്പാട് ഒരു നമ്പൂതിരി ആയതുകൊണ്ടാണ് അദ്ദേഹത്തിന്റെ സംശയം ഈ വഴിക്ക് നീങ്ങാത്തത് എന്നു തന്നെ വല്ലവരും പറഞ്ഞാൽ അവരെ നമ്പൂതിരിപ്പാട് എങ്ങനെ കുറ്റം പറയും? കമ്മ്യൂണിസ്റ്റുകാർ തന്നെയാണ് ഈ കൊലപാതകം നടത്തിയതെന്ന് എനിക്ക് സംശയിച്ചു കൂടേ? ഇ.എം.എസും, ദേശാഭിമാനി പത്രവും അതിൽ കാണിക്കുന്ന താല്പര്യം ആ സംശയത്തിനാസ്പദമായ ഒരു തെളിവായി അവതരിപ്പിച്ചു കൂടേ?

രാമസിംഹൻ ജൻമിയാണ്. അയാളുടെ ബന്ധുവായ ഉണ്ണിക്കമ്മു സാഹിബ് ജൻമിയാണ്. ഉണ്ണിക്കമ്മു സാഹിബിന്റെ ബന്ധുവായ കുഞ്ഞിമായിൻ ഹാജി ജൻമിയാണ്. കുഞ്ഞിമായിൻ ഹാജിയുടെ ബന്ധുവായ കൊയപ്പത്തൊടി ജൻമിയാണ്. ഈ ജൻമികളെല്ലാം കമ്മ്യൂണിസ്റ്റുകളുടെ വിരോധികളാണ്. ആ നിലക്ക് ഈ ജൻമികളെയെല്ലാം കുടുക്കി കേസുണ്ടാക്കാൻ വേണ്ടി കമ്മ്യൂണിസ്റ്റുകാർ തന്നെ കൊന്നതോ കൊല്ലിച്ചതോ ആണെന്നു ആരെങ്കിലും സംശയിച്ചാൽ അത് അസ്വാഭാവികമാണോ? 'അവരുടെ സ്വത്തു കണ്ടുകെട്ടണം' എന്നും മറ്റും ദേശാഭിമാനി പറയുമ്പോൾ ഇ.എം.എസ് തന്റെ വാദത്തിനു താങ്ങായി കൊണ്ടു വരുന്നതിനേക്കാൾ ബലമായ തെളിവായി കണക്കാക്കിക്കൂടേ? സ: നമ്പൂതിരിപ്പാട് മുസ്ലിം പ്രമാണിമാരുടെ കാര്യത്തിൽ ചെയ്തതു പോലെ കമ്മ്യൂണിസ്റ്റു പാർട്ടിക്കോ സ:ശങ്കരൻ നമ്പൂതിരിപ്പാടിനോ രാമസിംഹൻ കൊലപാതകത്തിൽ പങ്കുണ്ടെന്ന് ഉത്തരവാദബോധമില്ലാതെ ചൂണ്ടിക്കാണിച്ചു കൊടുക്കുവാനല്ല ഞാനൊരുങ്ങുന്നത്. സംശയിക്കുന്നതിനൊരതിരുണ്ടാവുകയില്ലെന്നും, അങ്ങിനെയാണെങ്കിൽ മനുഷ്യന്റെ ഭാവനയ്ക്ക് പലതും സംശയിക്കാമെന്നും കാണിച്ചു കൊടുക്കുകയാണ് ഞാൻ

mappilaheritagelibrary.com

ചെയ്തിട്ടുള്ളത്." (സി.എച്ച്.മുഹമ്മദ് കോയ- രാഷ്ട്രീയ ജീവചരിത്രം, പേജ് 160, 161)

മലബാറിൽ സാമുദായിക സംഘർഷം വിതയ്ക്കുകയും, സാമൂഹ്യ ജീവിതത്തിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുകയും ചെയ്ത ഒരു പ്രശ്നത്തിൽ ഇ.എം.എസും കമ്മ്യൂണിസ്റ്റു പാർട്ടിയും സ്വീകരിച്ച ഏകപക്ഷീയവും ദുരുദ്ദേശപരവുമായ നിലപാട്, സി.എച്ചിന്റെ ഇടപെടലിലൂടെ വെളിപ്പെട്ടു. സ്വാഭാവികമായും ഇ.എം.എസ്.പ്രകോപിതനായി. അദ്ദേഹം വീണ്ടും സി.എച്ചിനെതിരെ 'ദേശാഭിമാനി'യിലെഴുതി. എന്നാൽ സംഘർഷാവസ്ഥ ലംഘൂകരിക്കാനും ജനങ്ങൾക്കിടയിൽ രമ്യത വളർത്താനുമാണ് അബുസാഹിബും സംഘവും ശ്രമിച്ചത്.

ഏറനാട്ടിൽ പൊതുയോഗം സംഘടിപ്പിക്കുകയും, വിലക്ക് ലംഘിച്ച് പ്രസംഗിക്കുകയും ചെയ്തതിന്റെ പേരിൽ മലബാർ കലക്ടർ മക്കീവൻ അബു സാഹിബിനെ അറസ്റ്റു ചെയ്യാൻ ഉത്തരവിട്ടു. ഈ വിവരം ലഭിച്ചയുടൻ അബു സാഹിബ് മാതാവിനെക്കാണാൻ ജൻമദേശമായ ചൊക്ലിയിലെത്തി. ചൊക്ലിക്കടുത്ത കനകമലയിൽ ഐ.സി.ജെയുടെ വളണ്ടിയർ പരിശീലനം കഴിഞ്ഞു വരുന്നതിനിടയിൽ സഹപ്രവർത്തകനായ ഉസ്മാനോടൊപ്പം അബു സാഹിബിനെ അറസ്റ്റു ചെയ്തു. സ്വാതന്ത്ര്യസമരക്കാലത്തെ ബ്രിട്ടീഷുകാരുടെ കരുതൽ തടങ്കൽ നിയമപ്രകാരമായിരുന്നു അറസ്റ്റ്. കണ്ണൂർ സെൻട്രൽ ജയിലിലാണ് അബു സാഹിബിനെ പാർപ്പിച്ചത്.

കമ്മ്യൂണിസ്റ്റ് നേതാക്കളായ സുബ്രഹ്മണ്യൻ തിരുമുമ്പ്, എ.മുഹമ്മദ്കോയ എന്ന അപ്പക്കോയ, ഏ.കെ.ജി, ഇ.കെ.ഇമ്പിച്ചി ബാവ, എം.വി.രാഘവൻ തുടങ്ങിയവർ അന്ന് ജയിലിൽ ഉണ്ടായിരുന്നു. 'കൽക്കത്ത തിസീസി'ന്റെ അനുബന്ധമായി കമ്മ്യൂണിസ്റ്റുകാർക്കെതിരെ നടന്ന പോലീസ് നടപടിയെത്തുടർന്നാണ് അവർ ജയിലിൽ എത്തിയത്. ജയിലിൽ വെച്ച് ഏ.കെ.ജിയെ അടുത്തറിയാൻ അബു സാഹിബിന് കഴിഞ്ഞു. അബുസാഹിബിനെ കമ്മ്യൂണിസ്റ്റാക്കാൻ ഏ.കെ.ജി.എല്ലാ ശ്രമവും നടത്തി. പക്ഷെ വിജയിച്ചില്ല.

ഏഴു മാസമാണ് കണ്ണൂർ സെൻട്രൽ ജയിലിൽ കഴിഞ്ഞത്. ഈ കാലയളവിൽ വായിച്ച പുസ്തകങ്ങൾ അധികവും സോഷ്യലിസത്തെപ്പറ്റിയുള്ളതായിരുന്നു. ഈ പുസ്തകങ്ങൾ അദ്ദേഹത്തെ വല്ലാതെ സ്വാധീനിച്ചു. ഡോ:രാം മനോഹർ ലോഹ്യ, ജയപ്രകാശ് നാരായൺ, യൂസഫ് മെഹ്റലി, അച്യുത് പട്വർധൻ തുടങ്ങിയ സോഷ്യലിസ്റ്റ് നേതാക്കളെപ്പറ്റി കൂടുതൽ അറിയാനും കഴിഞ്ഞു. ഈ നേതാക്കളും അബുസാഹിബിനെ സ്വാധീനിച്ചു. അങ്ങനെ അദ്ദേഹത്തിന്റെ മനസ്സിൽ സോഷ്യലിസ്റ്റു ചിന്താധാരയ്ക്ക് മുളപൊട്ടി. എന്തുകൊണ്ട് എനിക്കും ഒരു സോഷ്യലിസ്റ്റ് ആയിക്കൂടാ? അബുസാഹിബ് ചിന്തിച്ചു. മുസ്ലിംകളുടെ ഭാവി, അവരുടേതായ ഒരു സംഘടനയിലാണോ, ഇതരവിഭാഗങ്ങൾ കൂടി ഒത്തു ചേർന്ന മതേതര പ്രസ്ഥാന

mappilaheritagelibrary.com

ത്തിലാണോ എന്ന ആശയസംഘർഷം അദ്ദേഹത്തെ മദിച്ചു. അബുസാഹിബ് അസ്വസ്ഥനായി. ഏറെ നാളത്തെ പരിചിന്തനകൾക്കു ശേഷം അദ്ദേഹം സോഷ്യലിസ്റ്റുപാത സ്വീകരിക്കാൻ നിശ്ചയിച്ചു.

ജയിലിൽ വെച്ചും നാടുമായി ബന്ധപ്പെട്ട് രാഷ്ട്രീയ പ്രവർത്തനം നടത്തുന്നുവെന്ന കുറ്റമാരോപിച്ച് അബു സാഹിബിനെ വെല്ലൂർ ജയിലിലേക്കു മാറ്റി. കനത്ത ബന്തവസ്സിലൂടെ തീവണ്ടി മാർഗം വെല്ലൂരിലേക്ക് കൊണ്ടു പോകുമ്പോൾ എല്ലാ റെയിൽവേ സ്റ്റേഷനുകളിലും നൂറുകണക്കിന് മുസ്ലിം ലീഗ് പ്രവർത്തകർ അബുസാഹിബിന് അഭിവാദ്യം അർപ്പിക്കാനെത്തിയിരുന്നു. അബുസാഹിബിന്റെ രാഷ്ട്രീയമാറ്റം പ്രവർത്തകർക്ക് അറിയുമായിരുന്നില്ല. കോഴിക്കോട് റെയിൽവെസ്റ്റേഷനിൽ ബാഫഖി തങ്ങളുടെ നേതൃത്വത്തിൽ മുസ്ലിംലീഗ് നേതാക്കൾ എത്തിയിരുന്നു. പോലീസിന് നിയന്ത്രിക്കാനാവാത്ത ജനക്കൂട്ടം റെയിൽവെസ്റ്റേഷനിൽ തടിച്ചുകൂടിയിരുന്നു. ഉച്ച സമയമായതിനാൽ ബാഫഖി തങ്ങൾ ഊണു വരുത്തി അബുസാഹിബിനോടൊപ്പം കഴിച്ച ശേഷമാണ് അദ്ദേഹത്തെ യാത്രയാക്കിയത്. ബാഫഖി തങ്ങളുടെ സ്നേഹനിർഭരമായ പെരുമാറ്റവും, തന്റെ രാഷ്ട്രീയ മാറ്റം തങ്ങളെ അറിയിക്കാനാവുന്നില്ലല്ലോ എന്ന വേദനയും മൂലം അബുസാഹിബ് വികാരവിക്ഷുബ്ധനായിരുന്നു.

കോഴിപ്പുറത്ത് മാധവമേനോന്റെ ബന്ധുവായ കെ.പി.ആർ.നമ്പ്യാർ ആയിരുന്നു വെല്ലൂർ ജയിൽ സൂപ്രണ്ട്. അദ്ദേഹം അബുസാഹിബിന് എല്ലാവിധ സഹായവും ചെയ്തു കൊടുത്തു. അബുസാഹിബിനെ മോചിപ്പിക്കാനുള്ള എല്ലാവിധ ശ്രമവും അറസ്റ്റ് ചെയ്യപ്പെട്ടതു മുതൽ തുടങ്ങിയിരുന്നു. കെ.എം. സീതി സാഹിബും ബി.പോക്കർ സാഹിബുമാണ് അതിന് നേതൃത്വം നൽകിയത്. ഹൈക്കോടതിയിൽ കേസു വാദിച്ചത് ബി.പോക്കർ സാഹിബായിരുന്നു. 15മാസത്തെ ജയിൽ വാസത്തിനു ശേഷം അബു സാഹിബ് മോചിതനായി. ഏറനാട്, വള്ളുവനാട് തുടങ്ങിയ പ്രദേശങ്ങളിൽ പ്രവേശിക്കാൻ പാടില്ല എന്ന നിബന്ധനയോടെയാണ് മോചിപ്പിച്ചത്. ഈ നിബന്ധനയോട് അബു സാഹിബ് കടുത്ത എതിർപ്പ് പ്രകടിപ്പിച്ചു. ജയിലിൽ നിന്നു പുറത്തു വരാൻ കൂട്ടാക്കിയില്ല. എന്നാൽ സീതി സാഹിബിന്റേയും പോക്കർ സാഹിബിന്റേയും സമ്മർദ്ദത്തിനു വഴങ്ങി അദ്ദേഹം ജയിൽവാസം അവസാനിപ്പിച്ചു.

ജയിൽ മോചിതനായ അബു സാഹിബിനെക്കാണാൻ സീതി സാഹിബ് വീട്ടിലെത്തിയ രംഗം അബുസാഹിബ് മരിക്കാത്ത ഓർമ്മയായി മരിക്കുവോളം സൂക്ഷിച്ചു. അബുസാഹിബിനെ ആലിംഗനം ചെയ്തു കൊണ്ട് സീതി സാഹിബ് പറഞ്ഞു. 'രാഷ്ട്രീയ രംഗത്തു നിന്ന് പിന്തിരിയരുത്' പക്ഷെ, മുസ്ലിംലീഗ് രാഷ്ട്രീയത്തോട് അബു സാഹിബ് വിട പറഞ്ഞു കഴിഞ്ഞിരുന്നു എന്ന കാര്യം സീതി സാഹിബിന് അറിയുമായിരുന്നില്ല. അബു സാഹിബ് അത് വ്യക്തമാക്കിയതുമില്ല.

mappilaheritagelibrary.com

ജയിൽ മോചിതനായ ഉടനെ ഉമ്മയെക്കാണാൻ അബുസാഹിബ് കുടും ബവീട്ടിലെത്തി. ഉമ്മ രോഗശയ്യയിലായിരുന്നു. അബു സാഹിബിനെ അറസ്റ്റു ചെയ്തു കൊണ്ടു പോയ വിവരമറിഞ്ഞ് മരപ്പലക കൊണ്ട് സ്വയം തല യ്ക്കടിച്ചതായിരുന്നു രോഗകാരണം. അതു മൂലം ഉമ്മ നിത്യരോഗിയാവു കയും ചെയ്തു.

mappilaheritagelibrary.com

8
കൺകെട്ട് വിദ്യയും ചെപ്പടി വിദ്യയും

മുസ്‌ലിംലീഗ് രാഷ്ട്രീയത്തോട് മാനസികമായി വിട പറയുകയും സോഷ്യലിസ്റ്റ് പാർട്ടിയിൽ പ്രവർത്തനം തുടരാൻ തീരുമാനിക്കുകയും ചെയ്ത അബു സാഹിബ് 1949 ഡിസംബറിൽ പി.കെ.മൊയ്തീൻകുട്ടി സാഹിബിന്റെ നേതൃത്വത്തിൽ കോഴിക്കോട്ട് മുസ്‌ലിം കൺവൻഷൻ വിളിച്ചു ചേർത്തു. മുസ്‌ലിം ലീഗിൽ നിന്ന് പരമാവധി മുസ്‌ലിംകളെ സോഷ്യലിസ്റ്റു പാർട്ടിയിൽ ചേർക്കുകയും, ഇരുവർക്കും സോഷ്യലിസ്റ്റ് പാർട്ടിയിൽ ഔദ്യോഗിക പ്രവേശനം സാധ്യമാക്കുകയുമായിരുന്നു കൺവൻഷന്റെ ലക്ഷ്യം. എന്നാൽ കൺവൻഷൻ ബഹളത്തിൽ മുങ്ങിയതിനാൽ ഉദ്ദിഷ്ടകാര്യം നടന്നില്ല.

എന്നാൽ അബു സാഹിബ് പിൻമാറിയില്ല. തിരുന്നാവായയിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു കൺവൻഷൻ സംഘടിപ്പിക്കുകയും ഏതാനും പേർ സോഷ്യലിസ്റ്റുപാർട്ടിയിൽ ചേരുകയും ചെയ്തു. പി.കെ.മൊയ്തീൻകുട്ടി സാഹിബ്, എം.വി.ഹൈദ്രോസ് വക്കീൽ, പൗരശക്തി പത്രാധിപർ കുഞ്ഞബ്ദുല്ല തുടങ്ങിയവർ ഈ കൺവൻഷന്റെ സംഘാടകരായി അബു സാഹിബിനോടൊപ്പം നിന്നു. ഈ കൺവൻഷനോടു കൂടി അബു സാഹിബിന്റെ മുസ്ലിംലീഗിൽ നിന്നുള്ള വിട വാങ്ങൽ പൂർത്തിയായി.

ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന്റെ പ്രഥമ കൗൺസിൽ മദിരാശിയിൽ ചേർന്നപ്പോൾ, മുസ്‌ലിംലീഗ് ഇന്ത്യയിൽ നിലനിർത്തണമെന്ന ഔദ്യോഗിക പ്രമേയം അവതരിപ്പിച്ച പി.കെ.മൊയ്തീൻകുട്ടി സാഹിബും മലബാർ ജില്ലാ മുസ്‌ലിംലീഗ് കമ്മിറ്റി, ശാഖാകമ്മിറ്റികൾ പുനഃസംഘടിപ്പിക്കാൻ 1949 ഒക്ടോബർ 23-ന് രൂപീകരിച്ച സബ് കമ്മിറ്റി അംഗമായ കെ.കെ. അബു സാഹിബും (രണ്ടു പേരും മുസ്‌ലിം ലേബർ യൂണിയന്റെ പ്രസിഡന്റും, ജനറൽ സെക്രട്ടറിയുമായിരുന്നു) ഒന്നിച്ചു നടത്തിയ ഈ രാഷ്ട്രീയ കൂടുമാറ്റം രാഷ്ട്രീയ കേന്ദ്രങ്ങളിൽ പൊതുവിലും, മുസ്‌ലിംലീഗിൽ വിശേഷിച്ചും അമ്പരപ്പു സൃഷ്ടിച്ചു.

ഒരു ജനാധിപത്യരാജ്യത്ത് സ്വയം സംഘടിച്ച് രാഷ്ട്രീയശാക്തീകരണം നേടുകയാണ് ശരിയെന്ന മുസ്‌ലിംലീഗിന്റെ ആശയത്തിന് വിരുദ്ധമായി,

mappilaheritagelibrary.com

മുസ്‌ലിംകൾ സ്വയം സംഘടിക്കുന്നത് പ്രത്യാഘാതമുണ്ടാക്കുമെന്നും സോഷ്യലിസ്റ്റു പാർട്ടിയിൽ ചേരുകയാണ് വേണ്ടതെന്നുമുള്ള പ്രമേയം തിരുന്നാവായ കൺവൻഷൻ അംഗീകരിച്ചതോടെ 'ചന്ദ്രിക' രംഗത്തു വന്നു. 'കൺവൻഷൻകാരുടെ കൺകെട്ടുവിദ്യ' എന്ന പേരിൽ 1950 ജനുവരിയിൽ എട്ടു തുടർലേഖനങ്ങൾ 'ചന്ദ്രിക'യിൽ പ്രസിദ്ധീകരിച്ചു. 'സൂര്യഭായി' എന്ന പേരിൽ കോഴിക്കോട്ടെ ലീഗുകാർക്കിടയിൽ അറിയപ്പെടുന്ന എ.വി.മാമുക്കോയയുടെ പേരിലാണ് ലേഖനം പ്രസിദ്ധീകരിക്കപ്പെട്ടത്. സി.എച്ച്.മുഹമ്മദ്കോയാ സാഹിബായിരുന്നു യഥാർത്ഥത്തിൽ പ്രസ്തുത ലേഖനം എഴുതിയത്.

ഈ ലേഖനപരമ്പര പ്രസിദ്ധീകരിച്ചതോടെ, 'ചന്ദ്രികക്കാരുടെ ചെപ്പടിവിദ്യ' എന്ന പേരിൽ മറുപടിയുമായി അബു സാഹിബും രംഗത്തു വന്നു. തന്റെ രാഷ്ട്രീയ മാറ്റവും സോഷ്യലിസ്റ്റുപാർട്ടിയുടെ മഹത്വവും വിശദീകരിക്കുന്ന പ്രസ്തുത ലേഖനം 'കേരള പ്രഭ' എന്ന വാരികയിലാണ് പ്രസിദ്ധീകരിച്ചത്. സോഷ്യലിസ്റ്റ് ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് വേണ്ടി അബു സാഹിബിന്റെ പത്രാധിപത്യത്തിൽ തൃശൂരിൽ നിന്നാണ് 'കേരള പ്രഭ' പ്രസിദ്ധീകരിച്ചത്.

സോഷ്യലിസ്റ്റു പാർട്ടിയിൽ ചേർന്നയുടനെ അബു സാഹിബ് നേതൃരംഗത്തേക്ക് ഉയർത്തപ്പെട്ടു. 1954-ൽ മദിരാശിയിലേക്ക് നടത്തിയ കുടിയാൻ ജാഥയുടെ വൈസ് ക്യാപ്റ്റനായിരുന്നു അബു സാഹിബ്. ക്യാപ്റ്റൻ ശ്രീ. പി.ആർ.കുറുപ്പും. ഈ ജാഥയെപ്പറ്റി ശ്രീ.പി.ആർ.കുറുപ്പ് എഴുതി. "1954-ൽ മദ്രാസ് ഗവൺമെന്റ് മലബാർ കുടിയായ്മ നിയമത്തിൽ ഭേദഗതി വരുത്തുവാനുള്ള കരടുബിൽ പ്രസിദ്ധപ്പെടുത്തി. കുടിയാൻബിൽ എന്ന പേരിൽ അവതരിപ്പിച്ച ഈ ബിൽ, ജൻമിമാർക്ക് സ്വത്ത് ആവശ്യമാണെങ്കിൽ കുടിയാൻമാരെ ഒഴിപ്പിക്കാമെന്ന വ്യവസ്ഥ ഉൾക്കൊള്ളുന്നതായിരുന്നു.

മലബാർ കിസാൻ പഞ്ചായത്ത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടേയും പ്രജാ സോഷ്യലിസ്റ്റ് പാർട്ടി എക്സിക്യൂട്ടീവ് കമ്മിറ്റിയുടേയും ഒരു സംയുക്ത യോഗം കോഴിക്കോടു വെച്ചു ചേർന്നു. കുടിയാൻ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്തു. ബില്ലിനെതിരെ ഒരു കാൽനടജാഥ മദിരാശിയിലേക്കു നയിക്കുവാനും അസംബ്ലി മന്ദിരത്തിനു മുമ്പിൽ പ്രകടനം നടത്തുവാനും തീരുമാനിച്ചു. ഇരുപത്തൊന്ന് എം.എൽ.എമാർ സോഷ്യലിസ്റ്റ് പാർട്ടിക്ക് ഉണ്ടായിരുന്നു. ഡോ : കെ.ബി.മേനോനാണ് നിയമസഭാ കക്ഷി നേതാവ്.

പ്രജാ സോഷ്യലിസ്റ്റു പാർട്ടിയുടെ ആഭിമുഖ്യത്തിലുള്ള കാൽനടജാഥ കാഞ്ഞങ്ങാടിനടുത്ത ഉദുമയിൽ വെച്ച് കേളപ്പജി ഉദ്ഘാടനം ചെയ്തു. ഞാനായിരുന്നു ജാഥാ ക്യാപ്റ്റൻ. കെ.കെ.അബു സാഹിബ് വൈസ് ക്യാപ്റ്റനും. ഇരുപത്തേഴ് അംഗങ്ങളാണ് ജാഥയിൽ ഉണ്ടായിരുന്നത്. ആവേശോജ്വലമായി മുദ്രാവാക്യങ്ങൾ മുഴക്കുവാൻ പ്രത്യേകപാടവമുള്ള കെ.സി.ബാലൻ, ആർ. കെ.കുഞ്ഞിക്കണ്ണൻ, ടി.കെ.കുമാരൻ, പി.ടി.കുഞ്ഞിരാമൻ, പി.കോരൻ എന്നി

mappilaheritagelibrary.com

വരും, നന്നായി പാടാൻ കഴിവുള്ള ചില ചെറുപ്പക്കാരും കാൽനടജാഥയെ സജീവമാക്കിയിരുന്നു. കവി എ.വി.ശ്രീകണ്ഠ പൊതുവാൾ ജാഥയിൽ അംഗമായിരുന്നു. എവിടെയെങ്കിലും വിശ്രമിക്കുമ്പോൾ അദ്ദേഹം ഒരു കവിതയെഴുതി ട്യൂൺ ചെയ്യും. ജാഥാംഗങ്ങൾ അതേറ്റു പഠിക്കും. ആവേശഭരിതമായ പ്രസംഗം നടത്തുവാൻ പ്രാപ്തരായ സഖാക്കൾ എ.ശ്രീധരൻ, കെ. കുഞ്ഞിരാമക്കുറുപ്പ്, കുറ്റിയിൽ നാരായണൻ, തായാട്ട് ബാലൻ, കെ.വി.ശേഖരൻ, സി.എം.പി.നായർ എന്നിവരും ജാഥയിലുണ്ടായിരുന്നു. എങ്കിലും എല്ലാ സ്ഥലങ്ങളിലും ഞാൻ പ്രസംഗിക്കേണ്ടി വന്നു. എവിടെ ചെന്നാലും പ്രവർത്തകർ നിർബന്ധിക്കും. ദിനംപ്രതി ഇരുപത് നാഴികയോളം ഞങ്ങൾ നടക്കുമായിരുന്നു.

വടകരയിലെത്തിയപ്പോൾ ജാഥ രണ്ടായി പിരിഞ്ഞു. കിഴക്കൻ മലയോരപ്രദേശങ്ങളിൽ പര്യടനം നടത്തി എന്റേയും കുറ്റിയിൽ നാരായണന്റേയും നേതൃത്വത്തിലുള്ള ജാഥ ഫറൂക്കിലെത്തുമ്പേഴേക്കും, കടലോരപ്രദേശങ്ങളിലൂടെ സഞ്ചരിച്ച് അബു സാഹിബിന്റേയും കുഞ്ഞിരാമക്കുറുപ്പിന്റേയും നേതൃത്വത്തിലുള്ള ജാഥയും അവിടെ എത്തി. വീണ്ടും ഒരുമിച്ച് ജാഥ യാത്ര തുടർന്നു. രാമനാട്ടുകരയിൽ നിന്ന് വീണ്ടും ജാഥരണ്ടായി പിരിഞ്ഞു. ഞങ്ങളുടെ നേതൃത്വത്തിലുള്ള ജാഥ മലപ്പുറം വഴിയും അബുസാഹിബിന്റെ നേതൃത്വത്തിലുള്ള ജാഥ തിരൂർ, ഒറ്റപ്പാലം വഴിയും ഒലവക്കോട്ടെത്തി. ഒലവക്കോട് ഗ്ലാസ് ഫാക്ടറിയുടെ പരിസരത്ത് വെച്ച് പദയാത്രയ്ക്കു വമ്പിച്ച വരവേൽപ്പ് ലഭിച്ചു. സഖാക്കൾ കെ.എം.സി.കുറുപ്പ്, അഡ്വ.ടി.മാധവൻ നായർ എന്നിവരായിരുന്നു സ്വീകരണച്ചടങ്ങിന്റെ സംഘാടകർ. പിന്നീട് പാലക്കാട് വെച്ചുള്ള സ്വീകരണശേഷം ഞങ്ങൾ തീവണ്ടിയിൽ മദ്രാസിലേക്കു തിരിച്ചു.

ജാഥ പെരിന്തൽമണ്ണയിലെത്തുമ്പോഴേക്കും മദ്രാസ് നഗരത്തിലെ എല്ലാ തെരുവീഥികളിലും കർഫ്യൂ ഏർപ്പെടുത്തിയതായി വാർത്ത പത്രങ്ങളിൽ വന്നിരുന്നു. പിന്നീട് ഞങ്ങൾ ചെയ്ത പ്രസംഗങ്ങളിലെല്ലാം ഏതു നിയമം പ്രാബല്യത്തിലുണ്ടെങ്കിലും അതു ഞങ്ങൾ ലംഘിക്കുമെന്ന് പ്രഖ്യാപിച്ചു. സേലം റെയിൽവെ സ്റ്റേഷനിൽ വെച്ച് സ: ചിന്നദൊരൈയുടെ നേതൃത്വത്തിൽ ഒരു സംഘം തമിഴ്നാട് സഖാക്കൾ ഞങ്ങളുടെ ജാഥയോടൊപ്പം ചേർന്നു.

പ്രജാ സോഷ്യലിസ്റ്റ് നേതാക്കളായ കേളപ്പജി, ഡോ: കെ.ബി.മേനോൻ, എം.പി.ഗോവിന്ദ മേനോൻ, എം.നാരായണക്കുറുപ്പ്, വി.പി.കുഞ്ഞിരാമക്കുറുപ്പ്, ശങ്കരനാരായണമേനോൻ, ശങ്കരനാരായണൻ, പത്മപ്രഭാ ഗൗഡർ തുടങ്ങിയവരും തമിഴ്നാട്ടിലെ പാർട്ടി നേതാക്കളായ രാധാകൃഷ്ണൻ, വിജയലക്ഷ്മി മുതലായവരും മദ്രാസ് സെൻട്രൽ സ്റ്റേഷനിൽ ഞങ്ങളെ സ്വീകരിക്കാൻ സന്നദ്ധരായിരുന്നു. വ്യക്തികളും സംഘടനാ പ്രതിനിധികളും അർപ്പിച്ച പൂമാലകളുടെ ഭാരത്താൽ ഞങ്ങളുടെ ശിരസ്സു കുനിഞ്ഞു പോയി.

mappilaheritagelibrary.com

എന്റെ രാഷ്ട്രീയ ജീവിതത്തിൽ അങ്ങിനെയൊരു സ്വീകരണം ഇദംപ്രഥമ മായിരുന്നു.

കേളപ്പജിയും ഡോ: കെ.ബി.മേനോനും പ്ലാറ്റ്ഫോമിൽ വെച്ചു തന്നെ ഞങ്ങൾക്കു ചില നിർദ്ദേശങ്ങൾ തന്നു. ഞങ്ങൾക്കു കടന്നു പോകേണ്ടിയി രുന്ന റോഡുകളിലെല്ലാം കർഫ്യൂ പ്രഖ്യാപിച്ചിരുന്നു. നിയമത്തെ മറികടന്നു പ്രവർത്തിക്കാതിരിക്കാനുള്ള നിർദ്ദേശമാണ് കേളപ്പജിയും ഡോ:മേനോനും തന്നത്. അപ്പോൾ അൽപം അകലെ നിൽക്കുകയായിരുന്ന ആർ.എം.മന യ്ക്കലാത്ത് എന്നെ നോക്കി അർത്ഥഗർഭമായി ചിരിക്കുന്നുണ്ടായിരുന്നു.

പ്രജാ സോഷ്യലിസ്റ്റു പാർട്ടിയുടെ പതാകയുടെ നിറമായിരുന്നു ഞങ്ങ ളുടെ യൂണിഫോം. ചുവപ്പു ട്രൗസേഴ്സ്, വെള്ള ഷർട്ട്, ചുകന്ന തൊപ്പി, നാലാളിൽ കൂടുതൽ സംഘടിച്ച് നിൽക്കുവാനോ, നടന്നു പോകുവാനോ പാടില്ലാത്തതിനാൽ നാലു പേരടങ്ങുന്ന ഗ്രൂപ്പുകളായി വിട്ടുവിട്ടാണ് ഞങ്ങൾ മുന്നോട്ടു നീങ്ങിയത്. കൊടി മടക്കി കൈയിൽ കരുതിയിരുന്നു. വി.പി.കു ഞ്ഞിരാമക്കുറുപ്പും അബുസാഹിബും ഞാനും മുമ്പിലാണ്. പിന്നിൽ വള ണ്ടിയർമാരോട് സംസാരിച്ചുകൊണ്ട് ആർ.എം.മനയ്ക്കലാത്ത് സൈക്കിളിൽ വരുന്നുണ്ടായിരുന്നു.

പെട്ടെന്ന് ഞാൻ കൊടി നിവർത്തി ഉയർത്തി മുദ്രാവാക്യം മുഴക്കി. അതേറ്റു വിളിച്ചു കൊണ്ട് മറ്റുള്ളവരും എന്റെ പിന്നിൽ അണി നിരന്നു. നിയമം ലംഘിച്ചു കൊണ്ടുള്ള പ്രകടനം ചുറുചുറുക്കോടെ മുന്നേറി. പോലീ സുകാർ ഇരുവശങ്ങളിലുമായി നിരന്നു നിന്നു. പോലീസ് കമ്മീഷണർ സുകു മാരൻ ജാഥയുടെ മുമ്പിൽ വന്നു നിന്നു നിയമം ലംഘിക്കുകയാണോ എന്നു ചോദിച്ചു. അതെ എന്ന് മനക്കലാത്ത് മറുപടി കൊടുത്തു. പോലീസ് കമ്മീ ഷണർ വയർലെസ്സ് മുഖേന ആരുമായോ സംസാരിച്ചു ഞങ്ങളുടെ നേരെ പോലീസ് നടപടിയൊന്നും എടുത്തില്ല. നിയമം ലംഘിച്ചു കൊണ്ടു തന്നെ ഞങ്ങൾ, ഡോ: കെ.ബി.മേനോൻ താമസിക്കുന്ന ക്വാർട്ടേഴ്സ് വരെ പോയി. അന്നു രാത്രി അവിടെ താമസിച്ചു.

നിയമം ലംഘിച്ച വിവരമറിഞ്ഞ് കേളപ്പജി ക്ഷുഭിതനായി. രാത്രി മുഖ്യമന്ത്രി രാജഗോപാലാചാരിയുടെ ഒരു കമ്പി സന്ദേശം ഡോ: കെ.ബി. മേനോനു കിട്ടി. നിങ്ങളുടെ ജാഥ ഏതെല്ലാം റോഡുകളിലൂടെ സഞ്ചരിക്കു മെന്ന് അറിയിക്കണം. എന്നായിരുന്നു സന്ദേശം. ആ റോഡുകളിൽ നിന്ന് കർഫ്യൂ പിൻവലിക്കുകയാണുദ്ദേശ്യം എന്നും കമ്പിസന്ദേശത്തിൽ വ്യക്ത മാക്കിയിരുന്നു. ഡോ: കെ.ബി.മേനോൻ കൊടുത്ത മറുപടി ഞങ്ങളെ കോരി ത്തരിപ്പിച്ചു. "ഏതെല്ലാം റോഡുകളിൽ കർഫ്യൂ ഉണ്ടോ, ആ റോഡുകളിലൂ ടെയെല്ലാം ഞങ്ങളുടെ ജാഥ സഞ്ചരിക്കും." ഇതു കേട്ട ഞങ്ങൾ ആവേശഭ രിതരായി മുദ്രാവാക്യം മുഴക്കി. വിപ്ലവവീര്യം ഞരമ്പുകളിൽ അഗ്നിജ്വാല കൾ ഒഴുക്കിയിരുന്ന കാലമായിരുന്നു അത്.

പിറ്റേന്നു കാലത്ത് 11 മണിക്ക് ഞങ്ങൾ സെക്രട്ടേറിയറ്റിനു മുമ്പിൽ പ്രക

mappilaheritagelibrary.com

ടനം നടത്തി. ജാഥയുടെ ഇരുവശങ്ങളിലും കനത്ത പോലീസ് കാവൽ ഉണ്ടായിരുന്നു. എങ്കിലും പോലീസുകാർ ഞങ്ങളെ തടയുകയുണ്ടായില്ല. സെക്രട്ടറിയറ്റിനുള്ളിലേക്ക് കടക്കാൻ വേണ്ടി ഗേറ്റിലേക്കു നീങ്ങിയപ്പോൾ പോലീസ് ഞങ്ങളെ തടഞ്ഞു. മുഖ്യമന്ത്രി രാജഗോപാലാചാരി, ഭക്തവൽസലം, ആർ. രാഘവമേനോൻ എന്നിവർ അവരുടെ ചേമ്പറിൽ നിന്നിറങ്ങി ജാഥയുടെ അടുത്തേക്കു വന്നു. കേളപ്പജി, ഡോ:കെ.ബി.മേനോൻ തുടങ്ങിയ നേതാക്കൻമാരെ കൂടിയാലോചനയ്ക്കു ക്ഷണിച്ചു. അവരെല്ലാം ചേമ്പറിലേക്കു പോയി. ഞങ്ങൾ ഗേറ്റിൽ നിന്ന് മുദ്രാവാക്യങ്ങൾ മുഴക്കി.

ചർച്ചയുടെ ഫലം ഞങ്ങളുടെ ഉദ്യമത്തിന്റെ വിജയമായിരുന്നു. കുടിയാൻ ബില്ലിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതാണെന്ന് മുഖ്യമന്ത്രി രാജഗോപാലാചാരി ഉറപ്പു തന്നു. ഭേദഗതി നിർദേശിക്കുവാൻ നിയോഗിതമായ കമ്മിറ്റിയിലേക്ക് നാരായണക്കുറുപ്പിനെ നോമിനേറ്റു ചെയ്തു. വിജയകാഹളം മുഴക്കിക്കൊണ്ട് ഞങ്ങൾ മറീന കടൽക്കരയിലേക്ക് നീങ്ങി. അവിടെ പൊതുയോഗം ചേർന്ന് ഞങ്ങളുടെ സമരകഥ പൊതുജനത്തിന് വിശദീകരിച്ചു കൊടുത്തു. അന്നു രാത്രി 10 മണിക്കുള്ള വണ്ടിക്കു ഞങ്ങൾ നാട്ടിലേക്ക് മടങ്ങി." (എന്റെ നാടിന്റെ കഥ, എന്റേയും. പേജ് 249-252)

കേരളത്തിൽ സോഷ്യലിസ്റ്റ് പാർട്ടിക്ക് വേരോട്ടമുണ്ടാക്കിയത് ഈ പദയാത്രയാണ്. അബു സാഹിബ് പതുക്കെ ദേശീയ നേതൃത്വത്തിലേക്ക് വളരുകയായിരുന്നു. സോഷ്യലിസ്റ്റ് പാർട്ടിയുടെ ദേശീയസമിതി അംഗമായി കേരളത്തിൽ നിന്ന് അബു സാഹിബ് തുടർച്ചയായി തെരഞ്ഞെടുക്കപ്പെട്ടു.

1979-ൽ സൗരാഷ്ട്ര (മഹാരാഷ്ട്ര) യിലെ ബുദ്ധ് പ്രദേശം പാകിസ്ഥാൻ കയ്യടക്കിയപ്പോൾ അതിനെതിരെ സോഷ്യലിസ്റ്റുപാർട്ടി നടത്തിയ സത്യാഗ്രഹം അബു സാഹിബാണ് ഉദ്ഘാടനം ചെയ്തത്. ദേശീയ നേതാവ് എന്ന നിലയിൽ ലഭിച്ച അംഗീകാരമായിരുന്നു അത്. അബുസാഹിബിനേയും സത്യാഗ്രഹസമരഭടൻമാരേയും അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. അങ്ങനെ ഒരു മാസം ബുദ്ധ് ജയിലിൽ കിടന്നു.

ബുദ്ധ് സത്യാഗ്രഹം ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ടു. മുസ്ലിം രാഷ്ട്രമായ പാകിസ്ഥാനെതിരിൽ നടന്ന സമരം ഒരു മുസ്ലിം ഉദ്ഘാടനം ചെയ്തതിലായിരുന്നു വാർത്താപ്രാധാന്യം, സോഷ്യലിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിൽ നടന്ന ബോംബെ കോർപ്പറേഷൻ തൊഴിലാളി സമരം, ബോംബെ ടാക്സി തൊഴിലാളി സമരം എന്നിവയുടെ മുൻപന്തിയിൽ അബുസാഹിബുണ്ടായിരുന്നു. ബീഹാറിലെ ധൻബാദിൽ ഖനിതൊഴിലാളികൾ നടത്തിയ സമരത്തിലും അഖിലേന്ത്യാതലത്തിൽ റെയിൽവെ തൊഴിലാളികൾ നടത്തിയ സമരത്തിലും അദ്ദേഹം നേതൃത്വപരമായ പങ്കു വഹിച്ചു. അങ്ങനെ ഒരു സോഷ്യലിസ്റ്റ് എന്ന നിലയിൽ അബുസാഹിബിന്റെ ജീവിതം സംഭവബഹുലമായി മാറി.

mappilaheritagelibrary.com

9
സോഷ്യലിസ്റ്റ് പാർട്ടി

കോൺഗ്രസ് പാർട്ടിയിൽ ഉണ്ടായിരുന്ന സോഷ്യലിസ്റ്റ് ചിന്താഗതിക്കാരുടെ നേതൃത്വത്തിൽ 1934-ൽ രൂപം കൊണ്ടതാണ് 'കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി.' കോൺഗ്രസിനുള്ളിൽ കർഷകത്തൊഴിലാളികളെ സംഘടിപ്പിച്ച് ഒരു ദേശീയ വിമോചനസമരത്തിനു സന്നദ്ധമാവണമെന്നായിരുന്നു സോഷ്യലിസ്റ്റ് ചിന്താഗതിക്കാരായ ജയപ്രകാശ് നാരായണന്റേയും കൂട്ടരുടേയും തീരുമാനം. അതിന്റെ ശ്രമഫലമായാണ് ബോംബെ ആസ്ഥാനമായി കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി നിലവിൽ വന്നത്.

ആചാര്യ നരേന്ദ്രദേവ്, ജയപ്രകാശ് നാരായണൻ, ഡോ: രാം മനോഹർ ലോഹ്യ, കമലാദേവി ചതോപാധ്യായ, അച്യുത് പടവർധൻ, എസ്.എം.ജോഷി, എൻ.ജി.ഗോറെ, എം.എൽ. ദന്ത്വാല, യൂസഫ് മെഹറലി തുടങ്ങിയ പ്രമുഖരാണ് കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തിനു പിന്നിൽ പ്രവർത്തിച്ചത്. ബോംബെയിൽ 1934-ൽ ചേർന്ന സ്ഥാപക സമ്മേളനത്തിൽ കോൺഗ്രസ് സോഷ്യലിസ്റ്റു പാർട്ടി ഇങ്ങനെ പ്രഖ്യാപിച്ചു.

"ഇന്ത്യയുടെ പൂർണ സ്വാതന്ത്ര്യമാണ് നമ്മുടെ ലക്ഷ്യം. പൂർണ സ്വാതന്ത്ര്യം എന്നതുകൊണ്ട് നാം ഉദ്ദേശിക്കുന്നത്, ബ്രിട്ടീഷ് സാമ്രാജ്യത്വത്തിൽ നിന്നുള്ള ഇന്ത്യയുടെ വിമോചനവും സോഷ്യലിസ്റ്റ് സമുദായത്തിന്റെ സംസ്ഥാപനവുമാണ്."

സമ്മേളനം അംഗീകരിച്ച സാമ്പത്തിക പുനർനിർമ്മാണ രൂപരേഖ ഇങ്ങനെ ആവശ്യപ്പെട്ടു.

"അധ്വാനിക്കുന്ന വിഭാഗങ്ങൾക്കുള്ള പൂർണാധികാരം, സാമ്പത്തികാസൂത്രണം, അടിസ്ഥാനവ്യവസായങ്ങളുടെ ദേശസാൽക്കരണം, വിദേശവ്യാപാരത്തിന്റെ മേൽ സർക്കാരിന്റെ നിയന്ത്രണം, പ്രതിഫലമില്ലാതെത്തന്നെ ജൻമിത്തത്തിന്റേയും, നാടുവാഴിത്തത്തിന്റേയും നിർമ്മാർജ്ജനം, ഭൂമിയുടെ പുനർവിതരണം, സഹകരണ- കൂട്ടുകൃഷി സമ്പ്രദായം."

സോഷ്യലിസ്റ്റ് പാർട്ടി രൂപീകരണത്തിന് നേതൃത്വം നൽകിയവരിൽ ഇന്ന് ജീവിച്ചിരിക്കുന്ന ഇതിഹാസസമാനമായ വ്യക്തിത്വമാണ് ജോർജ്ജ് ഫെർണാണ്ടസ്.

സ്വാതന്ത്ര്യസമര സേനാനി, സോഷ്യലിസ്റ്റ് നേതാവ്, വിപ്ലവകാരി, ഭൂദാന

mappilaheritagelibrary.com

പ്രസ്ഥാന നായകൻ, സർവോദയാംഗം, 1974-ൽ ബീഹാർ സർവകലാശാലാ വിദ്യാർത്ഥികൾ 'ചരാത്രസംഘർഷ സമിതി' യിലൂടെ നടത്തിയ പ്രക്ഷോഭത്തിന്റെ ശില്പി, 1977-ലെ ജനതാ പ്രസ്ഥാനത്തിന്റെ സൂത്രധാരൻ, 1972-ൽ ചമ്പൽക്കൊള്ളക്കാരൻ മാധവ് സിംഗും കൂട്ടരും ആയുധം വെച്ച് കീഴടങ്ങാൻ പ്രേരിപ്പിച്ച വ്യക്തി, എന്നീ നിലകളിൽ ദേശീയ രാഷ്ട്രീയത്തിൽ ശ്രദ്ധേയനായ നേതാവാണ് ജെ.പി.എന്നറിയപ്പെടുന്ന ജയപ്രകാശ് നാരായണൻ.

ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ 1934-ൽ പാറ്റ്നയിൽ ചേർന്ന യോഗം കോൺഗ്രസിനകത്ത് സോഷ്യലിസ്റ്റ് ചായ്വുള്ള സംഘടന കെട്ടിപ്പടുക്കാൻ തീരുമാനിച്ചപ്പോൾ അതിനാവശ്യമായ രൂപരേഖ അവതരിപ്പിച്ചത് ഡോ:രാം മനോഹർ ലോഹ്യയാണ്. ഡോ:ലോഹ്യയുടെ പത്രാധിപത്യത്തിൽ കൽക്കത്തയിൽ നിന്ന് 'കോൺഗ്രസ് സോഷ്യലിസ്റ്റ്' എന്ന മുഖപത്രം പ്രസിദ്ധീകരിച്ചു. ഇതിന്റെ പ്രസാധനം പിന്നീട് മുംബൈയിൽ നിന്നായി. അശോകമേത്തയായിരുന്നു പത്രാധിപർ.

രണ്ടാം ലോകയുദ്ധത്തെ സാമ്രാജ്യത്വയുദ്ധമായി കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി പ്രഖ്യാപിച്ചു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചുവെങ്കിലും അത് ഫലപ്രദമായി വിനിയോഗിക്കുന്നില്ലെന്ന അഭിപ്രായമുള്ളതിനാൽ നെഹ്റു സർക്കാരിന്റെ നയപരിപാടികളെ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി നിശിതമായി വിമർശിച്ചു മറ്റു രാഷ്ട്രീയ സംഘടനകളിൽ പെട്ടവർ കോൺഗ്രസിൽ അംഗമായിക്കൂടെന്ന പ്രമേയം കോൺഗ്രസ് പാർട്ടി അംഗീകരിച്ചപ്പോൾ സോഷ്യലിസ്റ്റുപാർട്ടിക്കാർ ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ നിന്നു പുറത്തായി. 'കോൺഗ്രസ്' എന്ന പദം മാറ്റി സോഷ്യലിസ്റ്റ് പാർട്ടി എന്ന പേരിൽ സ്വതന്ത്രകക്ഷിയായി. 1948-ൽ കാൺപൂർ സമ്മേളനത്തിൽ വെച്ചാണ് ഈ രൂപമാറ്റം സംഭവിച്ചത്.

1934 മുതൽ 1945 വരെ കോൺഗ്രസ് ജനറൽ സെക്രട്ടറിയായും 1945ൽ പ്രസിഡന്റായും പ്രവർത്തിച്ച ആചാര്യ കൃപലാനി 1947-ൽ നടന്ന എ.ഐ.സി.സി. സമ്മേളനത്തിൽ രാജി വെച്ചു. ഭരണനേതൃത്വത്തേക്കാൾ പാർട്ടി നേതൃത്വത്തിനു പ്രാധാന്യം നൽകണമെന്ന കൃപലാനിയുടെ വാദം ജവഹർലാൽ നെഹ്റുവും സർദാർ പട്ടേലും നിരാകരിച്ചതാണ് രാജിക്ക് ആധാരം. 1951-ൽ അദ്ദേഹം കിസാൻ മസ്ദൂർ പ്രജാ പാർട്ടി രൂപീകരിച്ചു.

കിസാൻ മസ്ദൂർ പ്രജാ പാർട്ടിയുടെ രൂപീകരണത്തെപ്പറ്റി ശ്രീ.പി.ആർ. കുറുപ്പ് തന്റെ ആത്മകഥയിൽ എഴുതി. "കർഷകത്തൊഴിലാളികളുടെ താൽപ്പര്യങ്ങളും പ്രശ്നങ്ങളും സംരക്ഷിക്കുന്നതിനും പരിഹരിക്കുന്നതിനും കോൺഗ്രസ് സർക്കാരോ, കോൺഗ്രസ് സംഘടനയോ പരിശ്രമിക്കുന്നില്ല എന്നും, സംഘടനയുടെ അഭിപ്രായം ആരാഞ്ഞു കൊണ്ടുള്ള ആശയരൂപവൽകരണമല്ല ഭരണതലത്തിൽ നടക്കുന്നതെന്നുമുള്ള പ്രമുഖരായ ചില നേതാക്കൻമാരുടെ അഭിപ്രായമാണ് കിസാൻ മസ്ദൂർ പ്രജാ പാർട്ടിയുടെ രൂപവൽക്കരണത്തിന്റെ അടിസ്ഥാനശില.

mappilaheritagelibrary.com

പ്രൊഫ: എൻ.ജി.രങ്ക, കർഷകരുടെ ഉന്നമനത്തിനും ഭൂമിയുടെ ഉടമസ്ഥ താസ്ഥിരീകരണത്തിനും വേണ്ടി കോൺഗ്രസ് പ്രവർത്തിക്കണമെന്ന് ശക്തി യായി വാദിച്ചിരുന്നു. അത്തരമൊരു നീക്കത്തിലൂടെ മാത്രമേ ജന്മിത്വം അവ സാനിപ്പിക്കാൻ കഴിയൂ എന്നായിരുന്നു പ്രൊഫ: രങ്കയുടെ വാദം. അദ്ദേഹ ത്തിന്റെ 'Kisan Speaks' (കർഷകൻ സംസാരിക്കുന്നു) എന്ന ഗ്രന്ഥം ഈ വാദഗതിയെ സവിസ്തരം പ്രതിപാദിച്ചു ന്യായീകരിക്കുന്നതും കോൺഗ്ര സിന്റെ ആദ്യകാല പുരോഗമനവീക്ഷണം വെളിപ്പെടുത്തുന്നതുമായിരുന്നു.

ഭരണകൂടത്തിൽ കയറിയതിനു ശേഷം കോൺഗ്രസ് നയിക്കപ്പെട്ടത് കുത്തകശക്തികളുടെ താൽപര്യത്തിനനുസൃതമായാണ്. സംഘടനയുടെ തീരുമാനങ്ങൾ ഭരണതലത്തിൽ നിരാകരിക്കപ്പെട്ടു. ഈ വസ്തുതകളെല്ലാം നിരത്തിവെച്ചുകൊണ്ട് പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഒരു കപട സോഷ്യലിസ്റ്റാണെന്ന് ആചാര്യ കൃപലാനിയും മറ്റും വാദിച്ചു. ഇതേ തുടർന്നാണ് കിസാൻ മസ്ദൂർ പ്രജാ പാർട്ടി രൂപവൽകരിക്കപ്പെട്ടത്." (എന്റെ നാടിന്റെ കഥ, എന്റേയും. പേജ് 231)

പ്രജാപാർട്ടിയുടെ രൂപീകരണത്തെപ്പറ്റി 'ചന്ദ്രിക' യുടെ മുഖപ്രസംഗം ഇങ്ങനെയായിരുന്നു. "പ്രജാപാർട്ടിയുടെ ജനനം തന്നെ ഒരു പ്രത്യേക പരി സ്ഥിതിയിലാണല്ലോ. കോൺഗ്രസ് പ്രസിഡന്റാവാൻ സാധിക്കാത്ത കൃപ ലാനി, മദിരാശി പ്രധാനമന്ത്രി സ്ഥാനത്തു നിന്ന് പുറന്തള്ളപ്പെട്ട പ്രകാശം, കെ.പി.സി.സി. അധ്യക്ഷസ്ഥാനത്തു നിന്ന് ഇറക്കപ്പെട്ട കേളപ്പൻ തുടങ്ങി ഉദ്യോഗം നഷ്ടപ്പെട്ട ചില നൈരാശ്യക്കോമരങ്ങളുടെ പരസ്പരസഹായമെ ന്നതിൽ കവിഞ്ഞ ഒരു വ്യക്തിത്വവും ഞങ്ങളതിൽ കാണുന്നില്ല;" (02.06.1952)

1952-ലെ തെരഞ്ഞെടുപ്പിൽ സോഷ്യലിസ്റ്റു പാർട്ടിയും കർഷക മസ്ദൂർ പ്രജാപാർട്ടിയും സഹകരിച്ച് മത്സരിച്ചുവെങ്കിലും 12 സീറ്റു മാത്രമേ ലഭി ച്ചുള്ളൂ. അന്നത്തെ രാഷ്ട്രീയ കാലാവസ്ഥയിൽ ഇരുപാർട്ടികളും ലയിക്കാൻ തീരുമാനിച്ചു. അങ്ങനെ 1952 സെപ്തംബർ 26-ന് പ്രജാസോഷ്യലിസ്റ്റ് പാർട്ടി (പി.എസ്.പി) നിലവിൽ വന്നു. 1954-ൽ ആചാര്യ കൃപലാനി പി.എസ്.പി. യിൽ നിന്ന് രാജി വെച്ചു. 1955-ൽ ഡോ:ലോഹ്യ പി.എസ്.പിയിൽ നിന്ന് രാജി വെച്ച് വീണ്ടും 'സോഷ്യലിസ്റ്റ് പാർട്ടി'ക്ക് രൂപം നൽകി. 1964 ജൂൺ 7ന് ലോഹ്യയുടെ സോഷ്യലിസ്റ്റു പാർട്ടിയും, പി.എസ്.പിയും ലയിച്ച് 'സംയുക്ത സോഷ്യലിസ്റ്റ് പാർട്ടി' (എസ്.എസ്.പി) യായി.

സോഷ്യലിസ്റ്റ് പാർട്ടിക്ക് ദേശീയതലത്തിൽ ഉണ്ടായ ഈ പരിണാമങ്ങൾ മലബാറിലും കേരളത്തിലും പ്രകടമായിരുന്നു. പാറ്റ്നയിൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചപ്പോൾ അഖിലേന്ത്യാ കെ.പി.സി.സി. സെക്രെ ട്ടറിയുമായിരുന്ന ഇ.എം.എസ്.നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള സംഘ മാണ് പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചത്.

1914-ൽ എൻ.എസ്.എസ്.സ്ഥാപക പ്രസിഡന്റ്, 1924-ലെ വൈക്കം സത്യാ ഗ്രഹം, 1930-ലെ ഉപ്പു സത്യാഗ്രഹം, 1932-ലെ ഗുരുവായൂർ സത്യാഗ്രഹം

mappilaheritagelibrary.com

എന്നിവയുടെ നായകൻ, 1948-ൽ മലബാർ ഡിസ്ട്രിക്ട്ബോർഡ് പ്രസിഡന്റ്, 1945 മുതൽ 1950 വരെ കെ.പി.സി.സി.പ്രസിഡന്റ്, എ.ഐ.സി.സി അംഗം എന്നീ നിലകളിൽ അഗ്രഗണ്യനും ഗാന്ധിയനുമായ കെ.കേളപ്പൻ 1951-ൽ കോൺഗ്രസിൽ നിന്ന് രാജിവെച്ചു. സ്വാതന്ത്ര്യലബ്ധിക്കും ഗാന്ധിജിയുടെ മരണത്തിനും ശേഷം കോൺഗ്രസിനു പ്രസക്തിയില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. 1952-ൽ ആചാര്യ കൃപലാനിയോടൊപ്പം കിസാൻ മസ്ദൂർ പ്രജാപാർട്ടിയുടെ നേതൃത്വത്തിലേക്കു വന്നു. 1952-ൽ പൊന്നാനിയിൽ നിന്ന് ശ്രീ.കെ.കേളപ്പൻ ലോക്സഭാംഗമായി. 1953-ൽ പ്രജാ സോഷ്യലിസ്റ്റു പാർട്ടി കേരളത്തിൽ രൂപീകരിച്ചപ്പോഴും അദ്ദേഹം നേതൃരംഗത്തുണ്ടായിരുന്നു.

1938-ൽ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് പ്രസിഡന്റും 1948-ൽ തിരുവിതാംകൂർ പ്രധാനമന്ത്രിയും ആയിരുന്ന പട്ടം താണുപിള്ള കോൺഗ്രസുമായി തെറ്റി പി.എസ്.പി.യിൽ ചേർന്നു. 1960-ൽ ശ്രീ.പട്ടം താണുപിള്ള പി.എസ്.പി. നേതാവ് എന്ന നിലയിലാണ് കേരളത്തിന്റെ മുഖ്യമന്ത്രിയായത്.

കേരളത്തിലെ സോഷ്യലിസ്റ്റ് പാർട്ടിയുടെ രാഷ്ട്രീയനയങ്ങളെപ്പറ്റിയും മുന്നണി ബന്ധങ്ങളെപ്പറ്റിയും മുൻമന്ത്രിയും സോഷ്യലിസ്റ്റു നേതാവുമായ ശ്രീ.പി.ആർ.കുറുപ്പ് എഴുതി. "1953-ലാണ് മലബാർ ഉൾപ്പെടെയുള്ള മദ്രാസ് സംസ്ഥാനത്തിൽ നിയമസഭാ തെരഞ്ഞെടുപ്പ് നടന്നത്. അപ്പോഴേക്കും സോഷ്യലിസ്റ്റു പാർട്ടിയും മുസ്ലിംലീഗും വളരെ അടുത്തു കഴിഞ്ഞിരുന്നു. തെരഞ്ഞെടുപ്പിൽ ഇരുകക്ഷികളും യോജിച്ചു മത്സരിക്കുവാൻ മിക്കവാറും തീരുമാനമായി.

ലീഗുമായുള്ള സഖ്യത്തെ കോൺഗ്രസും, കമ്മ്യൂണിസ്റ്റ് പാർട്ടിയും ഒരുപോലെ എതിർത്തു. കമ്മ്യൂണിസ്റ്റു പാർട്ടിക്കുണ്ടായിരുന്ന നിരോധം അപ്പോഴേക്കും പിൻവലിക്കപ്പെട്ടിരുന്നു. കമ്മ്യൂണിസ്റ്റു പാർട്ടിയുമായി കൂട്ടുചേർന്നാൽ മാത്രമേ കോൺഗ്രസിനെ പരാജയപ്പെടുത്താനാവൂ എന്ന വാദത്തിലുറച്ചു നിൽക്കുകയായിരുന്നു പ്രജാപാർട്ടി.

ലീഗിനെ കൂടാതെ സോഷ്യലിസ്റ്റു പാർട്ടിയുമായി സഖ്യം ചെയ്യുവാൻ കമ്മ്യൂണിസ്റ്റു പാർട്ടി തയ്യാറായി. ലീഗ് വർഗീയ കക്ഷിയാണെന്നായിരുന്നു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ വാദം. എന്നാൽ കമ്മ്യൂണിസ്റ്റു പാർട്ടിയുമായോ കോൺഗ്രസുമായോ യോജിക്കുവാൻ സോഷ്യലിസ്റ്റു പാർട്ടി ഇഷ്ടപ്പെട്ടില്ല. ലീഗിനെ ഉപേക്ഷിക്കുവാനും തയ്യാറായില്ല.

പ്രജാപാർട്ടിയും കമ്മ്യൂണിസ്റ്റു പാർട്ടിയും യോജിച്ച് ഐക്യമുന്നണിയുണ്ടാക്കി. മുസ്ലിംലീഗുമായുള്ള സോഷ്യലിസ്റ്റു പാർട്ടിയുടെ ഐക്യത്തെ പാർട്ടിയിലെ മുസ്ലിം പ്രവർത്തകർ എതിർത്തു. എങ്കിലും ഐക്യശ്രമം പ്രായോഗികമായി. ഈ സഖ്യം പിന്നീട് മുസ്ലിംലീഗുമായി ബന്ധപ്പെടുവാൻ മറ്റു പാർട്ടിക്കാർക്ക് ഒരു പ്രചോദനമായിത്തീർന്നു. (പേജ് 226, 227)

"ഡോ: കെ.ബി.മേനോന്റെ അതുല്യ വ്യക്തിത്വവും സഹകരണ സന്ന

mappilaheritagelibrary.com

ദ്ധതയും കാരണം സോഷ്യലിസ്റ്റു പാർട്ടി പ്രജാപാർട്ടിയുമായി കൂടുതലടുത്തു. ഇരുപാർട്ടികളും ലയിക്കുവാനുള്ള സാധ്യത തെളിഞ്ഞു വന്നു. കമ്മ്യൂണിസ്റ്റുപാർട്ടിയുമായുള്ള പ്രജാപാർട്ടിയുടെ ബന്ധത്തിൽ വിള്ളൽ വീണു തുടങ്ങിയിരുന്നു.

കോഴിക്കോട് ടൗൺ ഹാളിൽ വെച്ച് മലബാറിലെ ഇരുപാർട്ടികളുടേയും പ്രവർത്തകരുടെ ഒരു യോഗം ചേർന്നു. കേളപ്പജിയായിരുന്നു യോഗത്തിൽ അധ്യക്ഷത വഹിച്ചത്. ലയന-പ്രഖ്യാപനം നടത്തുവാനുള്ള ആദ്യയോഗമായിരുന്നു അത്.

പ്രജാ-സോഷ്യലിസ്റ്റ് ലയനം അംഗീകരിക്കുവാൻ കൂട്ടാക്കാത്ത ചില നേതാക്കൻമാർ പാർട്ടി വിട്ടു പോയി. അവർ പ്രത്യേകം സോഷ്യലിസ്റ്റുപാർട്ടി ഉണ്ടാക്കി. എം.പി.വീരേന്ദ്രകുമാറും, കെ.കെ.അബുവുമായിരുന്നു ലയനത്തെ എതിർത്ത് പ്രത്യേകം പാർട്ടി രൂപീകരിച്ചവരിൽ പ്രമുഖർ." (പേജ് 232)

സോഷ്യലിസ്റ്റുപാർട്ടികളുടെ ഈ രൂപമാറ്റത്തെ ജ:റഹീം മേച്ചേരി ഇങ്ങനെ വിലയിരുത്തുന്നു. "പണ്ട് കിസാൻ മസ്ദൂർ പ്രജാപാർട്ടിയും, ഇന്ത്യൻ സോഷ്യലിസ്റ്റ് പാർട്ടിയും ചേർന്ന് പി.എസ്.പിയുണ്ടാക്കി. പി.എസ്.പി.യിൽ നിന്ന് ഡോ: ലോഹ്യ പിരിഞ്ഞ് വീണ്ടും എസ്.പി.യുണ്ടായി. പി.എസ്.പി.യും എസ്.പി.യും ചേർന്ന് മഹത്തായ സോഷ്യലിസ്റ്റ് ഐക്യം ഉടലെടുത്തു, 'സംയുക്ത സോഷ്യലിസം'. 'സംയുക്ത' ത്തിന്റെ കണ്ണുവെട്ടിച്ച് എച്ർ.വി. കാമത്തും കൂട്ടുകാരും പുറത്തു കടന്ന് വീണ്ടും പി.എസ്.പി.യായി. ദേശീയ സംയുക്തം, കേരള സംയുക്തവുമായി പിണങ്ങി. എൻ.എസ്.എസ്.പിയും, കെ.എസ്.എസ്.പിയുമായി. 'കെ' പിന്നീട് 'ഐ' ക്ക് വഴി മാറിക്കൊടുത്തു. അബുവും കുറുപ്പും കണ്ടാൽ മിണ്ടാത്ത എതിരാളികളായി. മാർക്സിസ്റ്റ് മധ്യസ്ഥന്റെ സാന്നിധ്യത്തിൽ എസ്.എസ്.പിയും, ഐ.എസ്.പിയും ഒന്നു കൂടെ ഒത്തു ചേർന്നു. കുറുപ്പും, അബുവും തോളിൽ കൈയിട്ടു പാടി. 'ഇരുമെയ്യാണെങ്കിലും നമ്മളൊറ്റ...' ഇതിനു മുമ്പ് ശേഷനെ തഴയാനുള്ള കുറുപ്പ്-കുഞ്ഞു അച്ചുതണ്ട് മൂലം മഹത്തായ ഇന്ത്യൻ സോഷ്യലിസം അമീബയെപ്പോലെ ഒന്നു കൂടെ പിളർന്നു. പഴയ പി.എസ്.പിയുടെ തലയും, ഐ.എസ്.പി.യിൽ നിന്ന് പിളർന്ന വാലും ചേർന്നു ശേഷൻ ഗോപാലപിള്ള എസ്.പി.യായി. ഇപ്പോഴിതാ വീണ്ടും എസ്.പി.കൾ ഒരു ഷോ കൂടി പ്രദർശിപ്പിക്കാൻ സന്നദ്ധരായിരിക്കുന്നു.

അനുഭവത്തിൽ നിന്നു പാഠം ഉൾക്കൊള്ളാത്ത പാർട്ടികളാണീ എസ്.പി.കൾ. 62-ൽ ലീഗിനെ തള്ളി നീക്കാനുള്ള കോൺഗ്രസ് നേതൃത്വത്തിന്റെ ഹീനവും നീചവുമായ കുതന്ത്രങ്ങൾക്ക് കേവലം രണ്ടു മന്ത്രി സ്ഥാനങ്ങൾക്ക് വേണ്ടി അരു നിന്നതു മുതൽക്കാണ് കേരളത്തെ സംബന്ധിച്ചിടത്തോളം ഈ എസ്.പികളുടെ ശനിദശയാരംഭിക്കുന്നത്. 57-ൽ മുസ്ലിംലീഗുമായുള്ള ഐക്യം ജീവൻ നൽകിയ പി.എസ്.പി, 62-ൽ ലീഗിനെ തള്ളി മാറ്റാനുള്ള കോൺഗ്രസിന്റെ ജുഗുപ്സാവഹമായ നീക്കത്തെ പിന്തുണച്ചു. ഏറെത്താ

mappilaheritagelibrary.com

മസിയാതെ പി.എസ്.പിക്കും അനുഭവം ലീഗിന്റേതു തന്നെയായിരുന്നു. ലീഗിനെ കൈവിട്ട ദുർബ്ബല നിമിഷത്തെയോർത്ത് അന്ന് ചന്ദ്രശേഖരനും പോറ്റിയും ദുഃഖിച്ചിട്ടുണ്ടാവും." (തെരഞ്ഞെടുത്ത ലേഖനങ്ങൾ, പേജ് 384)

1957 ലെ ഒന്നാം കേരള നിയമസഭാ തെരഞ്ഞെടുപ്പിൽ മുസ്‌ലിം ലീഗും സോഷ്യലിസ്റ്റുപാർട്ടിയും ഒന്നിച്ചാണ് മത്സരിച്ചത്. പി.എസ്.പിക്കു വേണ്ടി ഡോ:കെ.ബി.മേനോനും, മുസ്‌ലിം ലീഗിനു വേണ്ടി കെ.എം.സീതി സാഹിബും രേഖകളിൽ ഒപ്പു വെച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്ന തെരഞ്ഞെടുപ്പിൽ മുസ്‌ലിംലീഗിന് എട്ടും സോഷ്യലിസ്റ്റ് പാർട്ടിക്ക് ഒമ്പതും സീറ്റുകൾ ലഭിച്ചു.

വിമോചനസമരത്തിനു ശേഷം 1960-ൽ നടന്ന തെരഞ്ഞെടുപ്പിലും മുസ്‌ലിംലീഗും സോഷ്യലിസ്റ്റു പാർട്ടിയും ഒന്നിച്ചു മത്സരിച്ചു. കോൺഗ്രസും പ്രസ്തുത മുന്നണിയുടെ ഭാഗമായി. കോൺഗ്രസിന് 63, പി.എസ്.പിക്ക് 20, മുസ്‌ലിംലീഗിന് 11 സീറ്റുകൾ വീതം ലഭിച്ചു. ഒന്നിച്ചു മത്സരിക്കുകയും ജയിക്കുകയും ചെയ്തവർ ഒന്നിച്ചു ഭരിക്കണമെന്ന ജനാഭിലാഷം അട്ടിമറിക്കപ്പെട്ടു. മുസ്‌ലിംലീഗിനെ മന്ത്രിസഭയിലെടുക്കാൻ കോൺഗ്രസ് വിമുഖത കാണിച്ചു. സ്പീക്കർ സ്ഥാനം മാത്രം സ്വീകരിച്ചുകൊണ്ട് പി.എസ്.പിയെ മുഖ്യമന്ത്രി സ്ഥാനത്തേക്ക് മുസ്‌ലിംലീഗ് നിർദേശിച്ചു. അങ്ങനെ പി.എസ്.പി. ചെയർമാൻ പട്ടം താണുപിള്ള മുഖ്യമന്ത്രിയായി.

1962-ൽ നടന്ന രണ്ടാം പൊതു തെരഞ്ഞെടുപ്പിൽ ആകെയുള്ള 18 ലോക്സഭാ സീറ്റിൽ കോൺഗ്രസ് 14 ഉം, പി.എസ്.പി 4 ഉം സീറ്റുകൾ പങ്കിട്ടെടുത്തു. മുസ്‌ലിംലീഗിന് മത്സരിക്കാൻ ഒന്നു പോലും ലഭിച്ചില്ല. ഈ സാഹചര്യത്തിൽ കോൺഗ്രസുമായുള്ള രാഷ്ട്രീയസഖ്യം മുസ്‌ലിംലീഗ് അവസാനിപ്പിച്ചു. 1957-ൽ പി.എസ്.പി. പിന്തുണയോടെ മത്സരിച്ചപ്പോൾ ഒരു ലോക്സഭാംഗത്തെ മാത്രം ലഭിച്ച മുസ്‌ലിംലീഗ് 1962-ൽ ഒറ്റക്കു മത്സരിച്ച് രണ്ട് ലോക്സഭാംഗങ്ങളെ വിജയിപ്പിച്ചു. മഞ്ചേരിയിൽ ഖാഇദെമില്ലത്തും കോഴിക്കോട് സി.എച്ച്.മുഹമ്മദ്കോയാ സാഹിബും.

പി.എസ്.പിയിൽ ഉണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് 1962 സെപ്തംബർ 25-ന് പട്ടം താണുപിള്ള മുഖ്യമന്ത്രിസ്ഥാനം രാജി വെച്ചു. പട്ടം പഞ്ചാബ് ഗവർണരായി നിയമിക്കപ്പെട്ടു. പകരം ആർ.ശങ്കർ മുഖ്യമന്ത്രിയായി. ശ്രീ. പി.ടി.ചാക്കോയുടെ നേതൃത്വത്തിൽ കോൺഗ്രസ് പിളർന്നു. 1964 സെപ്തംബർ 8ന് പി.കെ.കുഞ്ഞുസാഹിബ് അവതരിപ്പിച്ച അവിശ്വാസ പ്രമേയം പാസ്സായതിനെത്തുടർന്ന് ആർ.ശങ്കർ മുഖ്യമന്ത്രിസ്ഥാനം രാജി വെച്ചു. കേരളം വീണ്ടും പൊതുതെരഞ്ഞെടുപ്പിലേക്ക് ആനയിക്കപ്പെട്ടു.

mappilaheritagelibrary.com

10
നിയമസഭയിൽ

1965 മാർച്ച് 4ന് കേരള നിയമസഭയിലേക്ക് തെരഞ്ഞെടുപ്പ് നടന്നു. അബു സാഹിബ് കന്നിയങ്കത്തിന് ഒരുങ്ങി. സോഷ്യലിസ്റ്റ് പാർട്ടിയുടെ സ്ഥാനാർത്ഥി യായി കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ നിന്നാണ് അദ്ദേഹം ജനവിധി തേടിയത്. ഡോ: രാം മനോഹർ ലോഹ്യയാണ് തെരഞ്ഞെടുപ്പ് പ്രചരണം ഉദ്ഘാടനം ചെയ്തത്. 1964-ൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ പിളർപ്പിനെത്തു ടർന്ന് രൂപപ്പെട്ട മാർക്സിസ്റ്റു പാർട്ടിയും, സോഷ്യലിസ്റ്റു പാർട്ടിയും, പി.എ സ്.പിയും ലയിച്ചുണ്ടായ സംയുക്തസോഷ്യലിസ്റ്റു പാർട്ടിയും, ആർ.എസ്. പി. ഇവ ചേർന്ന് ഒരു മുന്നണിയായാണ് മത്സരിച്ചത്. കമ്യൂണിസ്റ്റ് പാർട്ടി യും, കോൺഗ്രസും ഒറ്റക്കും, മുസ്ലിംലീഗും പുതുതായി നിലവിൽ വന്ന കേരള കോൺഗ്രസും ഒന്നിച്ചുമാണ് തെരഞ്ഞെടുപ്പിനെ നേരിട്ടത്. എന്നാൽ മുസ്ലിംലീഗും എസ്.എസ്.പിയും തമ്മിൽ ചില മണ്ഡലങ്ങളിൽ സഹകരി



കൂത്തുപറമ്പിൽ 1965-ൽ കെ.കെ.അബുസാഹിബിന്റെ തെരഞ്ഞെടുപ്പ് പ്രചരണം ഡോ.റാം മനോഹർ ലോഹ്യ ഉദ്ഘാടനം ചെയ്യുന്നു.

mappilaheritagelibrary.com

ക്കാമെന്ന ധാരണയുണ്ടായിരുന്നു. മാർക്സിസ്റ്റ് മുന്നണിയിലെ ഘടകകക്ഷിയായ എസ്.എസ്.പിക്ക് മുസ്ലിംലീഗിന്റെ വോട്ടുകൾ ലഭിക്കാൻ ഈ ധാരണ കാരണമായി. വരാനിരിക്കുന്ന ഒരു ബന്ധത്തിന്റെ സൂചനയായിരുന്നു ഈ ധാരണ.

എസ്.എസ്.പിയുടെ പ്രതിനിധിയായി കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ മത്സരിച്ച കെ.കെ.അബുസാഹിബിനെ മുസ്ലിംലീഗ് പിന്തുണച്ചു എന്നാൽ തൊട്ടടുത്ത പെരിങ്ങളം നിയോജകമണ്ഡലത്തിൽ നിന്ന് മത്സരിച്ച എസ്.എസ്.പി.സ്ഥാനാർത്ഥി പി.ആർ.കുറുപ്പിനെ പിന്തുണച്ചതുമില്ല. ഇത് കുറുപ്പിനെ ക്ഷുഭിതനാക്കുകയും രാഷ്ട്രീയ കേരളം അതിന്റെ ഇരയാവുകയും ചെയ്തു.

കൂത്തുപറമ്പിൽ അബുസാഹിബിന്റെ പ്രധാന എതിരാളി കോൺഗ്രസിലെ എം.പി.മൊയ്തുഹാജിയായിരുന്നു. അബുസാഹിബിന് 26,498 വോട്ടും എം.പി.മൊയ്തു ഹാജിക്ക് 20416 വോട്ടും ലഭിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാനാർത്ഥിയായി മത്സരിച്ച എൻ.ഇ.ബാലറാമിന് 3876 വോട്ടാണ് ലഭിച്ചത്. 6082 വോട്ടുകളുടെ ഭൂരിപക്ഷത്തോടെ അബു സാഹിബ് വിജയിച്ചു. കന്നിയങ്കത്തിൽത്തന്നെ ഉജ്വലവിജയം! പക്ഷെ നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടും നിയമസഭാംഗമാകാൻ അബുസാഹിബിന് ഭാഗ്യമുണ്ടായില്ല.

തീർത്തും നിരാശാജനകമായ ജനവിധിയാണ് പ്രസ്തുത തെരഞ്ഞെടുപ്പിൽ ഉണ്ടായത്. ഭരണകക്ഷിയായ കോൺഗ്രസിന് 35 സീറ്റുകൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. കോൺഗ്രസേതര കക്ഷികൾക്ക് മൊത്തത്തിൽ 97 സീറ്റുകൾ കിട്ടി. മന്ത്രിസഭയുണ്ടാക്കാൻ ആർക്കും വ്യക്തമായ ഭൂരിപക്ഷമുണ്ടായില്ല. സമവായത്തിലൂടെ പുതിയ സാധ്യതകൾ തേടി പലരും രംഗത്തു വന്നെങ്കിലും ചിലരുടെ പിടിവാശി മൂലം അത് ലക്ഷ്യം കണ്ടില്ല. അങ്ങനെ ഒരിക്കൽ പോലും സമ്മേളിക്കാനാവാതെ നിയമസഭ പിരിച്ചു വിട്ടു.

ജനഹിതമനുസരിച്ച് ഒരു മന്ത്രിസഭ രൂപീകരിക്കാനുള്ള സാധ്യതകൾ തകർക്കുന്നതിൽ നിർണായക പങ്കു വഹിച്ച ശ്രീ.പി.ആർ.കുറുപ്പ് തന്റെ ആത്മകഥയിൽ ഈ സാഹചര്യം വിശദീകരിക്കുന്നത് ഇങ്ങനെയാണ്. 'കോൺഗ്രസ്, മുസ്ലിംലീഗ്, എസ്.എസ്.പി.കേരള കോൺഗ്രസ് കക്ഷികൾ ചേർന്ന് ഒരു കൂട്ടുമന്ത്രിസഭ രൂപവൽകരിക്കാനുള്ള ശ്രമം പി.കെ.കുഞ്ഞുസാഹിബ് ഇതിനകം ആരംഭിച്ചു കഴിഞ്ഞിരുന്നു. ഞാൻ ഈ ശ്രമത്തെ കഠിനമായെതിർത്തു. പാർട്ടിയുടെ അന്തസ്സിനേയും ആത്മവീര്യത്തേയും നശിപ്പിക്കുന്ന ഒരു നീക്കമായിരിക്കും അതെന്ന് ഞാൻ പറഞ്ഞു. യോഗത്തിൽ ഈ പ്രശ്നം വാദപ്രതിവാദത്തിനിടയാക്കി. ഒടുവിൽ ഭൂരിപക്ഷം എന്റെ അഭിപ്രായത്തെ അനുകൂലിച്ചു. ഗവർണറെ കണ്ട് സംസാരിക്കുവാൻ എന്നേയും കെ.ചന്ദ്രശേഖരനേയും അധികാരപ്പെടുത്തി. ചന്ദ്രശേഖരൻ എന്റെ അഭിപ്രായത്തെ അനുകൂലിച്ചിരുന്നു. അന്നു തന്നെ ഞങ്ങൾ തിരുവനന്തപുരത്തേക്ക് യാത്രയായി. സ: അരങ്ങിൽ ശ്രീധരനും ഞങ്ങളോടൊപ്പമുണ്ടായിരുന്നു.

mappilaheritagelibrary.com

ഞങ്ങൾ എത്തും മുമ്പു തന്നെ കുഞ്ഞു സാഹിബ് തിരുവനന്തപുരത്ത് എത്തിയിരുന്നു. ഒരു അവസാന ശ്രമം കൂടി നടത്തുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അദ്ദേഹം ആവശ്യപ്പെട്ടതു പ്രകാരം ഞാനും ചന്ദ്രശേഖരനും അരങ്ങിൽ ശ്രീധരനും സ: ഇ.എം.എസിനെ കണ്ടു. ഇ.എം.എസ്.ഞങ്ങളെ കാത്തിരിക്കുകയായിരുന്നുവെന്ന് മനസ്സിലായി. കുശലാന്വേഷണത്തിനു ശേഷം ഇ.എം.എസ്.പ്രശ്നത്തിലേക്ക് കടന്നു.

"ഞങ്ങളുടെ ആളുകളെല്ലാം ജയിലിലാണ്. ഒരു ഗവൺമെന്റ് ഇവിടെ ഇല്ലാതെ പോകുന്നതിലും വിഷമമുണ്ട്. ജയിലിലുള്ളവർ പുറത്തുവരാതെ നമുക്ക് ഭൂരിപക്ഷമുണ്ടാക്കാൻ സാധ്യതയില്ല. അവരെ ജയിൽ വിമുക്തരാക്കാൻ സമ്മർദ്ദം ചെലുത്താൻ സന്മനസ്സുള്ളവരടങ്ങുന്ന ഒരു ഗവൺമെന്റുണ്ടാകുന്നത് നന്ന്. അതുകൊണ്ട് കുഞ്ഞുസാഹിബിന്റേയും മറ്റും അഭിപ്രായമനുസരിച്ച് ഒരു ഗവൺമെന്റുണ്ടാക്കുന്നതിൽ എനിക്ക് വിരോധമില്ല. ആലോചിച്ച് ഒരു തീരുമാനമെടുക്കണം."

'കമ്യൂണിസ്റ്റ് പാർട്ടിക്ക് ഗവൺമെന്റിൽ പങ്കാളിത്തം വഹിക്കാമോ?' ഞാൻ ചോദിച്ചു. 'ഇല്ല' ഇ.എം.എസ് പറഞ്ഞു. 'എങ്കിൽ, കമ്യൂണിസ്റ്റ് പാർട്ടിക്ക് പങ്കില്ലാത്ത ഒരു ഗവൺമെന്റ് രൂപവൽകരിക്കാൻ ഞങ്ങൾ തയ്യാറില്ല' ഞാൻ പറഞ്ഞു. ഞങ്ങൾ തിരികെ പോന്നു.

പിറ്റേന്ന് കാലത്ത് ഞങ്ങൾ ഗവർണരെ കാണാൻ രാജ്ഭവനിൽ ചെന്നു. അപ്പോൾ അവിടെ സി.എച്ച്.മുഹമ്മദ്കോയയും അഹമ്മദ് കുരിക്കളും ഉണ്ടായിരുന്നു. പാർട്ടിയുടെ തീരുമാനം എന്താണെന്ന് സി.എച്ച്.മുഹമ്മദ്കോയ ചന്ദ്രശേഖരനോട് ചോദിച്ചു. 'പി.ആർ.പറയും' ചന്ദ്രശേഖരൻ പറഞ്ഞു. 'എന്താ പറയാൻ പോകുന്നത്? അഹമ്മദ് കുരിക്കൾ സ്വതസിദ്ധമായ പുഞ്ചിരിയോടെ എന്റെ പുറത്തു തട്ടി ചോദിച്ചു.

"മുസ്ലിംലീഗിനു പങ്കാളിത്തമുള്ള ഒരു ഗവൺമെന്റിൽ ഞാൻ പങ്കാളിയാവില്ല. അത്തരമൊരു ഗവൺമെന്റിനെ ഞാൻ സഹായിക്കുകയുമില്ല. മുസ്ലിംലീഗിന്റെ സഹായം സ്വീകരിച്ചുകൊണ്ട് ഞാൻ ഒരു ഗവൺമെന്റ് ഉണ്ടാക്കുകയുമില്ല' ഞാൻ തീർത്തു പറഞ്ഞു പിന്നീട് അവർ രണ്ടുപേരും ഒന്നും ചോദിച്ചില്ല. ഞങ്ങൾ ഗവർണറെ കണ്ടു. അഹമ്മദ് കുരിക്കളോടും സി.എച്ച്. മുഹമ്മദ്കോയയോടും പറഞ്ഞ അതേ വാക്കുകൾ തന്നെ ഞങ്ങൾ ഗവർണറോടും പറഞ്ഞു. വൈവിധ്യഘടനാ സ്വഭാവമുള്ള ഒരു ഗവൺമെന്റിനെക്കുറിച്ച് ഗവർണർ ഞങ്ങളോട് ചോദിച്ചു. അവയ്ക്ക് അനുകൂലമായ മറുപടിയൊന്നും ഞങ്ങൾ നൽകിയില്ല. ഞങ്ങൾ തിരികെപ്പോന്നു." (എന്റെ നാടിന്റെ കഥ, എന്റേയും പേജ് 332, 333)

എസ്.എസ്.പിയുടെ നിയമസഭാകക്ഷി നേതാവായ ശ്രീ.പി.ആർ.കുറുപ്പിന്റെ നിഷേധാത്മകനിലപാടാണ്. 1965-ൽ ഗവൺമെന്റ് രൂപീകരണം അസാധ്യമാക്കിയത്. പ്രാദേശികമായും, വ്യക്തിപരമായും ശ്രീ.പി.ആർ.കുറുപ്പിനെതിരെ രൂപപ്പെട്ട രാഷ്ട്രീയസമവാക്യങ്ങളാണ് അദ്ദേഹത്തെ ഈ നില

mappilaheritagelibrary.com

പാടിലെത്തിച്ചത്. കുറുപ്പ് തന്നെ ഇക്കാര്യം സമ്മതിക്കുന്നുണ്ട്. "പെരിങ്ങളം മണ്ഡലത്തിൽ ലീഗും കമ്യൂണിസ്റ്റ് പാർട്ടി നേതൃത്വവും സ്വീകരിച്ച അർഥ ശൂന്യവും അടിസ്ഥാനരഹിതവുമായ പിടിവാശി കാരണം ഒരു ഗവൺമെന്റ് രൂപീകരിക്കാൻ ആർക്കും ഭൂരിപക്ഷം ഇല്ലാത്ത നില വരികയും നിയമസഭ പിരിച്ചുവിടാൻ ഗവർണർ നിർബന്ധിതനായിത്തീരുകയും ചെയ്തു." (പേജ് 333) യഥാർത്ഥത്തിൽ പെരിങ്ങളം മണ്ഡലത്തിൽ മുസ്ലിംലീഗ് കുറുപ്പിനെ തിരെ സ്വീകരിച്ച നിലപാടിനോടുള്ള വ്യക്തിപരമായ വിദ്വേഷമാണ് അദ്ദേഹത്തിന്റെ പിടിവാശിക്കു കാരണമെന്ന് ഇവിടെ വ്യക്തമാവുന്നുണ്ട്.

എസ്.എസ്.പി.യുടെ നിയമസഭാകക്ഷി നേതാവ് എന്ന നിലയിലാണ് ശ്രീ. കുറുപ്പിന്റെ നിലപാട് നിർണായകമായത്. കുറുപ്പിനെ എസ്.എസ്.പി.നിയമസഭാകക്ഷി നേതാവായി തെരഞ്ഞെടുക്കുന്നതിൽ കെ.കെ.അബുസാഹിബും നിർണായക പങ്ക് വഹിക്കുകയുണ്ടായി. അത് പക്ഷെ 'വിനാശകാലേ വിപരീതബുദ്ധി' എന്ന അവസ്ഥ സൃഷ്ടിക്കുകയായിരുന്നു. കുറുപ്പ് എഴുതുന്നു. "തെരഞ്ഞെടുപ്പിനു ശേഷം എറണാകുളത്ത് വെച്ച് പാർട്ടിയുടെ പാർലമെന്ററി കമ്മറ്റി യോഗം ചേർന്നു. അപ്രതീക്ഷിതമായ ഒരു നിർദേശവുമായി അബുസാഹിബ് എന്നെ സമീപിച്ചു. ചെയർമാൻ സ്ഥാനത്തിനു മത്സരിക്കണമെന്നായിരുന്നു ആ നിർദേശം. ഞാൻ മത്സരിച്ചു. ചെയർമാനായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു." (പേജ് 332)

നിയമസഭ പിരിച്ചു വിടുകയും രാഷ്ട്രപതി ഭരണം ഏർപ്പെടുത്തുകയും ചെയ്തതോടെ രാഷ്ട്രീയ അനിശ്ചിതത്വത്തിന് താൽക്കാലിക വിരാമമായി.

രണ്ടു വർഷത്തെ ഇടവേളക്കു ശേഷം കേരളം വീണ്ടും തെരഞ്ഞെടുപ്പിനു സജ്ജമായി. 1967 ഫെബ്രുവരി 19-ന് നിയമസഭാ തെരഞ്ഞെടുപ്പ് നടന്നു. മുസ്ലിംലീഗ്, മാർക്സിസ്റ്റുപാർട്ടി, കമ്യൂണിസ്റ്റു പാർട്ടി, എസ്.എസ്.പി, ആർ.എസ്.പി, കെ.എസ്.പി, കെ.ടി.പി എന്നീ ഏഴു കക്ഷികൾ ചേർന്ന സപ്തകക്ഷി മുന്നണി മന്ത്രിസഭ 1967 മാർച്ച് 6ന് ഇ.എം.എസിന്റെ നേതൃത്വത്തിൽ അധികാരമേറ്റു.

അബു സാഹിബ് വീണ്ടും കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടു. 65-ൽ മാർക്സിസ്റ്റു മുന്നണിയുടെ ഭാഗമായി മുസ്ലിം ലീഗ് പിന്തുണയോടെയാണ് ജയിച്ചതെങ്കിൽ, ഇത്തവണ മാർക്സിസ്റ്റു പാർട്ടിയും മുസ്ലിംലീഗും എസ്.എസ്.പിയും നേതൃത്വം നൽകിയ സപ്തകക്ഷി മുന്നണിയുടെ സ്ഥാനാർത്ഥിയായി വിജയിക്കാൻ അബുസാഹിബിന് കഴിഞ്ഞു. അബു സാഹിബിന് 28449 വോട്ടും, എതിർസ്ഥാനാർത്ഥിയായ എം. കെ.കൃഷ്ണനു 17797 വോട്ടും ലഭിച്ചു 10652 വോട്ടുകളുടെ ഭൂരിപക്ഷം!

അബു സാഹിബിനെ സ്ഥാനാർത്ഥിയാക്കാതിരിക്കാനുള്ള രാഷ്ട്രീയ നീക്കങ്ങൾ ശക്തമായി നടന്നിരുന്നു. പ്രവർത്തകർക്കിടയിൽ ഹിതപരിശോധന നടത്തി സ്ഥാനാർത്ഥിയെ നിറുത്തണമെന്ന നിർദേശമാണ് ഈ നീക്കത്തിന്റെ ഭാഗമായി ഉയർത്തിയത്. ദേശീയനേതൃത്വത്തിന്റെ ശക്തമായ ഇട

mappilaheritagelibrary.com

പെടൽ മൂലമാണ് അബു സാഹിബ് വീണ്ടും സ്ഥാനാർത്ഥിയായത്. ആദ്യം ജയിച്ചിട്ടും സഭയിലിരിക്കാൻ കഴിയാതെ പോയതിന്റെ സങ്കടം തീർന്നത് ഈ തെരഞ്ഞെടുപ്പോടെയാണ്.

സപ്തകക്ഷി മുന്നണി മന്ത്രിസഭയിൽ എസ്.എസ്.പി.യെ പ്രതിനിധീകരിച്ച് പി.കെ.കുഞ്ഞുസാഹിബ്, പി.ആർ.കുറുപ്പ് എന്നിവർ അംഗങ്ങളായി. 1965-ൽ മുസ്‌ലിംലീഗിന് പങ്കാളിത്തമുള്ള മന്ത്രിസഭയിൽ ചേരുകയോ പിന്തുണക്കുകയോ ചെയ്യില്ല എന്ന് വാശിപിടിക്കുകയും അത്തരമൊരു നിലപാട് മൂലം മന്ത്രിസഭ രൂപീകരിക്കാതിരിക്കാൻ കാരണക്കാരനുമായ കുറുപ്പ് മുസ്‌ലിംലീഗിന്റെ മുന്നണിയിൽ മന്ത്രിയായി!

അധികം വൈകാതെ ഘടകകക്ഷികൾക്കിടയിൽ അസ്വാരസ്യങ്ങൾ ഉയർന്നു. എസ്.എസ്.പിയിൽ നിന്നു തന്നെയായിരുന്നു തുടക്കം. കച്ച് സത്യാഗ്രഹത്തിൽ പങ്കെടുക്കുന്നതിന് മന്ത്രിസഭയിൽ നിന്ന് രാജി വെക്കണമെന്ന് എസ്.എസ്.പി.ദേശീയനേതൃത്വത്തിന്റെ നിർദേശം മന്ത്രിമാരായ കുഞ്ഞുവും കുറുപ്പും നിരാകരിച്ചു. ദേശീയ നേതൃത്വത്തെ ധിക്കരിച്ച് മന്ത്രിസഭയിൽ തുടരാനാവില്ല എന്നതിനാൽ എസ്.എസ്.പിയുടെ സംസ്ഥാന കമ്മറ്റി വിളിച്ചു ചേർത്ത് പാർട്ടിയുടെ പേരും പതാകയും മാറ്റി, ദേശീയ നേതൃത്വവുമായുള്ള ബന്ധം വിഛേദിക്കുകയെന്ന തന്ത്രം അവർ പയറ്റി. അങ്ങനെയാണ് ഐ.എസ്.പി.എന്ന പാർട്ടി ഉണ്ടാകുന്നത്.

എസ്.എസ്.പിയുടെ ചെയർമാനായിരുന്നു കെ.കെ.അബു സാഹിബ്. എസ്.എസ്.പി.യെ പ്രതിനിധീകരിച്ച് മന്ത്രിയാവാൻ അബു സാഹിബിന് സാധ്യത തെളിഞ്ഞു. അബു സാഹിബിനെ മന്ത്രിസഭയിലെടുക്കാൻ മാർക്സിസ്റ്റ് പാർട്ടിക്കും താൽപര്യമായിരുന്നു. എന്നാൽ അബുസാഹിബ് താൽപ്പര്യം കാണിച്ചില്ല. എസ്.എസ്.പി. നേതാവ് എസ്.എം.ജോഷി പറഞ്ഞു. 'ഇപ്പോഴില്ലെങ്കിൽ അബുസാഹിബ് ഇനിയൊരിക്കലും മന്ത്രിയാവില്ല.' ആ വാക്കുകൾ അറം പറ്റി. നിയമസഭയിൽ അംഗബലം ഐ.എസ്.പിക്കായതിനാൽ മാർക്സിസ്റ്റു പാർട്ടിക്കും ഇക്കാര്യത്തിൽ നിലപാടു സ്വീകരിക്കാനായില്ല. കെ.കെ.അബു സാഹിബിന്റെ നേതൃത്വത്തിലുള്ള ഔദ്യോഗിക എസ്.എസ്.പിയിൽ അഞ്ച് എം.എൽ.എ മാർ അവശേഷിച്ചപ്പോൾ, പാർട്ടി വിട്ട് ഐ.എസ്.പിയായിത്തീർന്ന കുറുപ്പ്-കുഞ്ഞുഗ്രൂപ്പിന്റെ കൂടെ 14 എം.എൽ.എ മാരുണ്ടായിരുന്നു.

ഐ.എസ്.പിക്കാരനായ ധനകാര്യമന്ത്രി പി.കെ.കുഞ്ഞിനെതിരെ എസ്.എസ്.പിക്കാരനായ പി.പി.വിത്സനും കോൺഗ്രസിലെ കെ.ടി.ജോർജും ചേർന്ന് അഴിമതി ആരോപണം ഉന്നയിച്ചു. അന്നു തന്നെ ആരോഗ്യമന്ത്രി ബി.വെല്ലിംഗ്ടണിനെതിരെ ആരോപണമുയർന്നു. എന്നാൽ മുഖ്യമന്ത്രി ഇ.എം.എസ് പി.കെ.കുഞ്ഞിനെതിരെ മാത്രം അന്വേഷണം പ്രഖ്യാപിച്ചു. കുഞ്ഞ് കുറ്റക്കാരനാണെന്ന് കണ്ടെത്തിയതിനാൽ അദ്ദേഹം രാജി വെച്ചു. എന്നാൽ ആരോഗ്യമന്ത്രിക്കെതിരെ ഉയർന്ന ആരോപണത്തിൽ ഇ.എം.എസ് കുറ്റക

mappilaheritagelibrary.com

രമായ നിസ്സംഗത പുലർത്തി. ഇത് മുന്നണിക്കുള്ളിൽ രൂക്ഷമായ അഭിപ്രായവ്യത്യാസം സൃഷ്ടിച്ചു. മന്ത്രിസഭയുടെ നിലനിൽപ് പോലും ചോദ്യം ചെയ്യപ്പെട്ടു.

മാർക്സിസ്റ്റ് പാർട്ടി മന്ത്രിമാരായിരുന്ന കെ.ആർ.ഗൗരി, ഇ.കെ.ഇമ്പിച്ചിബാവ, എം.കെ.കൃഷ്ണൻ, കെ.എസ്.സി.യിലെ മത്തായി മാഞ്ഞൂരാൻ എന്നിവർക്കെതിരെയും അഴിമതി ആരോപണമുയർന്നു. ഇതിനു പകരമായി ടി.വി തോമസ്, എം.എൻ.ഗോവിന്ദൻ നായർ, പി.ആർ.കുറുപ്പ് എന്നിവർക്കെതിരെ അഴിമതി ആരോപണം ഉയർന്നു. സി.പി.ഐ, മുസ്ലിംലീഗ്, ആർ.എസ്.പി, ഐ.എസ്.പി എന്നീ നാല് കക്ഷികൾ ഒരു ഭാഗത്തും മാർക്സിസ്റ്റ് പാർട്ടി, കെ.ടി.പി, കെ.എസ്.പി. കക്ഷികൾ മറുഭാഗത്തുമായി മുന്നണിക്കുള്ളിൽ രണ്ടു ചേരികൾ രൂപപ്പെട്ടു.

ആരോഗ്യമന്ത്രി വെല്ലിംഗ്ടണെതിരായ ആരോപണങ്ങളെപ്പറ്റി നിഷ്പക്ഷമായ അന്വേഷണം നടത്തണമെന്ന് മുസ്ലിംലീഗ് യഥാസമയം ശക്തമായ നിലപാടെടുത്തിരുന്നു. ഇതിൽ ക്ഷുഭിതനായ വെല്ലിംഗ്ടൺ മുസ്ലിംലീഗിനെതിരെ പരസ്യമായി രംഗത്തു വന്നു. 'മലപ്പുറം ജില്ല രൂപീകരിച്ച ഐക്യമുന്നണി ഗവൺമെന്റിനു ജില്ലയുടെ കാര്യം പുനഃപരിശോധിക്കേണ്ടി വരുമെന്നന്', വെല്ലിംഗ്ടൺ ഭീഷണി മുഴക്കി. 'മുസ്ലിംലീഗിനെ പുലഭ്യം പറഞ്ഞുകൊണ്ടും മലപ്പുറം ജില്ല റദ്ദാക്കുമെന്ന് ഭീഷണിപ്പെടുത്തിക്കൊണ്ടും ആരോഗ്യമന്ത്രി ബി.വെല്ലിംഗ്ടൺ എറണാകുളത്ത് ചെയ്ത പ്രസ്താവന അർത്ഥശൂന്യവും യുക്തിക്കു നിരക്കാത്തതുമാണെന്ന്, എസ്.എസ്.പി നിയമസഭാകക്ഷി നേതാവ് കെ.കെ.അബു പ്രസ്താവിച്ചു.

ഘടകകക്ഷികളുടെ ശക്തമായ നിലപാട് മൂലം ആരോഗ്യമന്ത്രി ബി.വെല്ലിംഗ്ടണെതിരെ ഇ.എം.എസിന് അന്വേഷണം പ്രഖ്യാപിക്കേണ്ടി വന്നു. ഒപ്പം സി.പി.ഐ, ഐ.എസ്.പി.മന്ത്രിമാർക്കെതിരെയും അന്വേഷണം പ്രഖ്യാപിച്ചു. എന്നാൽ തന്റെ പാർട്ടിയിലെ മറ്റു മന്ത്രിമാർക്കെതിരെ ഉയർന്ന ആരോപണത്തിന്മേൽ ഇ.എം.എസ്. അന്വേഷണം പ്രഖ്യാപിച്ചതുമില്ല.

സി.പി.ഐ, മുസ്ലിംലീഗ്, ആർ.എസ്.പി, ഐ.എസ്.പി മന്ത്രിമാർ മന്ത്രിസഭയിൽ നിന്നു രാജിവെച്ചു. കെ.ആർ.ഗൗരി, എം.കെ.കൃഷ്ണൻ, മത്തായി മാഞ്ഞൂരാൻ എന്നിവർക്കെതിരെ അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ട് സി.പി.ഐയിലെ ടി.എ.മജീദ് അവതരിപ്പിച്ച പ്രമേയം പാസ്സായതിനെത്തുടർന്ന് മുഖ്യമന്ത്രി ഇ.എം.എസ്. രാജിവെച്ചു. അങ്ങനെ സപ്തകക്ഷിമുന്നണി മന്ത്രിസഭ തകർന്നു.

വീണ്ടും ഒരു രാഷ്ട്രപതി ഭരണം വേണ്ടെന്ന് എല്ലാവർക്കും നിർബന്ധമുണ്ടായിരുന്നു. അതിനാൽ പുതിയ മന്ത്രിസഭയ്ക്കു വേണ്ടി തിരക്കിട്ട ചർച്ചകൾ നടന്നു. അങ്ങനെ ഐക്യമുന്നണി യാഥാർത്ഥ്യമായി. പ്രതിപക്ഷത്തുണ്ടായിരുന്ന കേരള കോൺഗ്രസും ഐക്യമുന്നണിയുടെ ഭാഗമായി. മുന്നണിയെ നയിക്കാൻ സി.പി.ഐ.നേതാവ് സി.അച്യുതമേനോനെ ബാഫഖി

mappilaheritagelibrary.com

തങ്ങൾ നിർദേശിച്ചു. നിർദേശം എല്ലാവർക്കും സ്വീകാര്യമായി. അങ്ങനെ 1969 നവംബർ ഒന്നിന് ഐക്യമുന്നണി മന്ത്രിസഭ സി.അച്യുതമേനോന്റെ നേതൃത്വത്തിൽ അധികാരമേറ്റു.

അച്യുതമേനോനു പുറമെ പി.രവീന്ദ്രൻ, കെ.ടി.ജേക്കബ് (സി.പി.ഐ) എൻ.കെ.ശേഷൻ, ഒ.കോരൻ (ഐ.എസ്.പി), സി.എച്ച്.മുഹമ്മദ്കോയ, കെ. അവുക്കാദർ കുട്ടി നഹ (മുസ്ലിംലീഗ്), കെ.എം.ജോർജ് (കേരള കോൺഗ്രസ്) എന്നിവരായിരുന്നു മറ്റു മന്ത്രിമാർ.

അച്യുതമേനോൻ മന്ത്രിസഭയെ തകർക്കാൻ മാർക്സിസ്റ്റു പാർട്ടി എല്ലാ അടവുകളും പ്രയോഗിച്ചു. പക്ഷെ ഫലിച്ചില്ല. എന്നാൽ മുന്നണിക്കുള്ളിൽത്തന്നെ അനൈക്യത്തിന്റെ വിത്തുകൾ പൊട്ടി മുളച്ചു. ഈ സാഹചര്യത്തെപ്പറ്റി എം.സി.വിശദീകരിക്കുന്നു:

"സ്റ്റേറ്റ് കേരളമായിരിക്കുക, മന്ത്രിസഭയിൽ ഒരു സോഷ്യലിസ്റ്റു പാർട്ടിയും ഉണ്ടായിരിക്കുക. പിന്നെ കുഴപ്പങ്ങളുണ്ടായില്ലെങ്കിലല്ലേ, അത്ഭുതപ്പെടേണ്ടതുള്ളു. ഏതോ മുനിശാപമേറ്റ് മുടിഞ്ഞുപോയ യാദവകുലമാണല്ലോ നമ്മുടെ സോഷ്യലിസ്റ്റ് പ്രസ്ഥാനം. 'വണ്ടേ, നീ തുലയുന്നു; വിളക്കും നീ കെടുത്തുന്നു' എന്ന രീതിയിലാണ് അവർ ഈ നാട്ടിലെ രാഷ്ട്രീയരംഗത്തിന് ശല്യമുണ്ടാക്കിയത്. സോഷ്യലിസ്റ്റ് അവശിഷ്ടമായ ഐ.എസ്.പി.ഐക്യമുന്നണി മന്ത്രിസഭയിലുണ്ടായതായിരുന്നു മന്ത്രിസഭയുടെ ഒരേയൊരു തലവേദന. അച്യുതമേനോന്റെ 'അനുരാഗനദിക്ക് വിഘ്നം കൂടാതൊഴുക്കനു വദിക്കാൻ' ഐ.എസ്.പി.തയ്യാറായില്ല.

വെറുതെയിരിക്കുമ്പോൾ അവർക്കു തോന്നി, ഒരു കുബുദ്ധി. ശേഷനെ മാറ്റണം. ധനകാര്യമന്ത്രി എൻ.കെ.ശേഷൻ മന്ത്രിസഭയിലെ ഐ.എസ്.പി. പ്രതിനിധി ആയിരുന്നു. കഴിവുള്ള ഒരു മന്ത്രിയെന്ന് തെളിയിക്കാൻ കഴിഞ്ഞ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കാൻ ആവശ്യമായ ഭൗതിക കാരണങ്ങളൊന്നും ഐ.എസ്.പിക്കുണ്ടായിരുന്നില്ല. പക്ഷെ, പാർട്ടിക്കുള്ളിലെ ആഭ്യന്തരാസ്വാസ്ഥ്യം ശേഷന്റെ 'രക്തപാനം' കൊണ്ടേ ശമിക്കൂ എന്നായി. വ്രണിതചിത്തനായ ശേഷൻ, പക്ഷേ പാർട്ടി തീരുമാനം ശിരസ്സാവഹിച്ചില്ല. രാജിവെച്ചതുമില്ല. അദ്ദേഹം ഐ.എസ്.പിയിൽ നിന്ന് രാജിവെച്ചു. പാകത്തിന് പി.എസ്.പിയിൽ ചേർന്നു. അല്പ ദിവസങ്ങളിൽ അച്യുതമേനോൻ മന്ത്രിസഭയും ഐഎസ്പിയും തമ്മിൽ അരിശത്തിലായി.

ഒരു വിഭാഗം ഐ.എസ്.പിക്കാർ കാലു മാറിയതോടെ, കൂടുതൽ എം.എൽ.എമാരെ ചാക്കിട്ടു പിടിക്കുവാനും കുതിരക്കച്ചവടം നടത്തുവാനുമുള്ള വ്യത്തിഹീനമായ പാതിരാനാടകങ്ങൾ തിരുവനന്തപുരത്ത് അരങ്ങേറി. അച്യുതമേനോൻ 1970 ജൂൺ 26ന് നിയമസഭയിൽ വിശ്വാസ വോട്ട് തേടി."(സി.എച്ച്.മുഹമ്മദ്കോയ– രാഷ്ട്രീയ ജീവചരിത്രം. പേജ് 494)

നിയമസഭയിൽ ഭൂരിപക്ഷം നേടിയെങ്കിലും, സർക്കാരിനെ അട്ടിമറിക്കാൻ ഹീനമായ രാഷ്ട്രീയക്കളികൾ ശക്തി പ്രാപിച്ചപ്പോൾ മുഖ്യമന്ത്രി അച്യുത

mappilaheritagelibrary.com

മേനോൻ, നിയമസഭ പിരിച്ചുവിട്ട് തെരഞ്ഞെടുപ്പ് നടത്തുവാൻ ഗവർണറെ ഉപദേശിച്ചു. ഗവർണർ നിയമസഭ പിരിച്ചുവിട്ടു.

1970 ഒക്ടോബർ 4ന് ശ്രീ.അച്യുതമേനോൻ വീണ്ടും മുഖ്യമന്ത്രിയായി. സി.പി.ഐ. മുസ്ലിംലീഗ്, പി.എസ്.പി, ആർ.എസ്.പി എന്നീ കക്ഷികളടങ്ങുന്ന ജനാധിപത്യമുന്നണി കോൺഗ്രസുമായി സഹകരിച്ച് മത്സരിച്ചു. എൻ. ഇ.ബാലറാം, പി.എസ്.ശ്രീനിവാസൻ, പി.കെ.രാഘവൻ (സി.പി.ഐ), ടി. കെ.ദിവാകരൻ, ബേബി ജോൺ (ആർ എസ് പി), സി.എച്ച്.മുഹമ്മദ്കോയ, കെ.അവുക്കാദർകുട്ടി, നഹ(മുസ്ലിം ലീഗ്), എൻ.കെ.ബാലകൃഷ്ണൻ (പി. എസ്.പി) എന്നിവരായിരുന്നു മന്ത്രിമാർ. 1971 സെപ്തംബർ 25ന് കോൺഗ്രസും മന്ത്രിസഭയുടെ ഭാഗമായി. കെ.കരുണാകരൻ, കെ.ടി.ജോർജ്, വി.ഈച്ചരൻ എന്നിവരായിരുന്നു മന്ത്രിസഭയിലെ കോൺഗ്രസ് പ്രതിനിധികൾ.

1970-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ കൽപ്പറ്റ നിയോജകമണ്ഡത്തിൽ നിന്നാണ് അബു സാഹിബ് മത്സരിച്ചത്. പക്ഷെ, കോൺഗ്രസ്സ്ഥാനർത്ഥിയായിരുന്ന പി.സിറിയക് വി.ജോണിനോട് അദ്ദേഹം പരാജയപ്പെട്ടു. ഈ തെരഞ്ഞെടുപ്പോടു കൂടി അബു സാഹിബ് തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തോട് വിട പറഞ്ഞു.

1975 ജൂൺ 25ന് അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുകയും, 1977 മാർച്ച് 21ന് അടിയന്തിരാവസ്ഥ പിൻവലിക്കുകയും, ഇതിനിടയിൽ കോൺഗ്രസ് പിളരുകയും, ഇന്ദിരാഗാന്ധി പ്രധാനമന്ത്രി സ്ഥാനം രാജി വെക്കുകയും ജനതാ പാർട്ടി അധികാരത്തിൽ വരികയും മൊറാർജി ദേശായി പ്രധാനമന്ത്രിയാവുകയും ചെയ്ത ഒട്ടേറെ സംഭവങ്ങൾക്ക് ദേശീയ രാഷ്ട്രീയം സാക്ഷിയായി.

സംയുക്തസോഷ്യലിസ്റ്റ് പാർട്ടിയും ജനസംഘവും, സംഘടനാ കോൺഗ്രസും സ്വതന്ത്രപാർട്ടിയും മറ്റു പ്രാദേശിക പാർട്ടികളും ചേർന്നാണ് ജനതാപാർട്ടി രൂപീകരിച്ചത്. ജനസംഘത്തിന്റെ ആത്മാവും ആർ.എസ്.എസിന്റെ നിയന്ത്രണവുമുള്ള ഒരു കക്ഷിയിൽ വിലയം പ്രാപിക്കുകയായിരുന്നു ഇന്ത്യയിലെ സോഷ്യലിസ്റ്റുകൾ. 1977-ലെ തെരഞ്ഞെടുപ്പിൽ പ്രതിപക്ഷകക്ഷികൾ ഒന്നിച്ചു നിൽക്കണമെന്ന ജയപ്രകാശ് നാരായണൻ നടത്തിയ അഭ്യർത്ഥനയുടെ ഫലമായിരുന്നു ജനതാ പാർട്ടി. മൊറാർജി ദേശായി പ്രധാനമന്ത്രി ആയെങ്കിലും അധികാരാർത്തികളിൽ പെട്ട് ജനതാപാർട്ടി ഛിദ്രമാകുന്നതും മൊറാർജിക്കു പകരം ഇന്ദിരാകോൺഗ്രസ് പിന്തുണയോടെ ചരൺസിംഗ് പ്രധാനമന്ത്രിയാകുന്നതും കോൺഗ്രസ് പിന്തുണ പിൻവലിച്ചതോടെ ചരൺസിംഗ് രാജി വെക്കുന്നതും 'ജനതാപരീക്ഷണം' പരാജയപ്പെടുന്നതും ജെ.പി.കണ്ടു. ദേശീയ രാഷ്ട്രീയത്തിൽ കോൺഗ്രസിന് ബദലാകാൻ ഏറ്റവും അർഹതയുള്ള സോഷ്യലിസ്റ്റ് പ്രസ്ഥാനം ആഴക്കടലിൽ കൊടുങ്കാറ്റിൽ ആടിയുലഞ്ഞ്, ഗതിയറിയാതെ, ദിശയറിയാതെ ഉഴറി നിന്നു; പിന്നെ തകർന്നടിഞ്ഞു. അവശിഷ്ടങ്ങൾ പുതിയ പേരുകളിൽ പ്രത്യക്ഷപ്പെട്ടു

mappilaheritagelibrary.com

കൊണ്ടിരിക്കുകയും താമസിയാതെ പിളരുകയും ചെയ്യുന്നു. ജനതാദൾ, സമതാപാർട്ടി, സമാജ്‌വാദി പാർട്ടി തുടങ്ങിയവ ചില ഉദാഹരണങ്ങൾ.

മൊറാർജി ദേശായി മന്ത്രിസഭയ്ക്കെതിരെ രാജ്നാരായണൻ കൊണ്ടു വന്ന അവിശ്വാസപ്രമേയത്തെ എതിർത്തുകൊണ്ട്, പാർലമെന്റിൽ രണ്ട് മണിക്കൂർ ചരിത്രപരമായ പ്രസംഗം നടത്തിയ ജോർജ് ഫെർണാണ്ടസ്, പിറ്റേന്ന് പ്രമേയത്തിനനുകൂലമായി വോട്ട് ചെയ്ത് സർക്കാരിനെ താഴെയിറക്കിയത് രാഷ്ട്രീയത്തിലെ വിസ്മയങ്ങളിലൊന്നായിരുന്നു. ജനതാപാർട്ടിയിലും, ആർ. എസ്.എസിലും ഒരുപോലെ അംഗത്വം സ്വീകരിക്കുന്നതിനെതിരെ ജോർജ് ഫെർണാണ്ടസ് സ്വീകരിച്ച നിലപാടാണ് ജനതാപാർട്ടി പിളർന്ന് ബി.ജെ.പി യുണ്ടാകാൻ കാരണം. അതേ ബി.ജെ.പി.നേതൃത്വം നൽകുന്ന എൻ.ഡി.എ യുടെ കൺവീനറാവുകയും, മന്ത്രിസഭയിൽ ചേരുകയും ചെയ്തുകൊണ്ട് കറകളഞ്ഞ സോഷ്യലിസ്റ്റും, ജയപ്രകാശ് നാരായണന്റേയും, ഡോ:രാം മനോഹർ ലോഹ്യയുടേയും അനുയായിയുമായ ജോർജ് ഫെർണാണ്ടസ് വീണ്ടും ദേശീയ രാഷ്ട്രീയത്തെ വിസ്മയിപ്പിച്ചു. നിരന്തരം പിളരുകയും പല സർക്കാരുകളേയും അസ്ഥിരപ്പെടുത്തുകയും ചെയ്ത സോഷ്യലിസ്റ്റ് പൈതൃകത്തിന്റെ സൂക്ഷിപ്പുകാരനായിരുന്ന ജോർജ് ഫെർണാണ്ടസ് ഇന്ന് വിസ്മൃതിയുടെ മായിക ലോകത്ത് മറ്റൊരു വിസ്മയമായി ജീവിക്കുന്നു.

രണ്ട് ദശകങ്ങൾക്ക് ശേഷമാണ്, അബു സാഹിബ് പിന്നീട് നിയമസഭ കാണുന്നത്. 1991 ജൂൺ 18ന് നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ നിന്ന് മുസ്‌ലിംലീഗ് സ്ഥാനാർത്ഥിയായി അദ്ദേഹം മത്സരിച്ചു. ജനതാദൾ നേതാവ് മഠത്തിൽ മുഹമ്മദ് ഹാജി ആയിരുന്നു എതിർസ്ഥാനാർത്ഥി. അബുസാഹിബിന് 54042 വോട്ടും എതിർസ്ഥാനാർത്ഥിക്ക് 33178 വോട്ടും ലഭിച്ചു. 20864 വോട്ടുകളുടെ ഭൂരിപക്ഷം.

മൂന്നു പതിറ്റാണ്ടിലേറെ നീണ്ടുനിന്ന സോഷ്യലിസ്റ്റു വാസത്തിനു ശേഷം മുസ്‌ലിംലീഗിൽ തിരിച്ചെത്തിയ അബുസാഹിബിന്, പഴയകാല ത്യാഗത്തിന്റെ ഓർമ്മയിൽ മുസ്‌ലിംലീഗ് പ്രസ്ഥാനം നൽകിയ ആദരവായിരുന്നു കൊണ്ടോട്ടിയിലെ സ്ഥാനാർത്ഥിത്വം. മുസ്‌ലിം ലേബർ യൂണിയന്റേയും, മുസ്‌ലിംലീഗിന്റേയും സമരവീര്യമുള്ള പ്രവർത്തനങ്ങളുടെ തേര് തെളിച്ച ഏറനാടിന്റെ മണ്ണിൽ അബു സാഹിബിന്റെ രണ്ടാം ഉദയമായിരുന്നു കൊണ്ടോട്ടിയിലെ ഉജ്വല വിജയം.

കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ പി.സീതിഹാജിയുടെ പിൻഗാമിയായാണ് അബുസാഹിബ് സ്ഥാനാർത്ഥിയാകുന്നത്. അന്ന് മുസ്‌ലിംലീഗിന്റെ നിയോജകമണ്ഡലം ജനറൽ സെക്രട്ടറിയായിരുന്ന ജ:കെ.മുഹമ്മദുണ്ണി ഹാജി എം.എൽ.എ. പ്രസ്തുത സാഹചര്യം വിശദീകരിക്കുന്നു.

"സ്ഥാനാർത്ഥി എന്ന നിലയിൽ അബുസാഹിബ് നിയോജകമണ്ഡത്തിലെ പ്രമുഖരെ കാണാനെത്തി. മുണ്ടും നീളൻ ജുബ്ബയുമായിരുന്നു വേഷം. ശരീരത്തിന്റെ ആകാരവും ശബ്ദത്തിന്റെ ഗാംഭീര്യവും വേഷത്തിന്റെ പ്രത്യേക

mappilaheritagelibrary.com

തയും ശ്രദ്ധിക്കപ്പെട്ടു. തെരഞ്ഞെടുപ്പ് യോഗങ്ങളിലെ പ്രസംഗവും, വിനയാന്വിതമായ പെരുമാറ്റവും പ്രവർത്തകരെ ആകർഷിച്ചു. പ്രവർത്തകർ സജീവമായി രംഗത്തിറങ്ങി. അബുസാഹിബ് വൻഭൂരിപക്ഷത്തിൽ വിജയിക്കുകയും ചെയ്തു.

നിയോജകമണ്ഡലത്തിലെ ഏത് കാര്യവും- വികസനമായാലും, വ്യക്തികളുമായി ബന്ധപ്പെട്ടതും- മണ്ഡലം, പഞ്ചായത്ത് കമ്മിറ്റികളുമായി കൂടിയാലോചിച്ചാണ് അദ്ദേഹം ചെയ്തിരുന്നത്. എം.എൽ.എ.എന്ന നിലയിൽ എല്ലാ കാര്യങ്ങളിലും ഇടപെടുകയില്ല. പോലീസ് സ്റ്റേഷനുകളിൽ പാർട്ടി സെക്രട്ടറിയായ എന്നെ ഇടപെടുത്തുകയാണ് പതിവ്. ജില്ലയിലെ മുതിർന്ന പോലീസ് ഉദ്യോഗസ്ഥരെ മാത്രം ഫോണിൽ വിളിക്കും. മന്ത്രിമാരുടെ ഓഫീസിൽ കയറിയിറങ്ങുന്ന പതിവില്ല. മുഖ്യമന്ത്രി ഉൾപ്പെടെ എല്ലാ മന്ത്രിമാരോടും ഫോണിലൂടെ കാര്യങ്ങൾ പറയും. മുഖ്യമന്ത്രിയായിരുന്ന ശ്രീ.കെ. കരുണാകരൻ അബുസാഹിബിന്റെ അഭ്യർത്ഥനകൾക്ക് മുന്തിയ പരിഗണന നൽകിയിരുന്നു.

ബാബരി മസ്ജിദ് ദുരന്തവുമായി ബന്ധപ്പെട്ട ചില അനിഷ്ടസംഭവങ്ങൾ മണ്ഡലത്തിലുണ്ടായി. അത് വ്യാപകമാകാതിരിക്കാനും സമാധാനം നിലനിർത്താനും അദ്ദേഹം ആത്മാർത്ഥമായി ഇടപെട്ടു. എം.എൽ.എ. എന്ന നിലയിൽ കാലാവധി തികച്ചുവെങ്കിലും അവസാന കാലത്ത് അദ്ദേഹം രോഗം മൂലം അവശനായിരുന്നു. അപ്പോഴും നിയോജകണ്ഡത്തിന്റെ വികസനകാര്യങ്ങളിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

ആരോടും കാര്യങ്ങൾ തുറന്നു പറയുന്ന ശുദ്ധമനസ്കനും ജീവിതത്തിൽ ഒട്ടേറെ ചിട്ടകൾ പാലിക്കുന്ന അപൂർവവ്യക്തിത്വവുമായിരുന്നു അബുസാഹിബ്."

mappilaheritagelibrary.com

11
വീണ്ടും ഹരിതാഭ!

അടിയന്തരാവസ്ഥയ്ക്കെതിരെ ഉയർന്ന ദേശീയവികാരത്തെ സ്വാംശീകരിച്ചു കൊണ്ടും കോൺഗ്രസിതര കക്ഷികളെ ഏകോപിപ്പിച്ചുകൊണ്ടും നടത്തിയ ആദ്യത്തെ രാഷ്ട്രീയ പരീക്ഷണമായിരുന്നു ജനതാപാർട്ടി. കോൺഗ്രസിനെ അധികാരത്തിൽ നിന്ന് താഴെയിറക്കാനും ആദ്യത്തെ കോൺഗ്രസിതര ഗവൺമെന്റിന് രൂപം കൊടുക്കാനും സാധിച്ച രാഷ്ട്രീയ പരീക്ഷണം. കോൺഗ്രസുമായി ബന്ധം ഉപേക്ഷിച്ചതു മുതൽ സോഷ്യലിസ്റ്റു ചേരി നടത്തിയ രാഷ്ട്രീയ മുന്നേറ്റങ്ങളുടെ അന്തിമവിജയമായിരുന്നു അത്. പക്ഷെ, സ്വന്തം പാർട്ടിയിലെ ആഭ്യന്തരകലഹവും, അധികാരത്തർക്കവും മൂലം പ്രസ്തുത പരീക്ഷണം പരാജയപ്പെട്ടത് പലരേയും നിരാശരും ദുഃഖിതരുമാക്കി.

ജനതാപാർട്ടി എന്ന പരീക്ഷണത്തെപ്പറ്റി കെ.കെ.അബുസാഹിബ് നടത്തിയ നിരീക്ഷണം ഇങ്ങനെയാണ്. ''സോഷ്യലിസ്റ്റ് പാർട്ടിയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുമ്പോഴാണ് ഇന്ത്യയിൽ അടിയന്തരാവസ്ഥ



സി.എച്ച്, യു.എ.ബീരാൻ, ശിഹാബ് തങ്ങൾ എന്നിവരുടെ കൂടെ കെ.കെ.അബു,

mappilaheritagelibrary.com

പ്രഖ്യാപിക്കുന്നതും സോഷ്യലിസ്റ്റുകാരായ ഞങ്ങളിൽ പലരും ഒളിവിലും ജയിലിലും പോകാൻ നിർബന്ധിതരാവുകയും ചെയ്തത്. ഇന്ത്യയിലെ വിവിധ ജയിലുകളിൽ തടവുകാരായ സോഷ്യലിസ്റ്റ് നേതാക്കളിൽ ജനതാ പാർട്ടിക്ക് രൂപം കൊടുക്കുവാനുള്ള ചിന്തയും പ്രേരണയും ഈ കാലഘട്ട ങ്ങളിലാണ് ഉണ്ടായത്. ഞാനും എന്റെ ചില സുഹൃത്തുക്കളും ജനതാ പാർട്ടിക്ക് രൂപം കൊടുക്കുന്നതിന് എതിരായിരുന്നു. 1954 മുതൽ 1975 വരേയും സോഷ്യലിസ്റ്റ് പാർട്ടിയിലുണ്ടായ പരിണാമങ്ങളും ഭിന്നതകളും ലയിക്കലും ഭിന്നിക്കലും ആശയപരമായിരുന്നു. പക്ഷെ, 75-ലെ ജനതാപാർട്ടിക്ക് രൂപം കൊടുക്കുവാനുള്ള ശ്രമം ആശയപരമായിരുന്നില്ല.

ഭാരതീയ ജനസംഘവും സോഷ്യലിസ്റ്റ് പാർട്ടിയും സംഘടനാ കോൺഗ്രസും മറ്റും വ്യത്യസ്തമായ തത്വസംഹിതകളുള്ള പാർട്ടികളായി രുന്നു. ഭിന്ന ആശയങ്ങൾ ഉള്ള ഈ പാർട്ടികൾ ഒന്നിച്ചു ചേർന്ന് ഒരു പാർട്ടിക്ക് രൂപം കൊടുത്താൽ തത്വദീക്ഷയുള്ള, ആശയത്തിൽ ഐക്യമുള്ള ഒരു പ്രസ്ഥാനമാക്കി ഇതിനെ വളർത്തിയെടുക്കാൻ സാധ്യമല്ലെന്നുള്ള ദൃഢമായ അഭിപ്രായമായിരുന്നു എനിക്കുണ്ടായിരുന്നത്. മധുലിമായെയോടും ജോർജ് ഫെർണാണ്ടസിനോടും എനിക്കുള്ള ആദരവും ബഹുമാനവും നിലനിർത്തി ക്കൊണ്ടു തന്നെ ജനതാപാർട്ടിക്ക് രൂപം കൊടുക്കുന്നതിലുള്ള എതിർപ്പ് ശക്തിയുക്തം ഞാൻ പ്രകടിപ്പിച്ചു. കൈകാലുകൾ ചങ്ങലക്കിട്ട വിധത്തിൽ തീഹാർ ജയിലിൽ തടവുകാരനായി കഴിഞ്ഞ ഫെർണാണ്ടസിന്റെ ഒരെഴു ത്താണ് എന്റെ അഭിപ്രായം മാറ്റി എടുത്തത്.

മനസ്സില്ലാ മനസ്സോടെ ജനതാപാർട്ടിയിൽ നിന്നുവെങ്കിലും ഞാൻ പ്രതീ ക്ഷിച്ച പോലെത്തന്നെ മൂന്നു പാർട്ടികൾ ഒന്നായിച്ചേർന്ന ജനതാപാർട്ടി അമിട്ടു പൊട്ടിയപോലെ ഭിന്നിച്ചു. സോഷ്യലിസ്റ്റുകാർക്ക് മുൻതൂക്കമുള്ള, വിശേഷിച്ചും മധുലിമായെയും ജോർജ് ഫെർണാണ്ടസും കർപ്പൂരി താക്കൂറും രബിറേയും ഉൾക്കൊള്ളുന്ന ലോക്ദളിൽ വേദനയോടെയാണെങ്കിലും അംഗത്വം തുടർന്നു. ലോക്ദളിന്റെ നാഷണൽ കമ്മിറ്റിയിൽ കേരളത്തെ പ്രതി നിധീകരിച്ച് എന്നെ തെരഞ്ഞെടുക്കുകയും കേരളത്തിൽ ലോക്ദളിന് രൂപം കൊടുക്കുവാൻ പാർട്ടി ചെയർമാൻ ശ്രീ. ചരൺസിംഗ് എന്നെ ചുമതലപ്പെ ടുത്തുകയും ചെയ്തു. കേരളത്തിൽ എല്ലാ ജില്ലകളിലും ലോക്ദൾ സംഘ ടിപ്പിക്കുകയും സ്റ്റേറ്റ് കമ്മിറ്റിക്ക് രൂപം നൽകുകയും ചെയ്തു.

കേരളത്തെ സംബന്ധിച്ചിടത്തോളം ലോക്ദൾ ഒരു കൊച്ചു പാർട്ടിയാ ണെങ്കിലും എനിക്കതിൽ ഒട്ടും നിരാശ തോന്നിയിരുന്നില്ല. കഴിഞ്ഞ ഒരു വർഷമായി ലോക്ദൾ, ജനതാപാർട്ടി, ബി.ജെ.പി, കോൺഗ്രസ് എസ്.ഇ തെല്ലാം ചേർന്ന് വീണ്ടും ഒരു പാർട്ടിയാക്കാനുള്ള ശ്രമം ആരംഭിച്ചപ്പോൾ എനിക്ക് നിരാശ തോന്നി. ഈ ഒന്നിക്കലും വിഘടിക്കലും എന്ന തത്വദീക്ഷ യില്ലാത്ത പ്രക്രിയ കഴിഞ്ഞ മുപ്പത്തിമൂന്നു വർഷമായി തുടർന്നു വരുന്നതാ ണ്. ഈ കാലഘട്ടങ്ങളിൽ പതാകകൾ മാറി മാറി പിടിക്കേണ്ട ഗതികേട്

mappilaheritagelibrary.com

ഞാൻ അനുഭവിച്ചിട്ടുണ്ട്. ലോക്ദളിൽത്തന്നെ രണ്ടു പതാക അംഗീകരിക്കേണ്ടി വന്നിട്ടുണ്ട്. കഴിഞ്ഞ എട്ടിൽ ചിലാനം മാസങ്ങളായി ഞാൻ ചിന്തിക്കുകയായിരുന്നു. ലോക്ദളിന്റെ നാഷണൽ കമ്മിറ്റി യോഗങ്ങളിലോ സ്റ്റേറ്റ് കമ്മിറ്റിയിലോ ഞാൻ പങ്കെടുത്തിരുന്നില്ല." (കേരള സംസ്ഥാന മുസ്ലിം ലീഗ് സമ്മേളനം, സുവനീർ 1982)

കാര്യകാരണബന്ധങ്ങളില്ലാതെ പിളരുകയും വീണ്ടും ലയിക്കുകയും വീണ്ടും പിളരുകയും ചെയ്യുന്ന സോഷ്യലിസ്റ്റ് പാർട്ടിയുടെ ദുരവസ്ഥയിൽ ഖിന്നനായിരുന്നു അബുസാഹിബ്. ജനതാപരീക്ഷണം കൂടി പരാജയപ്പെട്ടതോടെ അബു സാഹിബ് ഒരു പിൻമാറ്റത്തിനു തയ്യാറെടുത്തു. സജീവരാഷ്ട്രീയത്തിൽ നിന്ന് സ്വയം നിഷ്ക്രമിക്കാനായിരുന്നു അദ്ദേഹത്തിന്റെ തീരുമാനം.

ഒരു ദിവസം അബുസാഹിബ് പത്രവാർത്തകളിൽ മുഴുകിയിരിക്കുമ്പോൾ വീട്ടിലെ ഫോൺ ശബ്ദിച്ചു. അബുസാഹിബ് ഫോണെടുത്തു. അപ്പുറത്ത് സി.എച്ച്.മുഹമ്മദ്കോയാ സാഹിബായിരുന്നു. 'അബുസാഹിബേ, ഞാൻ ഏതു നിമിഷവും മരണത്തെ പ്രതീക്ഷിക്കുന്നവനാണ്. എന്റെ രോഗങ്ങൾ മാരകങ്ങളാണ്. ഞാൻ മരിച്ചു പോയാലും മുസ്ലിംലീഗ് നിലനിൽക്കണം. എന്റെ ജീവിതകാലത്തു തന്നെ മുസ്ലിംലീഗിന്റെ കടിഞ്ഞാൺ രാഷ്ട്രീയ വിവരമുള്ള പ്രഗൽഭമതികളുടെ കൈയിൽ ഏൽപ്പിക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. അതുകൊണ്ട്, താങ്കൾ മുസ്ലിം ലീഗിന്റെ നേതൃമണ്ഡലത്തിലേക്ക് വരണം.' സി.എച്ചിന്റെ വാക്കുകൾ അബുസാഹിബിന്റെ ഹൃദയത്തിൽ തട്ടി. പക്ഷെ അബുസാഹിബ് മറുപടി പറഞ്ഞില്ല. മറുപടി പറയാൻ കഴിയാതെ പോയി എന്നതാണ് ശരി. തൊട്ടടുത്ത ദിവസം തികച്ചും അവിചാരിതമായി സി.എച്ച്, അബുസാഹിബിന്റെ വീട്ടിലെത്തി. നവാസ് പൂനൂർ ആ രംഗം വിശദീകരിക്കുന്നു. "അബു സി.എച്ചിനെ സ്വീകരിച്ചിരുത്തി. തൊള്ളായിരത്തി നാല്പതുകളിൽ അബു മുസ്ലിംലീഗിന്റെ തലപ്പത്തുണ്ടായിരുന്നപ്പോൾ മുസ്ലിംലീഗിലേക്ക് പിച്ച വെച്ച് കടന്നു വന്ന സി.എച്ച് ഇന്ന് ആ പാർട്ടിയുടെ ഏറ്റവും സമുന്നതനായ നേതാവായിരിക്കുന്നു. അദ്ദേഹം മുസ്ലിംലീഗിലെ പഴയ സഹപ്രവർത്തകനെ തേടിയെത്തിയതാണ്. മുഖവുരയില്ലാതെത്തന്നെ സി.എച്ച്. തുടങ്ങി. 'ലോക്ദളിന്റെ സ്റ്റേറ്റ് കമ്മിറ്റിയിലും നാഷണൽ കമ്മിറ്റിയിലുമൊക്കെ അംഗമാണെങ്കിലും നിങ്ങൾ ഇപ്പോൾ തീരെ ആക്ടീവല്ലല്ലോ. അതുകൊണ്ടു തന്നെ നിങ്ങൾ മുസ്ലിം ലീഗിലേക്ക് തിരിച്ചു വന്നേപറ്റൂ.' അബുസാഹിബ് സത്യത്തിൽ ഈ ക്ഷണം പ്രതീക്ഷിച്ചിരുന്നില്ല. രാഷ്ട്രീയത്തിൽ നിന്ന് അൽപം വിട്ട് നിൽക്കാൻ ആലോചിച്ചു വരികയായിരുന്നു അദ്ദേഹം. 'ഇത് പെട്ടെന്ന് മറുപടി പറയാൻ കഴിയാത്ത കാര്യമാണ്. ഇനി ഇപ്പോൾ തിരിച്ചു വന്നതു കൊണ്ടും വലിയ കാര്യമൊന്നുമില്ല. പഴയ സോഷ്യലിസ്റ്റു പാർട്ടിയിലെപ്പോലെ ഇപ്പോൾ എന്റെ കൂടെ അധികമാളുകളൊന്നുമില്ല."

mappilaheritagelibrary.com

'ആളുകൾ വരുന്നെങ്കിൽ വരട്ടെ. ഞാനവരെ സ്വാഗതം ചെയ്യും. ഇപ്പോൾ ക്ഷണിക്കുന്നത് അബുസാഹിബിനെയാണ്. മുസ്‌ലിംലീഗിനിപ്പോൾ നിങ്ങളെ വേണം.' അബുസാഹിബിന്റെ നേതൃശേഷിയും സംഘടനാ വൈഭവവും നന്നായറിയാവുന്ന കോയാ സാഹിബ് തുറന്നു പറഞ്ഞു. 'ഞാൻ ഒരുപാട് രോഗങ്ങളുടെ ഉടമയാണ്. എന്റെ ശേഷവും ഈ പ്രസ്ഥാനം ശക്തമായിത്തന്നെ മുന്നോട്ടു പോകണം' ആ വലിയ മനുഷ്യന്റെ കണ്ണുകൾ അപ്പോൾ ഈറനണിഞ്ഞിരുന്നു.

നടുവട്ടത്തെ അബുസാഹിബിന്റെ വസതിയിലിരുന്ന് സംസാരിക്കവെ, അബുസാഹിബ് ലീഗിലേക്കുള്ള തിരിച്ചുവരവ് അയവിറക്കുകയായിരുന്നു. 'തനിക്കു ശേഷം പ്രളയം' എന്ന് വിശ്വസിക്കുന്ന നേതാക്കളല്ലേ ഇവിടെയുള്ളത്? തന്റെ കാലശേഷവും തന്റെ പാർട്ടിക്ക് കോട്ടം തട്ടരുതെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്ന, അതിനു വേണ്ടി യത്നിക്കുന്ന മറ്റേതെങ്കിലും നേതാക്കളുണ്ടോ? അബുസാഹിബ് ചോദിച്ചു. 'ഇല്ല, ആർക്കും തങ്ങളുടെ ശേഷമുള്ള പാർട്ടിയുടെ നിലയെക്കുറിച്ച് ചിന്തയില്ല; ദീർഘവീക്ഷണവുമില്ല. പക്ഷെ, സി.എച്ചിന് തന്റെ സംഘടന ഒരിക്കലും അനാഥമാകരുതെന്ന് ആഗ്രഹമുണ്ട്. 'എന്നെ തിരിച്ചു കൊണ്ടു വന്നത് സത്യത്തിൽ സി.എച്ച്.മാത്രമാണ്. എത്രയെത്ര യുവനേതാക്കളെ, പുതുമുഖങ്ങളെ അദ്ദേഹം വളർത്തിക്കൊണ്ടു വന്നു. ഇതൊക്കെ സമുദായ നന്മ ഓർത്ത് മാത്രമായിരുന്നു.'

മുസ്‌ലിംലീഗിലേക്ക് തിരിച്ചു വരാം എന്ന് വാക്ക് കൊടുത്തില്ലെങ്കിലും സി.എച്ചിനെ അന്ന് സന്തോഷമായിത്തന്നെ യാത്രയാക്കി. പിന്നീട് ഞാനാ വലിയ മനുഷ്യനെ കാണുന്നത് ഒരു മാസത്തിന് ശേഷമാണ്; കാലിക്കറ്റ് നഴ്സിംഗ് ഹോമിൽ പക്ഷവാതം പിടിപെട്ട് തളർന്നു കിടക്കുന്ന നിലയിൽ. അന്ന് സംസാരിക്കാൻ കഴിഞ്ഞില്ല. 'വൈദ്യശാസ്ത്രത്തേക്കാൾ വലുതാണ് അല്ലാഹുവിന്റെ കഴിവ്. സമുദായത്തിന് നിങ്ങളെ വേണം. അവരുടെ പ്രാർത്ഥന അല്ലാഹു സ്വീകരിക്കും.' എങ്ങനെയോ ഇത്രയും പറഞ്ഞൊപ്പിച്ച് ഞാനിറങ്ങിപ്പോന്നു. പിന്നീട് ആസ്പത്രിയിലേക്ക് പോയില്ല. ഡോക്ടർ സി.ബി.സി.വാര്യരെ വിളിച്ച് പുരോഗതി അറിഞ്ഞു കൊണ്ടിരുന്നു. ഒരിക്കൽ വാര്യർ പറഞ്ഞു. 'സി.എച്ച്.വലിയ ഭാഗ്യവാനാണ്. ഈ രോഗത്തിൽ നിന്ന് ഇത്ര പെട്ടെന്ന് മറ്റാരും രക്ഷപ്പെട്ടിട്ടില്ല.'

അസുഖം അൽപം ഭേദമായപ്പോൾ സി.എച്ച്. 'റാബിത്വ' യുടെ ക്ഷണപ്രകാരം ഹജ്ജിനു പോയി. പോകുമ്പോൾ ഫോണിൽ വിളിച്ചു പറഞ്ഞു. തിരിച്ചുവരുമ്പോഴേക്കും മുസ്‌ലിംലീഗിൽ ചേരുന്ന കാര്യം ആലോചിക്കണമെന്ന്. ഹജ്ജ് കഴിഞ്ഞു വന്നപ്പോൾ ഫോൺ ചെയ്ത് പ്രാതലിന് ക്ഷണിച്ചു. ഞാൻ പോയി. നിറയെ സന്ദർശകരുണ്ടായിരുന്നുവെങ്കിലും മുകളിലെ മുറിയിലിരുന്ന് ഞങ്ങൾ കുറേ നേരം സംസാരിച്ചു. അൽപം കഴിഞ്ഞപ്പോൾ ബി.വി.അബ്ദുല്ലക്കോയാ സാഹിബിനേയും വരുത്തി. മണിക്കൂറുകളോളം

mappilaheritagelibrary.com

ഞങ്ങൾ സംസാരിച്ചു. അങ്ങനെ തീരുമാനം സി.എച്ച്. പ്രഖ്യാപിച്ചു 'നാളെ പത്രസമ്മേളനം വിളിക്കുക. എന്നിട്ട് അബുസാഹിബ് ലീഗിലേക്ക് വരുന്ന കാര്യം പറയുക' ആ തീരുമാനത്തെ അംഗീകരിക്കാനേ എനിക്ക് കഴിഞ്ഞുള്ളു. അങ്ങനെ സി.എച്ച്.തന്നെ പത്രസമ്മേളനം വിളിച്ചു. എന്റെ തിരിച്ചു വരവ് പത്രക്കാരെ അറിയിച്ചു. തുടർന്ന് നൽകപ്പെട്ട ഒട്ടുമിക്ക സ്വീകരണസമ്മേളനങ്ങളിലും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അദ്ദേഹം തന്നെ പങ്കെടുത്തു. എന്നെ പ്രകീർത്തിച്ചു കൊണ്ടു പ്രസംഗിച്ചു." (സി.എച്ചിന്റെ കഥ പേജ് 175-176)

അങ്ങനെ മൂന്നു പതിറ്റാണ്ടു മുമ്പ് വിട പറഞ്ഞുപോയ മുസ്ലിംലീഗ് പ്രസ്ഥാനത്തിന്റെ ഹരിതാഭയിലേക്ക് അബുസാഹിബ് മടങ്ങിയെത്തി.

കോഴിക്കോട് കുറ്റിച്ചിറയിൽ അദ്ദേഹത്തെ വരവേൽക്കാൻ വമ്പിച്ച സമ്മേളനം ചേർന്നു. ശാരീരിക അവശതകൾക്കിടയിലും സി.എച്ച്.അബുസാഹിബിനെ സ്വീകരിക്കാനെത്തി. 1981-ൽ മുസ്ലിംലീഗിൽ തിരിച്ചെത്തിയ അബുസാഹിബ് എസ്.ടി.യു.സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറിയായി. 1982ൽ സംസ്ഥാന പ്രസിഡന്റായി. 1983-ൽ കോഴിക്കോട് സിറ്റി മുസ്ലിംലീഗ് പ്രസിഡന്റും സംസ്ഥാന പ്രവർത്തകസമിതി, സംസ്ഥാന സെക്രട്ടേറിയറ്റ് എന്നിവയിൽ അംഗവുമായി.

മുസ്ലിംലീഗിലേക്ക് തിരിച്ചു വന്ന ശേഷം അബുസാഹിബിന്റെ പ്രവർത്തനമേഖല പ്രധാനമായും എസ്.ടി.യു. തന്നെയായിരുന്നു. എസ്.ടി.യുവിന്റെ ആദിരൂപമായ മുസ്ലിം ലേബർ യൂണിയൻ സ്ഥാപിക്കുകയും നേതൃത്വം നൽകുകയും ചെയ്ത അബുസാഹിബിന് ജീവിതത്തിന്റെ സായാഹ്നത്തിലും എസ്.ടി.യുവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനുള്ള നിയോഗമുണ്ടായി.

എസ്.ടി.യു.സംസ്ഥാന ജനറൽ സെക്രട്ടറിയും, എസ്.ടി.യുവിൽ അബുസാഹിബിന്റെ സഹപ്രവർത്തകനുമായ അഹമ്മദ്കുട്ടി ഉണ്ണിക്കുളം എസ്.ടി.യു പ്രസിഡന്റ് എന്ന നിലയിലുള്ള അബുസാഹിബിന്റെ പ്രവർത്തനം വിലയിരുത്തുന്നു. "നീണ്ട 16 കൊല്ലക്കാലം അദ്ദേഹത്തിന്റെ നേതൃത്വം എസ്.ടി.യുവിന് ലഭിച്ചുവെന്നത് പ്രസ്ഥാനത്തിന്റെ വളർച്ചക്ക് ഏറെ സഹായകരമായി. കേരളത്തിലെ അനേകായിരം തൊഴിലാളികളെ എസ്.ടി.യുവിന്റെ കൊടിക്കൂറക്ക് കീഴിൽ കൊണ്ടു വരാൻ അദ്ദേഹം അക്ഷീണയത്നം നടത്തി. എസ്.ടി.യു. സംസ്ഥാന ഓഫീസ് ഓഡിറ്റോറിയത്തിന് ആ വ്യക്തിത്വത്തിന്റെ നാമധേയമാണ് നൽകിയിട്ടുള്ളത്. അനാരോഗ്യം മൂലം എസ്.ടി.യു സംസ്ഥാന പ്രസിഡന്റ് സ്ഥാനത്ത് തുടരാനാവാതെ വന്ന അവസാനകാലത്ത് അരലക്ഷം രൂപ ഫണ്ടിനത്തിൽ സംസ്ഥാന കമ്മിറ്റിയെ ഏൽപ്പിക്കുകയായിരുന്നു അദ്ദേഹം ചെയ്തത്. അബു സാഹിബിന്റെ നാമധേയത്തിലുള്ള ഓഡിറ്റോറിയം നിർമ്മാണത്തിന് പ്രസ്തുത സംഖ്യ തന്നെ ഉപയോഗപ്പെടുത്തിയെന്നത് വേദന മുറ്റിയ ഓർമ്മയുടെ ഭാഗമായി അവശേഷിക്കുന്നു.

mappilaheritagelibrary.com

കെ.കെ.അബുസാഹിബ് 1982 ഡിസംബർ ഒന്നിനായിരുന്നു എസ്.ടി.യു സംസ്ഥാന പ്രസിഡന്റായി അധികാരമേൽക്കുന്നത്. ആദ്യത്തെ നാലു വർഷത്തിനുള്ളിൽ 14 ജില്ലാ എസ്.ടി.യു കമ്മിറ്റികൾക്കും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രൂപം നൽകി. തുടർന്ന് പൊതുമേഖലാ സ്ഥാപനങ്ങളിൽ സന്ദേശമെത്തിക്കാനുള്ള ശ്രമമാണ് നടത്തിയത്. 1982 മാർച്ച് 10ന് ഇലക്ട്രിസിറ്റി എംപ്ലോയീസ് ഓർഗനൈസേഷന് (എസ്.ടി.യു) രൂപം കൊടുത്തതും പുതിയ തുടക്കത്തിന്റെ ഭാഗമായിരുന്നു. അബുസാഹിബ് പ്രസിഡന്റായി 1984 നവംബർ ഒന്നിന് മലബാർ സിമന്റ്സിൽ എസ്.ടി.യു രൂപീകരിച്ചു. 1983 സെപ്തംബർ 24ന് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഓർഗനൈസേഷൻ (സി.ഇ.ഒ) രൂപീകരണത്തിലും, 1984 ഏപ്രിലിൽ കേരള കോളെജ് ടീച്ചേഴ്സ് യൂണിയൻ രൂപീകരണത്തിലും ആ മഹാപ്രേരകശക്തി പിന്നിലുണ്ടായിരുന്നു. 1985 ഫെബ്രുവരി 27ന് തിരുവനന്തപുരം എസ്.ടി.യു ഹൗസിന്റെ ഉദ്ഘാടനം നടന്നു. 1982 മാർച്ച് 12, 13 തീയതികളിൽ നടന്ന മലപ്പുറം ജില്ലാ എസ്.ടി.യു.സമ്മേളനം, 1983 ഒക്ടോബറിൽ നടന്ന ആലപ്പുഴ ജില്ലാ സമ്മേളനം, 1984 മെയ് 6ന് സുൽത്താൻ ബത്തേരിയിൽ നടന്ന വയനാട് ജില്ലാ സമ്മേളനം എന്നിവയിലെല്ലാം ആകർഷണ കേന്ദ്രം അബു സാഹിബ് തന്നെ.

കേരളമൊട്ടുക്കും നടന്ന എസ്.ടി.യു.സംസ്ഥാന അവകാശ പ്രഖ്യാപന ജാഥയും (1985 ഏപ്രിൽ 15- മെയ് 15) 1986 ഫെബ്രുവരി 2, 3, 4 തീയതികളിൽ പീച്ചി ഡാമിൽ നടന്ന സംസ്ഥാന ശില്പശാലയും 1986 ഡിസംബർ 26,



മഞ്ചേരിയിൽ നടന്ന എസ്.ഇ.യു.സംസ്ഥാന സമ്മേളനത്തിൽ (1983)

mappilaheritagelibrary.com

27, 28 തീയതികളിൽ നടന്ന തൃശൂർ എസ്.ടി.യു സംസ്ഥാന സമ്മേളനവും അബുസാഹിബിന്റെ നേതൃപാടവത്തിന് മികച്ച ഉദാഹരണമാണ്.

കേരള ഓട്ടോമൊബൈൽസ്, മന്നം ഷുഗർമിൽ, ടൈറ്റാനിയം, ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ തുടങ്ങിയ മേഖലകളിലൊക്കെ നീലപ്പതാകയെത്തുന്നത് അബുസാഹിബിന്റെ കാലത്തായിരുന്നു. സ്വതന്ത്ര യൂണിയൻ തത്വശാസ്ത്രം ഉൾക്കൊണ്ട് നിലവിൽ വന്ന കെ.എസ്.ടി.യുവിനും അബുസാഹിബ് പ്രചോദനമായി. എസ്.ടി.യുവിന് സംസ്ഥാന കമ്മിറ്റി ഓഫീസ് വേണമെന്നത് അദ്ദേഹത്തിന്റെ അടങ്ങാത്ത അഭിലാഷമായിരുന്നു. അതിനായി 1985 ജൂലൈ 16ന് കോഴിക്കോട് ചെറൂട്ടി നഗർ ഹൗസിംഗ് കോളനിയിൽ 16 സെന്റ് സ്ഥലം വാങ്ങി. 1986 ഡിസംബർ 29ന് തൃശൂരിലെ സ്റ്റേറ്റ് കൗൺസിൽ യോഗത്തിൽ വെച്ച് അബുസാഹിബ് വീണ്ടും പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. ട്രേഡ് യൂണിയൻ രംഗത്ത് ശ്രദ്ധിക്കപ്പെട്ട ചെതലയം ക്യാമ്പ് നടത്തിയത് അപ്പോഴാണ്.

മാനേജ്മെന്റിൽ തൊഴിലാളി പങ്കാളിത്തം നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്രതൊഴിൽ വകുപ്പ് മന്ത്രിയായിരുന്ന രാംവിലാസ് പാസ്വാൻ തിരുവനന്തപുരത്ത് വിളിച്ചു ചേർത്ത സമ്മേളനത്തിൽ അബുസാഹിബ് ശ്രദ്ധേയമായ പ്രകടനം നടത്തി. 1990 ആഗസ്റ്റ് എട്ടിന് എസ്.ടി.യു സെന്ററിന്റെ അങ്കണത്തിൽ നീലപ്പതാക ഉയർത്തിയതോടെ സംസ്ഥാന കമ്മിറ്റി ഓഫീസിന്റെ ഔപചാരികമായ പ്രവർത്തനം ആരംഭിച്ചു.

'സമ്പൂർണ മദ്യവർജ്ജനത്തിന് തൊഴിലാളി ശക്തി' എന്ന പ്രമേയവുമായി കേരളാടിസ്ഥാനത്തിൽ നടത്തിയ ബോധവൽകരണ സമ്മേളനങ്ങൾ. 'മതമൈത്രിക്ക് തൊഴിലാളി ശക്തി' എന്ന പ്രമേയവുമായി നടത്തിയ മൂന്നു മേഖലാ സമ്മേളനങ്ങൾ, ടെക്സ്റ്റൈൽ സംഗമം, എഫ്.സി. ഐ. ചർച്ചാവേദി, 'തൊഴിലാളികൾ ഫാസിസത്തിനും, തീവ്രവാദത്തിനുമെതിരെ' പ്രമേയത്തിലൂന്നി നടത്തിയ പ്രചാരണ പരിപാടികൾ, മത്സ്യവിതരണ തൊഴിലാളികളുടെ ആനുകൂല്യങ്ങൾക്കു വേണ്ടി നടത്തിയ ഐതിഹാസിക പോരാട്ടം, മെയ്ദിന സമ്മേളനങ്ങൾ, ട്രേഡ് യൂണിയൻ അംഗീകാര ബില്ലിന് എതിരെയുള്ള പോരാട്ടം, രാഷ്ട്രീയപ്രേരിത ബന്ദുകൾക്കും പണിമുടക്കുകൾക്കും എതിരെയുള്ള സന്ധിയില്ലാ സമരങ്ങൾ, അസംഘടിത മേഖലയിലെ തൊഴിലാളികൾക്കു വേണ്ടിയുള്ള പോരാട്ടം, ദേശീയ വേതന നയത്തിനു വേണ്ടിയുള്ള സമ്മർദ്ദങ്ങൾ, തൊഴിൽ നിയമങ്ങൾ പൊളിച്ചെഴുതാൻ വേണ്ടിയുള്ള കേന്ദ്ര നിവേദനം, 1996 ആഗസ്റ്റ് 11, 12 തീയതികളിലെ മലമ്പുഴ എസ്.ടി.യു. ക്യാമ്പ് എന്നിങ്ങനെ അബു സാഹിബിന്റെ കാലത്ത് നടന്ന പ്രവർത്തനങ്ങൾ സംഘടനയുടെ ചരിത്രത്തിലെ സുവർണാധ്യായങ്ങളാണ്. എം.എൽ.എ. എന്ന നിലക്ക് കേരള നിയമസഭയിൽ തൊഴിലാളികളുടെ നിരവധി ആവശ്യങ്ങൾ അദ്ദേഹം ഉയർത്തുകയുണ്ടായി." (എസ്.ടി.യു ചരിത്രത്തിലൂടെ. പേജ് 493, 494)

mappilaheritagelibrary.com

ഒരു തൊഴിലാളി യൂണിയൻ സംഘടിപ്പിക്കേണ്ടതും സജീവമാക്കേണ്ടതും എങ്ങനെയെന്ന് അബുസാഹിബ് പ്രവർത്തനങ്ങളിലൂടെ തെളിയിച്ചു. ഒരു തൊഴിലാളി സംഘടനയ്ക്ക് തൊഴിൽ പ്രശ്നങ്ങൾ മാത്രമല്ല, സമൂഹം നേരിടുന്ന പൊതുപ്രശ്നങ്ങളിലും ഇടപെടാമെന്ന് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ എസ്.ടി.യു ഏറ്റെടുത്ത വിവിധ കാമ്പയിനുകളിലൂടെ തെളിയിക്കപ്പെടുകയും ചെയ്തു.

1982-ൽ നടന്ന മുസ്ലിംലീഗ് സംസ്ഥാന സമ്മേളന സുവനീറിൽ 'തിരിച്ചുവരവിന്റെ സംതൃപ്തി' എന്ന പേരിൽ എഴുതിയ ലേഖനത്തിൽ കെ.കെ. അബുസാഹിബ് ഇങ്ങനെ പറയുന്നു. "മുപ്പത്തിമൂന്ന് വർഷത്തിനു ശേഷം ഞാൻ മുസ്ലിംലീഗിൽ തിരിച്ചു വന്നു. ഒരു മുസ്ലിംലീഗുകാരനായാണ് എന്റെ രാഷ്ട്രീയ ജീവിതം തുടങ്ങിയത്. ഒരു മുസ്ലിംലീഗുകാരനായിത്തന്നെ അത് അവസാനിക്കുക എന്നത് എനിക്ക് അല്പമായ മനഃശാന്തി നൽകുന്നു. ഞാൻ മുസ്ലിംലീഗിൽ ചേരാനുണ്ടായ പ്രേരണ അതിന്റെ പുരോഗമനസ്വഭാവം തന്നെയാണ്. കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലത്തിനിടയ്ക്ക് കേരളത്തിലുണ്ടായ എല്ലാ പുരോഗമന നിയമനിർമ്മാണങ്ങൾക്കും മുസ്ലിംലീഗ് അതിന്റേതായ പങ്കു വഹിച്ചിട്ടുണ്ട്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഉണ്ടായിട്ടില്ലാത്ത വിധം ഭൂപരിഷ്കരണ നടപടികൾ കേരളത്തിൽ നടപ്പായിട്ടുണ്ട്. മുസ്ലിം ലീഗ് മുസ്ലിം ജൻമിമാരുടേയും മുസ്ലിം മുതലാളിമാരുടേയും സംഘടനയല്ലെന്നുള്ളതിന്റെ ജീവിക്കുന്ന തെളിവുകളാണിവ.

മതന്യൂനപക്ഷത്തിന്റെ, പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഒരു ജനസാമാന്യത്തിന്റെ പ്രാതിനിധ്യമുള്ള ഏകസംഘടനയും ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗാണ്. ഇടതുപക്ഷ ചിന്താഗതിക്കാരന്നും, സോഷ്യലിസ്റ്റുകാരന്നും അഭിമാനത്തോടെ കടന്നു വരാവുന്ന ഒരു സംഘടനയാണ് മുസ്ലിം ലീഗെന്നു ഞാൻ വിശ്വസിക്കുന്നു

മുപ്പത്തിമൂന്നു കൊല്ലം എങ്ങെല്ലാമോ പോയി സ്വന്തം കുടുംബത്തിലേക്ക് തിരിച്ചു വന്ന ആഹ്ലാദവും സംതൃപ്തിയുമാണ് എനിക്ക് അനുഭവപ്പെട്ടത്. പല വിധത്തിലുള്ള പതാകകളും മാറിമാറി പിടിക്കേണ്ട ഒരവസ്ഥ എനിക്കിനി ഉണ്ടാവുകയില്ല. എന്റെ സജീവരാഷ്ട്രീയ പ്രവർത്തനങ്ങളുടെ ആരംഭം മുസ്ലിം ലീഗിലാണ്. അതിന്റെ പര്യവസാനവും മുസ്ലിംലീഗിൽ ആയിരിക്കും. ജീവിതാവസാനം വരെ എനിക്കിനി ഒരു പതാകയേ പിടിക്കേണ്ടി വരൂ. അത് മുസ്ലിംലീഗിന്റെ ഹരിതവർണപതാകയാണ്. അത് കഴിയുന്നത്ര ഉയരത്തിൽ ഉയർത്തി ഉയർത്തിപ്പിടിക്കും. ഇൻശാ അല്ലാഹ്!"

mappilaheritagelibrary.com

12
മാതൃകയായ വ്യക്തിത്വങ്ങൾ

ഓരോ വ്യക്തിക്കും തന്റെ ജീവിതത്തിൽ ഏറെ സ്വാധീനം ചെലുത്തിയ ഒന്നോ അതിലധികമോ വ്യക്തിത്വങ്ങളെ അനുസ്മരിക്കാനുണ്ടാകും. അത് രക്ഷിതാക്കളോ ഗുരുനാഥൻമാരോ സമൂഹത്തിന് നേതൃത്വം കൊടുത്ത മഹാരഥൻമാരോ ആകും. അത്തരം വ്യക്തിത്വങ്ങളുടെ സ്വാധീനം പലപ്പോഴും ഓരോരുത്തരുടേയും ജീവിതവീക്ഷണത്തിൽ തന്നെ ഗുണപരമായ മാറ്റങ്ങളുണ്ടാക്കാൻ പര്യാപ്തമായിരിക്കും.

അബുസാഹിബിനെ സ്വാധീനിച്ച വ്യക്തിത്വങ്ങൾ പ്രധാനമായും ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബ്, സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ, കെ.എം.സീതി സാഹിബ്, ഡോ: രാം മനോഹർ ലോഹ്യ എന്നിവരാണ്. ഈ നാല് മഹദ്വ്യക്തിത്വങ്ങളുമായി ബന്ധപ്പെട്ട അനുഭവങ്ങൾ അദ്ദേഹത്തിനുണ്ട്.

'കാലുഷ്യം നിറഞ്ഞ ഒരു കാലഘട്ടത്തിൽ മുസ്ലിംലീഗിന്റെ നേതൃത്വമേറ്റെടുക്കേണ്ടി വന്നിട്ടും എല്ലാ വിഭാഗങ്ങൾക്കുമിടയിൽ സർവാദരണീയനായി നില കൊള്ളാനും, വിവാദം സൃഷ്ടിക്കാതെ സമുദായത്തിന്റെ അവകാശങ്ങൾ ചോദിച്ചു വാങ്ങാനും ഖാഇദെ മില്ലത്തിന് സാധ്യമായത് അദ്ദേഹത്തിന്റെ സവിശേഷ വ്യക്തിത്വം കൊണ്ടു തന്നെയാണ്. തുകൽ വ്യവസായികളുടെ കുടുംബത്തിൽ പിറന്നിട്ടും ലാളിത്യപൂർണമായ ജീവിതം നയിക്കാൻ അദ്ദേഹം സന്നദ്ധനായി. മുസ്ലിം ലേബർ യൂണിയന്റെ സമ്മേളനത്തിന് ക്ഷണിക്കാൻ, അദ്ദേഹത്തിന്റെ വസതിയായ 'ദയ മൻസിലിൽ' ചെന്നപ്പോൾ അദ്ദേഹത്തിന്റെ ലളിത ജീവിതത്തിന്റെ മഹത്വം നേരിൽ കാണാനുള്ള അവസരം അബുസാഹിബിനുണ്ടായി.

സീതി സാഹിബിനോടൊപ്പം തളിപ്പറമ്പിൽ ഒരു യോഗത്തിൽ പങ്കെടുക്കാൻ അബുസാഹിബ് തലശ്ശേരി മുസ്ലിംലീഗ് ഓഫീസിൽ എത്തി. പിറ്റേന്ന് കമ്മിറ്റി യോഗം ചേരുന്നതിനാൽ റിപ്പോർട്ടും കണക്കും ശരിയാക്കിയിട്ട് പോയാൽ മതിയെന്നായി സീതിസാഹിബ്. യാത്ര പുറപ്പെടാൻ സമയം വളരെ വൈകിയിട്ടും സീതിസാഹിബ് പുറപ്പെടുന്ന ലക്ഷണമില്ല. ഒടുവിൽ അബുസാഹിബ് ധൃതി കൂട്ടി. കണക്കിൽ ആറണയുടേയോ എട്ടണയുടേയോ വ്യത്യാസം വന്നതാണ് വൈകാൻ കാരണം. അബു സാഹിബ് പറഞ്ഞു.

mappilaheritagelibrary.com

'ആറണ്ണയല്ലേ, സീതി സാഹിബ്, സാരമില്ല, ഇനിയും വൈകിയാൽ യോഗത്തിനെത്താൻ കഴിയില്ല.' ഉടൻ സീതിസാഹിബിന്റെ മറുപടി. 'ആറണയോ എട്ടണയോ എന്നതല്ല പ്രശ്നം. കണക്ക് കൃത്യമായിരിക്കണം. ഇന്നത്തെ ചെറിയ സംഖ്യ നാളെ വലുതാവും.' ആ മറുപടിക്കു മുമ്പിൽ അബുസാഹിബിന് വാക്കുകൾ നഷ്ടപ്പെട്ടു. ജീവിതത്തിൽ ഇത്ര കണിശതയും സത്യസന്ധതയും കാണിച്ച സീതിസാഹിബ് എല്ലാ ഗുണങ്ങളും തികഞ്ഞ വ്യക്തിത്വമായിരുന്നു.

മുസ്ലിംലീഗിൽ നിന്നു വിട്ടു പോയിട്ടും കാണുമ്പോഴൊക്കെ രാഷ്ട്രീയ പ്രവർത്തനത്തെപ്പറ്റിയും ആരോഗ്യസ്ഥിതിയെപ്പറ്റിയും പിതൃവാൽസല്യത്തോടെ തിരക്കുമായിരുന്ന ബാഫഖി തങ്ങൾ അബുസാഹിബിന് അവിസ്മരണീയ വ്യക്തിത്വമായിരുന്നു. ലേബർ യൂണിയന്റെ നേതൃത്വത്തിൽ ബാഫഖി തങ്ങൾക്കെതിരെപ്പോലും സമരം നടത്തിയിട്ടും യാതൊരു നീരസവും കാണിക്കാത്ത തങ്ങളുടെ വ്യക്തിത്വം അബുസാഹിബിനെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. കണ്ടുമുട്ടുമ്പോഴൊക്കെ 'നീ ലീഗിലേക്ക് വരണം' എന്ന് പറഞ്ഞാണ് ബാഫഖി തങ്ങൾ സംസാരം അവസാനിപ്പിക്കുക.

ഖാഇദെ മില്ലത്ത്, ബാഫഖി തങ്ങൾ, സീതിസാഹിബ് തുടങ്ങിയ നേതാക്കളോടുള്ള ആദരവ് നിലനിർത്തിക്കൊണ്ടു തന്നെയാണ് അബുസാഹിബ് സോഷ്യലിസ്റ്റായത്. അതിന് നിമിത്തമായത് ഡോ: രാം മനോഹർ ലോഹ്യയും അദ്ദേഹത്തിന്റെ പുസ്തകങ്ങളും. ഡോ: ലോഹ്യയോടുള്ള ആദർശപരമായ ഭ്രമമാണ്, മുസ്ലിംലീഗിന്റെ നേതൃനിരയിൽ നിന്ന് അബുസാഹിബിനെ സോഷ്യലിസ്റ്റു പാർട്ടിയിൽ എത്തിച്ചത്. പൊതുവെ ചടുലമായ പ്രവർത്തന ശൈലിയും ലേശം വിപ്ലവമനോഭാവവും ഉള്ള അബുസാഹിബിനെ, വിപ്ലവകാരിയായ ലോഹ്യ സ്വാധീനിച്ചിരിക്കാം.

'കമ്മ്യൂണിസം =സോഷ്യലിസം+ഏകാധിപത്യം+റഷ്യ+യുദ്ധം-സ്വാതന്ത്ര്യം' എന്ന അപൂർവ നിർവചനം അവതരിപ്പിക്കുകയും ലോകഗവൺമെന്റ് എന്ന ആശയത്തെ പിന്താങ്ങുകയും ചെയ്ത സോഷ്യലിസ്റ്റ് നേതാവും സൈദ്ധാന്തികനും രാഷ്ട്രതന്ത്രജ്ഞനുമാണ് രാം മനോഹർ ലോഹ്യ.

ഉത്തർപ്രദേശിലെ ഫൈസാബാദ് ജില്ലയിൽ അയോധ്യക്കടുത്ത് അക്ബർപൂരിൽ ഹീരാലാലിന്റേയും ചന്ദയുടേയും പുത്രനായി 1910 മാർച്ച് 23ന് ഡോ: ലോഹ്യ പിറന്നു. ഉത്തർപ്രദേശിലെ തന്നെ മിർസാപൂരിലായിരുന്നു ഹീരാലാലിന്റെ മൂല കുടുംബം. ലോഹക്കച്ചവടം ചെയ്തതിനാലാണ് 'ലോഹ്യ' എന്ന പേരിൽ കുടുംബം അറിയപ്പെട്ടത്. 1920-ൽ ബാലഗംഗാധര തിലക് അന്തരിച്ചപ്പോൾ പത്തു വയസ്സുണ്ടായിരുന്ന രാം മനോഹർ സ്കൂളിൽ ഹർത്താൽ സംഘടിപ്പിച്ചു. നിസ്സഹകരണസമരത്തിൽ പങ്കെടുത്ത് ഹീരാലാൽ ജയിലിലായപ്പോൾ രാമും കൂട്ടരും സ്കൂൾ ബഹിഷ്കരിച്ച് പ്രതിഷേധിച്ചു.

mappilaheritagelibrary.com

1924-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രതിനിധി സമ്മേളനത്തിൽ റാം പങ്കെടുത്തു. 1925-ൽ പബ്ലിക് പരീക്ഷ (മെട്രിക്കുലേഷൻ) ഒന്നാമനായി വിജയിച്ചു. തുടർന്ന് കാശി വിശ്വവിദ്യാലയത്തിൽ (ബനാറസ് ഹിന്ദു സർവ കലാശാലാ ചേർന്ന് ചരിത്രം ഐച്ഛികമായെടുത്ത് 1927-ൽ ഇന്റർമീഡിയറ്റ് പാസ്സായി. ഇക്കാലത്ത് ഖാദി ധരിക്കാനാരംഭിച്ചു. അച്ഛൻ കൊൽക്കത്തയിലേക്ക് മാറിയപ്പോൾ റാമിന്റെ തുടർന്നുള്ള പഠനം വിദ്യാസാഗർ കോളേജിലായി. ഇക്കാലത്ത് ബംഗാൾ സ്റ്റുഡൻസ് ഫെഡറേഷൻ പ്രസിഡന്റായി. സൈമൺ കമ്മീഷൻ ബഹിഷ്കരണത്തിനു നേതൃത്വം നൽകി. 1929-ൽ ബി. എ. ഇംഗ്ലീഷ് ഓണേഴ്സ് വിജയിച്ചു. അഗർവാൾ ഫണ്ടിൽ നിന്നുള്ള ധനസഹായത്തോടെ ഉപരിപഠനത്തിനായി ജർമ്മനിയിലേക്കു പോയി. ബർലിൻ സർവകലാശാലയിൽ ചേർന്നു. 'ഉപ്പും നിസ്സഹകരണവും' എന്ന വിഷയത്തിൽ സമർപ്പിച്ച ഗവേഷണ പ്രബന്ധത്തിൽ 1932-ൽ പി.എച്ച്.ഡി. ബിരുദം നേടി. 1933-ൽ ഇന്ത്യയിൽ തിരിച്ചെത്തി.

1939-ൽ രണ്ടാംലോക മഹായുദ്ധം ആരംഭിച്ചപ്പോൾ 'ഇന്ത്യയും യുദ്ധവും' എന്ന വിഷയത്തിൽ കൊൽക്കത്തയിൽ പ്രസംഗിച്ചതിന് മെയ് 24ന് ലോഹ്യയെ അറസ്റ്റു ചെയ്തു. ഓഗസ്റ്റ് 14ന് നിരുപാധികം മോചിപ്പിച്ചു. അലഹബാദിലെ എ.ഐ.സി.സി. സമ്മേളനസ്ഥലത്തു വെച്ച് വീണ്ടും അറസ്റ്റ് ചെയ്ത് രണ്ടു വർഷത്തെ കഠിനതടവിന് ശിക്ഷിച്ചെങ്കിലും വൈകാതെ മോചിപ്പിച്ചു. വാർധയിലെത്തി ഗാന്ധിജിക്കൊപ്പം താമസിച്ചു.

ക്വിറ്റ് ഇന്ത്യാ പ്രഖ്യാപനത്തെ തുടർന്ന് (1942) ഗാന്ധിജി ഉൾപ്പെടെയുള്ള നേതാക്കൾ ജയിലായപ്പോൾ ലോഹ്യയും കൂട്ടരും സമരപരിപാടികൾ ഏറ്റെടുത്തു. 'ധീരയോദ്ധാക്കളെ മുന്നോട്ട്' എന്ന ലഘുലേഖ അടിച്ചിറക്കി. ലോഹ്യയുടെ നേതൃത്വത്തിൽ ഒരു റേഡിയോ നിലയം സ്ഥാപിച്ച് ഇടയ്ക്കിടെ അതിലൂടെ പ്രസംഗിച്ചു. റഷ്യ യുദ്ധരംഗത്തെത്തിയതോടെ കമ്മ്യൂണിസ്റ്റുകാർ യുദ്ധവിരുദ്ധസമരം ഉപേക്ഷിച്ചതിനെ ലോഹ്യ ശക്തമായെതിർത്തു.

ജയിൽ ചാടി നേപ്പാളിലെത്തിയ ജയപ്രകാശ് നാരായണനേയും അവിടെ ഒളിവിൽ പ്രവർത്തിക്കുകയായിരുന്ന ലോഹ്യയേയും നേപ്പാൾ പോലീസ് അറസ്റ്റു ചെയ്തപ്പോൾ ആയുധപ്രയോഗത്തിലൂടെ വിപ്ലവകാരികൾ അവരെ മോചിപ്പിച്ചു. രണ്ടു പേരും രണ്ടുവഴിക്ക് രക്ഷപ്പെട്ടു. എന്നാൽ വൈകാതെ രണ്ടു പേരും വീണ്ടും പോലീസ് പിടിയിലകപ്പെട്ടു. 1944 മെയ് 24-ന് ലോഹ്യ മുംബൈയിൽ വെച്ച് പോലീസ് പിടിയിലായി. ലാഹോറിൽ ജയിലിൽ ഏൽക്കേണ്ടി വന്ന ക്രൂരമായ പീഡനങ്ങൾ ഉൾപ്പെടെയുള്ള അനുഭവങ്ങളെപ്പറ്റി 'രാഷ്ട്രീയകാലത്തെ ഇടവേള' എന്ന ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യലബ്ധിയോടനുബന്ധിച്ചുണ്ടായ വർഗീയ ലഹളകളിൽ നിരവധി പേർ കൊല്ലപ്പെടുകയും അഭയാർത്ഥികളാവുകയും ചെയ്തു. വിഭജന പ്രശ്നത്തിൽ ലോഹ്യയും വല്ലഭായ് പട്ടേലും തമ്മിൽ കടുത്ത അഭിപ്രായ വ്യത്യാസമുണ്ടായി. സ്വാതന്ത്ര്യാനന്തരം മന്ത്രിമാരെ കൊലപ്പെടുത്താൻ

mappilaheritagelibrary.com

ഗൂഡാലോചന നടത്തിയെന്ന് ലോഹ്യക്കെതിരെ ആരോപണം ഉയർന്നു. അതിനെക്കുറിച്ച് ചർച്ച ചെയ്യാൻ ഗാന്ധിജി നിശ്ചയിച്ച ദിവസം 1948 ജനു വരി 30 ആയിരുന്നു. ചർച്ച നടന്നില്ല, കാരണം അന്ന് ഗാന്ധിജി വെടിയേറ്റു മരിച്ചു.

ഏകാധിപത്യത്തിനെതിരെ ഭോപാൽ നാട്ടുരാജ്യത്തെ റിവയിൽ നടന്ന സമരത്തിന് ലോഹ്യ നേതൃത്വം നൽകി. ചൈനയുടെ തിബത്ത് ആക്ര മണത്തെ അപലപിച്ചു. നേപ്പാളിലെ സ്വാതന്ത്ര്യസമരത്തെ അനുകൂലിച്ച് പ്രസംഗിച്ചതിന് കേന്ദ്രസർക്കാർ രണ്ടു മാസത്തെ തടവുശിക്ഷ വിധിച്ചു. ഹിന്ദ് കിസാൻ പഞ്ചായത്തിന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. പണി യാർ നദിയിൽ കെട്ടിയ ബണ്ടിന് ജനങ്ങൾ 'ലോഹ്യ ബണ്ട്' എന്ന് പേരിട്ടു. 1951-ൽ മൈസൂരിലെ ഷിമോഗയിൽ കർഷക സമരത്തിൽ പങ്കെടുത്ത് ജയി ലിലായി.

1952-ൽ 'മാർക്സിസത്തിനു ശേഷമുള്ള അർത്ഥശാസ്ത്രം' എന്ന ഗ്രന്ഥം രചിച്ചു. ഗുജറാത്തിൽ വെച്ച് 'ചരിത്രത്തിന്റെ ചക്രങ്ങൾ' എന്ന പേരിൽ ചെയ്ത പ്രസംഗം പിന്നീട് പുസ്തകമായി. ജലസേചന നികുതിക്കെതിരെ ഉത്തർപ്രദേശിലെ മൂന്നു ജില്ലകളിൽ 1954-ൽ ലോഹ്യ നയിച്ച പ്രക്ഷോഭ ത്തിൽ 1500 പേർ ജയിൽ ശിക്ഷ വരിച്ചു ലോഹ്യയെ നൈനി ജയിലിലടച്ചു.

1956-ൽ 'മനുഷ്യവർഗം' എന്ന വാരിക ആരംഭിച്ചു. 1962-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ നെഹ്റുവിനെതിരെ മത്സരിച്ച് പരാജയപ്പെട്ടു. 1963-ൽ ഫറോക്ക്ബാദിലെ ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച് ലോഹ്യ പാർലമെന്റംഗ മായി. നാലാം പൊതുതെരഞ്ഞെടുപ്പിൽ കന്യൂജ് മണ്ഡലത്തിൽ നിന്ന് ലോഹ്യ പാർലമെന്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1967 ഒക്ടോബർ 12-ന് ന്യൂഡൽഹിയിൽ വെച്ച് ഡോ: ലോഹ്യ അന്തരിച്ചു.

മിസ്റ്ററി ഓഫ് സർ സ്റ്റാഫോർഡ് ക്രിപ്സ് (1942) ആസ്പെക്ട്സ് ഓഫ് സോഷ്യലിസ്റ്റ് പോളിസി (1952) വീൽ ഓഫ് ഹിസ്റ്ററി (1955) വിൽപവർ ആന്റ് അദർ റൈറ്റിംഗ്സ് (1956) ഗിൽറ്റിമാൻ ഓഫ് ഇന്ത്യാസ് പാർടീഷ്യൻ (1960) മാർക്സ്, ഗാന്ധി ആന്റ് സോഷ്യലിസം (1962) ഇന്ത്യാ, ചൈന ആന്റ് നോർത്തേൺ ഫ്രണ്ടിയേഴ്സ് (1963), ദി കാസ്റ്റ് തിയറി (1964) ഫ്രാഗ്മെന്റ്സ് ഓഫ് ദ വേൾഡ് മൈന്റ് ലാംഗ്വേജ് (1966)എന്നിവ അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ്.

ഡോ: രാം മനോഹർ ലോഹ്യയെപ്പറ്റിയുള്ള അബുസാഹിബിന്റെ ഓർമ്മ കൾ ദീപ്തമാണ്. ഡോ: ലോഹ്യയെപ്പറ്റി ശ്രീ.പി.വി.കുര്യൻ എഴുതിയ 'രാം മനോഹർ ലോഹ്യ എന്ന മനുഷ്യൻ' എന്ന പുസ്തകത്തിന് അബു സാഹി ബാണ് അവതാരിക എഴുതിയത്. പ്രസ്തുത അവതാരികയിൽ ഡോ:ലോഹ്യ യുമൊത്തുള്ള അനുഭവങ്ങൾ അദ്ദേഹം പങ്കുവെക്കുന്നുണ്ട്. ഡോ: ലോഹ്യ യോടുള്ള വീരാരാധന അതിൽ ബോധ്യപ്പെടും. "ഈ പുസ്തകത്തിന് അവ താരിക എഴുതുക എന്ന അപൂർവ ബഹുമതി ലഭിച്ചപ്പോൾ ഡോക്ടറോ

mappilaheritagelibrary.com

ടുള്ള പരിമിതമായ അറിവിലും ഒരുമിച്ചു പ്രവർത്തിച്ചപ്പോഴും ഉള്ള വിവിധ സംഭവങ്ങൾ യാതൊരു അടുക്കും ചിട്ടയുമില്ലാതെ തികട്ടി വരുന്നുണ്ട്. രാഷ്ട്രീയ നേതാവായ ലോഹ്യ, തത്വചിന്തകനായ ലോഹ്യ, കോൺഗ്രസ് ഭരണത്തിനെതിരായി നിരന്തരമായി ഘോരാട്ടഹാസങ്ങൾ നടത്തിയിരുന്ന പുരുഷസിംഹം, കോൺഗ്രസിതര മുന്നണിയുടെ ഉപജ്ഞാതാവ്, അനീതിക്കെതിരെയുള്ള നിരന്തരമായ ബഹുജന സമരങ്ങളുടെ തളരാത്ത പ്രചാരകൻ, മനുഷ്യന്റെ മൗലിക അവകാശങ്ങൾക്കു വേണ്ടി പൊരുതിയ വിട്ടുവീഴ്ചയില്ലാത്ത സമരനായകൻ, ഈ നിലയിലുള്ള ഡോക്ടർ ഏറ്റവും സുപരിചിതനാണ്. എന്നെ ഏറ്റവും അധികം ആകർഷിച്ച ലോഹ്യ ഇതുമാത്രമല്ല, സോഷ്യലിസ്റ്റു ആദർശങ്ങൾ സ്വജീവിതത്തിൽ പ്രയോഗത്തിലാക്കിയ ലോഹ്യ, മനുഷ്യസ്നേഹിയായ ലോഹ്യ, കാപട്യമില്ലാത്ത ലോഹ്യ, ഈ നിലയിലുള്ള ഡോക്ടറാണ് എന്നെ ഏറ്റവും സ്വാധീനിച്ചത്. ഈ സ്വഭാവങ്ങൾ വെളിപ്പെടുത്തുന്ന രണ്ടുമൂന്നു സംഭവങ്ങൾ മാത്രം കുറിക്കുന്നത് പ്രസക്തമാണെന്ന് കരുതുന്നു.

1957-ൽ ഞാനും മനയ്ക്കലാത്തും ഡോക്ടറെ ഒരു പര്യടനത്തിൽ അനുഗമിച്ചിരുന്നു. ആ പര്യടനത്തിനിടയ്ക്ക് എറണാകുളം സീവ്യൂ ഹോട്ടലിൽ വെച്ച് ഒരു സംഭവമുണ്ടായി. ഞങ്ങൾ അവിടെ എത്തിയ രാത്രിയിൽ അദ്ദേഹത്തിന്റെ പേഴ്സിൽ 275 രൂപയുള്ളതായി ഞാൻ കണ്ടതാണ്. പിറ്റേ ദിവസം കാലത്ത് കണ്ണൻ മാസ്റ്റർ അദ്ദേഹത്തെ കാണാൻ വന്നു. കേരളത്തിലെ ആദ്യത്തെ സോഷ്യലിസ്റ്റ് എം.എൽ.എ ആയിരുന്ന കണ്ണൻ മാസ്റ്ററെ ഡോക്ടർക്ക് പരിചയപ്പെടുത്തിയിട്ടു ഞാൻ മുറിയിൽ നിന്നു പോന്നു. കണ്ണൻ മാസ്റ്റർ സംസാരം കഴിഞ്ഞ് മുറിയിൽ നിന്ന് ഇറങ്ങിയപ്പോൾ ഡോബി വന്നു. തുണിയെടുത്തു കൊടുക്കുവാൻ ഞാൻ മുറിയിലേക്കു ചെന്നു. ഷർട്ടിൽ നിന്ന് പഴ്സ് എടുത്തപ്പോൾ രൂപയില്ലെന്ന് തോന്നിയതിനാൽ ഞാൻ ഡോക്ടറോട് ചോദിച്ചു. സംശയത്തിനിടയില്ലാത്ത വിധം തന്നെ രൂപയില്ലെന്നും പണം തനിക്ക് എന്തിനാണെന്നും എന്നോട് മറുപടിയായി ചോദിച്ചു. തിരുവനന്തപുരത്തേക്ക് ടിക്കറ്റ് ഞാൻ എടുക്കണമെന്നും അവിടെ നിന്നും അവിടെയുള്ള സഖാക്കൾ ടിക്കറ്റ് എടുത്തുകൊള്ളുമെന്നും പറഞ്ഞു. എനിക്ക് കാര്യം മനസ്സിലായി. തലേ ദിവസം പഴ്സിൽ കണ്ട രൂപയുടെ കാര്യം ഓർമ്മിപ്പിച്ചു. ചെറിയ പുഞ്ചിരിയോടെ എന്റെ പുറത്തു തട്ടിക്കൊണ്ട് അത് കണ്ണൻ മാസ്റ്റർക്കു കൊടുത്തെന്നും, കണ്ണൻ രോഗബാധിതനാണെന്നും, പതിനായിരം രൂപയാണ് കൈയിൽ ഉണ്ടായിരുന്നതെങ്കിൽ അതു മുഴുവനും തന്നെ കൊടുക്കുമായിരുന്നെന്നും, ചികിത്സക്കായി ദൽഹിക്കു വരണമെന്ന് പറഞ്ഞിട്ടുണ്ടെന്നും പറഞ്ഞു. അന്യന്റെ ദുഃഖങ്ങളിൽ സഹതപിക്കുകയും തന്റെ പരമാവധി സഹായം എത്തിക്കുകയും ചെയ്യുന്ന ഒരു മനുഷ്യസ്നേഹിയെ ആണ് ഇതിലൂടെ ഡോക്ടറിൽ എനിക്ക് കാണാൻ കഴിഞ്ഞത്.

രണ്ടാമത്തെ സംഭവം 1965ൽ എന്റെ തെരഞ്ഞെടുപ്പ് ഉദ്ഘാടനം ചെയ്യാൻ

mappilaheritagelibrary.com

അദ്ദേഹം കൂത്തുപറമ്പിൽ വന്നപ്പോഴാണ്. പിറ്റേന്ന് ഞാൻ ഡോക്ടറേയും കൂട്ടി തലശ്ശേരി റെയിൽവേ സ്റ്റേഷനിൽ വന്നു. മെയിൽ താമസിച്ചാണ് വന്നത്. ഡോക്ടർ വന്നിട്ടുണ്ടെന്ന് അറിഞ്ഞ് ഒട്ടുവളരെപ്പേർ ഓടി സ്റ്റേഷനിലെത്തി. പത്രപ്രതിനിധികളും വന്നു. രണ്ടാം ക്ലാസ് വെയ്റ്റിംഗ് റൂമിലാണ് ഞാനും ഡോക്ടറും ഇരുന്നത്. അതിന്റെ ജാലകത്തിൽ കൂടി ഡോക്ടർ ഒരു കൊച്ചു ചായക്കട കണ്ടു. ഡോക്ടറെ ഞാൻ അവിടെ കൂട്ടിക്കൊണ്ടു പോവില്ലെന്ന് ഡോക്ടർക്ക് അറിയാമായിരുന്നു. അതുകൊണ്ട് അദ്ദേഹം അവിടെ പോകണം എന്നു പറയാതെ നമുക്കു കുറച്ചൊന്നു നടക്കാം എന്നു പറഞ്ഞു എന്റെ തോളിൽ കൈവെച്ചു. കുറച്ചു നേരം പ്ലാറ്റ്ഫോമിൽ കൂടി നടന്ന ശേഷം പെട്ടെന്ന് പുറത്തേക്ക് കടന്നു. ഈ വെയിലിൽ എങ്ങോട്ടു പോകുന്നെന്നു ചോദിച്ചു. നേരെ നടന്നത് ആ കൊച്ചു ചായക്കടയിലേക്കാണ്. അവിടെപ്പോയി ബഞ്ചിലിരുന്നു. ചായയും അവിലും പരിപ്പുവടയും തിന്നു. സ്റ്റേഷനിലുള്ള ധാരാളം പേർ ചായക്കടയിലുമെത്തി. ഞാൻ വാങ്ങിക്കൊണ്ടു വരുമായിരുന്നല്ലോ. എന്തിനാണ് വെയിലും കൊണ്ട് ഇവിടെ വന്നത്. എന്നു ഞാൻ പറഞ്ഞു. 'നിന്നെ എനിക്കറിയാം, നീ എന്നെ ഇവിടെ കൊണ്ടു വരില്ല. വലിയ വലിയ ഹോട്ടലുകളിലേ നീ എന്നെ കൊണ്ടു പോകൂ. നീ ശരിക്കും ഒരു സോഷ്യലിസ്റ്റ് ആയിട്ടില്ല' എന്നായിരുന്നു ഡോക്ടറുടെ മറുപടി.

മൂന്നാമത്തെ സംഭവം ഞങ്ങൾ എറണാകുളത്തു നിന്ന് തിരുവനന്തപുരത്തേക്ക് പോകുന്ന വഴിക്കാണ്. രാത്രിയിൽ ആണ് ഇടക്കൊച്ചിയിൽ എത്തിയത്. (ഇടക്കൊച്ചി തന്നെ ആണെന്നാണ് എന്റെ ഓർമ്മ). അവിടെ കാർ അക്കരയ്ക്ക് ചങ്ങാടത്തിൽ കടത്തണം) ഡോക്ടറും ഞാനും കയറിയിരുന്ന കാർ ഏറ്റവും ഒടുവിലായിരുന്നു. 1957 ആണ്. മന്ത്രി കൃഷ്ണയ്യരുടെ കാറും കൂട്ടത്തിൽ ഉണ്ടായിരുന്നു. മന്ത്രിയുടെ കാറിന് പ്രത്യേക പരിഗണന കിട്ടി. അത് ആദ്യം തന്നെ കടത്തുവാനുള്ള ഒരുക്കങ്ങൾ കണ്ടപ്പോൾ, ഞാനും പോയി ആപ്പീസറെ കണ്ട് ഡോ: രാം മനോഹർ ലോഹ്യ ഇന്ന കാറിലുണ്ടെന്നും അദ്ദേഹത്തിന്റെ കാർ കൂടി മന്ത്രിയുടെ കാറിന്റെ കൂടെ കടത്തണമെന്നും ആവശ്യപ്പെട്ടു. പോലീസ് അതിനു തയ്യാറായി. ഞാൻ പോയി ഡോക്ടറുടെ അടുക്കൽ ഒരു വലിയ കാര്യം സാധിച്ച മട്ടിൽ നമ്മുടെ കാറും ആദ്യം തന്നെ കടത്തുമെന്ന് പറഞ്ഞപ്പോൾ ഡോക്ടർ രോഷാകുലനായി എന്നോട് പറഞ്ഞു. 'ജനങ്ങൾക്കില്ലാത്ത പ്രത്യേക സൗകര്യങ്ങളൊന്നും നമുക്കു വേണ്ട, ഒടുവിൽ പോയാൽ മതി.' മൂന്നു മണിക്കൂർ താമസിച്ചാണ് ഞങ്ങൾ അക്കരെ എത്തിയത്.

എന്റെ ജീവിതത്തിൽ ഏറ്റവും അഭിമാനം തോന്നിയ ഒരു പ്രത്യേക സന്ദർഭം 1964-ൽ ആണെന്നാണ് എന്റെ ഓർമ്മ. മദ്രാസിൽ നാഷണൽ കമ്മിറ്റി യോഗത്തിൽ പങ്കെടുക്കാൻ ഡോക്ടറും വന്നിരുന്നു. സ്നേഹലതാ റെഡ്ഡിയുടെ വീട്ടിൽ ഭക്ഷണത്തിന് ഡോക്ടറെ അവർ ക്ഷണിച്ചിരുന്നു. ഞാനും വീരേന്ദ്രകുമാറും കായിക്കര ഷംസുദ്ദീനും പി.കെ.ശങ്കരൻകുട്ടിയും

mappilaheritagelibrary.com

ആ അത്താഴത്തിൽ പങ്കെടുത്തു. അന്നു ഡോക്ടറെ കാണാനും സംസാരിക്കാനും ഒരു അമേരിക്കൻ പത്രപ്രവർത്തക വന്നിരുന്നു. അവർ ഡോക്ടറുമായി സംസാരിക്കുന്നതിനിടക്ക് എന്നെ പരിചയപ്പെടുത്തിക്കൊണ്ട് ഡോക്ടർ പറഞ്ഞു. 'ഈ ഇരിക്കുന്ന ആളിന്റെ പേര് അബു എന്നാണ്. മുസ്‌ലിംലീഗിലെ പ്രാമാണികനായ ഒരു നേതാവ് ആയിരുന്നു. 1948 മുതൽ എന്റെ പാർട്ടിയിലാണ്. മുസ്‌ലിം ലീഗിലായിരുന്നുവെങ്കിൽ ഇയാൾക്ക് പലതും നേടാമായിരുന്നു. എന്റെ പാർട്ടിയിൽ എന്തുനേടാനുണ്ട്. എന്നിട്ടും ഒരു സോഷ്യലിസ്റ്റ് ആകുവാൻ കഴിഞ്ഞതിൽ അഭിമാനം കൊള്ളുകയാണ്. ഇങ്ങനെ ആദർശത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഒട്ടുവളരെ ആളുകൾ എന്റെ പാർട്ടിയിലുണ്ട്. ഞാൻ ഈ സംഭാഷണം കേൾക്കുന്നതായി ഡോക്ടർ ശ്രദ്ധിച്ചിരുന്നില്ല. അന്നു എനിക്ക് എന്റെ ജീവിതത്തിൽ വലിയ അഭിമാനം തോന്നി.

ഡോക്ടർ ലോഹ്യയുടെ ദുഃഖകരമായ വിയോഗത്തിനുശേഷം ഞാൻ ഒരിക്കൽ ദൽഹിയിൽ പോയപ്പോൾ ഹൈദരാബാദിലെ സോഷ്യലിസ്റ്റ് നേതാവ് ബദ്രി വിഷാൽപിറ്റി എന്നെ ടെലിഫോണിൽ വിളിച്ച് ദൽഹിയിലെ ഒരു പ്രത്യേക രജിസ്ട്രാഫീസിൽ വരണമെന്നു പറഞ്ഞു. എനിക്ക് കാര്യം ഒന്നും മനസ്സിലായില്ല. ഏതായാലും ഞാൻ അവിടെ ചെന്നു. ഡോ: രാം മനോഹർ ലോഹ്യാ സമതവിദ്യാലയ ട്രസ്റ്റിന്റെ ഒരംഗമായി എന്റെ പേരു കൂടി ഡോക്ടറുടെ മരണത്തിനു മുമ്പ് അദ്ദേഹത്തിന്റെ ഡയറിയിൽ എഴുതിവെച്ചിരുന്നു എന്ന് അപ്പോഴാണ് ഞാൻ അറിഞ്ഞത്. എനിക്ക് അതിൽ അത്ഭുതവും അഭിമാനവും തോന്നി. തെക്കെ ഇന്ത്യയിൽ നിന്ന് എന്റെ പേര് മാത്രമാണ് ഉണ്ടായിരുന്നത്. ഡോക്ടർ ഇത്രമാത്രം കാര്യമായി എന്നെ സ്നേഹിച്ചിരുന്നുവെന്ന് അപ്പോൾ മാത്രമാണ് ഞാൻ മനസ്സിലാക്കിയത്."

അബുസാഹിബിന്റെ ജീവിതത്തെത്തന്നെ മാറ്റി മറിച്ച, വിപ്ലവകാരിയായ ഡോ: ലോഹ്യയുടെ വിയോഗത്തോടെ സോഷ്യലിസ്റ്റു പാർട്ടി നാഥനില്ലാത്ത അവസ്ഥയിലായി. ആരും ആരേയും അംഗീകരിക്കാത്ത അവസ്ഥ. അധികാരത്തിലേക്കുള്ള കുറുക്കു വഴിയായി സോഷ്യലിസത്തെ ഉപയോഗിക്കാൻ ചിലർ ശ്രമിച്ചു. ജയപ്രകാശ് നാരായൺ പോലും ഈ അവസ്ഥയെ നിസ്സഹായനായി നേരിടേണ്ടി വന്നു.

mappilaheritagelibrary.com

13
കുടുംബം

മലബാറിന്റെ സാംസ്കാരിക തലസ്ഥാനമായി അറിയപ്പെടുന്ന തലശ്ശേരിയുടെ തൊട്ടടുത്ത ഗ്രാമമായ ചൊക്ലിയാണ് അബുസാഹിബിന്റെ ജന്മദേശം. പെരിങ്ങളം, കരിയാട്, പന്ന്യന്നൂർ, ന്യൂമാഹി (പോണ്ടിച്ചേരി) എന്നീ പഞ്ചായത്തുകളാൽ ചുറ്റപ്പെട്ട് മയ്യഴിപ്പുഴയോട് ചേർന്നു കിടക്കുന്ന പ്രദേശമാണ് ചൊക്ലി. ചൗക്കി ഹള്ളി അതായത് ചുങ്കഗ്രാമം ചുരുങ്ങിയിട്ടാണ് ചൊക്ലിയായതെന്ന് പ്രശസ്ത ചരിത്രകാരനായ ചിറക്കൽ ടി.ബാലകൃഷ്ണൻ നായർ പറയുന്നു. (ഊരും പേരും, തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, പേജ് 310-311)

പെരിങ്ങാടി ഖാസിയായിരുന്ന ജ: ഏ.ബി.മമ്മുസാഹിബിന്റേയും കണ്ട മ്പത്ത് കരിന്തോളിൽ ഖദീജയുടേയും മൂത്ത മകനായി 1914 ഫെബ്രുവരി 28ന് അബുസാഹിബ് ജനിച്ചു. അബുസാഹിബിന്റെ കുടുംബപശ്ചാത്തലം അദ്ദേഹത്തിന്റെ സഹോദരി നഫീസ വിശദീകരിക്കുന്നത് ഇപ്രകാരമാണ്.

"ഉപ്പ മാഹിയിൽപ്പെട്ട ചാലക്കരയിലെ കോഹിനൂർ പുരയിലായിരുന്നു. സ്വന്തം സഹോദരൻമാരോടൊപ്പം കൊച്ചിയിൽ പലചരക്ക് കട നടത്തുകയായിരുന്നു. ഉപ്പ എന്റെ ചെറുപ്പത്തിലേ മരിച്ചു. ഞങ്ങൾ ഏഴ് മക്കളായിരുന്നു. രണ്ട് പെണ്ണും അഞ്ച് ആണും." (ചൊക്ലിയുടെ ഇന്നലെകൾ, ചൊക്ലി ഗ്രാമപഞ്ചായത്ത് 2004-2005)

അബുസാഹിബിന്റെ സഹോദരൻമാരിൽ രണ്ടുപേർ അബ്ദുൽഖാദർ ബർമ്മയിൽ വെച്ചും ഏറ്റവും ഇളയ സഹോദരനായ കുഞ്ഞിപ്പക്കി രണ്ടാം ലോക മഹായുദ്ധത്തെത്തുടർന്നുണ്ടായ അഭയാർത്ഥി പ്രവാഹത്തിനിടയിലും മരണപ്പെട്ടു. രണ്ടു സഹോദരിമാരിൽ ആസ്യ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്.

മാഹിയിൽ നിന്ന് അബു സാഹിബ് ഒരു വിവാഹം ചെയ്തിരുന്നുവെങ്കിലും ആ ബന്ധം അധികനാൾ നീണ്ടു നിന്നില്ല. പിന്നീട് ചൊക്ലി സ്വദേശിയായ ഫാത്തിമയെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ രണ്ടു പെൺമക്കൾ: ജമീല, സക്കീന.

ജമീല വിജയ ബാങ്കിന്റെ ഒലവക്കോട് ബ്രാഞ്ചിൽ സീനിയർ മാനേജരാണ്. ഭർത്താവ് തലശ്ശേരി സ്വദേശി ജലാലുദ്ദീൻ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ചീഫ് മാനേജർ ആയി വിരമിച്ചു. ഏകമകൾ ഡോ:ജെബിൻ

mappilaheritagelibrary.com

ലണ്ടനിൽ പ്രാക്ടീസ് ചെയ്യുന്നു.

സക്കീന, തായ്ഗ്രൂപ്പ് ഓഫ് കമ്പനീസ് ഡയറക്ടറാണ്. വ്യവസായ പ്രമുഖനായ പി.സി.താഹിർ ആണ് ഭർത്താവ്. സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റും മുസ്ലിംലീഗ് വയനാട് ജില്ലാ ട്രഷററുമായിരുന്ന പി.സി.അഹമ്മദ് ഹാജിയുടെ മകനാണ് പി.സി.താഹിർ. ഇവർക്ക് രണ്ടു മക്കൾ: ആശിഖ്, അഖിൻ. ആശിഖ് വ്യവസായരംഗത്താണ്. അഖിൻ ലണ്ടനിൽ എം.ബി.എ. വിദ്യാർത്ഥിയാണ്.

അബുസാഹിബ് ചൊക്ലിയിൽ അധികകാലം ഉണ്ടായിരുന്നില്ല. പ്രവർത്തനകേന്ദ്രം വയനാട്ടിലേക്ക് മാറ്റിയിരുന്നു. വയനാട് മീനങ്ങാടിയിൽ ബിസിനസ്സ് നടത്തിയിരുന്നു. ഇക്കാലത്താണ് അദ്ദേഹം ശ്രീ.എം.പി.വീരേന്ദ്രകുമാറുമായി ബന്ധപ്പെടുന്നത്. പിന്നീട് അവർ സോഷ്യലിസ്റ്റ് പാർട്ടിയിൽ സഹപ്രവർത്തകരായി.

ഭാര്യ ഫാത്തിമയോടൊപ്പം വെസ്റ്റ്ഹിൽ ഗാന്ധിനഗർ ഹൗസിംഗ് കോളനിയിലാണ് അബുസാഹിബ് പിന്നീട് താമസിച്ചത്. ഈ വീട്ടിൽ വെച്ചാണ് സോഷ്യലിസ്റ്റു പാർട്ടിയുടെ സുപ്രധാന യോഗങ്ങൾ നടന്നിരുന്നത്. നല്ല ഭക്ഷണപ്രിയനായിരുന്നു അബുസാഹിബ്, സൽക്കാരപ്രിയനും. എന്നും വീട്ടിൽ സന്ദർശകബാഹുല്യമായിരുന്നുവെന്ന് മകൾ ജമീല ഓർക്കുന്നു. "ഉമ്മ നന്നായി പാചകം ചെയ്യും. അഞ്ചു പേർക്ക് ഭക്ഷണം തയ്യാറാക്കാനാണ് ഉപ്പ പറയുക. പക്ഷെ ഭക്ഷണം പാകമാവുമ്പോഴേക്കും പത്ത് പേരെങ്കിലും വീട്ടിലുണ്ടാവും. ഉപ്പ സജീവ രാഷ്ട്രീയത്തിന്റെ തിരക്കിലാവുമ്പോൾ, കുടുംബം മാനേജ് ചെയ്യാൻ ഉമ്മ ഏറെ സാഹസപ്പെട്ടിരുന്നു' ഇപ്പോൾ അസുഖ ബാധിതയായ ഫാത്തിമ മകൾ ജമീലയോടൊപ്പം താമസിക്കുന്നു.

"മക്കൾ നന്നായി പഠിക്കണം എന്ന് ഉപ്പക്ക് നിർബന്ധമുണ്ടായിരുന്നു. ആ നിർബന്ധമാണ് എനിക്ക് ഒരു ജോലി നേടിത്തന്നത്. രാഷ്ട്രീയത്തിൽ മുഴുകുമ്പോഴും മക്കൾ എന്ന നിലയിൽ ഞങ്ങളെ നന്നായി വളർത്താൻ ശ്രദ്ധിച്ചിരുന്നു. എങ്കിലും കുടുംബത്തേക്കാൾ പാർട്ടിയോടും രാഷ്ട്രീയത്തോടുമായിരുന്നു ഉപ്പയുടെ അഭിനിവേശം. പക്ഷെ ഉപ്പയുടെ ആത്മാർത്ഥതയ്ക്ക് അർഹമായ പ്രതിഫലം കിട്ടിയില്ല. ഏതെങ്കിലും ഒരു പദവി തനിക്ക് വേണമെന്ന് ആഗ്രഹിക്കുകയോ അതിനു വേണ്ടി പ്രത്യേകം ശ്രമിക്കുകയോ ചെയ്തില്ല. അതുകൊണ്ടാവാം സഹപ്രവർത്തകരായ പലരും പല പദവികളിലും എത്തിയപ്പോഴും ഉപ്പക്ക് അതിന് സാധിക്കാതെ പോയത്" ജമീലയുടെ ഓർമ്മകൾ.

സ്നേഹനിധിയായ പിതാവിനെപ്പറ്റിയുള്ള ഓർമ്മകളാണ് മകൾ സക്കീനയും പങ്കു വെക്കുന്നത്. ബിരുദവിദ്യാർത്ഥിനിയായിരിക്കുമ്പോൾ സോഷ്യലിസ്റ്റു പാർട്ടിയുടെ വിദ്യാർത്ഥി വിഭാഗത്തിന്റെ സംസ്ഥാന ഭാരവാഹിത്വത്തിലേക്ക് സക്കീനയുടെ പേര് നിർദ്ദേശിക്കപ്പെട്ടുവെങ്കിലും, രാഷ്ട്രീയത്തിൽ താൽപ്പര്യമില്ലാത്തതിനാൽ അന്നു തന്നെ വിസമ്മതിക്കുകയായിരുന്നു. "ഉപ്പ

mappilaheritagelibrary.com

ഞങ്ങൾക്ക് സുഖമുള്ള ഓർമ്മയാണ്. അദ്ദേഹത്തിന്റെ പരലോകഗുണത്തിന് വേണ്ടി പ്രാർത്ഥിക്കുന്നു." മകൾ സക്കീനയുടെ പ്രാർത്ഥനാ നിർഭരമായ വാക്കുകൾ. ഒരു നല്ല ചിത്രകാരി കൂടിയാണ് സക്കീന.

അബുസാഹിബ്, മരണപ്പെടുന്നതിന്റെ ഏതാനും വർഷങ്ങൾക്കു മുമ്പ് മറ്റൊരു വിവാഹം കഴിച്ചു. ഭാര്യ ബീവി. ബേപ്പൂർ നടുവട്ടത്ത് 'കാതിയാരകം' വീട്ടിലായിരുന്നു അദ്ദേഹത്തിന്റെ അവസാനകാലം. അസുഖബാധിതനായി കുറച്ചുകാലം കിടപ്പിലായിരുന്നു.

അബുസാഹിബിനെപ്പറ്റി സഹോദരി നഫീസ ഓർമ്മകൾ ഇങ്ങനെ പങ്കുവെക്കുന്നു. 'എന്റെ മൂത്ത സഹോദരൻ അബുവിനെപ്പറ്റി ഇനിയും പറയാനുണ്ട്. 15 വയസ്സു മുതലേ രാഷ്ട്രീയത്തിലിറങ്ങിയ അദ്ദേഹം പത്താം ക്ലാസു വരെ പഠിച്ചിട്ടുണ്ട്. അബു വീട്ടിൽ പല പുസ്തകങ്ങളും കൊണ്ടുവരാറുണ്ട്. ചിലത് ഞാൻ വായിക്കും. അദ്ദേഹം പിന്നീട് സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതാവായി. ഐ.സി.ജെ എന്ന ഒരു സംഘടനയിൽ അദ്ദേഹം പ്രവർത്തിച്ചത് ഓർമ്മ വരുന്നു.

സ്ത്രീധനം വാങ്ങാതെ കല്യാണം കഴിക്കാൻ മുൻകൈ എടുത്തു.

'കാശ് പണത്തെ
കീശയിലാക്കാൻ
ആശ കൊടുക്കല്ലേ,
കല്യാണത്തെ കാശിന് പേശി
തട്ടി ഒഴിക്കല്ലേ'

എന്ന പാട്ടും അദ്ദേഹം പാടി നടക്കും.

അലിക്കത്ത് ഇടാൻ സ്ത്രീകളുടെ കാതു കുത്തുന്നതിനെതിരെ പ്രചാരവേല നടത്തി.

'ചക്ക വീണ ചപ്പ് പോലെ ഞങ്ങളുടെ കാത്' എന്ന പാട്ടും പാടും- അലിക്കത്ത് ഇടാൻ കാത് കുത്തി അത് വാങ്ങാൻ കാശില്ലാതെ ഓട്ടയുമായി നടക്കുന്ന പെണ്ണുങ്ങളുടെ വേദനയാണ് ഈ പാട്ടിൽ നിഴലിക്കുന്നത്.

ബർമ്മയിൽ നിന്ന് പലായനം ചെയ്യുമ്പോൾ മരണപ്പെട്ടവരുടെ മാതാപിതാക്കൾക്ക് ഹരജിപ്പണം (അഭയാർത്ഥിപ്പണം) കൊടുത്തത് ഓർമ്മയുണ്ട്. അന്ന് എന്റെ ഉമ്മ സഹോദരൻ അബുവിന്റെ കൂടെ പണം വാങ്ങാൻ തലശ്ശേരിയിൽ പോയി. അന്നവിടെ പണം വാങ്ങാൻ എത്തിയ സ്ത്രീകളെ മുഴുവൻ, പണം ഇല്ലെന്ന് പറഞ്ഞ് മടക്കി അയക്കുന്ന കാഴ്ചയാണ് അദ്ദേഹം കണ്ടത്. അവരെ മടക്കി അയക്കരുത് എന്നു പറഞ്ഞ് അദ്ദേഹം ഒച്ച വെച്ചു. ശേഷം അധികാരികളുമായി ചർച്ച നടന്നു. എല്ലാ സ്ത്രീകൾക്കും അന്ന് തന്നെ പണം നൽകിയ കാര്യം ഉമ്മ പറഞ്ഞു കേട്ടിട്ടുണ്ട്. (ചൊക്ലിയുടെ ഇന്നലെകൾ)

mappilaheritagelibrary.com

14
വിട!

അനുഭവങ്ങളുടെ നെരിപ്പോടായിരുന്നു അബുസാഹിബിന്റെ ജീവിതം. സ്വാതന്ത്ര്യസമരം മുതൽ ലോകമഹായുദ്ധം വരെ തീക്ഷ്ണമായ മുഹൂർത്തങ്ങളുമായി കണ്ണിചേർന്നു നിൽക്കുന്ന സംഭവബഹുലമായ ജീവിതം!

സ്വാതന്ത്ര്യസമരഭടൻ എന്ന നിലയിൽ കോൺഗ്രസിനോടായിരുന്നു അദ്ദേഹത്തിന് അനുഭാവം. പക്ഷെ ഇന്ത്യയിലെ സാമൂഹികയാഥാർത്ഥ്യങ്ങളും നേരിട്ട കയ്പേറിയ അനുഭവങ്ങളും അദ്ദേഹത്തെ മുസ്‌ലിംലീഗുകാരനാക്കി. സർവേന്ത്യാ മുസ്‌ലിംലീഗിന്റെ പ്രധാന പ്രവർത്തകനും ഉജ്വല പ്രസംഗകനുമായിരുന്നു അദ്ദേഹം.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ മുസ്‌ലിംലീഗ് പാർട്ടിയെ പുനരുജ്ജീവിപ്പിക്കാനുള്ള ത്യാഗപൂർണമായ പ്രവർത്തനങ്ങൾ സജീവമായി നടന്നു വരുന്ന ഘട്ടത്തിൽ, മുസ്‌ലിംലീഗിന്റെ ശാഖാകമ്മിറ്റികൾ മലബാറിലുടനീളം രൂപീകരിക്കാൻ വേണ്ടി, മലബാർ ജില്ലാ മുസ്‌ലിംലീഗ് കമ്മിറ്റി നിയോഗിച്ച സബ്കമ്മിറ്റി അംഗമായിരിക്കെയാണ് അബുസാഹിബ് മുസ്‌ലിംലീഗ് വിട്ട് സോഷ്യലിസ്റ്റു പാർട്ടിയിൽ ചേരുന്നത്.

യൗവ്വനം ജ്വലിച്ചു നിൽക്കുന്ന വേളയിൽ, എന്തും ഏറ്റെടുക്കാനും, ഏതു പ്രതിസന്ധിയും നേരിടാനും ആത്മധൈര്യമുള്ള അബുസാഹിബിനെപ്പോലുള്ള കർമ്മധീരരായ യുവാക്കളെ മുസലിംലീഗിന് ഏറ്റവും അത്യാവശ്യമുള്ള ഘട്ടത്തിൽ അബുസാഹിബിനുണ്ടായ ഈ മാറ്റം നേതാക്കളിലും പ്രവർത്തകരിലും ആശ്ചര്യം സൃഷ്ടിക്കുകയുണ്ടായി.

മുസ്‌ലിംലീഗിലായിരിക്കെ, ദേശീയനേതാക്കളുമായി വ്യക്തിബന്ധം പുലർത്തിയ അദ്ദേഹം, ലേബർ യൂണിയൻ സ്ഥാപിച്ച് നേതൃത്വഗുണം പ്രകടിപ്പിച്ചതു പോലെ, സോഷ്യലിസ്റ്റു പാർട്ടിയിലും അദ്ദേഹം നേതാവ് തന്നെയായിരുന്നു. ഡോ:രാം മനോഹർ ലോഹ്യ, ജയപ്രകാശ് നാരായൺ, ജോർജ് ഫെർണാണ്ടസ്, മധുലിമായെ, മധുദന്തവതെ, റബിറേ, ജെ.എച്ച്.പട്ടേൽ തുടങ്ങിയ ദേശീയ പ്രശസ്തരായ നേതാക്കളോടൊപ്പം അബുസാഹിബ് സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതൃനിരയിൽ പ്രവർത്തിച്ചു.

ഇന്ത്യയിലെ പ്രധാന പ്രതിപക്ഷമായി ഉയർന്നു വരേണ്ടിയിരുന്ന സോഷ്യ

mappilaheritagelibrary.com

ലിസ്റ്റ് പാർട്ടിയുടെ, പിളർന്നും ഏച്ചുകെട്ടിയും പിന്നേയും പിളർന്നും പേരും പതാകയും ഇടയ്ക്കിടെ മാറിയുമുള്ള ദുരവസ്ഥ, ഇന്ത്യൻ രാഷ്ട്രീയത്തെ എന്ന പോലെ, അബുസാഹിബിന്റെ രാഷ്ട്രീയ വളർച്ചയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ടാകണം. ഒരു നിയമസഭാ സമാജികൻ എന്ന നിലയിൽ നിന്ന് ബഹുദൂരം മുന്നോട്ടു പോകാനുള്ള എല്ലാ അർഹതയും യോഗ്യതയും ഉണ്ടായിട്ടും സോഷ്യലിസ്റ്റ്പാർട്ടി നേതാവ് എന്ന നിലയിൽ ദേശീയ തലത്തിൽ ശ്രദ്ധേയനായിട്ടും അദ്ദേഹത്തിന്റെ രാഷ്ട്രീയ മുന്നേറ്റത്തിൽ ഒരു സ്തംഭനാവസ്ഥ അനുഭവപ്പെടുകയുണ്ടായി.

1967-ൽ കേരളത്തിൽ മന്ത്രിയാകാനുള്ള സാധ്യതയുണ്ടായിരുന്നു. സോഷ്യലിസ്റ്റ് പാർട്ടി പിളർന്ന് മന്ത്രിമാരായ പി.കെ.കുഞ്ഞു, പി.ആർ.കുറുപ്പ് എന്നിവർ ഐ.എസ്.പി എന്ന പുതിയ പാർട്ടി രൂപീകരിക്കുകയും, എസ്.എസ്.പിയുടെ ചെയർമാനായി കെ.കെ.അബുസാഹിബ് നിയോഗിക്കപ്പെടുകയും ചെയ്ത സാഹചര്യത്തിലായിരുന്നു അത്. എസ്.എസ്.പിയെ പ്രതിനിധീകരിച്ച് മന്ത്രിമാരായവർ, പാർട്ടി മാറുമ്പോൾ രാജി വെക്കണമായിരുന്നു. എന്നാൽ പാർട്ടി മാറിയിട്ടും അവർ മന്ത്രിസഭയിൽ തുടരുകയും ഔദ്യോഗിക എസ്.എസ്.പിക്ക് മന്ത്രിമാരില്ലാത്ത അവസ്ഥ ഉണ്ടാവുകയും ചെയ്തു.

അബുസാഹിബിന്റെ നാട്ടുകാരനും സഹപ്രവർത്തകനും സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്തിന്റെ ശില്പിയുമായ, പി.സി.അഹമ്മദ് ഹാജി, അദ്ദേഹം മരണപ്പെടുന്നതിന് ഒരാഴ്ച മുമ്പ് നടത്തിയ സംഭാഷണത്തിൽ ഈ സാഹചര്യം വിശദീകരിക്കുന്നത് ഇങ്ങനെയാണ്. "രാഷ്ട്രീയത്തിൽ നേരിയ സാധ്യത പോലും അവഗണിക്കരുതെന്ന് ഞങ്ങൾ അബുസാഹിബിനോട് പറഞ്ഞു. പക്ഷെ അദ്ദേഹം അംഗീകരിച്ചില്ല. എസ്.എസ്.പിക്ക് മന്ത്രിസ്ഥാനം വേണമെന്ന് മുന്നണിയിൽ ശക്തമായി വാദിക്കാമായിരുന്നു. എസ്.എസ്.പിക്ക് മന്ത്രിസ്ഥാനം നൽകാൻ സി.പി.എമ്മിന് താല്പര്യവുമുണ്ടായിരുന്നു. പക്ഷെ, തനിക്ക് മന്ത്രിയാകാനാണ് എന്ന് തെറ്റിദ്ധരിക്കുമെന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. പാരമ്പര്യവും പ്രാപ്തിയും നേതൃത്വഗുണവും ഒത്തിണങ്ങിയിട്ടും അദ്ദേഹത്തിന് രാഷ്ട്രീയത്തിൽ ഉയരങ്ങൾ കീഴടക്കാനായില്ല. നിർഭാഗ്യവാനായ രാഷ്ട്രീയക്കാരനായിരുന്നു അദ്ദേഹം."

പാർട്ടി മാറിയിട്ടും ഔദ്യോഗികകക്ഷി തങ്ങളാണെന്ന് മുന്നണിയെ ബോധ്യപ്പെടുത്തുന്നതിലും അംഗബലം ഉറപ്പാക്കുന്നതിലും പി.ആർ.കുറുപ്പ് നടത്തിയ തന്ത്രപരമായ നീക്കം വിജയിച്ചതാണ് അബുസാഹിബിന് വിനയായത്.

അരനൂറ്റാണ്ടുകാലം അബുസാഹിബിനെ നിഴൽ പോലെ പിന്തുടർന്ന പ്രമുഖ സോഷ്യലിസ്റ്റും സ്വാതന്ത്ര്യസമരസൈനികസംഘം സംസ്ഥാന പ്രസിഡന്റുമായ പി.വാസു തന്റെ ഓർമ്മകൾ ഇങ്ങനെ പങ്കുവെക്കുന്നു. "അബുസാഹിബിനെ ഞാൻ കെ.കെ.എന്നാണ് വിളിച്ചിരുന്നത്. 'ചൊക്ലി

mappilaheritagelibrary.com

അബു' എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. ചൊക്ലി അബുപ്ര സംഗിക്കുന്നു എന്നു കേട്ടാൽ ആളുകൾ തടിച്ചു കൂടുമായിരുന്നു. അത്രയ്ക്ക് ആവേശകരമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. 1955 മുതൽ കെ.കെ.യു മായി എനിക്ക് അടുത്ത ബന്ധമുണ്ട്. 1965 ൽ കെ.കെ.കൂത്തുപറമ്പിൽ മത്സ രിക്കുമ്പോൾ, സോഷ്യലിസ്റ്റുപാർട്ടി നേതാവ് ഡോ: രാം മനോഹർ ലോഹ്യ യാണ് തെരഞ്ഞെടുപ്പ് പ്രചാരണം ഉദ്ഘാടനം ചെയ്ത ത്. പ്രസ്തുത പൊതുയോഗത്തിൽ സ്വാഗതപ്രസംഗം നടത്തിയത് ഞാനായിരുന്നു.

1974-ൽ കോഴിക്കോട്ട് നടന്ന സോഷ്യലിസ്റ്റു പാർട്ടി അഖിലേന്ത്യാ സമ്മേ ളനത്തിന്റെ സ്വാഗതസംഘം ചെയർമാൻ കെ.കെ.ആയിരുന്നു. എസ്.എസ്. പിയുടെ സംസ്ഥാന ചെയർമാൻ ആയിരിക്കെ തിരുവനന്തപുരത്ത് നടന്ന അഖിലേന്ത്യാ ക്യാമ്പിന്റേയും മുഖ്യസംഘാടകൻ കെ.കെ.ആയിരുന്നു. ഈ രണ്ട് ദേശീയപരിപാടികളുടേയും മുഖ്യസംഘാടകരിൽ ഒരാളായി അബുസാഹിബിനോടൊപ്പം ഞാനും ഉണ്ടായിരുന്നു.

അബുസാഹിബ് മുസ്ലിംലീഗിൽ ചേരുമ്പോൾ എന്നേയും കൂടെക്കൂട്ടാൻ അദ്ദേഹം ആവത് ശ്രമിച്ചു. പട്ടികജാതിക്കാരനായ എനിക്ക് മുസ്ലിംലീഗിൽ ഏറെ സാധ്യതകൾ ഉണ്ടെന്ന് അദ്ദേഹം എന്നെ ബോധ്യപ്പെടുത്തി. പക്ഷെ സോഷ്യലിസ്റ്റുകാരനായി തുടരാനായിരുന്നു എന്റെ തീരുമാനം. എങ്കിലും കെ.കെ.യുടെ ജീവിതാവസാനം വരെ അദ്ദേഹവുമായി ബന്ധം നില നിർത്താനും ഇടയ്ക്കിടെ അദ്ദേഹത്തെ സന്ദർശിക്കാനും ഞാൻ ശ്രദ്ധിച്ചിരു ന്നു. രാഷ്ട്രീയത്തിൽ ഏറെ ഉയരത്തിൽ എത്തേണ്ട ആളായിരുന്നു കെ. കെ."

മൊറാർജി ദേശായി പ്രധാനമന്ത്രി ആയിരിക്കുമ്പോൾ ദേശീയ ന്യൂന പക്ഷ കമ്മീഷനിൽ അംഗമായിരുന്നു അബുസാഹിബ്. അദ്ദേഹത്തെ ഗവർണ രായി നിയമിക്കാൻ ജനതാ ഗവൺമെന്റ് തീരുമാനിച്ചിരുന്നു. പക്ഷെ ഉത്ത രവ് ഇറങ്ങുന്നതിനു മുമ്പ് മന്ത്രിസഭ രാജിവെച്ചു. ജനതാപാർട്ടിയിലെ തന്നെ ആഭ്യന്തര പ്രശ്നങ്ങളാണ് പ്രസ്തുത മന്ത്രിസഭയേയും തകർത്തത്. അതോടെ അബുസാഹിബിന്റെ ഗവർണർ സാധ്യതയും ഇല്ലാതായി.

സോഷ്യലിസ്റ്റു പാർട്ടിയിൽ തുടങ്ങി, സോഷ്യലിസ്റ്റു പാർട്ടിയുടെ തന്നെ വിവിധ രൂപങ്ങളിലൂടെ ജനതാപാർട്ടിയിലും ഏറ്റവും ഒടുവിൽ ലോക്ദളിലും എത്തിച്ചേർന്ന, മൂന്നു പതിറ്റാണ്ടിലേറെക്കാലം നീണ്ടുനിന്ന സോഷ്യലിസ്റ്റു ചിന്താധാരയുടെ പ്രവാഹമായി ജീവിച്ച അബുസാഹിബ് 1981-ൽ മുസ്ലിം ലീഗിൽ തിരിച്ചെത്തുന്നു.

സർവേന്ത്യാ മുസ്ലിംലീഗിന്റെയും സോഷ്യലിസ്റ്റ് പാർട്ടിയുടേയും നേതൃ രംഗത്തുണ്ടായിരുന്ന അബുസാഹിബിനെ മുസ്ലിംലീഗിൽ മാന്യമായി പരി ഗണിക്കണമെന്ന് പാർട്ടി നിശ്ചയിച്ചു. സ്വതന്ത്ര തൊഴിലാളി യൂണിയൻ സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറിയായാണ് തുടക്കം. അന്ന് എസ്.ടി. യു. സംസ്ഥാന പ്രസിഡന്റായിരുന്ന ജ:യു.എ.ബീരാൻ സാഹിബ്,

mappilaheritagelibrary.com

അബുസാഹിബിനു വേണ്ടി സ്ഥാനമൊഴിയുകയും പ്രസ്തുത ഒഴിവിൽ അദ്ദേഹം എസ്.ടി.യു. സംസ്ഥാന പ്രസിഡന്റാവുകയും ചെയ്തു.

മുസ്‌ലിംലീഗിൽ തിരിച്ചെത്തിയ ശേഷം എസ്.ടി.യു രംഗത്ത് മാത്രമല്ല കോഴിക്കോട് സിറ്റി മുസ്‌ലിംലീഗ് പ്രസിഡന്റ്, സംസ്ഥാന പ്രവർത്തകസമിതി/ഹൈപവർ കമ്മിറ്റി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു. 1991-ൽ കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ അബുസാഹിബിനെ സ്ഥാനാർത്ഥിയാക്കി, അദ്ദേഹത്തിന്റെ മുൻകാല സേവനങ്ങളെ പാർട്ടി അംഗീകരിക്കുകയായിരുന്നു.

ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന്റേയും അഖിലേന്ത്യാ മുസ്‌ലിം ലീഗിന്റേയും ലയനത്തിന് തുടക്കമിട്ട ഒരു കൂടിക്കാഴ്ചയ്ക്ക് വേദിയൊരുക്കിയത് അബുസാഹിബാണ്. അബുസാഹിബിന്റെ മകൾ ജമീലയുടെ ഭർത്താവ് ജലാലുദ്ദീൻ ഓർക്കുന്നു. 'സി.എച്ച്.മുഹമ്മദ് കോയാ സാഹിബും, സി.കെ.പി.മമ്മുക്കേയിസാഹിബും തമ്മിൽ ഒരു കൂടിക്കാഴ്ച ഒരുക്കിയത് തന്റെ വീട്ടിൽ വെച്ചായിരുന്നു. ഇരുലീഗുകളും തമ്മിൽ ലയിക്കണമെന്ന എന്റെ ആഗ്രഹം അബുസാഹിബ് ഇരു നേതാക്കളുമായും പങ്കു വെക്കുകയും, രണ്ടു പേരും അതിന് അനുകൂലമായി പ്രതികരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ കൂടിക്കാഴ്ച.' മുസ്‌ലിംലീഗിന്റെ പിളർപ്പിൽ ഏറെ മനംനൊന്ത സി.എച്ച്. മുസ്‌ലിംലീഗിന്റെ ലയനം എന്നും ആഗ്രഹിച്ചിരുന്നു. ഇങ്ങനെയൊരു കൂടിക്കാഴ്ച അദ്ദേഹത്തിന് ഏറെ സന്തോഷകരവുമായിരുന്നു. സി.എച്ചും കേയിസാഹിബും തമ്മിൽ കൂടിക്കാഴ്ച നടന്നുവെങ്കിലും, സി.എച്ചിന്റെ വിയോഗത്തിനു ശേഷമേ ലയനം യാഥാർത്ഥ്യമായുള്ളു.

പത്രപ്രവർത്തകൻ, ഗ്രന്ഥകാരൻ എന്നീ നിലകളിലും അബുസാഹിബ് തന്റെ പ്രാഗൽഭ്യം തെളിയിച്ചു. തൃശൂരിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന 'കേരള പ്രഭ' വാരികയുടെ പത്രാധിപരും 'മനുഷ്യന്റെ വളർച്ച അവന്റെ ഭാഷയിലൂടെ' (ശ്രീ.പി.വി.കുര്യനുമായി ചേർന്ന് എഴുതിയത്)'ന്യൂനപക്ഷാവകാശങ്ങൾ-ഒരുചരിത്രാവലോകനം' എന്നീ പുസ്തകങ്ങളുടെ രചയിതാവുമായിരുന്നു അബുസാഹിബ്. ശ്രീ.പി.വി.കുര്യൻ എഴുതിയ 'ഡോ: രാം മനോഹർ ലോഹ്യ എന്ന മനുഷ്യൻ' എന്ന പുസ്തകത്തിന് അവതാരിക എഴുതിയത് അബുസാഹിബ് ആണ്.

എസ്.ടി.യു സംസ്ഥാന പ്രസിഡന്റ് പദവിയിൽ 16 വർഷം അദ്ദേഹം തന്റെ സംഘാടകശേഷി വിനിയോഗിച്ചു. 1997ൽ അനാരോഗ്യം മൂലം അദ്ദേഹം സ്ഥാനം ഒഴിയുകയായിരുന്നു. ഒരു നേതാവിന്റെ വ്യക്തിപ്രഭാവം എക്കാലത്തും അബുസാഹിബിനുണ്ടായിരുന്നു. മുസ്‌ലിം ലേബർ യൂണിയൻ, ഐ.സി.ജെ, ബർമ്മയിലെ മുസ്‌ലിം സമാജം, സോഷ്യലിസ്റ്റു പാർട്ടി, എസ്.ടി.യു തുടങ്ങിയ ഘട്ടങ്ങളൊക്കെയും നായകൻ എന്ന നിലയിലാണ് അദ്ദേഹം അഭിമുഖീകരിക്കുന്നത്. ജൻമസിദ്ധമായ നേതൃഗുണമുള്ളവർക്കു മാത്രമേ ഇത്ത

mappilaheritagelibrary.com

രമൊരു നിയോഗമുണ്ടാവും. വർണാഭമായ ഈ ജീവിതാനുഭവങ്ങളാണ് അബു സാഹിബിനെ വ്യത്യസ്തനാക്കുന്നത്.

അബു സാഹിബുമായി ഒരു അഭിമുഖം നടത്താൻ കഴിഞ്ഞതും പ്രസ്തുത അഭിമുഖത്തിൽ ബർമ്മൻ പ്രവാസകാലത്തെപ്പറ്റി സുപ്രധാന വിവരങ്ങൾ ലഭിച്ചതും അഭിമാനത്തോടെ പങ്കുവെക്കുകയാണ്. 'കോഴിക്കോട്ടെ മുസ്‌ലിംകളുടെ ചരിത്രം' എഴുതിയ പി.പി.മമ്മദ് കോയ പരപ്പിൽ. 'മങ്ങിപ്പോയ സ്വപ്നഭൂമികളിലൂടെ' എന്ന പേരിൽ 'എം.കെ.പി പരപ്പിൽ' എന്ന തൂലികാനാമത്തിൽ 1979 ഒക്ടോബറിൽ 'ഗൾഫ് വോയ്സ്' മാസികയിൽ പ്രസ്തുത അഭിമുഖം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ രണ്ടായിരത്തോളം ഗ്രാമങ്ങൾ സന്ദർശിച്ച് അബുസാഹിബ് അനുഭവക്കുറിപ്പുകൾ തയ്യാറാക്കിയിരുന്നതായി ആസാദ് കൊട്ടപ്പുറം പറയുന്നു. "ഇന്ത്യയിലെ ഗ്രാമങ്ങളേയും ഗ്രാമീണജനതയേയും തൊട്ടറിഞ്ഞ പ്രസ്തുത സമാഹാരം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിനെപ്പറ്റി കൊണ്ടോട്ടിയിൽ എം.എൽ.എ.ആയിരിക്കെ പല പ്പോഴും സൂചിപ്പിച്ചിരുന്നു. പക്ഷെ അത് യാഥാർത്ഥ്യമായില്ല."

അബുസാഹിബ് സമയനിഷ്ഠയുടെ കാര്യത്തിൽ കണിശക്കാരനായിരുന്നു. നിശ്ചിതസമയത്തിന് അൽപം മുമ്പു തന്നെ അദ്ദേഹം സ്ഥലത്ത് എത്തിയിരിക്കും. ഔദ്യോഗിക പരിപാടികളിൽ മന്ത്രിമാർ വൈകി വരുന്നതിൽ അദ്ദേഹം അസ്വസ്ഥനാകും. അക്കാര്യം മന്ത്രിമാരോട് നേരിട്ട് പ്രകടിപ്പിക്കുകയും ചെയ്യും. സമയത്തിന്റെ വില അറിയാത്തതുകൊണ്ട്, സമയം ക്രിയാത്മകമായി ക്രമീകരിക്കുവാനും, ഫലപ്രദമായി വിനിയോഗിക്കുവാനും കഴിയാതെ ഒന്നിനും സമയം തികയുന്നില്ലെന്ന് പരിഭവപ്പെടുന്നവരുണ്ട്. അബു സാഹിബിന്റെ സമയനിഷ്ഠ അത്തരക്കാർക്ക് നല്ല മാതൃകയാണ്.

സമയത്തിന്റെ കാര്യത്തിൽ മാത്രമല്ല, വസ്ത്രധാരണത്തിലും അദ്ദേഹത്തിന് പ്രത്യേകചിട്ടകളുണ്ടായിരുന്നു. വൃത്തിയായും ഭംഗിയായും അൽപം മോടിയായും വസ്ത്രം ധരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമായിരുന്നു. ജനപ്രതിനിധി എന്ന നിലയിലും അദ്ദേഹത്തിന് ചില നിഷ്കർഷതകളുണ്ടായിരുന്നു. ഉദ്യോഗസ്ഥർക്ക് അദ്ദേഹം കത്തെഴുതില്ല; പകരം ഫോണിലൂടെ നിർദ്ദേശം നൽകും. ഒരു ഉദ്യോഗസ്ഥനേയും 'സർ' എന്നു വിളിക്കില്ല. പകരം 'മിസ്റ്റർ' എന്നായിരുന്നു അഭിസംബോധന ചെയ്തിരുന്നത്. ഈ സവിശേഷത അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ഭാഗമാണ്. അത് അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യത്തിന്റെ ഫലമാണ്. അബുസാഹിബിൽ നിന്ന് പകർത്താവുന്ന മറ്റൊരു ഗുണം!

എം.എൽ.എ. എന്ന നിലയിൽ ജനസമ്പർക്കപരിപാടി ആവിഷ്കരിച്ചത് അബുസാഹിബാണ്. ജനങ്ങളിൽ നിന്ന് നേരിട്ട് പരാതി സ്വീകരിക്കുകയും, അവയുടെ സത്വരപരിഹാരത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ജനസമ്പർക്കപരിപാടിയിൽ എത്തുന്ന എല്ലാവർക്കും ചായ

mappilaheritagelibrary.com

നൽകണമെന്ന് അദ്ദേഹത്തിന് നിർബന്ധമായിരുന്നു. എം.എൽ.എ ആയപ്പോഴും തന്റെ സൽക്കാരഭ്രമത്തിന് ഒട്ടും കുറവുണ്ടായിരുന്നില്ല.

ഇംഗ്ലീഷ്, ഉറുദു, ബർമ്മീസ് ഭാഷകളിൽ അബുസാഹിബ് ഒഴുക്കോടെ സംസാരിക്കുമായിരുന്നു. ഈ ഭാഷാ നൈപുണ്യവും പ്രസംഗപാടവവും ഒരു സോഷ്യലിസ്റ്റ് നേതാവ് എന്ന നിലയിൽ ദേശീയതലത്തിൽ അദ്ദേഹത്തെ ശ്രദ്ധേയനാക്കുന്നതിൽ നിർണായക പങ്കു വഹിച്ചിട്ടുണ്ട്.

നാൽപ്പതുകളിൽ അബുസാഹിബ് മുസ്‌ലിംലീഗിന്റെ മുൻനിരയിൽ പ്രവർത്തിക്കുമ്പോൾ മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് അബുസാഹിബിനോട് ചോദിച്ചുവത്രെ. "അബുസാഹിബ്, താങ്കൾക്കെങ്ങനെ മുസ്‌ലിം ലീഗുകാരനാവാൻ കഴിഞ്ഞു" എന്ന്.

പിന്നീട് സോഷ്യലിസ്റ്റ് പാർട്ടിയിൽ ചേർന്ന അബുസാഹിബിനെപ്പറ്റി ഡോ: രാം മനോഹർ ലോഹ്യ ഒരു ലഘുലേഖ എഴുതി. "അബുസാഹിബ് എങ്ങനെ മുസ്‌ലിം ലീഗായി" എന്ന്. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ ചോദ്യത്തിന് ഡോ:ലോഹ്യയുടെ കുറിപ്പ് മറുപടിയായി മാറി എന്നത് മറ്റൊരു ചരിത്രനിയോഗം.

ചൊക്ലി മുതൽ കലീവ വരേയും ബർമ്മയിലെ യുദ്ധഭൂമിയിൽ നിന്ന് കൊടും കാടുകളും കൊടുമുടികളും താണ്ടി, രാജ്യത്തിന്റെ അതിർത്തി മുതൽ ജൻമദേശം വരേയും നടന്നു തീർത്ത ജീവിതപ്രാതയിലെ തീക്ഷ്ണമായ അനുഭവങ്ങളുടെ അടയാളങ്ങൾ ബാക്കിയാക്കി 1999 ജനുവരി 5ന് നടുവട്ടത്തെ വസതിയിൽ വെച്ച് അബുസാഹിബ് വിട വാങ്ങി.

mappilaheritagelibrary.com

പഠനം

അബുസാഹിബ് എന്ന ശുജാഇ

ഇ.ടി.മുഹമ്മദ് ബഷീർ എം.പി

രാഷ്ട്രീയത്തിൽ നിറഞ്ഞു നിന്ന മുൻകാല നേതാക്കന്മാരുടെ ജീവിത യാത്ര എന്റെ മനസ്സിൽ പലപ്പോഴും സമ്മിശ്രവികാരങ്ങളുണ്ടാക്കിയിട്ടുണ്ട്. അതിൽ വളരെയേറെ ഞാനാലോചിച്ച കാര്യം പഴയ സോഷ്യലിസ്റ്റ് നേതാക്കൾ എന്തെല്ലാമായി എങ്ങോട്ടെല്ലാമായി എന്നതായിരുന്നു. സ്കൂളിൽ പഠിക്കുന്ന കാലത്ത് ഇന്ത്യയിൽ സോഷ്യലിസ്റ്റ് നേതാക്കളെ പറ്റിയുള്ള വാർത്തകൾ എന്റെ മനസ്സിനെ വളരെ സ്വാധീനിച്ചിരുന്നു. അവരിൽ പലരോടും ഒരു താരബഹുമാനം എന്റെ മനസിനടിയിൽ വീണുറങ്ങുകയും ചെയ്തിരുന്നു. രാം മനോഹർ ലോഹ്യയും മധുലിമായേയും എച്ച്.വി കാമത്തും മധുദന്തവതേയും ഒക്കെ നടത്തിയ ധീരോദാത്തമായ മുന്നേറ്റങ്ങളും പാർലമെന്ററി നടപടികളുമൊക്കെ ഞാനോർത്തിരുന്നു.

ഒരു കാലഘട്ടത്തിൽ എന്റെ മനസ്സിൽ ഹീറോ പരിവേഷത്തോടെ നിറഞ്ഞുനിന്ന ജോർജ് ഫെർണാണ്ടസിന്റെ ഇപ്പോഴത്തെ ചിത്രം ഒരു ഇംഗ്ലീഷ് വാരികയിൽ വന്നത് ഞാൻ നിറകണ്ണുകളോടെ നോക്കിനിന്നു. കട്ടിലിനടിയിൽ തന്റെ നായയും ചുറ്റും ചിതറിക്കിടക്കുന്ന ഘനമുള്ള പുസ്തകങ്ങളും താൻ ജീവിക്കുന്ന ലോകത്ത് എന്തെന്നറിയാതെ തളർന്നുറങ്ങുന്ന ജോർജ് ഫെർണാണ്ടസും എന്റെ മനസ്സിൽ എരിയുന്ന ഉമിത്തീ പോലെ ഒരു ദുഃഖം കോരിയിട്ടു. ഒരു കാലത്ത് തന്റെ ചൂണ്ടാണി വിരലിൽ ബോംബെ നഗരത്തിന്റെ ശ്വാസം നിയന്ത്രിക്കാൻ കഴിയുന്ന ജോർജ് ഫെർണാണ്ടസ് തന്നെയല്ലേ ഇതെന്ന് ഞാനൊരു നിമിഷം ചിന്തിച്ചു പോയി. ഇന്ത്യയിൽ വിഖ്യാതമായ പല തൊഴിൽതർക്കങ്ങളും പരിഹരിച്ച അദ്ദേഹം രണ്ട് ഭാര്യമാരുടെ തർക്കത്തിനിടയിൽ നിസ്സഹായനായിത്തീർന്നിരിക്കുന്നു.

ഇന്ത്യയിലെ സോഷ്യലിസ്റ്റ് നേതാക്കൾക്കിടയിൽ എക്കാലത്തെയും തീപ്പൊരിയായിരുന്നു കെ.കെ.അബുസാഹിബ്. അബുസാഹിബിനെപ്പറ്റി വായിച്ചപ്പോഴെല്ലാം അതീവ ബഹുമാനത്തോടുകൂടി അദ്ദേഹത്തെ കുറിച്ചൊരു ചിത്രം എന്റെ മനസ്സിൽ രൂപാന്തരപ്പെട്ടിരുന്നു. ഇദ്ദേഹത്തെ നമുക്ക് കിട്ടിയാൽ കൊള്ളാമായിരുന്നുവല്ലോ എന്നും ഞാൻ പലഘട്ടത്തിൽ ചിന്തി

mappilaheritagelibrary.com

ച്ചിരുന്നു. അബുസാഹിബ് ലീഗിൽ ചേർന്നത് ഒരു യാദൃച്ഛിക സംഭവമായി രുന്നില്ലെന്ന് ഞാൻ ബലമായി വിശ്വസിക്കുന്നു. അദ്ദേഹം എന്തുകൊണ്ടും ലീഗിന് പറ്റിയ ആളായിരുന്നു.

കേരളത്തിൽ എസ്.ടി.യുവിന്റെ നേതൃത്വസ്ഥാനത്ത് നിന്നു കൊണ്ട് ആദ്യ കാല നേതാക്കൾ തൊട്ട് ഇതുവരെയുള്ള പലരോടൊപ്പം പരിചയപ്പെടാനും പ്രവർത്തിക്കുവാനും എനിക്ക് കഴിഞ്ഞിട്ടുണ്ട്. എസ്.ടി.യുവിന്റെ നല്ല കാല ത്തിന്റെ നല്ല ഒരദ്ധ്യായം കുറിച്ചിട്ട പ്രമുഖ നേതാക്കളിൽ അബു സാഹിബ് മുന്നിലുണ്ട്. വർഗ്ഗബോധത്തിലധിഷ്ഠിതമായ തൊഴിലാളി ഐക്യത്തിന്റെ മനോഹരമായ സങ്കല്പം അദ്ദേഹത്തിന്റെ ചിന്തയിൽ സജീവമായി ഉണ്ടാ യിരുന്നു. അബുസാഹിബിനെ ഞാൻ കാണുമ്പോൾ അദ്ദേഹം ഒരു എഴു പത് പ്ലസ് തലമുറയിലായിരുന്നു. എന്നാൽ പലപ്പോഴും എനിക്ക് തോന്നിയ ഒരു കാര്യം അദ്ദേഹത്തിന്റെ ഉള്ളിൽ ഒരു 25 കാരനായ, സോഷ്യലിസത്തിൽ സജീവമായി പ്രവർത്തിക്കുന്ന ഒരാളായിരുന്നു. അബുസാഹിബ് എല്ലാ അർത്ഥത്തിലും ഒരു ശുജാഇ ആയിരുന്നു. അദ്ദേഹത്തിന്റെ ട്രേഡ് യൂണി യൻ പ്രവർത്തനശൈലിയിലും അത് പ്രകടമായിരുന്നു. അദ്ദേഹം വളരെ കൂടുതൽ ലേഖനങ്ങൾ എഴുതിയിട്ടില്ല. പക്ഷെ അദ്ദേഹം എഴുതിയ ലേഖന ങ്ങൾ വായിക്കാനവസരം ലഭിച്ച എനിക്ക് തോന്നിയത് ഇത്രയേറെ സിദ്ധി യുണ്ടായിട്ടും അദ്ദേഹത്തിന് എന്ത്കൊണ്ട് കൂടുതൽ എഴുതാനായില്ല എന്ന താണ്.

ട്രേഡ് യൂണിയൻ പ്രവർത്തനത്തിന് ഒരു അടുക്കും ചിട്ടയും വേണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. ആർക്കും കൂസാത്ത ഒരു പ്രകൃതം ഉയർത്തി പിടിച്ച് കൊണ്ട് തന്നെ വ്യവസായ ബന്ധ പ്രശ്നങ്ങളിൽ രഞ്ജിപ്പുണ്ടാക്കാൻ അദ്ദേഹത്തിന് പ്രത്യേക നൈപുണ്യമുള്ളതായി എനിക്ക് തോന്നിയിട്ടുണ്ട്. ഒരിക്കൽ പോലും മുഷിഞ്ഞ വേഷം ധരിക്കില്ല എന്നത് അദ്ദേഹത്തിന്റെ ഡ്രസ്സ് കോഡിലെ സിദ്ധാന്തം മാത്രമല്ലെന്നും ജീവിത സിദ്ധാന്തമാണെന്നും ഞാനോർത്തു പോകുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ യൂണിയൻ കാര്യം ചർച്ച ചെയ്യാൻ പോകുന്നത് എല്ലാ എസ്.ടി.യു നേതാക്കൾക്കും ഇഷ്ടമാണ്. നല്ല ഭക്ഷണമില്ലാതെ ഒരു ചർച്ചയും പൂർത്തി യാകില്ല എന്ന നിർബന്ധം അബുസാഹിബിനുണ്ടായിരുന്നുവെന്നതാണ് കാര ണം. ഏറ്റവും വില കൂടിയ സ്പോട്സ് ഷൂ ധരിച്ച് നടക്കാറുണ്ടായിരുന്ന അബുസാഹിബ് വേണ്ടി വന്നാൽ വീണ്ടുമൊരു സ്പോട്സ് താരമാവാൻ താൻ തയ്യാറാണെന്ന് മൗനമായി പ്രഖ്യാപിക്കുകയായിരുന്നു.

ജീവിതം മുഴുവൻ എല്ലാവരും പഠിതാക്കളാവണം എന്ന തത്വം അബു സാഹിബ് മുറുകെ പിടിച്ചു. പുസ്തകത്തെ അദ്ദേഹം ഏറ്റവും അടുത്ത കൂട്ടു കാരാക്കി. ഒളി മങ്ങാത്ത ഒരു ചിരി അദ്ദേഹത്തിന് സ്വന്തമുണ്ടായിരുന്നു. അതു തന്നെയായിരുന്നു അദ്ദേഹത്തിന്റെ ജീവിത സന്ദേശവും.

mappilaheritagelibrary.com

അനുബന്ധം

മുസ്‌ലിം ന്യൂനപക്ഷ പ്രശ്നങ്ങളും പരിഹാര മാർഗങ്ങളും

കെ.കെ.അബു

ഭൂരിപക്ഷ- ന്യൂനപക്ഷതർക്കം ഇന്ത്യയുടെ ചിരന്തനമായ പ്രശ്നമാണ്. ഇടയ്ക്കിടെ ഉണ്ടാകാറുള്ള സാമുദായിക സംഘട്ടനം ഇതിന്റെ ഏറ്റവും ആപൽക്കരമായ ബഹിസ്ഫുരണമാണെന്ന് പറയാം. മതസഹിഷ്ണുതയുടേയും സാമൂഹ്യ സൗഹാർദ്ദത്തിന്റേയും ഈ പുണ്യഭൂമിയിൽ വിഷം നിറഞ്ഞ വർഗ്ഗീയതയുടെ വിത്തുകൾ ബ്രിട്ടീഷ് ഭരണം വിതച്ചു. ഇന്ത്യയുടെ ചരിത്രത്തെ അവർ വികൃതമാക്കുകയും മുൻ ഗവൺമെണ്ടുകളെ മതഭ്രാന്തവും സ്വേച്ഛാപ്രമത്തവും ബീഭത്സവുമായി മനഃപൂർവ്വം തരം താഴ്ത്തി ചിത്രീകരിക്കുകയും ചെയ്തു. എക്കാലവും ഭിന്നിച്ചു കഴിഞ്ഞിരുന്നവരും ഭരിക്കപ്പെടാനല്ലാതെ മറ്റൊന്നിനും അർഹതയില്ലാത്തവരുമാണ് ഇന്ത്യൻ ജനതയെന്ന് അവർ പ്രചാരണം നടത്തി.

മുസ്‌ലിം ഭരണാധികാരികൾ ഹിന്ദുക്കളെ പീഡിപ്പിക്കുകയും കൊന്നൊടുക്കുകയും ഹിന്ദുക്കളുടെ ക്ഷേത്രങ്ങൾ അശുദ്ധമാക്കുകയും വിഗ്രഹങ്ങൾ തകർക്കുകയും ഹിന്ദുക്കളെ ഭീഷണിപ്പെടുത്തി മതപരിവർത്തനം നടത്തുകയും ഹിന്ദു സ്ത്രീകളെ തട്ടിക്കൊണ്ടു പോവുകയും ചെയ്തതായുള്ള ഒരു ചരിത്രം ബോധപൂർവ്വം അവർ രചിക്കുകയും അത് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയും ദേശാഭിമാനം സംബന്ധിച്ചുള്ള മുദ്രാവാക്യങ്ങളെ നിരുത്സാഹപ്പെടുത്തുകയുമായിരുന്നു അവരുടെ ലക്ഷ്യം.

യുവാക്കളിൽ പ്രതികാരവാഞ്ഛ വളർത്താൻ പര്യാപ്തമായ കഥകൾ നിറഞ്ഞ പാഠപുസ്തകങ്ങൾ തയ്യാറാക്കി സ്കൂളുകളിലും കോളേജുകളിലും അവർ പഠിപ്പിച്ചു.

ചരിത്രപശ്ചാത്തലം

1857-ലെ ചരിത്രപ്രസിദ്ധമായ വിപ്ലവസംരംഭത്തിൽ മുസ്‌ലിംങ്ങളുടെ സജീവ പങ്കാളിത്തം ബ്രിട്ടീഷ് ഭരണാധികാരികളുടെ കടുത്ത ശത്രുതയ്ക്ക് അവരെ പാത്രമാക്കി. ഹിന്ദുക്കൾ ക്ഷോഭിക്കുമ്പോൾ മുസ്‌ലിംകളെ പീഡി

mappilaheritagelibrary.com

പ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന് ഡബ്ളിയു ഡബ്ളിയു. ഹണ്ടറിനെപ്പോലുള്ള ഉദ്യോഗസ്ഥമേധാവികൾ വാദിച്ചു. മുസ്ലിംകളുടെ സ്ഥിതി തികച്ചും അസൂയാവഹമല്ലാത്ത ഒന്നായി. രാഷ്ട്രീയാധികാരം അവർക്ക് നഷ്ടപ്പെട്ടു. നാടുവാഴിത്തപരമായ അവരുടെ സാമൂഹ്യഘടന ശിഥിലമായി. അവർക്കിടയിലെ സമ്പന്നവിഭാഗം തകർക്കപ്പെട്ടു. വിദ്യാഭ്യാസപരമായും സാമ്പത്തികമായും അവർ പിൻതള്ളപ്പെടുകയും ചെയ്തു.

സൈനിക പ്രക്ഷോഭത്തിനു നാന്ദി കുറിച്ച ദേശീയ പ്രസ്ഥാനത്തിന്റെ പ്രവാഹത്തെ തടുത്തു നിർത്താൻ 'മുസ്ലിംകളുടെ നേരെയുള്ള വിവേചനത്തിന്റെയും മർദ്ദനത്തിന്റെയും നയം പ്രയോജനപ്പെടുകയില്ലെന്ന് പിൽക്കാല സംഭവങ്ങൾ തെളിയിച്ചു. അതുകൊണ്ട്, വിവിധ മതവിശ്വാസികളും ജാതികളും തമ്മിൽ ഭിന്നതയും വിദ്വേഷവും വളർത്തുകയും അവർ ഒന്നിക്കുന്നതിനെ തടയുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണെന്ന് ബ്രിട്ടീഷുകാർ മനസ്സിലാക്കി. "ഭിന്നിപ്പിച്ചു ഭരിക്കുക" എന്നത് ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണത്തിന്റെ ആദർശവാക്യമായി. ഇന്ത്യയിലെ വിവിധവർഗ്ഗങ്ങളെ പരസ്പരം ശത്രുക്കളാക്കി. 1857-ലെ കലാപങ്ങൾ അടിച്ചമർത്താൻ കഴിയുമായിരുന്നുവെന്നും ബ്രിട്ടീഷ് ഗവർമ്മെണ്ടിനെ വിമർശിക്കുന്ന സ്വഭാവം ഇന്ത്യൻ ജനത ഒന്നടങ്കം വളർത്താത്ത കാലത്തോളം മാത്രമേ ഇന്ത്യയിൽ ബ്രിട്ടീഷ് വാഴ്ച നിലനിൽക്കുകയുള്ളുവെന്നും "ഇംഗ്ലണ്ടിന്റെ വികാസം" എന്ന ഗ്രന്ഥത്തിൽ സർ ജോൺസീലി സൂചിപ്പിക്കുകയുണ്ടായി.

വർഗീയതയുടെ കറുത്ത കൈകൾ

ഇന്ത്യ ഒരു രാഷ്ട്രമാണെന്നും വൈവിദ്ധ്യത്തിലെ ഐക്യം അതിന്റെ നാഗരികതയുടെ മാതൃകയാണെന്നും ദേശീയനേതാക്കൾ ഉറപ്പിച്ചു പ്രഖ്യാപിച്ചെങ്കിലും ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന്റെ ആരംഭഘട്ടത്തിൽ ഭിന്നിപ്പിച്ചു ഭരിക്കാനുള്ള കുടിലതന്ത്രം ഏറെക്കുറെ വിജയിക്കുകതന്നെ ചെയ്തു. മതപരവും സാംസ്കാരികവുമായ വൈവിദ്ധ്യം മൂലം ഇന്ത്യയെ ഒരു രാഷ്ട്രമായി പരിഗണിക്കാൻ വയ്യെന്ന് വാദിക്കാൻ ഭൂരിപക്ഷ-ന്യൂനപക്ഷ സമുദായങ്ങളിലെ വർഗ്ഗീയവാദികൾക്ക് പ്രോത്സാഹനം നൽകപ്പെട്ടു. പൊതുവായ ഒരു രാജ്യം, രക്തം, ചരിത്രം, മതം, സംസ്കാരം, ഭാഷ എന്നിവകളാൽ ഹിന്ദുക്കൾ ഒരു ജനതയെന്ന നിലയിൽ ഒരു രാഷ്ട്രമാണെന്ന അടിസ്ഥാനപരമായ ആശയസംഹിതയ്ക്ക് ഹിന്ദുമഹാസഭ രൂപം നൽകി. ഏകരൂപമായ ഒരു രാഷ്ട്രമായി ഇന്ത്യ പരിഗണിക്കപ്പെട്ടുകൂടെന്നും പ്രധാനമായി ഹിന്ദുവെന്നും മുസ്ലിം എന്നുമുള്ള രണ്ടു രാഷ്ട്രങ്ങളാണ് ഇവിടെയുള്ളതെന്നും 1937-ൽ അവർ പ്രഖ്യാപിച്ചു.

മുസ്ലിംങ്ങൾ ഒരു ന്യൂനപക്ഷമല്ലെന്നും ഒരു രാഷ്ട്രത്തിന്റെ ഏത് നിർവ്വചനപ്രകാരവും അവർ ഒരു രാഷ്ട്രമാണെന്നും മുസ്ലിംങ്ങൾക്ക് അവരുടെ സ്വദേശവും പ്രദേശവും ഭരണകൂടവും ഉണ്ടായേ പറ്റൂ എന്നും ജിന്ന പ്രസ്താ

mappilaheritagelibrary.com

വിച്ചു. ഈ വാദത്തെ ഖണ്ഡിക്കാനും ഇന്ത്യാവിഭജനം എന്ന വിപത്ത് ഒഴിവാക്കാനും വേണ്ടി ഡോ.രാജേന്ദ്രപ്രസാദ്, മൗലാനാ അബ്ദുൾകലാം ആസാദ്, ജവഹർലാൽ നെഹ്റു തുടങ്ങിയുള്ള നേതാക്കൾ അക്ഷീണം യത്നിക്കുകയുണ്ടായി. എന്നിരുന്നാലും മുസ്ലിംലീഗിന്റെ ശബ്ദായമാനമായ പ്രചാരണത്തിന്റെ പ്രവാഹത്തിൽ നിന്ന് മുസ്ലിംകളെ അകറ്റി നിർത്താൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് കഴിഞ്ഞില്ല. മുസ്ലിംകളുടെ പിന്തുണ ഉറപ്പു വരുത്താനും വിശ്വാസം നേടാനും കോൺഗ്രസ്സിന് കഴിഞ്ഞില്ല. അതുകൊണ്ട് മുസ്ലിംലീഗിന്റെ ശക്തമായ ആക്രമണത്തിൽ അടിപതറാതിരിക്കാനും അതിന് കഴിഞ്ഞില്ല.

വിഭജനം വരുത്തിയ വിന

ഇന്ത്യാ വിഭജനം രാജ്യത്തെ സാമുദായികബന്ധങ്ങളിൽ ആപൽക്കരമായ പ്രതികരണമാണ് ഉളവാക്കിയത് വിഭജനത്തിന്റെ വിപത്തിന് ഇരുസമുദായങ്ങളും ഉത്തരവാദികളാണെങ്കിലും ഇന്ത്യയിലെ മുസ്ലിംങ്ങളെ അത് കൂടുതൽ നിർവ്വീര്യരാക്കി. വിഭജനത്തെ ശക്തിയായി എതിർത്തിരുന്ന മുസ്ലിംകൾ പോലും തങ്ങളുടെ ഹിന്ദുസഹോദരങ്ങളുടെ ശത്രുതാ നിലപാടുകണ്ട് അമ്പരന്നുപോയി. സംശയത്തിന്റേയും അവിശ്വാസത്തിന്റേതുമായ ഒരു കാലാവസ്ഥ നാട്ടിൽ പരന്നു. വിഭജനത്തിന് മുസ്ലിംകൾ അപലപിക്കപ്പെട്ടു.

പാക്കിസ്ഥാനികളെന്ന് അവർ മുദ്രയടിക്കപ്പെടുകയും ചെയ്തു. ആലംബമില്ലായ്മയും അരക്ഷിതത്വവും അവർക്ക് അനുഭവപ്പെട്ടു. തങ്ങളുടെ രാഷ്ട്രീയ താല്പര്യങ്ങൾ അപകടത്തിലായെന്ന്, സംസ്കാരം അപകടത്തിലായെന്ന്, ജീവിതരീതി ആക്ഷേപപാത്രമായെന്ന് അവർ കണ്ടു. ജനാധിപത്യതത്വം പ്രാബല്യത്തിൽ വന്നാൽ ഹിന്ദു ഭൂരിപക്ഷത്തിന്റെ ദയാവായ്പിനുവേണ്ടി തങ്ങൾ കൈക്കുമ്പിൾ നീട്ടേണ്ടി വരുമെന്ന് അവർ ഭയപ്പെട്ടു. സ്വാതന്ത്ര്യത്തിന്റെ ഉദയം രാജ്യത്തങ്ങോളമിങ്ങോളം ഏറ്റവും ഭയാനകമായ മനുഷ്യക്കുരുതിക്ക് തിരി കൊളുത്തി. വർഗ്ഗീയതയുടെ ഒരു ഇഷ്ടിക മുസ്ലിംകൾ നിർമ്മിച്ചപ്പോൾ ഹിന്ദുക്കൾ അതിന്റെ മതിൽ തന്നെ കെട്ടിപ്പൊക്കി. പ്രമുഖചരിത്രകാരനും രാജ്യതന്ത്രജ്ഞനുമായിരുന്ന സർദാർ കെ.എം.പണിക്കർ പ്രകടിപ്പിച്ച അഭിപ്രായം ഇവിടെ സ്മരണീയമാണ്. "കോൺഗ്രസ്സും ഹിന്ദുമഹാസഭയും തമ്മിൽ സാരാംശത്തിൽ ഭിന്നമല്ലെന്നുള്ള വിമർശനം തീരെ കഴമ്പില്ലാത്തതാണെന്ന് പറഞ്ഞുകൂടാ" കോൺഗ്രസ്സുകാരിൽ പലരും അവരുടെ ദേശീയ മൂടുപടത്തിൻ കീഴിൽ വർഗ്ഗീയവാദികളാണെന്ന് ജവഹർലാൽ നെഹ്റു തന്നെ സമ്മതിച്ചിട്ടുള്ളതാണ്. ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടവർക്ക് കൂടുതൽ ആൾനാശവും വസ്തുനഷ്ടവും ഉണ്ടാക്കിയ അസംഖ്യം കലാപങ്ങൾ നാട്ടിൽ അങ്ങോളമിങ്ങോളമുണ്ടായി. സ്വയമേവ പൊട്ടിപ്പുറപ്പെട്ടതായിരുന്നില്ല, നേരെ മറിച്ച് മുൻകൂട്ടി ആസൂത്രണം ചെയ്ത

mappilaheritagelibrary.com

പ്പെട്ടവയായിരുന്നു അവ. ഓരോ കലാപത്തിന്റെയും തൊട്ടുമുമ്പ് നടത്തപ്പെട്ടിരുന്ന കുത്സിത പ്രചാരണവും കവർച്ചകളുടേയും, കൊലപാതകങ്ങളുടെയും സംഘടിതസ്വഭാവവും അതിന് തെളിവാണ്. ഇസ്ലാം ഭാരതവൽക്കരിക്കപ്പെടുന്നതു വരെ കലാപങ്ങൾ തുടരുമെന്ന് പ്രഖ്യാപിക്കാനുള്ള ചങ്കൂറ്റം മധോക്ക് പ്രകടിപ്പിച്ചിട്ടുള്ളതുമാണല്ലോ.

ഭയപ്പാടിനു കാരണം

രാഷ്ട്രീയാധികാരത്തിലൂടെ ഹിന്ദുമതത്തേയും സംസ്കാരത്തേയും പുനരുദ്ധരിക്കാനുള്ള യജ്ഞത്തിൽ ഗവർമ്മെണ്ട് സ്വയം നിമഗ്നമാകുന്നതു കണ്ടപ്പോൾ മുസ്ലിംകളുടെ ഭീതി വളർന്നുവശായി.

ഹിന്ദുദേവൻമാരുടേയും ദേവതകളുടേയും ചിത്രങ്ങൾ പല സംസ്ഥാനങ്ങളിലും പബ്ലിക്ക് ഓഫീസുകളിൽ പ്രതിഷ്ഠിക്കപ്പെട്ടു. ചില ഓഫീസുകളിൽ ക്ഷേത്രങ്ങളും ഉയർന്നു വന്നു. നാട്ടിൽ ഗോഹത്യ നിരോധിക്കാനുള്ള നടപടികൾ പല ഗവർമ്മെണ്ടുകളും ഊർജ്ജിതപ്പെടുത്തി. ബ്രാഹ്മണ പുരോഹിതന്മാരെക്കൊണ്ട് ഹിന്ദുപൂജാ കർമ്മങ്ങൾ നടത്താതെ ഗവർമ്മെണ്ട് കെട്ടിടങ്ങൾക്ക് മൂലക്കല്ലുകൾ ഇടുകയില്ലെന്നായി. കേന്ദ്ര സംസ്ഥാന മന്ത്രിമാർ പൂജ നടത്തുകയും മതസംബന്ധമായ വിവിധ ചിഹ്നങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്ന നില വന്നു. പോലീസ് സ്റ്റേഷനുകളും അത്തരം മറ്റു സ്ഥാപനങ്ങളും ഓരോ കൊല്ലവും ദുർഗ്ഗാപൂജയ്ക്ക് താൽക്കാലികക്ഷേത്രങ്ങളായി രൂപാന്തരം ചെയ്യപ്പെട്ടു. ഹിന്ദുക്കളുടെ മതപരമായ ആചാരങ്ങളോടും നടപടികളോടും രാഷ്ട്രത്തെ താദാത്മ്യപ്പെടുത്താറുള്ള ഗവർമ്മെണ്ടിന്റെ പ്രവണത കണ്ട് ന്യൂനപക്ഷ സമുദായാംഗങ്ങൾ സ്വാഭാവികമായും ഭയചകിതരായി. തങ്ങളുടെ ഭരണത്തെ പുനരുദ്ധരിച്ച് ഈ പ്രവണതയെ ചെറുക്കാനുള്ള പ്രവർത്തനങ്ങൾ ചിലയിടങ്ങളിൽ അവർ നടത്തി. പക്ഷെ ഭൂരിപക്ഷം സമുദായക്കാർ സഹിഷ്ണുതയോടെ അതിനെ വീക്ഷിച്ചില്ല. മതസംബന്ധമായ ഈ അവശതയോടൊപ്പം ഭാഷാസംബന്ധമായ മറ്റൊരവശതയും മുസ്ലിംകൾക്ക് അനുഭവിക്കേണ്ടി വന്നു. അവരുടെ ഭാഷയായ ഉറുദുവിന് ന്യായമായ പങ്കും പൊതുമേഖലയിലും സ്വകാര്യ മേഖലയിലും നിയമനത്തിനു തുല്യ പരിഗണനയും നിഷേധിക്കപ്പെട്ടു.

"നിയമനങ്ങളിൽ തുല്യപരിഗണന സംബന്ധിച്ച് സുന്ദരമായ വ്യവസ്ഥകൾ ഭരണഘടനയിലുണ്ട്." സ്വാതന്ത്ര്യത്തിന്റെ ഒരു ദശാബ്ദം കഴിഞ്ഞപ്പോൾ നെഹ്റു അഭിപ്രായപ്പെട്ടു. "എന്നാൽ സർവ്വീസുകളിൽ ന്യൂനപക്ഷസമുദായക്കാർക്ക് ലഭിച്ചിട്ടുള്ള പ്രാതിനിധ്യം സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ കഴിഞ്ഞ ഏതാനും വർഷങ്ങളായി ഞാൻ ശേഖരിച്ചു കൊണ്ടിരിക്കുകയാണ്. ആ ശതമാനം പുതിയ നിയമനങ്ങളിൽ, പ്രത്യേകിച്ചും കുറഞ്ഞു വരുന്നതായിട്ടാണ് എനിക്ക് കാണാൻ കഴിഞ്ഞിട്ടുള്ളത്."

പിന്നീടുള്ള സ്ഥിതിവിവരക്കണക്കുകൾ നെഹ്റുവിന്റെ ഈ ഭീതിക്ക്

mappilaheritagelibrary.com

സ്ഥിരീകരണം നൽകുന്നു. പ്രതിശീർഷവരുമാനം, സാക്ഷരത, ജീവിത സൗകര്യം, തൊഴിലവസരങ്ങൾ, ചികിത്സാ സൗകര്യങ്ങൾ തുടങ്ങിയുള്ള പ്രാഥമികകാര്യങ്ങളിൽ മുസ്‌ലിംകളിൽ ഭൂരിപക്ഷം പേരും ഏറ്റവും താഴത്തെ പടിയിലാണിന്നും. മുസ്‌ലിംകൾ ഇന്ത്യയിലെ ജനസംഖ്യയിൽ 12 ശതമാന മാണ്. പക്ഷെ, പൊതു-സ്വകാര്യമേഖലകളിൽ അവർക്കർഹമായ പ്രാതി നിധ്യം ലഭിക്കുന്നില്ല.

അവഗണന എല്ലാ രംഗത്തും

ലോകസഭയിലേയ്ക്ക് 1952-ലെ തിരഞ്ഞെടുപ്പിൽ മത്സരിച്ച മുസ്‌ലിം സ്ഥാനാർത്ഥികളിൽ 49 ശതമാനം പേർ വിജയിച്ചപ്പോൾ 1977-ൽ അത് കേവലം 14 ശതമാനമായി ചുരുങ്ങിയത് ഇതിന് ഒരു ഉദാഹരണമാണ്.

കേന്ദ്ര ഗവർമ്മെണ്ടിൽ സെക്രട്ടറിയുടെ റാങ്കിൽ 1974-ൽ ആറു മുസ്‌ലിം കൾ ഉണ്ടായിരുന്നുവെങ്കിൽ 1976-ൽ അവരുടെ എണ്ണം രണ്ടായി കുറഞ്ഞു. ഐ.ഏ.എസ്സിലും ഐ.പി.എസ്സിലും മുസ്‌ലിംകളുടെ ശതമാനം 1965-ൽ 5.3 ആയിരുന്നത് 1976-ൽ വെറും മൂന്നായി ചുരുങ്ങിയിരുന്നു. കേന്ദ്ര ഗവർമ്മെ ണ്ടിലെ ക്ലറിക്കൽ കാഡറിൽ മുസ്‌ലിംകളുടെ ശതമാനം കേവലം 0.2 മാത്ര മാണ്. റെയിൽവേ സർവ്വീസിൽ അവരുടെ നില ഇതിലും കഷ്ടമത്രെ.

കോൺഗ്രസ്സ് ഭരണകാലത്ത് ഓരോ വർഗ്ഗീയകലാപത്തിനു ശേഷവും അന്വേഷണ കമ്മീഷനുകൾക്ക് തെല്ലും പഞ്ഞമുണ്ടായിരുന്നില്ല. വർഗ്ഗീയാ സ്വാസ്ഥ്യങ്ങളുടെ പ്രശ്നം ശീതികരിണിയിൽ അടച്ചുവെയ്ക്കുന്നതിനുള്ള ഏറ്റവും സമർത്ഥമായ ഉപാധിയായിരുന്നു അന്ന് അന്വേഷണ കമ്മീഷനു കൾ. പക്ഷെ, അവയുടെ നടത്തിപ്പ് ന്യായമോ സ്വതന്ത്രമോ ആയിരുന്നില്ല എന്നു തന്നെയല്ല, അവയുടെ നിഗമനങ്ങൾ ഒരിക്കലും നിഷ്പക്ഷവുമായി രുന്നില്ല. തടിതപ്പാനുള്ള കുറ്റവാളികളുടെ സാമർത്ഥ്യം വളർത്താനും ഉപ ജാപകർക്കും കൊലയാളികൾക്കും അഭയം നല്കാനും മാത്രമേ അവ ഉപ കാരപ്പെട്ടിരുന്നുള്ളൂ എന്നു മാത്രം. വെറും വൈക്കോൽ കുറ്റികളല്ലാതെ മറ്റൊന്നും കൊയ്തെടുക്കാൻ ആ കമ്മീഷനുകൾക്ക് കഴിഞ്ഞിരുന്നില്ല, ക്രിമി നൽ കേസ്സിലെപ്പോലെ പ്രോസിക്യൂട്ടറോ, പ്രതിയോ സിവിൽ കേസ്സിലെ പ്പോലെ വാദിയോ എതിർകക്ഷിയോ ഇല്ലാത്ത ഒരു നടപടി ആയിരുന്നു അത്. കുറ്റപത്രമോ ശിക്ഷാവിധിയോ ഒന്നുമുണ്ടായിരുന്നില്ല.

സംശയത്തിന്റെ മാറാല

വിഭജനത്തിന് ശേഷം, തന്ത്രപരവും മർമ്മപ്രധാനവുമായ സ്ഥാനങ്ങളിൽ ഗവർമ്മെണ്ടിന് മുസ്‌ലിംങ്ങളുടെ നേരെ വിശ്വാസമുണ്ടായിരുന്നില്ല. വിശ്വസ്തത തെളിയിക്കാൻ മുസ്ലിംകളോടുള്ള ആഹ്വാനം ഇതിന് തെളിവാ ണ്.

ഓരോ പൊതു തിരഞ്ഞെടുപ്പു കഴിയുംതോറും പാർലമെണ്ടിലും നിയമ

mappilaheritagelibrary.com

സഭകളിലും മുസ്‌ലിംകളുടെ പ്രാതിനിധ്യം കുറഞ്ഞു കുറഞ്ഞുവന്നു. ജന സംഖ്യയുടെ 12 ശതമാനമാണെങ്കിലും പാർലിമെണ്ടിലും നിയമസഭകളിലും അവരുടെ പ്രാതിനിധ്യം ഒരിക്കലും 6 ശതമാനത്തിൽ കവിഞ്ഞിട്ടില്ല. മുസ്‌ലിം കളുടെ ജനസംഖ്യ 20 ശതമാനം വരുന്ന ബംഗാൾ എപ്പോഴും ലോകസഭ യിലേയ്ക്കു അയച്ചിട്ടുള്ളത് വെറും രണ്ട് മുസ്‌ലിംകളെ മാത്രമാണ്. ലോക സഭയിൽ ആ സംസ്ഥാനത്തിന്റെ കാട്ട 40 ആണെന്നോർക്ക ണം.

ആശാകിരണങ്ങൾ മാഞ്ഞു

1947-ൽ കോൺസ്റ്റിറ്റുവെന്റ് അസംബ്ലി അംഗീകരിച്ച ലക്ഷ്യ പ്രഖ്യാപന പ്രമേയങ്ങൾ ന്യൂനപക്ഷങ്ങൾക്ക് മതിയായ പരിരക്ഷകൾ നൽകു ന്നതാണെന്ന് അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചിരുന്നു. പ്രത്യേക നിയോ ജകമണ്ഡലങ്ങൾ ഒരു നയമെന്ന നിലയിൽ നിർത്തലാക്കപ്പെടുകയും ന്യൂന പക്ഷ സമുദായങ്ങളേയും മൗലികാവകാശങ്ങളേയും സംബന്ധിച്ച് സർദാർ വല്ലഭായ് പട്ടേൽ അദ്ധ്യക്ഷനായി ഒരു ഉപദേശക സമിതി നിയോഗിക്കപ്പെടു കയും ചെയ്തു. ആ കമ്മറ്റിയുടെ ശുപാർശകൾ കരടു ഭരണഘടനയിൽ ഉൾപ്പെടുത്തപ്പെട്ടു. ചില ന്യൂനപക്ഷ സമുദായങ്ങൾക്ക് അവയുടെ ജനസം ഖ്യയുടെ അടിസ്ഥാനത്തിൽ സീറ്റു സംവരണം ഉൾപ്പെടെയുള്ള രാഷ്ട്രീയ പരിരക്ഷകൾ ആ ശുപാർശകളിൽ ഉൾപ്പെട്ടിരുന്നു. സീറ്റു സംവരണത്തിനു അർഹതയുള്ള ന്യൂനപക്ഷങ്ങളിൽ മുസ്‌ലിംകളും പട്ടികജാതിക്കാരും ഇന്ത്യൻ ക്രൈസ്തവരും ഉൾപ്പെടുത്തപ്പെട്ടിരുന്നു. എന്നാൽ 1949-ൽ ഡോ: എച്ച്.സി.മുഖർജി അവതരിപ്പിച്ചതും ഉപദേശക കമ്മറ്റി അംഗീകരിച്ചതുമായ പ്രമേയം മുഖേന മേൽപറഞ്ഞ സംവരണാവകാശം പട്ടികജാതിക്കാർക്കു മാത്രമായി ചുരുങ്ങി. മുസ്‌ലിം ന്യൂനപക്ഷത്തിന്റെ പുറത്തു ഭൂരിപക്ഷം ഏല്പിച്ച ആദ്യത്തെ അടിയായിരുന്നു അത്. കോൺഗ്രസ്സ് തെരഞ്ഞെടുപ്പു കമ്മറ്റികൾക്ക് 1951-ൽ ജവഹർലാൽ നെഹ്റു ഇപ്രകാരമെഴുതി. "ന്യൂനപക്ഷ സമുദായങ്ങൾക്ക് ന്യായമായ പ്രാതിനിധ്യം അനുവദിക്കേണ്ടത് നമ്മുടെ അന്തസ്സിന്റെ കാര്യം മാത്രമല്ല, വലുതായ പ്രായോഗിക പ്രാധാന്യമുള്ള ഒരാ വശ്യം കൂടിയാണ്. പ്രത്യേക നിയോജകമണ്ഡലങ്ങളും സീറ്റ് സംവരണ ങ്ങളും നിർത്തലാക്കിയ നടപടി ഇക്കാര്യത്തിൽ നമ്മുടെ ഉത്തരവാദിത്വം നിറവേറ്റാൻ നമുക്ക് കഴിയാതെ വരുന്ന പക്ഷം കൂട്ടു നിയോജക മണ്ഡല ങ്ങൾ പരാജയപ്പെട്ട്, ന്യൂനപക്ഷങ്ങളുടെ താല്പര്യം അവഗണിക്കപ്പെട്ടുവെ ന്നും, മറ്റു മുള്ള വിമർശനങ്ങൾക്ക് വിധേയമാവാതിരിക്കാൻ നമുക്ക് നിവൃ ത്തിയില്ലാതാകുന്നതാണ്." പക്ഷെ നെഹ്റുവിന്റെ ഈ മുന്നറിയിപ്പും ഉൽബോധനവും തിരഞ്ഞെടുപ്പുകളിൽ ശ്രദ്ധിക്കപ്പെട്ടു കണ്ടില്ല.

ഉറുദുഭാഷയുടെ പങ്കിനേയും ഭാവിയേയും സംബന്ധിച്ചുള്ള ഭീതിയാണ് മുസ്‌ലിംസമുദായത്തിന്റെ സാംസ്കാരികജീവിതത്തെ അലട്ടുന്ന മറ്റൊരു നീറുന്ന പ്രശ്നം. നമ്മുടെ ഭരണാധികാരികളിൽ ആർക്കും തന്നെ എതിർക്കു

mappilaheritagelibrary.com

ന്നതിന് ധൈര്യപ്പെടാൻ കഴിയാത്ത വിധത്തിൽ സാംസ്കാരിക അസഹിഷ്ണുത വളർന്നുവശായിരിക്കുന്നു. ദേശാഭിമാനത്തിന്റെ കപടവേഷത്തിലാണ് അത് ദംഷ്ട്രമിളക്കുന്നത്. ന്യൂനപക്ഷങ്ങളുടെ ഭാഷകളേയും സാംസ്കാരിക പാരമ്പര്യങ്ങളേയും തുടച്ചുനീക്കാൻ അല്ലെങ്കിൽ തരംതാഴ്ത്തിക്കെട്ടാനുള്ള മനഃപൂർവ്വമായ ശ്രമങ്ങളുണ്ടായിട്ടുണ്ട്. ഭരണപരമായ വിവേചനത്തോടൊപ്പം ഉറുദുഭാഷയോടുള്ള അവഗണന ഗുരുതരമായ ഉൽക്കണ്ഠയ്ക്കിടം നൽകുന്നു. ഉത്തരപ്രദേശ്, ബീഹാർ, മദ്ധ്യപ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ ഉറുദുഭാഷ സ്കൂളുകളിൽ നിന്ന് പുറന്തള്ളപ്പെട്ടു കഴിഞ്ഞു. ദേവനാഗരിലിപിയിലുള്ള ഹിന്ദിഭാഷയല്ലാതെ മറ്റൊരു ഭാഷ ഗവർമ്മെണ്ട് ജീവനക്കാർ ഉപയോഗിക്കുന്നത് കുറ്റകരമാക്കുന്ന നിയമങ്ങളും നിർമ്മിക്കപ്പെട്ടിരിക്കുന്നു. ഭരണകാര്യങ്ങൾക്കും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉറുദുഭാഷ ഉപയോഗിക്കുന്നതിനെ നിരോധിക്കുന്നതിനുള്ള നടപടികൾ പഞ്ചാബ് ഗവർമ്മെണ്ട് എടുത്തു. ഹിന്ദിയിൽ മാത്രമേ ശിശുക്കൾക്ക് വിദ്യാഭ്യാസം നല്കിക്കുടൂ എന്ന കല്പനകൾ യു.പി.ഗവർമ്മെണ്ട് പുറപ്പെടുവിച്ചു. ഉറുദു മാതൃഭാഷയായിരുന്ന കുട്ടികൾക്ക് ആറാം സ്റ്റാന്റേർഡു മുതൽ ഒരു ഐച്ഛിക വിഷയമായിട്ടല്ലാതെ തങ്ങളുടെ ഭാഷ പഠിക്കാൻ നിവൃത്തിയില്ലാതാക്കുന്ന പുതിയ സിലബസ്സ് നടപ്പിൽ വരുത്തപ്പെട്ടു. ഉറുദുഭാഷയ്ക്ക് അംഗീകാരം നൽകണമെന്നുള്ള വാദം മുസ്ലിം ന്യൂനപക്ഷത്തിന്റെ വർഗ്ഗീയവാദമായി മുദ്രയടിക്കപ്പെട്ടു.

മത നിരപേക്ഷതയുടെ മറവിൽ അലീഗർ സർവ്വകലാശാലയുടെ ന്യൂനപക്ഷ സ്വഭാവത്തിന്നെതിരായി നിയമ നിർമ്മാണം നടത്താനുള്ള ഭീഷണി ഇന്ത്യയിൽ ന്യൂനപക്ഷങ്ങളും ഭൂരിപക്ഷവും തമ്മിലുള്ള ബന്ധങ്ങളെ പ്രതികൂലമായി ബാധിക്കുന്ന മറ്റൊരു വിഷമപ്രശ്നമായിരുന്നു. ന്യൂനപക്ഷ സമുദായങ്ങൾക്ക് ന്യൂനപക്ഷ ഭീതി കൂടാതെ തങ്ങളുടെ സ്വന്തം സ്ഥാപനങ്ങളിൽ ന്യൂനപക്ഷ സാംസ്കാരിക പാരമ്പര്യങ്ങൾ വികസിപ്പിക്കാൻ അവസരം നൽകപ്പെടേണ്ടത് സുപ്രധാനമായ ഒരാവശ്യമാണ്. ഒരു മുസ്ലിം സംസ്കാരകേന്ദ്രമെന്ന നിലയിൽ സാർവത്രികാംഗീകാരം നേടിയിട്ടുള്ള ഒരു സ്ഥാപനമാണ് അലിഗർ സർവ്വ കലാശാല.

1961-ൽ നിയോഗിക്കപ്പെട്ട അലിഗർ മുസ്ലിം സർവ്വകലാശാല അന്വേഷണ കമ്മറ്റിയുടെ റിപ്പോർട്ട് അത്രമാത്രം ശ്രദ്ധേയമായിരുന്നു. ആ സർവ്വ കലാശാല വികസിപ്പിക്കുകയും നമ്മുടെ ദേശീയ സംസ്കാരത്തിന്റേയും ലോകമാനവ സംസ്കാരത്തിന്റേയും വികസനത്തിന് മുസ്ലിം സമുദായം നൽകിയിട്ടുള്ള സംഭാവന സംബന്ധിച്ചുള്ള പഠനത്തിന് ഊന്നൽ നൽകുകയും ചെയ്യേണ്ടതിന്റെ ആവശ്യകത ആ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. ഇന്ത്യയുടെ പൈതൃകത്തിലേയ്ക്ക് അമൂല്യമായ സംഭാവനയാണ് ഇസ്ലാം നൽകിയിട്ടുള്ളത്. ജീവത്തായ ആ പാരമ്പര്യവും ചലനാത്മക ചൈതന്യവുമാണ് ആ സർവ്വകലാശാലയിൽ പരിരക്ഷിക്കപ്പെടുകയും പരിപോഷി

mappilaheritagelibrary.com

ക്കപ്പെടുകയും ചെയ്യേണ്ടതെന്നും പ്രസ്തുത റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു.

എന്നാൽ 1966 ലും 1972 ലും പാർലമെണ്ടിൽ അവതരിപ്പിക്കപ്പെട്ട ബില്ലുകൾ ആ സർവ്വകലാശാലയുടെ സ്വയംഭരണാവകാശവും ന്യൂനപക്ഷ സ്വഭാവവും നഷ്ടപ്പെടുത്തുന്നവയായിരുന്നു. അതുകൊണ്ട് തന്നെ, ശക്തിയായ എതിർപ്പിനും രാജ്യവ്യാപകമായ അസ്വസ്ഥതകൾക്കും അവ വഴിതെളിച്ചു.

ഇന്ത്യാ രാജ്യം അഭിമുഖീകരിക്കുന്ന ന്യൂനപക്ഷ പ്രശ്നത്തിന്റെ ചരിത്രപരമായ പശ്ചാത്തലം അടിയന്തരാവസ്ഥയുടെ കാളരാത്രികൾ ഇന്ത്യയിലെ രാഷ്ട്രീയ മണ്ഡലത്തിൽ വളരെ വലുതായ അത്ഭുതങ്ങൾ സൃഷ്ടിക്കുകയുണ്ടായി. ഒരു സർവ്വാധിപതിയുടെ ദുർഭരണത്തെ ചെറുത്തു തോല്പിക്കുന്നതിനു വേണ്ടി ഭൂരിപക്ഷ- ന്യൂനപക്ഷ സമുദായങ്ങളെ അന്യോന്യം യോജിപ്പിക്കാൻ അതു സഹായിച്ചു. ഷാഹി ഇമാമും ശങ്കരാചാര്യരും പഴയ അഭിപ്രായഭിന്നതകൾ വിസ്മരിച്ച് സാമൂഹ്യ സൗഹാർദ്ദത്തിന്റെ സജീവ പ്രതീകങ്ങളായി മാറി. ഇന്ത്യൻ സമൂഹത്തിന്റെ പരമ്പരാഗത ഘടനയിലും സവിശേഷമായ മാറ്റങ്ങളുണ്ടായി. ജാതിയുടേയും സമുദായത്തിന്റേയും ഭിത്തി ഭേദിച്ച് വ്യക്തികളെ ഒറ്റക്കെട്ടായി അണിനിരത്താനും അതു സഹായിച്ചു. പക്ഷെ അത് ഏറെക്കാലം നീണ്ടുനിന്നില്ല.

സുരക്ഷിതത്വവും സമത്വവും ഐക്യവും സംബന്ധിച്ച ബോധം ന്യൂന പക്ഷ സമുദായങ്ങളിൽ വളർത്തേണ്ടത് ഇന്നത്തെ അടിയന്തിരവും പ്രധാനവുമായ ആവശ്യമാണ്. അത് സാധിക്കുന്നതിന് വേണ്ടി.

- ന്യൂനപക്ഷങ്ങൾക്ക് രാജ്യത്തെ സാമൂഹ്യ-രാഷ്ട്രീയ സാമ്പത്തിക ജീവിതത്തിൽ ഗവർമ്മെണ്ട് നീതി ഉറപ്പു വരുത്തണം.

- ദുർബ്ബല ജനവിഭാഗങ്ങളുടെ നിർവ്വചനത്തിൽ മുസ്ലിം ന്യൂന പക്ഷത്തേയും ഉൾപ്പെടുത്തികൊണ്ട് ഭരണഘടന 46-ാം വകുപ്പ് ഭേദഗതി ചെയ്യുകയും മുസ്ലിം സമുദായത്തിന്റെ വിദ്യാഭ്യാസപരവും സാമ്പത്തികവുമായ താല്പര്യങ്ങൾ പ്രത്യേകം പരിഗണിച്ചും സാമൂഹ്യമായ അനീതിയിൽ നിന്നും എല്ലാ തരത്തിലുമുള്ള ചൂഷണത്തിൽ നിന്നും അവർക്ക് രക്ഷ ഉറപ്പുവരുത്തിയും ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിയാമക തത്വങ്ങൾ ഫലപ്രദമായി നടപ്പിൽ വരുത്തുകയും വേണം.

- ന്യൂനപക്ഷങ്ങളുടെ അവശതകൾ പരിഹരിക്കുന്നതിനും, ന്യൂനപക്ഷ കമ്മീഷൻ അതാതു കാലങ്ങളിൽ സമർപ്പിക്കുന്ന ശുപാർശകൾ നടപ്പിൽ വരുത്തുന്നതിനും വേണ്ടി ഒരു ന്യൂനപക്ഷകാര്യ മന്ത്രാലയം സ്ഥാപിക്കണം.

- സാമുദായികസ്ഥിതി, എല്ലാ വിതാനങ്ങളിലും സർവ്വീസുകളിൽ

mappilaheritagelibrary.com

മുസ്‌ലിംകളുടെ നിയമനം എന്നിവ സംബന്ധിച്ച് കാലാകാലങ്ങളിൽ പുനരവലോകനം ചെയ്ത് മുസ്‌ലിം ന്യൂനപക്ഷത്തിനെതിരെയാതൊരു വിവേചനവും ഉണ്ടാകാതെ നോക്കാനും ഫലപ്രദമായ നടപടികൾ നിർദ്ദേശിക്കാനുമുള്ള അധികാരം കേന്ദ്ര-സംസ്ഥാന ന്യൂനപക്ഷകമ്മീഷനുകൾക്ക് നൽകണം.

- ഭരണ നിർവ്വഹണ മേഖലയിൽ വർഗ്ഗീയേതരമായ ഒരു പുനസ്ഥിതി നിർണ്ണയത്തിന് ഗവർമ്മെണ്ട് നടപടികളെടുക്കുകയും ജീവനക്കാർക്കിടയിൽ നിന്ന് വർഗ്ഗീയവാദികളെ തൂത്തെറിയുകയും ചെയ്യണം. ഉത്സവകാലങ്ങളിൽ ഗവർമ്മെണ്ട് ഓഫീസുകളിൽ മതപരമായ ചടങ്ങുകൾ നടത്തുന്നതിനെ കർശനമായി നിരോധിക്കണം.

- ഗുരുതരമായ വർഗ്ഗീയാസ്വസ്ഥതകൾ ഉണ്ടാകുമ്പോൾ തങ്ങളുടെ കൃത്യനിർവ്വഹണത്തിൽ പരാജയപ്പെടുകയും വർഗ്ഗീയ സംഘർഷം രൂക്ഷമാക്കുകയും ചെയ്യുന്ന ഗവർമ്മെണ്ട് ഉദ്യോഗസ്ഥന്മാർക്കും പോലീസുകാർക്കും എതിരെ കർശന നടപടി എടുക്കണം. സാമുദായിക സൗഹാർദ്ദം, ദേശീയോദ്ഗ്രഥനം, സമ്മിളിത സംസ്കാരം എന്നിവയിൽ നമ്മുടെ പോലീസുദ്യോഗസ്ഥന്മാർക്ക് പുനരഭ്യസനം നൽകാൻ പ്രത്യേക നടപടികളെടുക്കണം.

- വർഗ്ഗീയവാദികളേയും കിംവദന്തികൾ പ്രചരിപ്പിക്കുന്നവരേയും ഭീതിജനകമായ വാർത്തകളും അഭിപ്രായങ്ങളും പ്രചരിപ്പിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നവരേയും നിരീക്ഷിക്കുകയും അവരെപ്പറ്റി റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നതിന് കേന്ദ്ര-സംസ്ഥാന തലങ്ങളിൽ പ്രത്യേക രഹസ്യാന്വേഷണ ഘടകങ്ങളെ നിയോഗിക്കണം.

- വർഗ്ഗീയ കലാപങ്ങൾ സംബന്ധിച്ച കുറ്റങ്ങളെപ്പറ്റി സത്വരാന്വേഷണവും കർശനമായ ശിക്ഷാനടപടികളും എടുക്കുകയും ആക്രമണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം നൽകുന്നതിനു വേണ്ടി ആക്രമികളുടെ മേൽ കനത്ത പിഴ ചുമത്താൻ അടിയന്തിരാധികാരമുള്ള പ്രത്യേക കോടതികൾ നിയമിക്കുകയും ചെയ്യണം.

- വർഗ്ഗീയാസ്വസ്ഥതകൾ തടയുന്നതിനും ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും നടത്തപ്പെടുന്ന സേവനങ്ങൾക്ക് സമുചിതമായ അംഗീകാരം നൽകുന്നതിനുള്ള ഒരു സംവിധാനം ഏർപ്പെടുത്തുകയും വർഗ്ഗീയ കുഴപ്പങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിലുള്ള അനാസ്ഥ കൃത്യവിലോപമായി പരിഗണിക്കത്തക്ക വണ്ണം സർവ്വീസ് ചട്ടങ്ങൾ ഭേദഗതി ചെയ്യുകയും വേണം. മാനവരാശിയോട് ആദരവും വിവിധ സമുദായങ്ങൾക്കിടയിൽ സൗഹൃദബോധവും വളർത്താൻ

mappilaheritagelibrary.com

പര്യാപ്തമായ പാഠ്യക്രമം വിദ്യാലയങ്ങളിൽ ഏർപ്പെടുത്തണം. മുസ്‌ലിംകൾക്കെതിരെ സംശയവും വിദ്വേഷവും ഉളവാക്കുകയും വർഗ്ഗീയവിഷം പരത്തുകയും ചെയ്യുന്ന ശക്തികളെ സ്കൂളുകളിൽ നിന്നും കോളേജുകളിൽ നിന്നും അടിച്ചകറ്റാനും അത്തരത്തിലുള്ള പാഠ്യപുസ്തകങ്ങൾ തുടച്ചു നീക്കാനും സത്വരനടപടി എടുക്കണം. റേഡിയോ, ടെലിവിഷൻ, പത്രങ്ങൾ തുടങ്ങിയ പൊതുമാദ്ധ്യമങ്ങൾ മുഖേന ജനാധിപത്യ ബോധവും മതേതര ചിന്തയും വളർത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതുമാണ്.

(മുസ്‌ലിം യൂത്ത് ലീഗ് കോഴിക്കോട് ജില്ലാ സമ്മേളന സുവനീർ 1984)

mappilaheritagelibrary.com

നേത്യസ്മൃതി

1.	**കോട്ടാൽ ഉപ്പിസാഹിബ്** കെ.പി.കുഞ്ഞിമ്മൂസ	**40**
2.	**ഒ.ആബു** ഇബ്രാഹിം ബേവിഞ്ച, സി.ടി.ബഷീർ	**75**
3.	**പി.എ.സെയ്തു മുഹമ്മദ്** ജമാൽ കൊച്ചങ്ങാടി	**75**
4.	**സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ** എം.സി.വടകര	**170**
5.	**മൗലാനാ അബുസ്സബാഹ് അഹ്മദ് അലി** പ്രൊഫ. മുഹമ്മദ് കുട്ടശ്ശേരി	**60**

Grace Educational Association
Camp Sayyid, P.B.No.3, Malappuram (Dt). 676317
Mob: 9895114673

നേതൃസ്മൃതി

കെ.കെ. അബുസാഹിബ്

ടി.പി.എം. ബഷീർ

സ്വാതന്ത്ര്യത്തിനു മുമ്പ് മലബാറിലും പിന്നീട് കേരള രാഷ്ട്രീയത്തിലും തലയെടുപ്പോടെ നിന്ന നേതാവായിരുന്നു കെ.കെ. അബുസാഹിബ് (1914-1999). സർവേന്ത്യാ മുസ്‌ലിം ലീഗിന്റെ നേതാവും മുസ്‌ലിം ലേബർ യൂണിയന്റെ സ്ഥാപകനുമായ അദ്ദേഹം പിന്നീട് സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ അമരത്തുവന്നു. 1981 ൽ മുസ്‌ലിം ലീഗിൽ തിരിച്ചെത്തി. രണ്ടുതവണ നിയമസഭാംഗമായ അദ്ദേഹം തൊഴിലാളി പ്രസ്ഥാന നായകനായി ശോഭിച്ചു.

ഉജ്ജ്വലവാഗ്മിയും സംഘാടകനുമായിരുന്ന അബുസാഹിബിന്റെ ലഘു ജീവചരിത്ര കൃതി.

ജീവചരിത്രം

2012

വില : 80.00

Grace books